Newspaper for malayalees Worldwide
CHICAGO/TORONTO ◆ Estd.2020

# വാചകം
VACHAKAM

America | Canada | India | Keralam | Socialmedia | Cinema | Sports | Technology | World

CHICAGO
Vol. 5 / Issue 51/ Pages32
15
ജൂലൈ 2026
ബുധനാഴ്ച
1201 മിഥുനം 31

www.vachakam.com
news@vachakam.com
canada@vachakam.com

# റിയാദിന്റെ നയതന്ത്ര ചുവടുമാറ്റവും പെന്റഗണിലെ പുതിയ ആശങ്കകളും





പശ്ചിമേഷ്യൻ രാഷ്ട്രീയത്തിൽ ദശാബ്ദങ്ങളായി തുടരുന്ന യുഎസ്-ഇറാൻ നിഴൽയുദ്ധം ഒരു നിർണ്ണായക ഘട്ടത്തിലെത്തി നിൽക്കുമ്പോൾ, ആഗോള പ്രതിരോധ തന്ത്രജ്ഞരെ ഒന്നടങ്കം അത്ഭുതപ്പെടുത്തുന്ന തരത്തിലുള്ള നയതന്ത്ര വ്യതിയാനങ്ങളാണ് റിയാദിൽ നിന്ന് പുറത്തുവരുന്നത്. വാഷിംഗ്ടണും ടെഹ്റാനും തമ്മിലുള്ള സമുദ്ര-സൈനിക പോരാട്ടങ്ങൾക്കിടയിൽ പരമ്പരാഗത യുഎസ് സഖ്യകക്ഷിയായ സൗദി അറേബ്യ നിശബ്ദമായി തങ്ങളുടെ പക്ഷം മാറ്റുകയാണോ എന്ന ചർച്ചകൾ അന്താരാഷ്ട്ര മാധ്യമങ്ങൾ അതീവ ഗൗരവത്തോടെയാണ് വിശകലനം ചെയ്യുന്നത്. അമേരിക്കയുടെ കടുത്ത സൈനിക നീക്കങ്ങൾക്ക് സ്വന്തം മണ്ണും വ്യോമപാതയും വിട്ടുകൊടുക്കാൻ മടിക്കുകയും ഇറാന്റെ ഭാഗത്തുനിന്നുള്ള പ്രത്യാക്രമണങ്ങളിൽ നിന്ന് എണ്ണപ്പാടങ്ങളെ സംരക്ഷിക്കാൻ ഡിപ്ലോമാറ്റിക് ചർച്ചകൾക്ക് മുൻഗണന നൽകുകയും ചെയ്യുന്ന റിയാദിന്റെ പുതിയ നിലപാട് വൈറ്റ് ഹൗസിനെ വല്ലാതെ പ്രകോപിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ ദിവസങ്ങളിൽ ഒമാൻ തീരത്തെ യുഎസ് സൈനിക താവളങ്ങൾക്ക് നേരെ അമേരിക്കൻ വ്യോമസേന നടത്തിയ ആക്രമണങ്ങൾക്ക് മറുപടിയായി ഇറാൻ റെവല്യൂഷണറി ഗാർഡ് പശ്ചിമേഷ്യയിലെ ഒട്ടുമിക്ക അമേരിക്കൻ സഖ്യകക്ഷികൾക്ക് നേരെയും കടുത്ത പ്രത്യാക്രമണങ്ങൾ അഴിച്ചുവിട്ടു. കൗതുകകരമെന്നു പറയട്ടെ, ദീർഘകാലമായി ഈ പ്രതിസന്ധിയിൽ ഒരു സമാധാന മധ്യസ്ഥനായി പ്രവർത്തിച്ചിരുന്ന ഒമാനെപ്പോലും ഇറാൻ ലക്ഷ്യം വെച്ചപ്പോൾ, തങ്ങളുടെ പരമ്പരാഗത ശത്രുവായിരുന്ന സൗദി അറേബ്യയെ മാത്രം ഈ

ശേഷം പേജ് 8ൽ

# പശ്ചിമേഷ്യ വീണ്ടും കത്തുമ്പോൾ: യു.എസിനെ കാത്തിരിക്കുന്ന സാമ്പത്തിക-രാഷ്ട്രീയ അരാജകത്വം



ഹോർമുസ് കടലിടുക്കിനെച്ചൊല്ലി ഇറാനും അമേരിക്കയും തമ്മിൽ ആരംഭിച്ച പുതിയ സൈനിക ഏറ്റുമുട്ടൽ പശ്ചിമേഷ്യയെ മാത്രമല്ല, ആഗോള ക്രമത്തെത്തന്നെ അസ്ഥിരമാക്കാൻ പോന്ന ഒരു വലിയ പ്രതിസന്ധിയായി മാറിയിരിക്കുകയാണ്. ഇറാന്റെ തന്ത്രപ്രധാന സൈനിക താവളങ്ങൾക്ക് നേരെ അമേരിക്ക നടത്തിയ ശക്തമായ വ്യോമാക്രമണം കേവലം ഒരു താൽക്കാലിക പ്രതികാര നടപടിയല്ല, മറിച്ച് വരാനിരിക്കുന്ന ദീർഘകാല ആഗോള പ്രതിസന്ധിയുടെ വ്യക്തമായ സൂചനയാണ്. ഈ യുദ്ധമുഖം ആഗോള സൂപ്പർ പവറായ അമേരിക്കയെ സാമ്പത്തികമായും സാമൂഹികമായും രാഷ്ട്രീയമായും എങ്ങനെ ബാധിക്കുമെന്ന അന്വേഷണം ചെന്നെത്തുന്നത് സങ്കീർണ്ണമായ ചില യാഥാർത്ഥ്യങ്ങളിലേക്കാണ്. അമേരിക്കയെ സംബന്ധിച്ച് ഈ യുദ്ധം ഉണ്ടാക്കാൻ പോകുന്ന ഏറ്റവും പെട്ടെന്നുള്ളതും കഠിനവുമായ ആഘാതം സാമ്പത്തിക രംഗത്തായിരിക്കും. ലോകത്തിലെ ഏറ്റവും പ്ര

ശേഷം പേജ് 8ൽ

ഉൾപേജുകളിൽ...

'ചെരിപ്പോക്രസി'
(സി. രാധാകൃഷ്ണൻ എഴുതുന്നു) ................ പേജ് 06
കിനാവിൽ കുരുങ്ങരുത് 'ഒരു രോഗിക്ക് ഒരു കിടക്ക' ................ പേജ് 15
അശാന്തിയുടെ കാർമേഘം നിറഞ്ഞ് രാഷ്ട്രീയ ക്യാമ്പുകൾ ................ പേജ് 16
മറവിയുടെ നിഴലിൽ ................ പേജ് 17
സതീശൻ 'ഗപ്പ'ടിക്കാതിരിക്കാൻ ചുവപ്പു കാർഡുമായി കൈരളിയും ദേശാഭിമാനിയും ................ പേജ് 24
എഐയും ഡേറ്റാ സെന്ററുകളും ഒരുക്കുന്ന ചതിക്കുഴികൾ! ................ പേജ് 25

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

# ഇസ്രയേലിനുള്ള അമേരിക്കൻ സഹായം തുടരും; സഹായം നിർത്താനുള്ള ഭേദഗതി പരാജയം

വാഷിങ്ടൺ: ഇസ്രയേലിനുള്ള അമേരിക്കൻ സാമ്പത്തികസൈനിക സഹായം അവസാനിപ്പിക്കണമെന്ന ഭേദഗതി യു.എസ്. ജനപ്രതിനിധി സഭ തള്ളി. എന്നാൽ ഡെമോക്രാറ്റിക് പാർട്ടി അംഗങ്ങളിൽ ഏകദേശം പകുതിയോളം പേർ ഭേദഗതിയെ പിന്തുണച്ചത്, ഗാസ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ പാർട്ടിക്കുള്ളിൽ ഇസ്രയേൽ വിഷയത്തിൽ വർധിച്ചുവരുന്ന ഭിന്നത വീണ്ടും വ്യക്തമാക്കുന്നതായി വിലയിരുത്തപ്പെടുന്നു.

സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിന്റെ ചെലവ് ബില്ലിനോട് അനുബന്ധിച്ച് കെന്റക്കിയിൽ നിന്നുള്ള റിപ്പബ്ലിക്കൻ പ്രതിനിധി തോമസ് മാസ്സി അവതരിപ്പിച്ച ഭേദഗതി 314-104 എന്ന വോട്ടിനാണ് പരാജയപ്പെട്ടത്. എന്നാൽ 103 ഡെമോക്രാറ്റിക് അംഗങ്ങളും ഒരു റിപ്പബ്ലിക്കൻ അംഗവും ഭേദഗതിയെ അനുകൂലിച്ചു. ഇസ്രയേലിനെ പിന്തുണയ്ക്കുന്ന പ്രമേയങ്ങൾ മുൻകാലങ്ങളിൽ ഇരുകക്ഷികളുടെയും ഏകകണ്ഠ പിന്തുണയോടെ പാസാകാറുണ്ടായിരുന്ന സാഹചര്യത്തിൽ ഇത് വലിയ മാറ്റമായാണ് വിലയിരുത്തപ്പെടുന്നത്.



ഇടതുപക്ഷ ചിന്താഗതിക്കാരായ ഡെമോക്രാറ്റുകൾ ഗാസയിലെ സൈനിക നടപടികളുടെ പശ്ചാത്തലത്തിൽ ഇസ്രയേലിനുള്ള എല്ലാ സഹായവും അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെടുകയാണ്. അതേസമയം, മിതവാദി ഡെമോക്രാറ്റുകൾ പ്രതിരോധ ആവശ്യങ്ങൾക്കായുള്ള സഹായം മാത്രം തുടരണമെന്ന നിലപാടിലാണ്.

വിദേശസഹായങ്ങൾക്കെല്ലാം എതിർപ്പ് പ്രകടിപ്പിക്കുന്ന ധനകാര്യ യാഥാസ്ഥിതികനായ മാസ്സി, ഗാസയിലെ സാധാരണ ജനങ്ങൾ നേരിടുന്ന ദുരന്തവും തന്റെ നിലപാടിന് കാരണമായെന്ന് പറഞ്ഞു. 'ഗാസയിൽ 70,000 പേർ കൊല്ലപ്പെട്ടിട്ടുണ്ട്. അതിൽ അമേരിക്ക പങ്കാളിയാകേണ്ടതില്ലെന്നാണ് എന്റെ വിശ്വാസം,' ഹൗസ് ചർച്ചയ്ക്കിടെ മാസ്സി പറഞ്ഞു.

അദ്ദേഹത്തിന്റെ ഭേദഗതി പാസായിരുന്നെങ്കിൽ, ഇസ്രയേലിന് അമേരിക്ക പ്രതിവർഷം നൽകുന്ന ഏകദേശം 3.3 ബില്യൺ ഡോളറിന്റെ സുരക്ഷാ സഹായം ഉൾപ്പെടെ എല്ലാ ധനസഹായവും തടയുമായിരുന്നു. 2023 ഒക്ടോബർ 7ന് ഹമാസ് നടത്തിയ ആക്രമണത്തിൽ 1,200 പേർ കൊല്ലപ്പെട്ടതായി ഇസ്രയേൽ കണക്കുകൾ വ്യക്തമാക്കുന്നു.

തുടർന്നുള്ള ഇസ്രയേൽ സൈനിക നടപടിയിൽ ഗാസയിൽ 73,000ത്തിലധികം പലസ്തീനികൾ കൊല്ലപ്പെട്ടതായി ഗാസ ആരോഗ്യ മന്ത്രാലയം അറിയിച്ചു. ഗാസയുടെ ഭൂരിഭാഗവും തകർന്നുകിടക്കുകയാണ്. ഏകദേശം 20 ലക്ഷം ജനങ്ങളിൽ ഭൂരിഭാഗവും പലതവണ കുടിയിറക്കപ്പെടുകയും കടൽത്തീരത്തോട് ചേർന്ന ചെറിയ പ്രദേശങ്ങളിൽ താൽക്കാലിക കൂടാരങ്ങളിലോ തകർന്ന കെട്ടിടങ്ങളിലോ കഴിയുകയുമാണ്.

ഈ ഭേദഗതി പാസായാലും അത് നിയമമാകാൻ സെനറ്റിന്റെ അംഗീകാരവും പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ഒപ്പും ആവശ്യമായിരുന്നു. ട്രംപ് ഇസ്രയേൽ പിന്തുണയെ തന്റെ വിദേശനയത്തിലെ പ്രധാന ഘടകമാക്കിയിരിക്കുന്നതിനാൽ അദ്ദേഹം ഭേദഗതി തള്ളുമെന്നായിരുന്നു വിലയിരുത്തൽ.

2016ൽ അമേരിക്കയും ഇസ്രയേലും തമ്മിൽ ഒപ്പുവെച്ച ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിലാണ് 2028 വരെ വാർഷിക സൈനിക സഹായം നൽകുന്നത്. 2016 സെപ്തംബറിൽ ഈ ധാരണാപത്രത്തെ പിന്തുണച്ച പ്രമേയം ഹൗസ് 405-4 എന്ന വൻ ഭൂരിപക്ഷത്തോടെ പാസാക്കിയിരുന്നു. ഹൗസിലെ ഡെമോക്രാറ്റിക് നേതാവ് ഹകീം ജെഫ്രീസ് ഭേദഗതി വളരെ വ്യാപകമാണെന്ന് ചൂണ്ടിക്കാട്ടി എതിർത്തു.

എന്നാൽ ഡെമോക്രാറ്റിക് പാർട്ടിയിലെ രണ്ടാമത്തെ മുതിർന്ന നേതാവായ കാതറിൻ ക്ലാർക്ക് ഭേദഗതിയെ പിന്തുണച്ചു.

'അമേരിക്കയുടെ നിയമങ്ങളും താൽപര്യങ്ങളും മൂല്യങ്ങളും പാലിക്കാത്ത ഒരു രാജ്യത്തിനും നിബന്ധനകളില്ലാതെ സൈനിക സഹായം നൽകാൻ പാടില്ല,' എന്ന് ക്ലാർക്ക് പ്രസ്താവനയിൽ പറഞ്ഞു.

ന്യൂയോർക്കിൽ കഴിഞ്ഞ മാസം നടന്ന ഡെമോക്രാറ്റിക് പ്രൈമറിയിൽ മുതിർന്ന നേതാവ് അഡ്രിയാനോ എസ്പെയ്‌ലാറ്റ് പരാജയപ്പെട്ടത്, ഇസ്രയേൽ വിരുദ്ധ നിലപാട് സ്വീകരിച്ച ഡാരിയലിസ അവില ഷെവലിയർ വിജയിച്ചതോടെയായിരുന്നു. ന്യൂയോർക്ക് മേയർ സോഹ്രാൻ മംദാനി അവരെ പിന്തുണച്ചിരുന്നു.

ഓഗസ്റ്റ് 4ന് മിഷിഗണിൽ നടക്കുന്ന യു.എസ്. സെനറ്റ്, ഹൗസ്, ഗവർണർ സ്ഥാനാർത്ഥി തിരഞ്ഞെടുപ്പുകളിലും ഇസ്രയേലുമായുള്ള അമേരിക്കയുടെ ബന്ധം പ്രധാന ചർച്ചാവിഷയമാകുമെന്നാണ് രാഷ്ട്രീയ നിരീക്ഷകർ വിലയിരുത്തുന്നത്.

# പ്രതിരോധത്തിനും വോട്ടർ ഐഡി പദ്ധതിക്കും 95 ബില്യൺ ഡോളർ ബജറ്റ്

വാഷിങ്ടൺ: റിപ്പബ്ലിക്കൻ പാർട്ടിയുടെ നിയന്ത്രണത്തിലുള്ള അമേരിക്കൻ പ്രതിനിധി സഭ ബജറ്റ് കമ്മിറ്റി 95 ബില്യൺ ഡോളറിന്റെ പുതിയ ചെലവുപദ്ധതിയുടെ രൂപരേഖ ബുധനാഴ്ച അവതരിപ്പിച്ചു. അടുത്ത പത്ത് വർഷത്തേക്കുള്ള പ്രതിരോധരഹസ്യാന്വേഷണ പ്രവർത്തനങ്ങൾക്കും പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ വോട്ടർ തിരിച്ചറിയൽ നിയമത്തിന്റെ ഭാഗങ്ങൾ നടപ്പാക്കുന്നതിനുമാണ് പദ്ധതിയിൽ പ്രധാനമായും ഫണ്ട് നീക്കിവെച്ചിരിക്കുന്നത്. 47 പേജുകളുള്ള ബജറ്റ് പ്രമേയം വ്യാഴാഴ്ച ഹൗസ് ബജറ്റ് കമ്മിറ്റി പരിഗണിക്കും.

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. (Corporate Office).

Founder, Chairman & CEO:
Jose Chennikkara
Co-Founder Vice Chairman and CEO:
Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director:
Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad
1-773-888-2242
1-773-842-9149, 1-773-888-2243
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online)
for Malayalees worldwide)
Cost $1.00 per copy
**1-773-888-2242**
**1-773-842-9149**
**Email: vachakamonline@gmail.com**
**E-Paper reading**
**visit vachakam.com**

Disclaimer
Vachakam Ltd. assumes no liability or responsibility for claims against advertisments, advertorials, articles or copyright issues.

### പദ്ധതി പ്രകാരം അടുത്ത പത്ത് വർഷത്തിനുള്ളിൽ

73 ബില്യൺ ഡോളർ പ്രതിരോധ, രഹസ്യാന്വേഷണ പ്രവർത്തനങ്ങൾക്കായി

10 ബില്യൺ ഡോളർ ട്രംപിന്റെ സേവ് അമേരിക്ക ആക്ട് ലെ വ്യവസ്ഥകൾ നടപ്പാക്കാൻ സംസ്ഥാനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി 12 ബില്യൺ ഡോളർ കാർഷിക മേഖലയ്ക്കായി നീക്കിവെക്കാനാണ് നിർദേശം.

### ഡെമോക്രാറ്റുകളെ മറികടക്കാൻ റിപ്പബ്ലിക്കൻ നീക്കം

അടുത്ത ആഴ്ച തന്നെ ബജറ്റ് പ്രമേയം പാസാക്കി ബജറ്റ് റീക്കൺസിലിയേഷൻ നടപടിക്രമത്തിലൂടെ സെനറ്റിലെ ഡെമോക്രാറ്റുകളുടെ എതിർപ്പ് മറികടന്ന് നിയമമാക്കാനാണ് റിപ്പബ്ലിക്കൻ നേതൃത്വത്തിന്റെ ശ്രമം.

എന്നാൽ പ്രതിനിധി സഭയിലും റിപ്പബ്ലിക്കൻ ഭൂരിപക്ഷമുള്ള സെനറ്റിലും ഈ പദ്ധതി എളുപ്പത്തിൽ പാസാകുമോ എന്ന കാര്യത്തിൽ ഇപ്പോഴും അനിശ്ചിതത്വമുണ്ട്. നവംബറിൽ നടക്കാനിരിക്കുന്ന മിഡ്ടേം തിരഞ്ഞെടുപ്പിന് മുമ്പ് റിപ്പബ്ലിക്കൻ പാർട്ടിക്ക് നേരിയ ഭൂരിപക്ഷം മാത്രമുള്ളതിനാൽ രാഷ്ട്രീയ വെല്ലുവിളികളും നിലനിൽക്കുന്നു.

പ്രതിനിധി സഭാ സ്പീക്കർ മൈക്ക് ജോൺസൺ അംഗങ്ങളുമായി ചർച്ചകൾ തുടരുകയാണെന്നും സമവായത്തിലെത്താൻ ശ്രമിക്കുകയാണെന്നും മാധ്യമങ്ങളോട് പറഞ്ഞു.

അതേസമയം, സെനറ്റ് ഭൂരിപക്ഷ നേതാവ് ജോൺ ത്യൂൺ കൂടുതൽ സൂക്ഷ്മ നിലപാടാണ് സ്വീകരിച്ചത്. 'പ്രതിനിധി സഭയിൽ ഇത് പാസാകുമോ എന്ന് കാത്തിരുന്ന് കാണാം. ഇത് ഒരു മാർഗമാണ്, പക്ഷേ ഏക മാർഗമല്ല,' എന്നും അദ്ദേഹം പറഞ്ഞു.

ഒരു ദിവസം മുമ്പ് ഡെമോക്രാറ്റുകൾ 1.15 ട്രില്യൺ ഡോളറിന്റെ വാർഷിക പ്രതിരോധ നയ ബിൽ തടഞ്ഞതിന് പിന്നാലെയാണ് പുതിയ പദ്ധതി അവതരിപ്പിച്ചത്. എന്നാൽ ട്രംപ് ആവശ്യപ്പെട്ട 350 ബില്യൺ ഡോളറിന്റെ അധിക പ്രതിരോധ ചെലവിനേക്കാൾ ഈ പദ്ധതി വളരെ കുറവാണ്.

60 ബില്യൺ ഡോളർ പ്രതിരോധത്തിനും 13 ബില്യൺ ഡോളർ രഹസ്യാന്വേഷണ വിഭാഗങ്ങൾക്കും മാത്രമാണ് അനുവദിച്ചിരിക്കുന്നത്. ഈ തുക എങ്ങനെ വിനിയോഗിക്കുമെന്നതിനെക്കുറിച്ച് വിശദമായ വിവരങ്ങൾ രേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല.

എന്നാൽ ഇറാനുമായുള്ള യുദ്ധവുമായി ബന്ധപ്പെട്ട ചെലവുകൾ, മധ്യപൂർവ സംഘർഷത്തെ തുടർന്ന് കുറഞ്ഞ അമേരിക്കൻ ആയുധശേഖരം പുനഃസ്ഥാപിക്കൽ, സൈനിക സജ്ജത വർധിപ്പിക്കൽ തുടങ്ങിയ ആവശ്യങ്ങൾക്കായിരിക്കും ഈ ഫണ്ട് ഉപയോഗിക്കുകയെന്ന് റിപ്പബ്ലിക്കൻ നേതാക്കൾ സൂചിപ്പിച്ചിട്ടുണ്ട്.



യുദ്ധത്തെ തുടർന്ന് ഇന്ധനത്തിന്റെയും വളത്തിന്റെയും വില വർധിച്ചതിനാൽ പ്രതിസന്ധിയിലായ അമേരിക്കൻ കർഷകരെ സഹായിക്കാൻ കോടിക്കണക്കിന് ഡോളർ അനുവദിക്കണമെന്നും ട്രംപ് ആവശ്യപ്പെട്ടിട്ടുണ്ട്.

അതിന്റെ ഭാഗമായാണ് കാർഷിക മേഖലയ്ക്ക് 12 ബില്യൺ ഡോളർ വകയിരുത്തിയിരിക്കുന്നത്.

ഡെമോക്രാറ്റുകൾ ശക്തമായി എതിർക്കുന്ന സേവ് അമേരിക്ക ആക്ടിന്റെ ചില വ്യവസ്ഥകൾ ബജറ്റ് റീക്കൺസിലിയേഷൻ വഴി പാസാക്കാനാണ് റിപ്പബ്ലിക്കൻ നേതാക്കളുടെ നീക്കം. ഈ നിയമം നടപ്പാക്കുന്ന സംസ്ഥാനങ്ങൾക്ക് ഗ്രാന്റ് നൽകിയാണ് സംസ്ഥാനങ്ങളെ പ്രോത്സാഹിപ്പിക്കാൻ ആണ് പദ്ധതി.

എന്നാൽ റിപ്പബ്ലിക്കൻ പാർട്ടിക്കുള്ളിൽ തന്നെ ഈ നീക്കത്തിനെതിരെ എതിർപ്പ് ഉയർന്നിട്ടുണ്ട്.

നോർത്ത് കരോലിനയിൽ നിന്നുള്ള റിപ്പബ്ലിക്കൻ സെനറ്റർ തോം ടില്ലിസ് വോട്ടർ തിരിച്ചറിയൽ വ്യവസ്ഥകൾ ബജറ്റ് ബില്ലിൽ ഉൾപ്പെടുത്തിയാൽ അത് പാസാക്കുന്നത് കൂടുതൽ ബുദ്ധിമുട്ടാകുമെന്ന് മുന്നറിയിപ്പ് നൽകി.

''സേവ് ആക്ട്' ഉൾപ്പെടുത്തിയ റീക്കൺസിലിയേഷൻ ബില്ലിനെക്കുറിച്ച് എന്നോട് സംസാരിക്കേണ്ട. അത് സമയനഷ്ടമാണ്,'' എന്നും ടില്ലിസ് വ്യക്തമാക്കി.

## റീ...പോളിംഗ്




*സംഭരണശാലകൾ ശാസ്ത്രീയമാക്കുമെന്ന് മന്ത്രി അനൂപ് ജേക്കബ്*

# വിശ്വാസികളുടേയും അഭിവന്ദ്യ പിതാക്കന്മാരുടെയും സാന്നിദ്ധ്യത്താൽ അനുഗ്രഹദായകമായ സീറോ മലബാർ ജൂബിലി കൺവെൻഷൻ സമാപിച്ചു

ഷിക്കാഗോ: ഭാരതത്തിനു വെളിയിലെ പ്രഥമ സീറോ മലബാർ രൂപതയായ ഷിക്കാഗോ സെന്റ് തോമസ് രൂപതയുടെ രജതജൂബിലിയോടനുബന്ധിച്ചുള്ള സീറോ മലബാർ കൺവൻഷന് പ്രൗഢ ഗംഭീരമായ സമാപനം. ഷിക്കാഗോയിലെ പ്രശസ്തമായ മക്കോർമിക് പ്ലേസ് കൺവെൻഷൻസെന്ററിലാണ് ജൂലൈ 9 മുതൽ ജൂലൈ 12 വരെയുള്ള കൺവെൻഷൻ നടന്നത്. രൂപതയുടെ പ്രഥമ അധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മുഖ്യകാർമികത്വത്തിൽ അർപ്പിച്ച ദിവ്യബലിയോടെ തുടക്കം കുറിച്ചത്. സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിൽ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. ഷിക്കാഗോ സീറോമലബാർ രൂപതാധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് അധ്യക്ഷത വഹിച്ചു. കഴിഞ്ഞ 25 വർഷങ്ങൾക്കൊണ്ട് ദൈവമഹത്വത്തിനുവേണ്ടി ചെയ്ത വലിയ കാര്യങ്ങൾക്ക് രൂപതയെ മാർ തട്ടിൽ അഭിനന്ദിച്ചു.

ഷിക്കാഗോ ആർച്ച് ബിഷപ്പ് കർദിനാൾ ബ്ലെയിസ് ജെ. സുപിച്ച് മുഖ്യപ്രഭാഷണം നടത്തി. അമേരിക്കൻ സ്വാതന്ത്ര്യത്തിന്റെ 250-ാം വാർഷികവും വിശുദ്ധ തോമാശ്ലീഹായുടെ തിരുനാളും ആഘോഷിക്കുന്ന ജൂലൈ മാസത്തിൽ തന്നെയാണ് ഷിക്കാഗോ രൂപതയുടെ ജൂബിലി ആഘോഷങ്ങൾ നടക്കുന്നതെന്നുള്ളത് പ്രസക്തമാണെന്ന് കർദിനാൾ കൂട്ടിച്ചേർത്തു.

മതാന്തര സംവാദത്തിനു വേണ്ടിയുള്ള വത്തിക്കാൻ ഡിക്കാസ്റ്ററി പ്രീഫെക്ട് കർദിനാൾ മാർ ജോർജ് കൂവക്കാട്ട്, ഷിക്കാഗോ സീറോമലബാർ രൂപതയുടെ മുൻ അധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയത്ത്, തൃശൂർ ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, ചങ്ങനാശേരി ആർച്ച് ബിഷപ് മാർ തോമസ് തറയിൽ, കാനഡയിലെ മിസിസാഗ സീറോ മലബാർ ബിഷപ് മാർ ജോസ് കല്ലുവേലിൽ തുടങ്ങിയവർ പ്രസംഗിച്ചു. രൂപത വികാരി ജനറൽ, റവ. ഫാ. ജോൺ മേലേപ്പുറം സ്വാഗതം ആശംസിച്ചു. ബീന വള്ളിക്കളം പരിപാടിയുടെ എം.സി. ആയിരുന്നു. ജിബി പാറക്കൽ (പി.എസ്.ജി ഗ്രൂപ്പ്) ആണ് സമ്മേളനത്തിന്റെ മുഖ്യ സ്പോൺസർ.

### കാണികളെ വിസ്മയിപ്പിച്ച് സാംസ്കാരിക ദൃശ്യവിരുന്ന്

വിവിധ സാംസ്കാരിക പ്രോഗ്രാമുകളും ഓപ്പണിങ് സെറിമണിയോടനുബന്ധിച്ചു നടന്നു. കൺവൻഷന്റെ ഭാഗമായി നടന്ന യേശുവിന്റെ കാലത്തെ ജറുസലേമിനെ പുനഃരവതരിപ്പിച്ച 'ജെറുസലേം കംസ് എലൈവ്' വിശുദ്ധ തോമാശ്ലീഹായിലൂടെ ലഭിച്ച വിശ്വാസവും ലോകം മുഴുവൻ സുവിശേഷം അറിയിക്കുക എന്ന ക്രിസ്തു ഭരമേല്പിച്ച ഉത്തരവാദിത്വവും വരുംതലമുറകളിലേക്ക് പകരണമെന്ന ആഹ്വാനം ചെയ്യുന്ന രംഗാവിഷ്കാരമായ 'ഫ്രം ക്രോസ് ടു ദ നേഷൻസ്' കാണികളെ ആകർഷിച്ചു.

### കൺവെൻഷൻ നഗറിനെ ഉത്സവപ്പറമ്പാക്കി 'താളവിസ്മയം'

സിനിമാ താരം ജയറാമും പ്രശസ്ത സംഗീതജ്ഞൻ സ്റ്റീഫൻ ദേവസിയും ഒന്നിച്ചണിനിരന്ന 'താളവിസ്മയം' മെഗാ ഷോ. രൂപതയുടെ 25-ാം വാർഷിക ആഘോഷങ്ങളുടെ പ്രധാന ആകർഷണമായി മാറിയ ഈ സാംസ്കാരിക സന്ധ്യ അമേരിക്കൻ മലയാളി സമൂഹത്തിന് വേറിട്ടൊരു ദൃശ്യശ്യ വിരുന്നായി. കാണികളെ ആവേശത്തിലാഴ്ത്തി പരമ്പരാഗത ചെണ്ടമേളത്തിന്റെ തനത് താളത്തിനൊപ്പം സ്റ്റീഫൻ ദേവസിയുടെ വേഗതയേറിയ കീബോർഡ് സംഗീതം കൂടി ചേർന്നപ്പോൾ വെസ്റ്റേൺഫ്യൂഷൻ സംഗീതത്തിന്റെ അപൂർവ്വ അനുഭവം വേദിയിൽ പിറന്നു.

### രണ്ടാം ദിവസം

കൺവെൻഷന്റെ രണ്ടാം ദിനത്തിൽ നടന്ന ഭക്തിനിർഭരമായ ദിവ്യബലി, ജീവിതഗന്ധിയായ ക്ലാസുകൾ, ആത്മീയ സെഷനുകൾ എന്നിവയ്ക്കൊപ്പം അമേരിക്കൻ മലയാളി ക്രൈസ്തവ ചരിത്രത്തിൽ




ഇടംപിടിച്ച വമ്പിച്ച വിശ്വാസ റാലിയും ഈ ചരിത്ര സംഗമത്തിന് മാറ്റുകൂട്ടി.

### ദൈവരാജ്യ പ്രഘോഷണ ദൗത്യം തുടരണം: മാർ റാഫേൽ തട്ടിൽ

ലൂക്കായുടെ സുവിശേഷത്തെ ആസ്പദമാക്കി മാർ റാഫേൽ തട്ടിൽ നൽകിയ വചനസന്ദേശം വിശ്വാസികളിൽ ഏറെ സ്വാധീനം ചെലുത്തി. ക്രിസ്തു ലോകത്തിലേക്ക് 12 ശിഷ്യന്മാരെയും തുടർന്ന് 72 പേരെയും ദൈവരാജ്യം സമീപിച്ചിരിക്കുന്നു എന്ന് വിളംബരം ചെയ്യാനായി അയച്ച വചനഭാഗം അദ്ദേഹം ഓർമ്മിപ്പിച്ചു. 'വിളവധികം, വേലക്കാർ ചുരുക്കം' എന്ന വചനം ഇന്നും പ്രസക്തമാണെന്ന് അദ്ദേഹം പറഞ്ഞു.

ക്രിസ്തുവിന്റെ മാർഗ്ഗത്തിലൂടെ ചരിച്ചവരാണ് നമ്മുടെ പൂർവ്വികർ. ആ പൈതൃകവും മാർഗ്ഗവും നാം കുടിയേറിപ്പാർത്ത ഈ അമേരിക്കൻ മണ്ണിലും വരുംതലമുറകൾക്കായി തുടർന്നുപോകാൻ നമുക്ക് സാധിക്കണം. കഴിഞ്ഞ 25 വർഷക്കാലം വലിയ പോരാട്ടങ്ങളിലൂടെയും പ്രതിസന്ധികളിലൂടെയും ജീവിച്ച ഷിക്കാഗോ രൂപത കൈവരിച്ച ഈ വളർച്ച, വലിയ ആനന്ദത്തിന്റെയും ദൈവാനുഗ്രഹത്തിന്റെയും സാക്ഷ്യമാണെന്ന് മേജർ ആർച്ച് ബിഷപ്പ് കൂട്ടിച്ചേർത്തു.

രൂപതയുടെ 25-ാം വാർഷികത്തോടനുബന്ധിച്ച് നടക്കുന്ന ഈ സിൽവർ ജൂബിലി കൺവെൻഷൻ അമേരിക്കൻ പ്രവാസി സഭയുടെ ചരിത്രത്തിലെ തന്നെ ഏറ്റവും അപൂർവ്വവും അതുല്യവുമായ ആഘോഷമാണെന്ന് ഷിക്കാഗോ രൂപതാധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് പ്രസ്താവിച്ചു.

കാൽനൂറ്റാണ്ട് മുൻപ് വിതക്കപ്പെട്ട വിശ്വാസത്തിന്റെ വിത്ത് ഇന്ന് വലിയൊരു പ്രസ്ഥാനമായി വളർന്നു പന്തലിച്ചതിന്റെ നേർക്കാഴ്ചയാണ് ഈ കൺവെൻഷനെന്നും, രൂപതയുടെ സ്ഥാപക പിതാക്കന്മാരുടെയും അജപാലകരുടെയും വിശ്വാസികളുടെയും കഠിനാധ്വാനത്തിന്റെ ഫലമാണ് ഈ ഒത്തുചേരലെന്നും മാർ ആലപ്പാട്ട് ഓർമ്മിപ്പിച്ചു.

ദമ്പതികൾക്കായി ചങ്ങനാശേരി ആർച്ച് ബിഷപ്പ് മാർ തോമസ് തറയിൽ നയിച്ച ക്ലാസ് ഏറെ ശ്രദ്ധേയമായി. അമേരിക്കയിലെ അതിവേഗം പായുന്നതും തിരക്കുപിടിച്ചതുമായ ആധുനിക ജീവിതസാഹചര്യങ്ങളിൽ, കുടുംബജീവിതത്തിലെ മാനസിക സമ്മർദ്ദങ്ങളെ എങ്ങനെ വിജയകരമായി കൈകാര്യം ചെയ്യാമെന്ന് അദ്ദേഹം ലളിതമായി വിവരിച്ചു. തുടർന്ന് വിവിധ പ്രായത്തിലുള്ളവർക്കായി കൺവെൻഷൻ നഗരിയിൽ പ്രത്യേക ബ്രേക്ക് ഔട്ട് സെഷനുകൾ നടന്നു. കുട്ടികൾ, യുവജനങ്ങൾ, മുതിർന്ന യുവാക്കൾ, വനിതകൾ, മുതിർന്നവർ, എന്നിവർക്കായി ക്ലാസ്സുകളും വർക് ഷോപ്പ് സെഷനുകളും നടന്നു.

### ചരിത്രം കുറിച്ച് വമ്പിച്ച വിശ്വാസ റാലി

അമേരിക്കയിലെ വിവിധ ഇടവകളിൽ നിന്നും മിഷനുകളിൽ നിന്നുമുള്ള വിശ്വാസികളെ അണിനിരത്തി നടത്തിയ വമ്പിച്ച ഘോഷയാത്രയായിരുന്നു കൺവെൻഷൻ സെന്ററിനെ ഭക്തിസാന്ദ്രമാക്കിയ റാലിയിൽ ഓരോ ചർച്ചുകളുടെയും പേരെഴുതിയ ബാനറുകളും മനോഹരമായി അലങ്കരിച്ച നിശ്ചലദൃശ്യങ്ങളും മുൻനിരയിൽ അണിനിരന്നു. പരമ്പരാഗത മുത്തുക്കുടകളും വാദ്യമേളങ്ങളുമായി ആയിരക്കണക്കിന് വിശ്വാസികൾ റാലിയിൽ പങ്കെടുത്തപ്പോൾ അത് അമേരിക്കൻ മണ്ണിലെ ഒരു മിനി കേരളമായി മാറി.

സീറോ മലബാർ വിശ്വാസ പാരമ്പര്യവും തനിമയും അതിമനോഹരമായി അണിയിച്ചൊരുക്കിയ റാലിയിൽ പങ്കെടുത്ത മികച്ച ഇടവകകൾക്കുള്ള പുരസ്കാരങ്ങളും ചടങ്ങിൽ പ്രഖ്യാപിച്ചു:

ഒന്നാം സ്ഥാനം: റവ. ഫാ. സിബി സെബാസ്റ്റ്യൻ, അസിസ്റ്റന്റ് വികാരി റവ. ഫാ. ക്രിസ്റ്റിൻ പുതിയകുന്നേൽ എന്നിവർ നേതൃത്വം നൽകുന്ന ഗാർലൻഡ് സെന്റ് തോമസ് ഫൊറോന ചർച്ച് കരസ്ഥമാക്കി.

രണ്ടാം സ്ഥാനം: റവ. ഫാ. സെബാസ്റ്റ്യൻ വലിയപറമ്പിൽ, അസിസ്റ്റന്റ് വികാരി റവ. ഫാ. ജോർജ് പാറയിൽ എന്നിവർ നേതൃത്വം നൽകുന്ന ഹൂസ്റ്റൺ സെന്റ് മേരീസ് ഫൊറോന ചർച്ച് നേടി.

മൂന്നാം സ്ഥാനം: വികാരി റവ. ഫാ. ജോൺസ്റ്റി തച്ചാറയുടെ നേതൃത്വത്തിൽ അണിനിരന്ന ലോങ് ഐലൻഡ് സെന്റ് മേരീസ് ചർച്ച് (ന്യൂയോർക്ക്) സ്വന്തമാക്കി.

നാലാം സ്ഥാനം: റവ. ഫാ. റൂബൻ ജോസഫ് താന്നിക്കൽ വികാരിയായി നേതൃത്വം നൽകുന്ന അറ്റ്ലാന്റ സെന്റ് അൽഫോൻസ ഫൊറോന ചർച്ച് നേടി.

### ആൽമായ പ്രേക്ഷിതത്വത്തിന്റെ മുന്നേറ്റവുമായി 'ജീവൻ ജ്യോതി'

'ജീവൻ ജ്യോതി ആൽമായ മുന്നേറ്റ'ത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം കൺവെൻഷൻ നഗരിയിൽ സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ, ഷിക്കാഗോ രൂപതാധ്യക്ഷൻ മാർ ജോയി ആലപ്പാട്ടിന് ഭദ്രദീപം കൈമാറിക്കൊണ്ടാണ് ഈ ചരിത്രപരമായ മുന്നേറ്റത്തിന് തുടക്കം കുറിച്ചത്.

പ്രേക്ഷിതപ്രവർത്തനങ്ങൾ വൈദികരിലും സന്യാസ്തരിലും മാത്രം ഒതുങ്ങിനിൽക്കാതെ, ആൽമായരിലൂടെയും കുടുംബങ്ങളിലൂടെയും സജീവമായി പ്രോത്സാഹിപ്പിക്കുക എന്നതാണ് ജീവൻ ജ്യോതിയുടെ പ്രധാന ലക്ഷ്യമെന്ന് ഈ പുതിയ മുന്നേറ്റത്തിന്റെ കോർഡിനേറ്ററായ റവ. ഫാ. ഫ്രാൻസിസ് പാലത്തുങ്കൽ അറിയിച്ചു.

വൈകുന്നേരം നടന്ന സെഷനുകളിൽ വിവിധ ഇടവകളിൽ നിന്നുള്ള പ്രതിനിധികൾ അവതരിപ്പിച്ച മനോഹരമായ സ്കിറ്റുകളും വൈവിധ്യമാർന്ന സാംസ്കാരിക പരിപാടികളും അരങ്ങേറി.

### മൂന്നാം ദിനം

കൺവെൻഷന്റെ പ്രധാന ആകർഷണമായിരുന്ന ബാങ്ക്വറ്റ് ഡിന്നറും ജൂബിലി സമാപന പൊതുസമ്മേളനവും മൂന്നാം ദിനം ശനിയാഴ്ച രാത്രിയിൽ പ്രൗഢിയോടെ നടന്നു.

വചനപ്രഘോഷകൻ റവ. ഫാ. സേവ്യർ ഖാൻ വട്ടായിൽ നയിച്ച 'വിശ്വാസത്തോടെ മുന്നോട്ട്' Walk By Faith, Not By Sight എന്ന പ്രത്യേക പ്രഭാഷണം വിശ്വാസികൾക്ക് വലിയ ആത്മീയ ഉണർവാണ് സമ്മാനിച്ചത്. ദിവസത്തിലുടനീളം വചന ആരാധനയ്ക്കായി പ്രത്യേക ക്രമീകരണങ്ങളും ഒരുക്കിയിരുന്നു.

'വിവാഹജീവിതവും കുടുംബഭദ്രതയും': ഫാ. ജോസഫ് പുത്തൻപുരയ്ക്കലിന്റെ പ്രഭാഷണം കൺവെൻഷനിലെ ഏറ്റവും ജനശ്രദ്ധയാകർഷിച്ച സെഷനുകളിൽ ഒന്നായിരുന്നു.

തനതായ ഹാസ്യശൈലിയിലൂടെയും അനുഭവ സാക്ഷ്യങ്ങളിലൂടെയും കുടുംബജീവിതത്തിന്റെ പവിത്രതയെക്കുറിച്ചും, മാറിയ കാലഘട്ടത്തിൽ ദാമ്പത്യബന്ധങ്ങൾ എങ്ങനെ ഊഷ്മളമായി നിലനിർത്താമെന്നും അദ്ദേഹം വിശദീകരിച്ചു. പ്രായഭേദമന്യേ വൻ ജനപങ്കാളിത്തമാണ് ഈ സെഷനിൽ ഉണ്ടായത്.

### 'ഏജിങ് വിത്ത് ഗ്രേസ്': മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിലിന്റെ പ്രഭാഷണം

മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ നയിച്ച 'ഏജിങ് വിത്ത് ഗ്രേസ്' എന്ന പ്രത്യേക സമ്മേളനവും ഏറെ ശ്രദ്ധേയമായി. വാർദ്ധക്യ സഹജമായ വെല്ലുവിളികളെ വിശ്വാസത്തിലും പ്രത്യാശയിലും എങ്ങനെ നേരിടാമെന്നും കുടുംബങ്ങളിൽ മുതിർന്ന തലമുറയുടെ പ്രാധാന്യം എത്രത്തോളമുണ്ടെന്നും അദ്ദേഹം തന്റെ പ്രഭാഷണത്തിലൂടെ ഓർമ്മിപ്പിച്ചു.

### കമ്മ്യൂണിറ്റി എംപവർമെന്റ്; എസ് എം.സി.സി സെമിനാർ

പ്രവാസി സമൂഹത്തിന്റെ സാമാജികവും സഭാപരവുമായ വളർച്ച ലക്ഷ്യമാക്കി നടന്ന എസ്.എം.സി.സി പ്രത്യേക സെമിനാറിന് ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് മുഖ്യപ്രഭാഷണം നൽകി. പാലാ രൂപതാ പ്രോട്ടോസിൻസെല്ലൂസ് റവ. മോൺ. ഡോ. ജോസഫ് തടത്തിലും സെമിനാറിൽ പങ്കെടുത്തു സംസാരിച്ചു.

### കാരുണ്യത്തിന്റെ പാതയിൽ വിൻസെന്റ് ഡി പോൾ സൊസൈറ്റി

സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്തുപകരാൻ ലക്ഷ്യമിട്ട് നടന്ന വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ സമ്മേളനത്തിന് ബിഷപ്പ് മാർ ജോസ് കല്ലുവേലിൽ നേതൃത്വം നൽകി.

### യുവതലമുറയ്ക്കായി ഡി.വൈ.എ സമ്മേളനം

യുവജനങ്ങൾക്കായി രൂപീകരിച്ച ഡയോസിഷൻ യൂത്ത് അസോസിയേഷന്റെ പ്രത്യേക സമ്മേളനത്തിലും മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ മുഖ്യ പ്രഭാഷകനായി എത്തി. യുവതലമുറയ്ക്ക് സഭയിലും സമൂഹത്തിലുമുള്ള ഉത്തരവാദിത്വങ്ങളെക്കുറിച്ചും അവരുടെ വ്യക്തിത്വ വികസനത്തെക്കുറിച്ചും അദ്ദേഹം സംസാരിച്ചു.

### സീറോ ബിസിനസ് കണക്റ്റും ഷാർക്ക് ടാങ്കും

കൺവെൻഷനിൽ വലിയ ജനശ്രദ്ധയാകർഷിച്ച മറ്റൊരു പ്രധാന വേദി 'സീറോ ബിസിനസ് കണക്റ്റ്' സമ്മേളനമായിരുന്നു. ബിഷപ്പ് മാർ ജോയ് ആലപ്പാട്ട് ഔദ്യോഗിക ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ പ്രമുഖ വ്യവസായ പ്രമുഖരായ റോബിൻ അലക്സ്, ചെറിയാൻ തോമസ്, ജോസി ആഞ്ഞിലിവേലിൽ എന്നിവർ പങ്കെടുത്ത ടോക്ക് ഷോ നടന്നു.

### പ്രൗഢഗംഭീരമായ ജൂബിലി സമാപനവും ഗാലാ ബാങ്ക്വറ്റും

സമാപനത്തോടനുബന്ധിച്ച് നടന്ന പ്രൗഢഗംഭീരമായ ഗാലാ ബാങ്ക്വറ്റിൽ കൺവെൻഷൻ ചെയർമാൻ ബിജി സി. മണിയുടെ സ്വാഗതത്തോടെ ആരംഭിച്ച സമ്മേളനത്തിൽ ഷിക്കാഗോ രൂപതാ മെത്രാൻ മാർ ജോയ് ആലപ്പാട്ട് അധ്യക്ഷത വഹിച്ചു. സഭയുടെ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. ബെൽവുഡ് മേയർ ആൻഡ്രേ ഹാർവി ഉൾപ്പെടെയുള്ള പ്രമുഖർ ആശംസകൾ നേർന്നു.

'എത്നിക് എലഗൻസ്' കലാസന്ധ്യയും മലബാർ നൈറ്റ് സെലിബ്രിറ്റി പെർഫോമൻസും ചടങ്ങുകൾക്ക് മാറ്റ് കൂട്ടി.

സഭാസമൂഹത്തിലെ വ്യത്യസ്ത പ്രായത്തിലും പ്രൊഫഷണലുകളിലുമുള്ള വ്യക്തികളെ ഒന്നിപ്പിക്കുന്നതിനായി കൺവെൻഷൻ ചെയർമാൻ ബിജി മാണിയുടെയും സ്പെഷ്യൽ ഇവന്റ് ചീഫ് കോർഡിനേറ്റർ ജോമോൻ ചിറയിലിന്റെയും നേതൃത്വത്തിലാണ് വിപുലമായ പന്ത്രണ്ട് പ്രത്യേക കൂട്ടായ്മകളുടെ സമ്മേളനങ്ങൾ ക്രമീകരിച്ചത്. ഫാ. ജോൺ മേലേപ്പുറം, ഫാ. തോമസ് കടുകപ്പള്ളിൽ, ഫാ. തോമസ് മൂളാവനാൽ, ഫാ. ജോർജ് എളമ്പാശ്ശേരി എന്നിവർ മാർഗനിർദേശം നൽകി. കൺവെൻഷൻ ഫിനാൻസ് ചെയർമാൻ ആൻഡ്രൂ തോമസ് നന്ദി രേഖപ്പെടുത്തി.

ഞായറാഴ്ച രാവിലെ ബിഷപ്പ് മാർ ജോയ് ആലപ്പാട്ടിന്റെ മുഖ്യ കാർമികത്വത്തിൽ നടന്ന ഭക്തിനിർഭരമായ സമാപന ദിവ്യബലിയോടെ പ്രവാസി മലയാളികളുടെ ചരിത്രത്തിലെ ഈ വലിയ ആത്മീയ സംഗമത്തിന് മംഗളകരമായ തിരശ്ശീല വീണു.



# സി.ടി.എം.എ കുടുംബസംഗമം ആവേശമായി; ഐക്യത്തിന്റെയും സൗഹൃദത്തിന്റെയും മനോഹര വേദിയായി കുടുംബ പിക്നിക്



ഷിക്കാഗോ :സി.ടി.എം.എയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കുടുംബ പിക്നിക് അംഗങ്ങളുടെ സജീവ പങ്കാളിത്തത്തോടെയും ആവേശകരമായ പരിപാടികളോടെയും അതിഗംഭീര വിജയമായി. കുടുംബാംഗങ്ങൾ ഒന്നിച്ചുചേർന്ന് സന്തോഷവും സൗഹൃദവും പങ്കുവെച്ചഈദിനംഎല്ലാവരുടെയുംമനസ്സിൽ മായാത്ത ഓർമ്മകൾ സമ്മാനിച്ചു.

രാവിലെ മുതൽ വൈകുന്നേരം വരെ വിവിധ വിനോദപരിപാടികൾ, കായിക മത്സരങ്ങൾ, കുട്ടികൾക്കും മുതിർന്നവർക്കുമായി ഒരുക്കിയ ഗെയിമുകൾ, കലാപരിപാടികൾ, സൗഹൃദ സംഭാഷണങ്ങൾ എന്നിവ

പിക്നിക്കിനെകൂടുതൽആകർഷകമാക്കി. കുടുംബാംഗങ്ങൾ പരസ്പരം കൂടുതൽ അടുത്തറിയാനും പുതിയ സൗഹൃദങ്ങൾ വളർത്തിയെടുക്കാനും ഈ സംഗമം മികച്ച അവസരമായി.

ഈ വിജയകരമായ പരിപാടി യാഥാർത്ഥ്യമാക്കാൻ അക്ഷീണം പരിശ്രമിച്ച കോർഡിനേറ്റർമാരായ ടോമി മെത്തിപ്പാറ, മോൺസി, സാക്ക്, സണ്ണി, ബിജി, ഷാബു, റോയ്, ഡെൻസി, സൈമൺ എന്നിവർക്കും, പരിപാടിയുടെ എല്ലാ ഘട്ടങ്ങളിലും ആത്മാർത്ഥമായി പ്രവർത്തിച്ച എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾക്കും സംഘാടകർ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തി.

ഇത്തരം കുടുംബസംഗമങ്ങൾ അംഗങ്ങൾ തമ്മിലുള്ള ഐക്യം, സ്നേഹം, സഹകരണം, കൂട്ടായ്മ എന്നിവ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് വലിയ പങ്കുവഹിക്കുന്നുവെന്ന് സംഘാടകർ അഭിപ്രായപ്പെട്ടു. എല്ലാവരെയും വീണ്ടും ഒരുമിപ്പിക്കുന്ന അടുത്ത പരിപാടിയായ റിട്ടയർമെന്റ് ബാങ്ക്വറ്റ് പാർട്ടി, അടുത്ത ജനുവരിയിൽ സംഘടിപ്പിക്കുമെന്ന് സംഘാടകർ അറിയിച്ചു. ഈ പരിപാടിയിലുംഎല്ലാഅംഗങ്ങളുടെയുംകുടുംബാംഗങ്ങളുടെയും സജീവ പങ്കാളിത്തം പ്രതീക്ഷിക്കുന്നതായും അവർ അറിയിച്ചു. ഈ കുടുംബസംഗമത്തിൽ പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും, പ്രവർത്തകർക്കും, അഭ്യുദയകാംക്ഷികൾക്കും സംഘാടകർ ഒരിക്കൽ കൂടി ഹൃദയം നിറഞ്ഞ നന്ദി അറിയിച്ചു.

# നാല്പതാമത് പിസിനാക് കോൺഫറൻസിന് ഷിക്കാഗോയിൽ തിരശ്ശീല വീണു



ഷിക്കാഗോ: നാം പിന്തുടരുന്ന വിശ്വാസപ്രമാണങ്ങൾ അടുത്ത തലമുറയിലേക്ക് കൈമാറ്റം ചെയ്യപ്പെടുവാനുള്ള ആഹ്വാനത്തോടെ ഷിക്കാഗോയിൽ ജൂലൈ 2 മുതൽ 5 വരെ നടന്ന നാല്പതാമത്തെ പിസിനാക് സമ്മേളനം സമാപിച്ചു. അമേരിക്കയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും കാനഡ, ഇന്ത്യ തുടങ്ങി മറ്റ് വിദേശ രാജ്യങ്ങളിൽ നിന്നുമായി പ്രതീക്ഷയോടെ എത്തിച്ചേർന്ന ആയിരക്കണക്കിന് വിശ്വാസികൾക്ക് വചനത്തിന്റെയും ആത്മാവിന്റെയും സമ്മിശ്രമായ അനുഭവങ്ങൾ നൽകിയാണ് ഷിക്കാഗോ പിസിനാക് കോൺഫറൻസ് സമാപിച്ചത്.

ജൂലൈ 2 വ്യാഴാഴ്ച വൈകിട്ട് ഡോ. ടൈറ്റസ് ഈപ്പന്റെ അധ്യക്ഷതയിൽ ആരംഭിച്ച സമ്മേളനം നാഷണൽ കൺവീനർ പാസ്റ്റർ ജോർജ് കെ സ്റ്റീഫൻസൺ ഉദ്ഘാടനം ചെയ്തു. പാസ്റ്റർ ജെയിംസ് വർഗീസ് സങ്കീർത്തന ധ്യാനം നടത്തി. ഡോ. സതീഷ് കുമാർ, ഡോ. ടിങ്കു തോമസ് എന്നിവർ പ്രസംഗിച്ചു. നാഷണൽ ട്രഷറർ പ്രസാദ് ജോർജ് സി.പി.എ സ്വാഗതപ്രസംഗം നടത്തി.

വെള്ളിയാഴ്ച പകൽ നടന്ന ലേഡീസ് മീറ്റിങ്ങിന് സിസ്റ്റർ ജീന വിൽസൺ നേതൃത്വം നൽകി. ഡോ. ആനി ജോർജ്, സിസ്റ്റർ ജൂഡി പട്ടശേരിൽ എന്നിവർ പ്രസംഗിച്ചു. ഡെയ്സി സഞ്ജു ജോൺ സങ്കീർത്തനം വായിച്ചു. ജോയിസ് സ്റ്റീഫൻസൺ അനുഭവസാക്ഷ്യം പറഞ്ഞു.

വെള്ളിയാഴ്ച നടന്ന റൈറ്റേഴ്സ് ഫോറം മീറ്റിംഗിൽ പ്രസിഡന്റ് രാജൻ ആര്യപ്പള്ളി അധ്യക്ഷനായിരുന്നു. റവ. ജോർജ് മാത്യു പുതുപ്പള്ളി അച്ചൻ മുഖ്യ സന്ദേശം നൽകി. റൈറ്റേഴ്സ് ഫോറം അവാർഡുകൾ അർഹരായവർക്ക് വിതരണം ചെയ്തു. കെ.എം. ഈപ്പൻ, പാസ്റ്റർ സാംകുട്ടി മത്തായി, സൂസൻ ബി ജോൺ എന്നിവരുടെ വിശിഷ്ട സേവനങ്ങളെ മാനിച്ച് പ്രശംസാ പത്രങ്ങളും ഷാളുകളും നൽകി ആദരിച്ചു.

മറ്റ് സമ്മേളനങ്ങളിൽ പാസ്റ്റർ മാത്യു ഡി ജോർജ്, റവ. ഡോ. ജോൺസൺ ജോർജ്, ഡോ. സജി ഫിലിപ്പ്, ഡോ. സതീഷ് കുമാർ, പാസ്റ്റർ കോശി വൈദ്യൻ, ഡോ. സണ്ണി ഫിലിപ്പ്, പാസ്റ്റർ ഫിന്നി എബ്രഹാം എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ ജോബി ഡാനിയേൽ, പാസ്റ്റർ ജോയ് പുന്നൂസ്, പാസ്റ്റർ എബ്രഹാം ചാക്കോ, പാസ്റ്റർ ജോൺ തോമസ് എന്നിവർ വിവിധ സമ്മേളനങ്ങളിൽ അധ്യക്ഷന്മാരായിരുന്നു.

പാസ്റ്റർ റോയി വാകത്താനത്തിന്റെ അധ്യക്ഷതയിൽ നടന്ന തീം പ്രസന്റേഷൻ സെമിനാറിൽ പാസ്റ്റർമാരായ സേവിയർ ജെയിംസ്, മാത്യു വർഗീസ്, സണ്ണി താഴാം പള്ളം, ജോൺ ടി കുര്യൻ, തോമസ് മാമൻ എന്നിവർ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു. മിഷൻ സെമിനാറിൽ ഡോ. സജി ലൂക്കോസ് അധ്യക്ഷനായിരുന്നു. പാസ്റ്റർ സജി മാത്യു, പാസ്റ്റർ വൈ. യോഹന്നാൻ, പാസ്റ്റർ ബിജു വർഗീസ്, ഡോ. ബാബു ജോൺ എന്നിവർ നേതൃത്വം നൽകി.

വിവിധ സെമിനാറുകളിൽ ഡോ. സജി ഫിലിപ്പ്, ടൈറ്റസ് മാത്യു, പാസ്റ്റർ ബി.ഐ. സാമുവൽ, പാസ്റ്റർ സന്തോഷ് തരിയൻ, പാസ്റ്റർ തോമസ് കുര്യൻ, മൈക്ക് മാത്യു, ഡോ. ജോർജ് മാത്യു, ഡോ. വില്ലി എബ്രഹാം, സിസ്റ്റർ രേണു എബ്രഹാം, ഡോ. തോമസ് ഇടികുള, ഡോ. സാം ജോർജ്, പ്രസാദ് ജോർജ് സി.പി.എ, മൈക്കിൾ മാത്യു, തോമസ് വർഗീസ് സി.പി.എ, റോയി മേപ്രാൽ സി.പി.എ, ഡെവിൾ ഡാനിയൽ, കെ.ഓ. ജോസ് സി.പി.എ, ഡോ. വിജി മാത്യു, ഡോ. സ്റ്റാൻലി ജോൺ, ഡോ. ഷോൺ കുരിയൻ, പാസ്റ്റർ ഫിൽസൺ തോമസ്, പാസ്റ്റർ ജെയിംസ് വർഗീസ്, ഡോ. തോമസ് ഇടികുള, ഡോ. സാം ജോർജ്, ഡോ. സാക് വർഗീസ്, ഡോ. മാത്യു ടി മാത്യു, പാസ്റ്റർ ജോൺ തോമസ്, പാസ്റ്റർ ജോസഫ് കെ ജോസഫ്, സിസ്റ്റർ മിനി ജോൺസൺ, ഡോ. തോമസ് കിടങ്ങാലിൽ എന്നിവർ നേതൃത്വം നൽകി.

സ്ത്രീ ശാക്തീകരണ സെമിനാറിൽ ഡോ. ജ്യോതി ബെൻ, ഷെൻസി വർഗീസ്, ഡോ. സൂസൻ മാത്യു, ഷൈനി ഡാനിയൽ, ഡോ. ജിൻസി ജോസഫ്, ഡോ. ആശ ജോൺ, ഡോ. ജോയ്സ് ജോസഫ് എന്നിവർ നേതൃത്വം നൽകി. കാത്തിരിപ്പ് യോഗങ്ങൾക്ക് പാസ്റ്റർ ബാബു കുമ്പഴ, പാസ്റ്റർ ആൻഡ്രൂസ് കെ ജോർജ്, പാസ്റ്റർ സാം പണിക്കർ, പാസ്റ്റർ അനീഷ് കൊല്ലം, പാസ്റ്റർ സാം ചുങ്കത്ത്, പാസ്റ്റർ എബി മാമൻ, പാസ്റ്റർ ജോജി ജോൺ, ഡോ. അലക്സ് കോശി, ചാക്കോ തോമസ് എന്നിവർ നേതൃത്വം നൽകി.

വെള്ളിയാഴ്ച നടന്ന ജനറൽബോഡി മീറ്റിങ്ങിൽ പാസ്റ്റർ ജോർജ് കെ സ്റ്റീഫൻ അധ്യക്ഷത വഹിച്ചു. പാസ്റ്റർ ഫിന്നി ആലുംമൂട്ടിൽ, രാജു പൊന്നൊലിൽ, ബിജു തോമസ് എന്നിവർ കഴിഞ്ഞ പിസിനാക് കോൺഫറൻസിന്റെ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. പാസ്റ്റർ ജോർജ് മാത്യു പിസിനാക് ഫോക്കസ് ഗ്രൂപ്പിനെ കുറിച്ച് വിശദീകരിച്ചു.

സിസ്റ്റർ അന്നമ്മ നൈനാൻ നേതൃത്വം കൊടുത്ത ഗ്ലോബൽ പ്രയർ മീറ്റിംഗ്, പാസ്റ്റർ പി.സി. ചാണ്ടി നേതൃത്വം കൊടുത്ത ജമീസൺ സ്കൂൾ ഓഫ് മിനിസ്ട്രി, പാസ്റ്റർ തമ്പി മാത്യു നേതൃത്വം കൊടുത്ത ഓ.പി.എ. ഫാമിലി മീറ്റ്, ബിജോയി ഫിലിപ്പ്, വെസ്ലി മാത്യു എന്നിവർ നേതൃത്വം കൊടുത്ത കോട്ടയം ബിലിവേഴ്സ് മീറ്റ്, പാസ്റ്റർ ടി.എസ്. കപ്പമാമൂട്ടിൽ നേതൃത്വം കൊടുത്ത കപ്പമാമൂട്ടിൽ ഫാമിലി മീറ്റ്, ഗ്ലാഡ്സൺ ചെറിയാൻ നേതൃത്വം കൊടുത്ത ആഞ്ഞിലിത്താനം മീറ്റ് തുടങ്ങിയ സൗഹൃദ കൂട്ടായ്മകളും കോൺഫറൻസിൽ ഉണ്ടായിരുന്നു.

നാല്പതാമത് പിസിനാകിനോട് അനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന സുവിനിയറിന്റെ കവർ പ്രകാശനം ശനിയാഴ്ച വൈകിട്ട് നടന്നു. പബ്ലിഷർ കുര്യൻ ഫിലിപ്പ്, ചീഫ് എഡിറ്റർ പാസ്റ്റർ തോമസ് മുല്ലക്കൽ എന്നിവർ നേതൃത്വം നൽകി. പാസ്റ്റർ ജോർജ് കെ സ്റ്റീഫൻസൺ കവർ ഏറ്റുവാങ്ങി.

ഞായറാഴ്ച നടന്ന സമാപന സമ്മേളനത്തിൽ പാസ്റ്റർ ജിജു ഉമ്മൻ അധ്യക്ഷനായിരുന്നു. പാസ്റ്റർ പി.വി. കുരുവിളയുടെ പ്രാർത്ഥനയോടെ ആരംഭിച്ച സമ്മേളനത്തിൽ പാസ്റ്റർ ആൽവിൻ ഡേവിഡ് സങ്കീർത്തന ധ്യാനം നടത്തി. പാസ്റ്റർ മാത്യു കെ ഫിലിപ്പ് തിരുവത്താഴ ശുശ്രൂഷയ്ക്കുള്ള സന്ദേശം നൽകി.

പാസ്റ്റർ ജോർജ് കെ സ്റ്റീഫൻസൻ തിരുവത്താഴ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. പാസ്റ്റർമാരായ പി.എസ്. മാത്യു, പ്രിൻസ് പോൾ, ജോൺസൺ ഫിലിപ്പ് എന്നിവർ അദ്ദേഹത്തെ സഹായിച്ചു. അമേരിക്കയുടെ വിവിധ സംസ്ഥാനങ്ങളിൽ നിർത്തിയ നാല്പതോളം ശുശ്രൂഷകന്മാരുടെ സഹകരണത്തോടെ നടന്ന തിരുവത്താഴ ശുശ്രൂഷക്ക് ശേഷം ഡോ. വിൽസൺ വർക്കി, പാസ്റ്റർ തോമസ് എന്നിവർ പ്രസംഗിച്ചു. നാഷണൽ സെക്രട്ടറി സാം മാത്യു, ട്രഷറർ പ്രസാദ് ജോർജ്, ലേഡീസ് കൺവീനർ ജീന വിൽസൺ, ഇംഗ്ലീഷ് സെഷൻ കൺവീനർ ഡോ. ജോനാഥൻ ജോർജ് എന്നിവർ വിവിധ സമ്മേളനങ്ങളിൽ നന്ദി അർപ്പിച്ചു.

യുവജനങ്ങൾ ധാരാളമായി പങ്കെടുത്ത ഇംഗ്ലീഷ് സെഷനിൽ പാസ്റ്റർ ജോൺ ബീവിയെർ, ഡോ. ജോയൽ മുടമല്ലെ, പാസ്റ്റർ ജയ്സൺ ജെസുദാസൻ എന്നിവർ മുഖ്യ പ്രാസംഗികരായിരുന്നു. ഡോ. ജോനാഥൻ ജോർജ്, വെസ്ലി വർഗീസ്, പാസ്റ്റർ ആൽവിൻ ഉമ്മൻ, പാസ്റ്റർ സാംസൻ സാബു, ഡോ. വിൽസൺ എബ്രഹാം തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള ടീം അംഗങ്ങൾ പരിപാടികൾ ഏകോപിപ്പിച്ചു. പാസ്റ്റർ കെ.വി. എബ്രഹാമിന്റെ ആശിർവാദത്തോടെയാണ് കോൺഫ്രൻസ് സമാപിച്ചത്.

*കുര്യൻ ഫിലിപ്പ്*





## പ്രത്യാശയുടെ പ്രവാസി ഗോപുരം: ഫോമാ ഫാമിലി അസിസ്റ്റൻസ് & റിസോഴ്സ് സെന്റർ, ടീം പ്രോമിസിന്റെ അഞ്ചാമത്തെ വാഗ്ദാനം

ഫ്ളോറിഡ: അമേരിക്കൻ മലയാളി സമൂത്തിന്റെ ചരിത്രത്തിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും സാംസ്കാരിക കൂട്ടായ്മകൾക്കും എന്നും നേതൃത്വം നൽകിയിട്ടുള്ള ഫെഡറേഷനാണ് ഫോമാ.

2026–28 കാലയളവിലേക്ക് ഫോമയുടെ ഭരണസാരഥ്യം ലക്ഷ്യമിട്ട് മത്സരിക്കുന്ന മാത്യു വർഗീസ് (ജോസ് ഫ്ളോറിഡ) നേതൃത്വം നൽകുന്ന 'ടീം പ്രോമിസ്' തങ്ങളുടെ അഞ്ചാമത്തെ വാഗ്ദാനമായി 'ഫോമാ ഫാമിലി അസിസ്റ്റൻസ് & റിസോഴ്സ് സെന്റർ' പ്രഖ്യാപിച്ചിരിക്കുകയാണ്.

**'വിദ്യാജ്യോതി' സ്കോളർഷിപ്പ് പദ്ധതിയുടെയും 'ആർദ്രം' കാൻസർ കെയർ പ്രോജക്ടിന്റെയും 'കേരള പഠന'ത്തിന്റെയും 'ഫോമാ കെയർ' (കരുതൽ) പദ്ധതിയുടെയും തുടർച്ചയായാണിത്.**

'ഒരു ഫോൺ കോൾ... ഒരുപാട് പരിഹാരങ്ങൾ...' എന്ന മുദ്രാവാക്യവുമായി അമേരിക്കയിലെയും കാനഡയിലെയും മലയാളി കുടുംബങ്ങൾക്ക് കരുത്തും തണലുമേകുന്ന ഒരു സുരക്ഷാ കവചമായി ഈ പദ്ധതിയെ വിശേഷിപ്പിക്കാം.

അമേരിക്കൻ പ്രവാസം ഇന്ന് കേവലം സാമ്പത്തിക ഭദ്രതയ്ക്കുള്ള വഴി മാത്രമല്ല, മറിച്ച് വൈകാരികവും സാമൂഹികവുമായ ഒട്ടനവധി വെല്ലുവിളികൾ നിറഞ്ഞ ഒന്നു കൂടിയാണ്.

മാറുന്ന തൊഴിൽ സാഹചര്യങ്ങൾ, കുടുംബങ്ങളിലെ ഒറ്റപ്പെടലുകൾ, പുതിയ തലമുറ നേരിടുന്ന സാംസ്കാരിക സംഘർഷങ്ങൾ, വാർദ്ധക്യസഹജമായ ബുദ്ധിമുട്ടുകൾ, നിയമപരമായ സങ്കീർണ്ണതകൾ എന്നിവ മലയാളികളെ പലപ്പോഴും മാനസികമായ സമ്മർദ്ദങ്ങളിലേക്ക് നയിക്കാറുണ്ട്.

ജന്മനാട്ടിൽ നിന്ന് അകന്നു കഴിയുന്നവർക്ക് പെട്ടെന്നൊരു പ്രതിസന്ധി ഘട്ടത്തിൽ എങ്ങോട്ട് തിരിയണം എന്നറിയാത്ത അവസ്ഥയുണ്ടാകാം. ഇവിടെയാണ് 'ടീം പ്രോമിസ് ' വിഭാവനം ചെയ്യുന്ന ഫാമിലി അസിസ്റ്റൻസ് സെന്ററിന്റെ പ്രാധാന്യം.

**കുടിയേറ്റവുമായി ബന്ധപ്പെട്ട മാർഗനിർദ്ദേശങ്ങൾ, മുതിർന്ന പൗരന്മാർക്കുള്ള സഹായവും പിന്തുണയും, വിദ്യാർത്ഥികൾക്കുള്ള മെന്ററിംഗും വിദ്യാഭ്യാസ മാർഗനിർദ്ദേശവും, അടിയന്തര സാഹചര്യങ്ങളിൽ ആവശ്യമായ റഫറൽ സേവനങ്ങൾ, സമൂഹത്തിലെ വിവിധ സേവനങ്ങളിലേക്കുള്ള കമ്മ്യൂണിറ്റി റിസോഴ്സ് കണക്ഷനുകൾ തുടങ്ങിയവയാണിവ.**

അമേരിക്കയിലെ ഓരോ മലയാളി കുടുംബത്തിനും തങ്ങൾ ഒറ്റയ്ക്കല്ലെന്നും, തങ്ങളെ താങ്ങാൻ തങ്ങളുടെ സ്വന്തം സംഘടനയുണ്ടെന്നുമുള്ള ആത്മവിശ്വാസം നൽകാൻ 'ഫോമാ ഫാമിലി അസിസ്റ്റൻസ് & റിസോഴ്സ് സെന്ററി'ന് സാധിക്കുമെന്ന് മാത്യു വർഗീസ് നയിക്കുന്ന ടീം പ്രോമീസിന്റെ വിവിധ സ്ഥാനങ്ങളിലേയ്ക്ക് ജനവിധി തേടുന്ന അനു സ്കറിയ (ജനറൽ സെക്രട്ടറി), ബിനോയ് തോമസ് (ട്രഷറർ), ജോൺസൺ ജോസഫ് (വൈസ് പ്രസിഡന്റ്), രേഷ്മ രഞ്ജൻ (ജോയിന്റ് സെക്രട്ടറി), ടിറ്റോ ജോൺ (ജോയിന്റ് ട്രഷറർ) എന്നിവർ അഭിപ്രായപ്പെട്ടു.



## നടപ്പാക്കാനുള്ള സ്വപ്ന പദ്ധതികളുടെ കരുത്തുമായി ടീം വോയ്സ് ഓഫ് ഫോമായുടെ പത്ത് ഇന പ്രകടനപത്രിക

ന്യൂയോർക്ക്: യു.എസിലെയും കാനഡയിലെയും മലയാളി സംഘടനകളുടെ ഏറ്റവും വലിയ കൂട്ടായ്മയായ ഫോമയുടെ 2026–28 വർഷത്തെ എക്സിക്യൂട്ടീവ് കമ്മിറ്റി തിരഞ്ഞെടുപ്പിൽ മൽസരിക്കുന്ന 'ടീം വോയ്സ് ഓഫ് ഫോമാ' പുതിയ കാഴ്ചപ്പാടുകളും വിപ്ലവകരമായ വാഗ്ദാനങ്ങളുമായി തങ്ങളുടെ പ്രകടനപത്രിക പുറത്തിറക്കി. 'ഒരു സമൂഹം ഒരു ലക്ഷ്യം, ഒരു ടീം ഒരു ദൗത്യം, ഒരുമിച്ചു നിൽക്കാം, കരുത്തോടെ മുന്നേറാം' എന്ന ശക്തമായ മുദ്രാവാക്യവുമായാണ് ടീം വോയ്സ് ഓഫ് ഫോമാ ജനവിധി തേടുന്നത്. ടീം വോയ്സ് ഓഫ് ഫോമാ മുന്നോട്ടുവെക്കുന്ന പ്രധാന വാഗ്ദാനങ്ങൾ താഴെ പറയുന്നവയാണ്:

**1. ശക്തമായ അസോസിയേഷനുകൾ, ശക്തമായ ഫോമാ:** എല്ലാ അംഗസംഘടനകളെയും ചേർത്തു നിർത്തി അവർക്ക് വിവിധ മേഖലകളിൽ കൂടുതൽ പങ്കാളിത്തവുംനേതൃത്വപിന്തുണയുംറിസോഴ്സുകളുംനൽകി ഫോമയെ അടിത്തട്ടിൽ നിന്ന് ശക്തിപ്പെടുത്തുക.

**2. ആരോഗ്യ ഹെൽപ്പ് ലൈൻ:** മലയാളി ഡോക്ടർമാരുടെയും ആരോഗ്യ വിദഗ്ദ്ധരുടെയും വലിയൊരു ശൃംഖല രൂപീകരിച്ച് കമ്മ്യൂണിറ്റിയുടെ ക്ഷേമത്തിനായി സൗജന്യ വൈദ്യസഹായവും ഉപദേശ നിർദേശങ്ങളും മാനസികാരോഗ്യ പിന്തുണയും ലഭ്യമാക്കുക. **3. കരിയർ & ലീഗൽ സപ്പോർട്ട് നെറ്റ് വർക്ക്:** ജോലി അന്വേഷിക്കുന്നവർക്കായി റഫറലുകൾ, മെന്റർഷിപ്പ്, റസ്യൂം ഹെൽപ്പ് എന്നിവയ്ക്കൊപ്പം ഇമിഗ്രേഷൻ, ബിസിനസ്സ്, കുടുംബപരമായ ആവശ്യങ്ങൾ എന്നിവയ്ക്കുള്ള നിയമസഹായവും ഉറപ്പാക്കുക.

**4. വെൽക്കം & റീലൊക്കേഷൻ സപ്പോർട്ട്:** യു.എസിലേക്കോ കാനഡയിലേക്കോ പുതുതായി കുടിയേറുന്ന കുടുംബങ്ങൾക്ക് താമസം കണ്ടെത്താനും പ്രാദേശിക പിന്തുണ നൽകാനും സഹായിക്കുക.

**5. സ്റ്റുഡന്റ് സക്സസ് & യൂത്ത് ലീഡർഷിപ്പ്:** വിദ്യാർത്ഥികൾക്ക് കോളേജ് മെന്റർഷിപ്പ്, സ്കോളർഷിപ്പുകൾ, ഇന്റേൺഷിപ്പുകൾ എന്നിവ ഉറപ്പാക്കുകയും യുവജന നേതൃത്വ നിരയെ വളർത്തിയെടുക്കുകയും ചെയ്യുക.

**6. മുതിർന്ന പൗരന്മാർ, സംസ്കാരം, മലയാള ഭാഷ:** മുതിർന്നവരുടെ ക്ഷേമത്തിനായി പ്രത്യേക പദ്ധതികൾ, മലയാള ഭാഷാ പഠന ക്ലാസുകൾ, സാംസ്കാരിക പൈതൃക സംരക്ഷണം എന്നിവ ഉറപ്പാക്കുക.

**7. കലാ കായിക മികവിന്:** പ്രാദേശിക തലത്തിലുള്ള കലാകായിക മത്സരങ്ങളെ ദേശീയ തലത്തിലുള്ള ഫോമാ ചാമ്പ്യൻഷിപ്പുകളിലേക്ക് ഉയർത്തുക.

**8. ഫോമാ ഹെൽപ്പിംഗ് ഹാൻഡ്:** യു.എസ്, കാനഡ, കൂടാതെ ഇന്ത്യ എന്നിവിടങ്ങളിൽ സാമ്പത്തിക ബുദ്ധിമുട്ടുകളോ മറ്റ് പ്രതിസന്ധികളോ നേരിടുന്ന കുടുംബങ്ങൾക്കായി ചാരിറ്റി, ഫണ്ട് ശേഖരണം, അടിയന്തര സഹായങ്ങൾ എന്നിവ കൂടുതൽ ശക്തിപ്പെടുത്തുക.

**9. വുമൺ റൈസിംഗ് ഇനിഷ്യേറ്റീവ്:** നേതൃത്വ അവസരങ്ങൾ, സംരംഭകത്വ പ്രോഗ്രാമുകൾ, എല്ലാ റീജിയനുകളിലെയും അസോസിയേഷനുകളിലുള്ള സജീവ പങ്കാളിത്തം എന്നിവയിലൂടെ സ്ത്രീകളെ ശാക്തീകരിക്കുക.

**10. ബിസിനസ്സ് & പ്രൊഫഷണൽ നെറ്റ്വർക്ക്:** ബിസിനസ്സ് പ്രൊഫഷണലുകളെയും ഐ.ടി വിദഗ്ദ്ധരെയും സംരംഭകരെയും ഒരുമിച്ച് നിർത്തി കമ്മ്യൂണിറ്റിയുടെ വളർച്ചയ്ക്കായി വലിയൊരു മലയാളി ബിസിനസ്സ് ശൃംഖല കെട്ടിപ്പടുക്കുക.

പ്രസിഡന്റ് സ്ഥാനാർത്ഥി ബിജു തോണിക്കടവിൽ നേതൃത്വം നൽകുന്ന ടീം ഫോമായുടെ വിവിധ സ്ഥാനങ്ങളിലേയ്ക്ക്, പോൾ പി ജോസ് (ജനറൽ സെക്രട്ടറി), പ്രദീപ് നായർ (ട്രഷറർ), സാമുവൽ മത്തായി (വൈസ് പ്രസിഡന്റ്), ഡോ. മഞ്ജു പിള്ള (ജോയിന്റ് സെക്രട്ടറി) ജോൺസൺ കണ്ണൂക്കാടൻ (ജോയിന്റ് ട്രഷറർ) എന്നിവരാണ് മൽസരിക്കുന്നത്.

◗ *ശ്രീകുമാർ*



കഥയില്ലായ്മകൾ

# ‘ചെരിപ്പോക്രസി’



സി. രാധാകൃഷ്ണൻ

എക്കാലത്തേക്കും സാധ്യമായ മാതൃകാമനുഷ്യരെ അവതരിപ്പിക്കുന്നു രാമായണം. ഭാര്യ, ഭർത്താവ്, അമ്മ, അച്ഛൻ, സഹോദരൻ, സ്നേഹിതൻ, ഭക്തൻ, ഗൃരു, യോദ്ധാവ്, രാജാവ്.... ഓരോ വിഭാഗത്തിലും സൽഗുണ സമ്പന്നർ ഒട്ടേറെയുണ്ട്. പക്ഷേ, മിക്ക ഇനത്തിലും ഉള്ളതിൽ അത്യുത്തമം ഏത് എന്ന് കണ്ടുപിടിക്കാൻ നമുക്ക് വിഷമമില്ല.

എന്നാൽ രാമായണത്തിൽ അവതരിപ്പിക്കപ്പെടുന്ന ഏറ്റവും നല്ല ഭരണം ആരുടെയായിരുന്നു എന്ന് സൂക്ഷ്മമായി ആലോചിച്ചു നോക്കിയിട്ടുണ്ടോ? പ്രത്യക്ഷത്തിൽ സർവ്വാത്മനാ പുകൾ പെറ്റത് രാമരാജ്യം തന്നെ. സർവ്വേശ്വരനേക്കാൾ നന്നായി ഭരിക്കാൻ ആർക്ക് സാധിക്കും!

ഉവ്വ്,ചിലർക്ക്ചിലപ്പോൾകഴിയുംഎന്നാണ് പക്ഷേ, എല്ലാ രാമായണ മഹാകവികളും പറയാതെ പറയുന്നത്. ദൈവം തന്നെ അവതരിച്ചാലും ‘മർത്യജന്മംകൊണ്ട്വിസ്മൃതനായ്വരും’ എന്ന മുൻകൂർ ജാമ്യം തുഞ്ചത്തെഴുത്തച്ഛൻ പ്രത്യേകമായി എടുക്കുന്നുമുണ്ട്. ഈശ്വരൻതന്നെ വന്ന് അവതരിച്ചതായാലും ശരി, മാനുഷികചാപല്യങ്ങളെ ഇവിടെ വെച്ചുതന്നെ അതിജീവിച്ചിരിക്കണം, ഒരു നല്ല ഭരണകർത്താവ്!

അധികാരത്തിന്റെ എല്ലാ പ്രലോഭനങ്ങളെയും പൂർണ്ണമായും അതിജീവിച്ച ഒരാളേ ഈ ഇതിഹാസത്തിൽ ആകെ ഉള്ളൂ: ഭരതൻ. അതിനാലാണല്ലോ ഈ ഭൂഖണ്ഡം അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്നത്. ഒരു ഭരണാധികാരി എന്ന നിലയിൽ പരമവിശുദ്ധിയുടെ പ്രകാശഗോപുരമാണ് അദ്ദേഹം. ജ്ഞാനകർമ്മയോഗങ്ങളുടെ നിരന്തര സാധനയാൽ അറിവും കഴിവും നൂറുമേനി വിളഞ്ഞ ക്ഷേത്രം. സാക്ഷാൽ ധർമ്മക്ഷേത്രം! അങ്ങനെ ഒരാൾ ഭരിക്കുമ്പോഴത്തെ യോഗക്ഷേമങ്ങൾവേറെ ആർക്കും നൽകാൻ ആവില്ല എന്നാണ് ആർഷമതം, സാക്ഷാൽ ഈശ്വരാവതാരത്തിനുപോലും!



അങ്ങനെ ഒരു ഭരണക്രമത്തെ എന്തു വിളിക്കാം എന്നാണെങ്കിൽ, കൂടുതൽ നല്ല ഒരു പേര് കണ്ടുകിട്ടുംവരെ നമുക്ക് അതിനെ (‘കോക്രോച്ച്’ ശൈലിയിൽ) ‘ചെരിപ്പോക്രസി’ എന്ന് വിളിച്ചാലോ! അതായത് പരമകാരുണികനും നീതിമാനുമായ ദൈവത്തിന്റെ പാദുകങ്ങൾ സിംഹാസനത്തിൽ ഇരിക്കുന്ന കാലത്തെപൊറുതി. ഭരതൻ പരമാധികാരമായി പ്രതിഷ്ഠിച്ചത് ആ സങ്കൽത്തെയാണല്ലോ. എന്നിട്ട്, അതിന്റെ വെറുമൊരു സേവകനായി തന്റെ സ്വന്തം സുഖങ്ങൾ എല്ലാം ഉപേക്ഷിച്ച് ഭൂമിയിൽ ഇവേരെ ഉണ്ടായ ഏറ്റവും നല്ല ഭരണം കാഴ്ച വെച്ചു.

മറിച്ച്, രാമഭരണകാലത്ത് നിരപരാധിയായ ഗർഭിണിയെ, അത് സ്വന്തം ധർമ്മപത്രി ആയിരുന്നിട്ടുപോലും, കാട്ടിൽ കൊണ്ടുപോയി തള്ളുക വരെ ഉണ്ടായില്ലേ? അതും, എന്തു കുറ്റത്തിനെന്ന് അവരെ അറിയിക്കുകപോലും ചെയ്യാതെ! സാക്ഷാൽ രാജ്പത്നിപോലും ഇത്തരം ക്രൂരമായ അനീതിക്ക് ഇരയാകാം എങ്കിൽ പിന്നെ അവിടെ മറ്റുള്ളവരുടെ കാര്യം പറയാനുണ്ടോ!

സ്വന്തം ജീവിതം ത്യജിച്ച് രാജ്യഭാരം ഏറ്റെടുക്കാൻ മാത്രമല്ല തന്റെ അമ്മ ചെയ്ത തെറ്റിന് വേണ്ടത്ര പരിഹാരം ചെയ്തു കഴിഞ്ഞപ്പോൾ തന്റെ അധികാരം നിമിഷം വെച്ച് ഒഴിഞ്ഞു കൊടുക്കാനും ഭരതൻ തയ്യാറായി. പതിനാലു വർഷം നീണ്ട അധികാരത്തിന്റെ ആലശീലങ്ങൾ(ഹാങ്ങോവർ) ഒരു തരത്തിലും അദ്ദേഹത്തെ ബാധിച്ചില്ല എന്നർത്ഥം!

എന്റെ ചെറിയ അറിവിൽ ഇങ്ങനെ ഒരു ഇതിഹാസപാഠം ലോകത്ത് വേറെ എങ്ങും ഇല്ല. അധികാരത്തിന്റെ എച്ചിലിൽ വെറുമൊരു വറ്റിനു വേണ്ടി എന്ത് മഹാപാതകവും ചെയ്യാൻ തയ്യാറുള്ള കുഞ്ചിരാമന്മാരുടെ ഈ കാലത്ത് വേറെ ഏത് ഇതിഹാസം വായിച്ചാൽ പഠിഞ്ഞു കിട്ടും ഇങ്ങനെ ഒരു പാഠം!

പക്ഷേ, വായിച്ചാലേ പഠിയൂ! അല്ലാതെ, ചാറ്റ് ജിപിടിയിൽ ഏതാനും വരികളിൽ ഒരു രാമായണം (എഐ) ഭാഗം കാണാതെ പഠിച്ച് എത്ര തവണ എത്ര ഉറക്കെ അലറിയാലും കാര്യമൊന്നുമില്ല!

ഒരു ഭരണകർത്താവ് ജനിക്കുന്നത് ഈശ്വരനായിട്ടോ മനുഷ്യനായിട്ടോ ആകട്ടെ, ലൗകിക പ്രലോഭനങ്ങളെ അതിജീവിക്കാൻ ഇവിടെവെച്ചുതന്നെ പഠിക്കണം എന്ന് ‘ബുധന്മാരുടെ മതം’!

> **“ ഭരതൻ ഭരിക്കുന്ന ഭരണക്രമത്തെ എന്തു വിളിക്കാം എന്നാണെങ്കിൽ, കൂടുതൽ നല്ല ഒരു പേര് കണ്ടുകിട്ടുംവരെ നമുക്ക് അതിനെ ‘ചെരിപ്പോക്രസി’ എന്ന് വേണമെങ്കിൽ വിളിക്കാവുന്നതാണ്.**

## സ്പേസ്എക്സ് ഓഹരികൾ കുത്തനെ ഇടിഞ്ഞു; ഇലോൺ മസ്കിന്റെ കമ്പനിയുടെ മൂല്യത്തിൽ 1 ട്രില്യൺ ഡോളറിലേറെ ഇടിവ്

ന്യൂയോർക്ക്: ഇലോൺ മസ്കിന്റെ ബഹിരാകാശ കമ്പനിയായ സ്പേസ്എക്സ് ഓഹരികൾ കുത്തനെ ഇടിഞ്ഞതോടെ കമ്പനിയുടെ വിപണി മൂല്യത്തിൽ ഒരു ട്രില്യൺ ഡോളറലേറെ നഷ്ടമായി. റെക്കോർഡ് ഐപിഒ കഴിഞ്ഞ് ഏതാനും ആഴ്ചകൾക്കുള്ളിലാണ് ഈ വൻ ഇടിവ് ഉണ്ടായത്.

ബുധനാഴ്ച സ്പേസ്എക്സിന്റെ ഓഹരി വില 135 ഡോളറിന് താഴെയെത്തി. ജൂൺ മധ്യത്തിൽ ഒരു ഓഹരിക്ക് 225 ഡോളർ വരെ ഉയർന്നിരുന്ന വില പിന്നീട് ഏകദേശം 40 ശതമാനം ഇടിഞ്ഞു. തുടർന്ന് വ്യാപാരം അവസാനിക്കുമ്പോൾ ഓഹരി വില 135 ഡോളറിന് മുകളലേക്ക് നേരിയതോതിൽ തിരിച്ചുകയറി. ഐപിഒയ്ക്ക് പിന്നാലെ സ്പേസ്എക്സിന്റെ വിപണി മൂല്യം 2 ട്രില്യൺ ഡോളറിലേറെയായി ഉയർന്നിരുന്നു. ഇതോടെ കമ്പനി കുറച്ച് ദിവസത്തേക്ക് ആമസോണിന്റെ വിപണി മൂല്യത്തെയും മറികടന്നിരുന്നു.

സ്പേസ്എക്സിൽഇലോൺമസ്കിന്42ശതമാനം ഓഹരി പങ്കാളിത്തമുണ്ട്. ഓഹരി വില ഇടിഞ്ഞതോടെ അദ്ദേഹത്തിന്റെ ഈ ഓഹരികളുടെ മൂല്യം 1.2 ട്രില്യൺ ഡോളറിൽ നിന്ന് ഏകദേശം 760 ബില്യൺ ഡോളറിലേക്ക് കുറഞ്ഞു. ജൂൺ അവസാനം പുറത്തിറക്കിയ സ്പേസ്എക്സിന്റെ ബോണ്ടുകൾക്കും വിപണിയിൽ കനത്ത തിരിച്ചടിയാണ് നേരിട്ടത്. ഉയർന്ന മൂല്യനിർണയമുള്ള ടെക് കമ്പനികളുടെ ഓഹരികൾ കഴിഞ്ഞ ഒരു മാസമായി സമ്മർദം നേരിടുകയാണ്. അമേരിക്കയിൽ പലിശനിരക്ക് ഉയരാൻ സാധ്യതയുള്ളതും, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മേഖലയിലെ വൻ നിക്ഷേപങ്ങളുടെ ലാഭസാധ്യതയെക്കുറിച്ചുള്ള ആശങ്കകളും നിക്ഷേപകരെ പിന്നോട്ടടിപ്പിച്ചതായിവിപണിവിദഗ്ധർവിലയിരുത്തുന്നു. സ്പേസ്എക്സിന്റെ ഐപിഒയ്ക്ക് നേതൃത്വം നൽകിയ സ്ഥാപനങ്ങളിലൊന്നായ ഗോൾഡ്മാൻ സാക്സ്, കമ്പനിയുടെ അക വരുമാനം 2030ഓടെ നൂറിരട്ടിയായി ഉയരുമെന്നാണ് പ്രവചിക്കുന്നത്.

അതേസമയം, ഐപിഒയ്ക്ക് ശേഷം ഓഹരി വില സ്ഥിരതയിൽ നിലനിർത്താനുള്ള ചുമതല വഹിച്ച മോർഗൻ സ്റ്റാൻലി രണ്ടാം പാദത്തിൽ ഓഹരി വ്യാപാരത്തിലൂടെ 6.3 ബില്യൺ ഡോളർ വരുമാനം നേടിയതായി റപ്പോർട്ട് ചെയ്തു. ഇത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 70 ശതമാനം കൂടുതലാണ്.

മൂന്ന് ആഴ്ച മുമ്പ് സ്പേസ്എക്സ് 25 ബില്യൺ ഡോളറിന്റെ കടപ്പത്രങ്ങൾ സമാഹരിച്ചിരുന്നു. എന്നാൽ പിന്നീട് ഉയർന്ന നിലവാരമുള്ള കോർപ്പറേറ്റ് ബോണ്ട്വിപണിയിലെഏറ്റവുംമോശംപ്രകടനംകാഴ്ചവച്ച കമ്പനികളിലൊന്നായി സ്പേസ്എക്സ് മാറി. സ്പേസ്എക്സ് ലോകത്തിലെ ഏറ്റവും വലിയ ഐപിഒകളിലൊന്നിലൂടെ 86 ബില്യൺ ഡോളർ സമാഹരിച്ചിരുന്നു. ഈ ഐപിഒയിൽ പങ്കെടുത്ത 20 ലധികംവാൾസ്ട്രീറ്റ്ബാങ്കുകൾചേർന്ന്ഏകദേശം 500 മില്യൺ ഡോളറിന്റെ ഫീസ് നേടിയതായും റിപ്പോർട്ടുണ്ട്.

ഐപിഒയിൽ വിൽപ്പന നടത്തിയ ഓഹരികളിൽ ഏകദേശം 20 ശതമാനം ചെറുകിട നിക്ഷേപകർ സ്വന്തമാക്കിയിരുന്നു. ഹെഡ്ജ് ഫണ്ടുകൾക്ക് ഏകദേശം 10 ശതമാനം മാത്രമാണ് അനുവദിച്ചിരുന്നത്. ബാക്കിഓഹരികൾദീർഘകാലനിക്ഷേപസ്ഥാപനങ്ങൾ, സോവറിൻ വെൽത്ത് ഫണ്ടുകൾ, മസ്കിന്റെ നിക്ഷേപപങ്കാളികൾതുടങ്ങിയവരാണ്വാങ്ങിയത്.

ഐപിഒയ്ക്ക് ശേഷമുള്ള ലോക്ക്അപ്പ് കാലാവധി കാരണം കമ്പനിയിലെ ഇൻസൈഡർമാർക്ക് നിലവിൽ ഓഹരികൾ വിൽക്കാൻ കഴിയില്ല. ഓഗസ്റ്റിൽ ആദ്യ ത്രൈമാസ സാമ്പത്തിക ഫലം പ്രസിദ്ധീകരിച്ചതിന് ശേഷം ചില ഓഹരികൾ വിൽക്കാൻ അനുമതി ലഭിക്കും. അതേസമയം, ഇലോൺ മസ്കിനും മറ്റ് പ്രധാന നിക്ഷേപകർക്കും ഐപിഒയ്ക്ക് ശേഷം 366 ദിവസം പൂർത്തിയാകുന്നതുവരെ ഓഹരികൾ വിൽക്കാനാവില്ല.



# എസ്.ബി അസംപ്ഷൻ അലുംനി പ്രഥമ ദേശീയ കൺവെൻഷൻ പ്രൗഢോജ്വലമായി



ഷിക്കാഗോ: ഗൃഹാതുരത്വത്തിന്റെയും കൂട്ടായ്മയുടെയും ആർദ്ര സ്മരണകൾ ആവോളമുണർത്തി പുരാതന കലാലയങ്ങളായ ചങ്ങനാശേരി സെയിന്റ് ബെർക്ക്മാൻസ്, അസംപ്ഷൻ കോളേജ് പൂർവ്വവിദ്യാർഥികൾ അമേരിക്കയിൽ സംഘടിപ്പിച്ച പ്രഥമ ദേശീയ കൺവെൻഷൻ പ്രൗഢോജ്വലമായി പര്യവസാനിച്ചു.

ജൂലൈ 9 വ്യാഴാഴ്ച ഷിക്കാഗോയിൽ നടന്ന സമ്മേളനം എസ്.ബി കോളേജിന്റെ പ്രമുഖ പൂർവ്വവിദ്യാർഥികളായ കർദിനാൾ ജോർജ്ജ് ജേക്കബ് കൂവക്കാട്, ചങ്ങനാശേരി ആർച്ച് ബിഷപ്പ് അഭിവന്ദ്യ മാർ തോമസ് തറയിൽ, കേരള ഗവ. പ്രിൻസിപ്പൽ സെക്രട്ടറി രാജു നാരായണസ്വാമി ഐഎഎസ്, എസ്.ബി, അസംപ്ഷൻ കോളജ് പ്രിൻസിപ്പൽമാർ എന്നിവർ ഭദ്രദീപം തെളിച്ചുകൊണ്ട് ഉദ്ഘാടനം നിർവ്വഹിച്ചു.

കൺവെൻഷൻ ചെയർമാൻ മാത്യു ദാനിയേൽ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. ചങ്ങനാശേരി ആർച്ച് ബിഷപ്പിന്റെ തങ്ങൾക്ക് ലഭിക്കുന്ന നിരന്തര പ്രോത്സാഹനത്തിനു നന്ദി പറഞ്ഞുകൊണ്ട് കൺവൻഷന്റെ ഉന്നത ലക്ഷ്യങ്ങൾ അദ്ദേഹം വിശദീകരിച്ചു.

കർദിനാൾ ജോർജ്ജ് ജേക്കബ് കൂവക്കാട് സമ്മേളനം ഉദ്ഘാടനം ചെയ്തു. ജീവിതം മൂല്യവത്തായി രൂപപ്പെടുത്തുന്നതിൽ എസ്ബി കോളേജ് വിദ്യാഭ്യാസം തന്റെ ജീവിതത്തിൽ വഹിച്ച പങ്ക് നിസ്തുലവനും അവിസ്മരണീയവുമാണെന്ന് കർദിനാൾ പറഞ്ഞു. ഭവനം എന്ന സങ്കൽപം സ്വന്തം വീടിന്റെ മതിൽകെട്ടിനു പുറത്തു വിശാലമായ മനുഷ്യസ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും മേഖലയിലാണ് അർത്ഥപൂർണ്ണമാകുന്നതെന്ന് മനസിലാക്കാൻ അഞ്ചു വർഷത്തെ കോളജ് പഠനം തന്നെ സഹായിച്ചു.

കാത്തലിക് സ്റ്റുഡന്റ്സ് മൂവ്മെന്റിന്റെ നേതൃത്വത്തിൽ തങ്ങൾ അക്കാലത്തു എസ്.ബി കോളേജിൽ നടത്തിയ ജീവകാരുണ്യ പ്രവർത്തനങ്ങളും അനുഭവങ്ങളും പിൽക്കാലത്തു ഫ്രാൻസിസ് മാർപ്പായുടെ യാത്രാദൗത്യങ്ങൾ കാര്യക്ഷമമായും ഫലപ്രദമായും നിർവ്വഹിക്കാൻ വേണ്ട ഊർജ്ജവും പ്രചോദനവും തനിക്കു നൽകി. ജീവിതത്തിൽ സ്വത്ത് സമ്പാദനത്തിലുപരി സഹജീവികളെ കാരുണ്യപൂർവ്വം സഹായിക്കാനുള്ള മനോഭാവവും ജ്ഞാനവും തേടാൻ പൂർവ്വ വിദ്യാർഥികളെ കർദ്ദിനാൾ ആഹ്വനം ചെയ്തു.

ആർച്ച് ബിഷപ് മാർ തോമസ് തറയിൽ മുഖ്യപ്രഭാഷണം നടത്തി. നഗരങ്ങളിൽ മാത്രം ഉന്നതവിദ്യാഭ്യാസം സംലഭ്യമായിരുന്ന ഒരുകാലത്തു ഗ്രാമീണമേഖലയിൽ വിദ്യാഭ്യാസരംഗത്തു മികവാർന്ന സേവനത്തിന് ആർ. ശങ്കർ അവാർഡ് ഉൾപ്പടെ നിരവധി ബഹുമതികൾ സ്വന്തമാക്കി നമ്മുടെ കോളേജുകൾ ശ്രദ്ധേയമായത് അഭിമാനകരമാണെന്ന് പറഞ്ഞു.

ഉന്നത വിദ്യാഭ്യാസരംഗത്ത് മത്സര പ്രവണത പ്രകടമാകുന്ന ഇക്കാലത്തു പൂർവ്വവിദ്യാർഥികൾ തങ്ങളുടെ അനുഭവവും വൈദഗ്ധ്യവും സമയവും മാതൃകലാലയങ്ങൾക്ക് നിർലോഭം നൽകികൊണ്ട് അവയെ നിലനിർത്തേണ്ടത് കാലഘട്ടത്തിന്റ ആവശ്യമാണ്. അതിനായി അമേരിക്കയിൽ പൂർവ്വവിദ്യാർഥി സാന്നിധ്യമുള്ള എല്ലാ സ്റ്റേറ്റുകളിലും എസ്ബി അസംപ്ഷൻ അലുംനി ചാപ്റ്ററുകൾ സ്ഥാപിക്കണമെന്നും ആർച്ചുബിഷപ്പ് ആവശ്യപ്പെട്ടു.

എസ്ബി കോളജ് വിദ്യാഭ്യാസം സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സമഭാവനയുടെയും ഓർമ്മകളാണ് തന്നിൽ ഉണർത്തുന്നതെന്ന് എസ്ബി കോളേജിലെ തന്റെ പഠനകാലം സ്മരിച്ചുകൊണ്ട് രാജു നാരായണസ്വാമി ഐഎഎസ് പറഞ്ഞു. പദ്യശകലങ്ങളാൽ സമ്പന്നമായ അദ്ദേഹത്തിന്റെ പ്രസംഗം സദസ്സ് സാകൂതം ശ്രവിച്ചു.

എസ്ബി കോളേജ് പ്രിൻസിപ്പൽ റവ.ഡോ. ടെഡി തോമസ് കാഞ്ഞൂപ്പറമ്പിൽ, അസംപ്ഷൻ കോളേജ് പ്രിൻസിപ്പൽ ഡോ. റാണി മരിയ തോമസ്, എസ്ബി കോളേജ് മുൻ പ്രിൻസിപ്പൽ റവ. ഡോ. ജോർജ്ജ് മഠത്തിപ്പറമ്പിൽ എന്നിവർ ആശംസാപ്രഭാഷണങ്ങൾ നടത്തി. ഷിക്കാഗോ യൂണിറ്റ് പ്രസിഡന്റ് ഡോ. മനോജ് നേര്യംപറമ്പിൽ സ്വാഗതം പറഞ്ഞു.

മെഡിക്കൽ, എഞ്ചിനീറിങ്, നേഴ്സിങ്, ശാസ്ത്ര സാങ്കേതികം, ബിസിനസ്സ്, സ്റ്റേറ്റ് സർവീസ്, അധ്യാപനം എന്നീ മേഖലകളിൽ അമേരിക്കയിൽ ഉന്നതനിലയിൽ സേവനം ചെയ്തു വ്യക്തിമുദ്ര പതിപ്പിച്ച തെരെഞ്ഞെടുക്കപ്പെട്ട പൂർവ്വവിദ്യാർഥികളെ കൺവെൻഷനിൽ ആദരിച്ചു. കൺവെൻഷനോട് അനുബന്ധിച്ചു പുറത്തിറക്കിയ സുവനീർ ജോർജ്ജ് ജോസഫ് വിലങ്ങോലിനു കോപ്പി നൽകി അഭിവന്ദ്യപിതാക്കന്മാർ നിർവഹിച്ചു.

സീനിയർ അലുമ്നസും കൺവെൻഷൻ ഗ്രാൻഡ് സ്പോൺസറുമായ ഡോ. വിൻസെന്റ് കുട്ടംപേരൂരി(വിസ്കോൺസിൻ)നെ ചടങ്ങിൽ പൊന്നാട അണിയിച്ച് ആദരിച്ചു. റവ. ഫാ.കെ.കെ. കുര്യാക്കോസ് രചിച്ച മൂന്ന് പുസ്തകങ്ങളുടെ പ്രകാശനം അഭിവന്ദ്യ പിതാക്കന്മാർ നിർവ്വഹിച്ചു. തുടർന്ന് സ്നേഹവിരുന്നും കലാപരിപാടികളും നടന്നു. എസ്.ബി, അസംപ്ഷൻ കോളജ് ചരിത്രത്തിൽ നാഴികക്കല്ലായി മാറിയ കൺവെൻഷൻ സംഘടിപ്പിച്ച ദേശീയ കൗൺസിലിനെ അഭിവന്ദ്യപിതാക്കന്മാരും പ്രിൻസിപ്പൽമാരും അഭിനന്ദിച്ചു.

സ്റ്റീയറിങ് കമ്മറ്റി അംഗങ്ങളായ പ്രൊഫ ജെയിംസ് ഓലിക്കര, തോമസ് ഡിക്രൂസ്, ദയാലു ജോസഫ്, ജോർജ്ജ് ജോസഫ്, കാർമൽ തോമസ്, ടോം പെരുമ്പായിൽ, ബോബൻ കളത്തിൽ, ഷിബു അഗസ്റ്റിൻ, ലീല മാരേട്ട് എന്നിവരാണ് കൺവെൻഷന് നേതൃത്വം നൽകിയത്. അമ്പിളി ജോർജ്ജ്, പിന്റോ കണ്ണമ്പള്ളി എന്നിവർ എംസിമാരായിരുന്നു. ഡോ. ബിന്ദു ജോർജ്ജ് ടോബിയാസ് നന്ദി പറഞ്ഞു. അലുമ്നിയുടെ അടുത്ത ദേശീയ കൺവെൻഷൻ 2028 ൽ ന്യൂജേഴ്സിയിൽ വച്ച് നടത്തും.

*തോമസ് ഡിക്രൂസ്*

# സീറോ മലബാർ ജൂബിലി കൺവെൻഷനോടനുബന്ധിച്ച് ഷിക്കാഗോയിൽ മുതിർന്നവരുടെ മഹാസമ്മേളനം





സീറോ മലബാർ ജൂബിലി കൺവെൻഷനോടനുബന്ധിച്ച് ഷിക്കാഗോയിൽ മുതിർന്നവരുടെ മഹാസമ്മേളനം സംഘടിപ്പിച്ചു.

കൺവെൻഷന്റെ ഭാഗമായി നടന്ന സീനിയർ, പയനിയർ, ഗോൾഡൻ കപ്പിൾസ് ഗ്രാൻഡ് അസംബ്ലിക്ക് ഡയോസിസൻ സീനിയർ കോർഡിനേറ്റർ ജോർജ് ജോസഫ് കൊട്ടുകാപ്പള്ളി, ടീം അംഗങ്ങളായ തോമസ് പുതുക്കളം, ജോജോ വെള്ളാനിക്കൽ എന്നിവർ നേതൃത്വം നൽകി.

ഷിക്കാഗോ രൂപതാ ബിഷപ്പ് മാർ ജോയ് ആലപ്പാട്ട് അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ വത്തിക്കാനിൽ നിന്നുള്ള കർദ്ദിനാൾ മാർ ജോർജ് ജേക്കബ് കൂവക്കാട് മുഖ്യാതിഥിയായിരുന്നു. ബിഷപ്പ് എമെരിറ്റസ് മാർ ജേക്കബ് അങ്ങാടിയത്ത്, കാനഡ മിസിസാഗ രൂപതാ ബിഷപ്പ് മാർ ജോസ് കല്ലുവേലിൽ എന്നിവർ പ്രഭാഷണം നടത്തി. റവ. മോൺ. ജോൺ മേലേപുറം, റവ. മോൺ. തോമസ് കടുകപ്പിള്ളിൽ എന്നിവർ ആശംസകൾ നൽകി. അമേരിക്കയിലെ വിവിധ സീറോ മലബാർ ഇടവകകളിൽ നിന്നുള്ള വൈദികരും സിസ്റ്റേഴ്സും പ്രതിനിധികളും സമ്മേളനത്തിൽ പങ്കെടുത്തു.

സമ്മേളനതോടനോടനുബന്ധിച്ച ഡയോസിസൻ സീനിയർ കോർഡിനേറ്റർ ജോർജ് ജോസഫ് കൊട്ടുകാപ്പള്ളി എഡിറ്റുചെയ്തു പ്രസിദ്ധികരിക്കുന്ന ഷിക്കാഗോ സിറോമലബാർ സീനിയർ, പയനിയർ, ഗോൾഡൻ കപ്പിൾസ് ഡിറക്ടറി 'ഫുട്പ്രിന്റ് ' ന്റെ പ്രകാശനം ബിഷപ്പ് എമെരിറ്റസ് മാർ ജേക്കബ് അങ്ങാടിയത്ത് നിർവഹിച്ചു.





# റിയാദിന്റെ നയതന്ത്ര ചുവടുമാറ്റം

(ഒന്നാം പേജ് തുടർച്ച)

ആക്രമണങ്ങളിൽ നിന്ന് പൂർണ്ണമായി ഒഴിവാക്കി. ടെഹ്റാന്റെ ഈ അപ്രതീക്ഷിത നാവികസൈനിക നീക്കം മിഡിൽ ഈസ്റ്റിലെ പ്രതിരോധ തന്ത്രജ്ഞരെ ഒന്നടങ്കം അത്ഭുതപ്പെടുത്തിയിരിക്കുകയാണ്; ഇറാനും സൗദിയും തമ്മിൽ അണിയറയിൽ രൂപപ്പെട്ടുവരുന്ന പുതിയ ഭൗമരാഷ്ട്രീയ സുരക്ഷാ സഖ്യത്തിന്റെ (Growing Alliance) ഏറ്റവും വലിയ തെളിവാണ് ഈ തന്ത്രപരമായ ഒഴിവാക്കൽ എന്ന് അന്താരാഷ്ട്ര നിരീക്ഷകർ വിലയിരുത്തുന്നു.

അമേരിക്കയുടെ കടുത്ത സൈനിക നീക്കങ്ങൾക്ക് സ്വന്തം മണ്ണും വ്യോമപാതയും വിട്ടുകൊടുക്കാൻ മടിക്കുകയും ഇറാന്റെ ഭാഗത്തുനിന്നുള്ള പ്രത്യാക്രമണങ്ങളിൽ നിന്ന് എണ്ണപ്പാടങ്ങളെ സംരക്ഷിക്കാൻ ഡിപ്ലോമാറ്റിക് ചർച്ചകൾക്ക് മുൻഗണന നൽകുകയും ചെയ്യുന്ന റിയാദിന്റെ പുതിയ നിലപാട് വൈറ്റ് ഹൗസിനെ വല്ലാതെ പ്രകോപിപ്പിച്ചിട്ടുണ്ട്.

അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ മിഡിൽ ഈസ്റ്റ് നയങ്ങളെ പൂർണ്ണമായും പ്രതിസന്ധിയിലാക്കുന്ന സൗദി അറേബ്യയുടെ ഈ പുതിയ നിലപാടുകളെക്കുറിച്ചും, അത് ആഗോള ഊർജ്ജ വിപണിയിലും വരാനിരിക്കുന്ന യുഎസ് ഇടക്കാല തിരഞ്ഞെടുപ്പിലും വരുത്താൻ പോകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചുമുള്ള റിപ്പോർട്ട് താഴെ നൽകുന്നു:

വാൾസ്ട്രീറ്റ് ജേർണൽ പുറത്തുവിട്ട അതീവ രഹസ്യ വിവരങ്ങൾ പ്രകാരം, ഹോർമുസ് കടലിടുക്കിലെ ഇറാന്റെ ഉപരോധം തകർക്കാൻ അമേരിക്ക ആവിഷ്കരിച്ച അതീവ രഹസ്യ സൈനിക പദ്ധതിയായ പ്രോജക്ട് ഫ്രീഡത്തിന് തങ്ങളുടെ വ്യോമപാതയും താവളങ്ങളും വിട്ടുനൽകാൻ സൗദി കിരീടാവകാശി മുഹമ്മദ് ബിൻ സൽമാൻ വിമുഖത കാണിച്ചതാണ് ഇപ്പോഴത്തെ കടുത്ത വിള്ളലുകൾക്ക് കാരണം.

ഇറാനെ തകർക്കാൻ ട്രംപ് ഭരണകൂടം നേരിട്ട് യുദ്ധം പ്രഖ്യാപിച്ചപ്പോൾ, അതിന്റെ ആഘാതം തങ്ങളുടെ വിഷൻ 2030 വികസന പദ്ധതികളെയും വിപണിയെയും തകർക്കുമെന്ന് സൗദി ഭയപ്പെടുന്നു. തങ്ങളുടെ നിക്ഷേപങ്ങൾക്ക് അമേരിക്കൻ പ്രസിഡന്റ് നൽകുന്ന ഉറപ്പുകൾ പ്രായോഗിക തലത്തിൽ ഫലം കാണുന്നില്ലെന്ന തിരിച്ചറിവാണ് റിയാദിനെ മാറ്റി ചിന്തിപ്പിക്കുന്നത്.

### 1. യുഎസ്–സൗദി ഉഭയകക്ഷി ബന്ധത്തിലെ കടുത്ത വിള്ളലുകൾ

പതിറ്റാണ്ടുകളായി തുടർന്നിരുന്ന സമുദ്രസൈനിക പങ്കാളിത്തത്തിന്റെ അടിത്തറ ഇളകുന്ന തരത്തിലുള്ള മാറ്റങ്ങളാണ് ഇരുരാജ്യങ്ങൾക്കുമിടയിൽ സംഭവിക്കുന്നത്.

**സൈനിക സാന്നിധ്യം വെട്ടിക്കുറയ്ക്കാനുള്ള നീക്കം:** സൗദി അറേബ്യയുടെ നിസ്സഹകരണത്തിൽ പ്രകോപിതരായ പെന്റഗൺ, രാജ്യത്ത് വിന്യസിച്ചിരിക്കുന്ന തങ്ങളുടെ സൈനികരെയും പ്രതിരോധ ആസ്തികളെയും ഭാഗികമായി പിൻവലിക്കുന്നതിനെക്കുറിച്ച് കടുത്ത ആലോചനയിലാണ്. ഇത് റിയാദിന് മേൽ സമ്മർദ്ദം ചെലുത്താനുള്ള വാഷിംഗ്ടണിന്റെ തന്ത്രമാണ്.

**മിസൈൽ പ്രതിരോധ സഹായം തടയൽ:** സൗദിയുടെ പിന്മാറ്റത്തിന് പകരമായി, ഇറാനിയൻ ഡ്രോണുകളെയും മിസൈലുകളെയും തകർക്കാൻ സൗദി നേവി ഉപയോഗിക്കുന്ന അത്യാധുനിക ഇന്റർസെപ്റ്റർ മിസൈലുകളുടെ വിതരണം തടഞ്ഞുവെക്കുമെന്ന് വൈറ്റ് ഹൗസ് ഭീഷണിപ്പെടുത്തിയിട്ടുണ്ട്.

**നയതന്ത്രപരമായ അവഗണനകൾ:** യുഎസ് വിദേശകാര്യ സെക്രട്ടറി മാർക്കോ റൂബിയോ കഴിഞ്ഞ ആഴ്ച മിഡിൽ ഈസ്റ്റ് സന്ദർശിച്ചപ്പോൾ യുഎഇ, കുവൈറ്റ്, ബഹ്റൈൻ എന്നീ രാജ്യങ്ങളിൽ മാത്രം സ്റ്റോപ്പുകൾ നടത്തുകയും സൗദിയെ പൂർണ്ണമായും ഒഴിവാക്കുകയും ചെയ്തത് റിയാദിനോടുള്ള കടുത്ത അതൃപ്തിയുടെ തെളിവാണ്.

### 2. ട്രംപിന്റെ മിഡിൽ ഈസ്റ്റ് നയങ്ങളും ഇറാനെതിരെയുള്ള വിജയത്തിന്റെ പ്രാധാന്യവും

തന്റെ രണ്ടാമത്തെ ഭരണകാലത്ത് പശ്ചിമേഷ്യയിൽ സമ്പൂർണ്ണ ആധിപത്യം സ്ഥാപിക്കാൻ ശ്രമിക്കുന്ന ട്രംപിന് ഈ സൗദി നിലപാട് വലിയൊരു തിരിച്ചടിയാണ്.

**ഇറാനെ തകർക്കൽ ട്രംപിന്റെ ഒന്നാമത്തെ മുൻഗണന:** ടെഹ്റാനിലെ ഭരണകൂടത്തെ സാമ്പത്തികമായും സൈനികമായും തകർക്കുക എന്നത് ട്രംപിന്റെ ആഗോള പ്രതിച്ഛായയ്ക്ക് അതീവ നിർണ്ണായകമാണ്. ഇറാനെതിരെ ഒരു പൂർണ്ണ വിജയം നേടാൻ കഴിഞ്ഞില്ലെങ്കിൽ അത് ട്രംപിന്റെ കടുത്ത നയങ്ങളുടെ പരാജയമായി വിലയിരുത്തപ്പെടും.

**അബ്രഹാം ഉടമ്പടികളുടെ ഭാവി പ്രതിസന്ധിയിൽ:** ഇസ്രായേലും സൗദി അറേബ്യയും തമ്മിൽ നയതന്ത്ര ബന്ധങ്ങൾ സ്ഥാപിച്ച് ഇറാനെ പൂർണ്ണമായും ഒറ്റപ്പെടുത്തുക എന്നതായിരുന്നു ട്രംപിന്റെ മാസ്റ്റർ പ്ലാൻ. എന്നാൽ സൗദി ഇറാനുമായി നയതന്ത്ര ചർച്ചകൾക്ക് താല്പര്യം കാണിക്കുന്നതോടെ ഈ പദ്ധതി പൂർണ്ണമായും പാളിപ്പോകുകയാണ്.

**യുഎഇയുമായുള്ള ആഭ്യന്തര ഭിന്നതകൾ രൂക്ഷമാകുന്നു:** ഇറാനെതിരെ കടുത്ത നിലപാട് സ്വീകരിക്കുന്ന യുഎഇയുടെ നയങ്ങളോട് സൗദിക്ക് വിയോജിപ്പുണ്ട്. കഴിഞ്ഞ ഏപ്രിലിൽ യുഎഇ സൗദി നയിക്കുന്ന ഒപെക് സഖ്യത്തിൽ നിന്ന് പുറത്തുപോയത് ഈ രണ്ട് അറബ് ശക്തികൾക്കിടയിലുള്ള സാമ്പത്തിക ഭിന്നതകൾ രൂക്ഷമാക്കിയിട്ടുണ്ട്.

### 3. അമേരിക്കൻ ആഭ്യന്തര രാഷ്ട്രീയവും വരാനിരിക്കുന്ന ഇടക്കാല തിരഞ്ഞെടുപ്പും

പശ്ചിമേഷ്യയിലെ ഈ യുദ്ധസാഹചര്യങ്ങൾ അമേരിക്കയിലെ ആഭ്യന്തര വോട്ട് ബാങ്കിനെയും ട്രംപിന്റെ രാഷ്ട്രീയ ഭാവിയെയും നേരിട്ട് ബാധിക്കും.

**മിഡ്ടേം ഇലക്ഷനിലെ കനത്ത റിസ്ക്:** അമേരിക്കയിൽ വരാനിരിക്കുന്ന ഇടക്കാല തിരഞ്ഞെടുപ്പിൽ മിഡിൽ ഈസ്റ്റിലെ യുദ്ധം ഒരു പ്രധാന ചർച്ചാവിഷയമാണ്. യുദ്ധം നീണ്ടുപോവുകയും അമേരിക്കൻ സൈനികർക്ക് അപായം സംഭവിക്കുകയും ചെയ്താൽ അത് ട്രംപിന്റെ റിപ്പബ്ലിക്കൻ പാർട്ടിയുടെ പതനത്തിന് കാരണമാകും.

**വിലക്കയറ്റവും വോട്ടർമാരുടെ അതൃപ്തിയും:** യുദ്ധം കാരണം അമേരിക്കയിൽ ഇന്ധനവില വർദ്ധിച്ചാൽ അത് സാധാരണക്കാരായ വോട്ടർമാരെ ട്രംപ് ഭരണകൂടത്തിനെതിരെ തിരിക്കാൻ ഡെമോക്രാറ്റിക് പാർട്ടിക്ക് വലിയൊരു ആയുധമായി മാറും.

**നയതന്ത്ര പരാജയങ്ങളുടെ ആക്ഷേപം:** സൗദി പോലുള്ള ഒരു പരമ്പരാഗത സഖ്യകക്ഷിയെ നിലനിർത്താൻ കഴിയാത്തത് ട്രംപിന്റെ വിദേശനയത്തിന്റെ പരാജയമായി പ്രതിപക്ഷം ആഗോളതലത്തിൽ ഉയർത്തിക്കാട്ടുന്നുണ്ട്.

### 4. ആഗോള ഊർജ്ജ വിപണിയും സാമ്പത്തിക പ്രത്യാഘാതങ്ങളും

ഹോർമുസ് കടലിടുക്കിലെ കപ്പൽ യുദ്ധവും സൗദിയുടെ പുതിയ നിലപാടും ലോക വിപണിയെ കടുത്ത ആശങ്കയിലാക്കുന്നുണ്ട്.

**എണ്ണവിലയിലെ അസ്ഥിരതകൾ:** യുഎസ്-ഇറാൻ യുദ്ധം രൂക്ഷമായതോടെ രാജ്യാന്തര വിപണിയിൽ ബ്രെന്റ് ക്രൂഡ് ഓയിൽ വില വലിയ വ്യതിയാനങ്ങൾക്ക് വിധേയമാകുന്നുണ്ട്. സൗദി തങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുകയോ വിതരണ ശൃംഖലകൾ തടസ്സപ്പെടുകയോ ചെയ്താൽ ആഗോള വിപണിയിൽ ബാരലിന് 90 ഡോളറിന് മുകളിലേക്ക് വില കുതിച്ചുയരാം.

**ആഗോള പണപ്പെരുപ്പ ഭീഷണി:** എണ്ണവില കൂടുന്നത് യൂറോപ്പ്, ഏഷ്യൻ വിപണികളിൽ ഉൽപ്പന്നങ്ങളുടെ യാത്രാ ചിലവ് വർദ്ധിപ്പിക്കുകയും ഇത് വലിയൊരു ആഗോള പണപ്പെരുപ്പത്തിന് കാരണമാവുകയും ചെയ്യും.

### സൗദി അറേബ്യയ്ക്ക് യുഎസ് പിന്തുണയില്ലാതെ ഹൂതികളെ നേരിടാൻ സാധിക്കുമോ?

പശ്ചിമേഷ്യൻ പ്രതിരോധ രംഗത്ത് ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന ഒരു ചോദ്യമാണിത്. യെമനിലെ ഇറാന്റെ പിന്തുണയോടെ പ്രവർത്തിക്കുന്ന ഹൂതി വിമതർ സൗദിയുടെ തന്ത്രപ്രധാനമായ എണ്ണപ്പാടങ്ങൾക്ക് നേരെ മുൻപ് നടത്തിയ ഡ്രോൺമിസൈൽ ആക്രമണങ്ങൾ റിയാദിനെ കടുത്ത പ്രതിരോധത്തിലാക്കിയിരുന്നു. അമേരിക്ക നൽകുന്ന അത്യാധുനിക പേട്രിയട്ട് മിസൈൽ പ്രതിരോധ സംവിധാനങ്ങളെയും യുഎസ് സാറ്റലൈറ്റ് ഇന്റലിജൻസ് വിവരങ്ങളുടെയും കരുത്തിലാണ് സൗദി ഇതുവരെ തങ്ങളുടെ ആകാശം സുരക്ഷിതമായി കാത്തുസൂക്ഷിച്ചിരുന്നത്.

അമേരിക്കൻ സൈനിക പിന്തുണയും ആയുധ വിതരണവും പൂർണ്ണമായി നിലച്ചാൽ, ഹൂതികളുടെ നൂതനമായ അസിമെട്രിക് ഡ്രോൺ ആക്രമണങ്ങളെ തനിയെ പ്രതിരോധിക്കുക എന്നത് സൗദി റോയൽ ഫോഴ്സിന് കടുത്ത സാങ്കേതിക വെല്ലുവിളിയായി മാറും.

ഈ കടുത്ത സൈനിക ബലഹീനത തിരിച്ചറിഞ്ഞതുകൊണ്ട് കൂടിയാണ്, അമേരിക്കയുടെ യുദ്ധത്തിൽ പങ്കാളിയാകുന്നതിനേക്കാൾ ലാഭം ഇറാനുമായി നേരിട്ട് ചർച്ചകൾ നടത്തി ഹൂതികളുടെ ആക്രമണ സാധ്യതകൾ പൂർണ്ണമായും ഇല്ലാതാക്കുക എന്ന നയതന്ത്ര പാത മുഹമ്മദ് ബിൻ സൽമാൻ തിരഞ്ഞെടുത്തത്.

# യു.എസിനെ കാത്തിരിക്കുന്ന സാമ്പത്തികരാഷ്ട്രീയ അരാജകത്വം

(ഒന്നാം പേജ് തുടർച്ച)

ധാനപ്പെട്ട എണ്ണക്കടത്തു പാതയായ ഹോർമുസ് കടലിടുക്ക് ഭാഗികമായി അടയ്ക്കപ്പെടുകയോ അസ്ഥിരപ്പെടുകയോ ചെയ്യുന്നത് ആഗോള വിപണിയിൽ അസംസ്കൃത എണ്ണയുടെ വില കുത്തനെ ഉയർത്താൻ കാരണമാകും. ഇത്തരത്തിൽ എണ്ണവില വർദ്ധിക്കുന്നത് അമേരിക്കയിലെ ആഭ്യന്തര ഇന്ധനവിലയെ നേരിട്ട് ബാധിക്കുകയും രാജ്യം നിലവിൽ നേരിടുന്ന പണപ്പെരുപ്പ നിരക്കുകളെ കൂടുതൽ വഷളാക്കുകയും ചെയ്യും.

ഇതിനൊപ്പം പസഫിക്, പശ്ചിമേഷ്യൻ മേഖലകളിലെ വിതരണ ശൃംഖലകൾ തകരുതോടെ അന്താരാഷ്ട്ര കപ്പൽ ഗതാഗത ചെലവും ഇൻഷുറൻസ് പ്രീമിയവും കുത്തനെ കൂടുകയും ഇത് അമേരിക്കൻ വിപണിയിൽ വൻ തോതിലുള്ള അവശ്യസാധന ക്ഷാമത്തിന് വഴിമാറുകയും ചെയ്യും.

അത്യാധുനിക പോർവിമാനങ്ങളും ഡ്രോണുകളും മിസൈലുകളും ഉപയോഗിച്ചുള്ള ഈ ദീർഘകാല ഓപ്പറേഷനുകൾ അമേരിക്കൻ പ്രതിരോധ ബഡ്ജറ്റിന് താങ്ങാനാവാത്ത ബാധ്യത വരുത്തിവെക്കുകയും രാജ്യത്തിന്റെ പൊതുക്കടം പുതിയ റെക്കോർഡുകളിലേക്ക് എത്തിക്കുകയും ചെയ്യും.



### രാഷ്ട്രീയ ധ്രുവീകരണവും നയതന്ത്ര വെല്ലുവിളികളും

പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ നേരിട്ടുള്ള ഉത്തരവോടെയാണ് ഈ സൈനിക നീക്കം നടന്നിരിക്കുന്നത് എന്നത് അമേരിക്കയുടെ ആഭ്യന്തരഅന്തർദേശീയ രാഷ്ട്രീയത്തിൽ വലിയ ചലനങ്ങൾ ഉണ്ടാക്കുന്നുണ്ട്. അമേരിക്ക ഫസ്റ്റ് എന്ന നയത്തിലൂടെ വിദേശ യുദ്ധങ്ങളിൽ നിന്ന് രാജ്യം പൂർണ്ണമായി പിന്മാറുമെന്ന് വാഗ്ദാനം ചെയ്ത ട്രംപ് ഭരണം, മറ്റൊരു വലിയ സൈനിക ഇടപെടലിലേക്ക് യു.എസിനെ നയിക്കുന്നത് ആഭ്യന്തരമായി വലിയ വിമർശനങ്ങൾക്ക് വഴിവെക്കുന്നുണ്ട്.

പ്രതിപക്ഷമായ ഡെമോക്രാറ്റുകൾ ഈ നീക്കത്തെ വരാനിരിക്കുന്ന തിരഞ്ഞെടുപ്പുകളിൽ വലിയ രാഷ്ട്രീയ ആയുധമാക്കുമെന്ന കാര്യത്തിൽ തർക്കമില്ല.

അന്താരാഷ്ട്രതലത്തിൽയൂറോപ്യൻ യൂണിയൻ ഉൾപ്പെടെയുള്ള അമേരിക്കയുടെ പരമ്പരാഗത സഖ്യകക്ഷികൾ ഇറാന്റെ കാര്യത്തിൽ എത്രത്തോളം അമേരിക്കയെ പിന്തുണയ്ക്കുമെന്നത് വലിയ ചോദ്യചിഹ്നമാണ്. ഈ സൈനിക നീക്കം ഒരു പൂർണ്ണ യുദ്ധമായി മാറിയാൽ അത് ചൈന, റഷ്യ, ഉത്തര കൊറിയ തുടങ്ങിയ രാജ്യങ്ങളെ ഇറാനോട് കൂടുതൽ അടുപ്പിക്കുകയും ലോകത്തെ പുതിയൊരു ആഗോള ശീതയുദ്ധത്തിലേക്ക് തള്ളിവിടുകയും ചെയ്യും.

### സാമൂഹിക അസ്വസ്ഥതകളും ആഭ്യന്തര സുരക്ഷാ ഭീഷണികളും

ഏതൊരു വിദേശ യുദ്ധവും അമേരിക്കൻ സമൂഹത്തിൽ ആഴത്തിലുള്ള മുറിവുകൾ ഉണ്ടാക്കാറുണ്ട് എന്നതിനാൽ ഈ പുതിയ യുദ്ധമുഖം വലിയ ആശങ്കകൾക്കാണ് വഴിതുറക്കുന്നത്. മുൻകാലങ്ങളിലെ പശ്ചിമേഷ്യൻ ഇടപെടലുകൾ വരുത്തിവെച്ച വൻ സൈനിക നഷ്ടങ്ങളും സാമ്പത്തിക ബാധ്യതകളും അമേരിക്കൻ ജനത മറന്നിട്ടില്ലാത്തതിനാൽ പുതിയൊരു സൈനിക അധിനിവേശത്തോട് പൊതുസമൂഹത്തിന് യോജിക്കാൻ കഴിയില്ല.

ഇറാന്റെ ഭാഗത്തുനിന്നും ശക്തമായ തിരിച്ചടിയുണ്ടായാൽ പശ്ചിമേഷ്യയിലെ വിവിധ യു.എസ് സൈനിക താവളങ്ങളിലുള്ള ആയിരക്കണക്കിന് അമേരിക്കൻ സൈനികരുടെ ജീവൻ അപകടത്തിലാകുന്നത് യു.എസ് കുടുംബങ്ങളിൽ വലിയ പ്രതിഷേധങ്ങൾക്ക് കാരണമാകും.

കൂടാതെ ലോകത്തിലെ ഏറ്റവും മികച്ച സൈബർ പോരാളികളുള്ള രാജ്യങ്ങളിലൊന്നായ ഇറാൻ, അമേരിക്കൻ ബാങ്കുകൾ, ഊർജ്ജ നിലയങ്ങൾ, മറ്റ് സർക്കാർ വെബ്സൈറ്റുകൾ എന്നിവയ്ക്ക് നേരെ വലിയ തോതിലുള്ള സൈബർ ആക്രമണങ്ങൾ അഴിച്ചുവിടാനും സാധ്യതയുണ്ട്. ഇത് അമേരിക്കൻ ജനതയുടെ ദൈനംദിന ജീവിതത്തെയും ഡിജിറ്റൽ സുരക്ഷയെയും ശക്തമായ രീതിയിൽ ബാധിക്കും.

ഹോർമുസ് കടലിടുക്കിലെ തങ്ങളുടെ പരമാധികാരം സംരക്ഷിക്കാനും ആഗോള വ്യാപാരം സുഗമമാക്കാനും അമേരിക്ക നടത്തിയ ഈ നീക്കം ഒരുപക്ഷേ അനിവാര്യമായിരുന്നെന്ന് വൈറ്റ് ഹൗസ് വാദിക്കുമ്പോഴും ഇതിന്റെ പ്രത്യാഘാതങ്ങൾ താങ്ങാൻ അമേരിക്കൻ സമ്പദ്വ്യവസ്ഥയ്ക്കും സമൂഹത്തിനും എളുപ്പമാകില്ല.

ഈ സൈനിക നീക്കം ഒരു ചെറിയ മുന്നറിയിപ്പിൽ ഒതുങ്ങുമോ അതോ അമേരിക്കയെ ദശാബ്ദങ്ങളോളം പിന്നോട്ട് വലിക്കുന്ന മറ്റൊരു സുദീർഘമായ യുദ്ധമായി മാറുമോ എന്നത് വരും ദിവസങ്ങളിലെ ഇറാന്റെ പ്രതികരണത്തെയും ട്രംപ് ഭരണകൂടത്തിന്റെ അടുത്ത തന്ത്രങ്ങളെയും ആശ്രയിച്ചിരിക്കുന്നു.




## SEEKING BRIDEGROOM

**Knanaya Parents, Kerala** invite proposal for their daughter, 31, 154 cm, M.Tech (Bio-Technology) & PhD. Now she is working in Chennai.

**Contact:+1-630-642-4596**

**Email: lukescyriac@gmail.com**

#071526

## വരനെ ആവശ്യമുണ്ട്

**ഫ്ളോറിഡയിലെ മിയാമിയിൽ താമസിക്കുന്ന** മാതാപിതാക്കൾ, RN ആയി മിയാമിയിൽ ജോലി ചെയ്യുന്ന 28 വയസ്സുള്ള ക്നാനായ യുവതി (യുഎസ് സിറ്റിസൺ)അനുയോജ്യരായ ക്നാനായ കാത്തലിക് യുവാക്കളിൽനിന്നും വിവാഹാലോചന ക്ഷണിക്കുന്നു.

**ബന്ധപ്പെടുക: 786–868–7192, 786–825–5748**

#071526

## Holiday Let Penthouse in Kochi

Two bed Penthouse with Balcony on the 18th floor, fully furnished, air-conditioned, is available for short stay in the heart of Kochi. Close to shops/Restaurants/ Shopping centres. Beautiful view of Kochi City. Location - Vennala near Holiday Inn Hotel.

**Contact NG Jerome**

**Mob: +91 9446211630**

#071526

## ബേബി സിറ്ററെ ആവശ്യമുണ്ട്

ഷിക്കാഗോ ഡസ്പ്ലെയിൻസിൽ താമസിക്കുന്ന മലയാളി കുടുംബത്തിന് ബേബി സിറ്റിംഗിന് ആളെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 773–679–5526**

**773–396–0535**

#071526

## Babysitter Wanted in Tampa

**Tampa (Florida) യിൽ** താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ താമസിച്ചോ വന്നുപോയോ ചെറിയ കുട്ടിയെ നോക്കുന്നതിനായി ബേബി സിറ്ററെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 847–687–2151**

#071526

## ആവശ്യമുണ്ട്

**ഷിക്കാഗോയുടെ നോർത്ത് ഗർണിയിൽ** താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ താമസിച്ച് വീട്ടുജോലികൾ ചെയ്യുവാൻ സ്ത്രീയെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 847–421–2233**

#071526




## നൊവേന

### വിശുദ്ധ യൂദാ ശ്ലീഹാ നൊവേന



ഈശോയുടെ വിശ്വസ്തദാസനും സ്നേഹിതനു അപ്പസ്തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ ആശയററ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യോകാനുകൂല്യത്തെ എനിക്കുവേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ.

അങ്ങനെ അങ്ങയോടും മറെറല്ലാ വിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വ കഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു.

**തോമസ് ചാക്കോ**

#150726

### ഉണ്ണിയീശോയോടുള്ള നൊവേന



ഇഹലോകവാസികളായ ഞങ്ങളേരോരുത്തരോടുമുള്ള സ്നേഹത്താൽ മനുഷ്യാവതാരം ചെയ്ത് ഞങ്ങളുടെ ഇടയിലേക്ക് വരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. പാപികളായ ഞങ്ങളുടെ അയോഗ്യതകൾ പരിഗണിക്കാതെ ഞങ്ങളിൽ ഒരുവനായിത്തീരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ, കാലിത്തൊഴുത്തിൽ പിറന്ന് എളിമയോടെയും വിനയത്തിന്റെയും മാതൃകയായി ജീവിച്ചതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

പാപികളായ ഞങ്ങളിൽ അനുഗ്രഹവർഷം ചൊരിഞ്ഞുകൊണ്ടിരിക്കുന്ന അങ്ങേയ്ക്കു ഞങ്ങൾ നന്ദിപറയുന്നു. അങ്ങേ തിരുമുമ്പിൽ അണഞ്ഞ് ഈ നെവേനയിൽ ഇന്നു ഞങ്ങൾ പ്രത്യേകമായി അപേക്ഷിക്കുന്നു..... ആവശ്യങ്ങൾ ഞങ്ങൾക്ക് ഒരോരുത്തർക്കും സാധിച്ചുതരണമെന്ന് തകർന്ന ഹൃദയത്തോടുകൂടി അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു.

ആമേൻ

**സിസിലി ഫിലിപ്പ്**

#150726

Newspaper for Malayalees Worldwide ◆Estd.2020
വാചകം
VACHAKAM
To Advertise
1 773–888–2242
1 773–842–9149
1 773–888–2243
vachakamonline@gmail.com
news@vachakam.com
Vachakam.com
For E-Paper reading visit Vachakam.com

## ഫോമാ കൺവെൻഷൻ 2026: ഹോട്ടൽ റൂമുകൾ മുഴുവൻ ബുക്ക്ഡ്; ഡേ പാസുകളും വീക്കൻഡ് പാസുകളും ലഭ്യം

ഹൂസ്റ്റൺ: ജൂലൈ 30 മുതൽ ഓഗസ്റ്റ് 2 വരെ ഹൂസ്റ്റണിൽ നടക്കുന്ന ഫോമാ കൺവെൻഷൻ 2026നുള്ള ഹോട്ടൽ റൂമുകൾ പൂർണമായും ബുക്ക്ഡായതായി ഫോമാ എക്സിക്യൂട്ടീവ് കമ്മിറ്റി അറിയിച്ചു. ഇതിനെ തുടർന്ന് ഹോട്ടൽ താമസം ആവശ്യമില്ലാതെ കൺവെൻഷൻ പരിപാടികളിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന അംഗങ്ങൾക്കും താൽപര്യമുള്ള ഏതൊരാൾക്കും പരിമിതമായ എണ്ണം കൺവെൻഷൻ പാസുകൾ ലഭ്യമാക്കിയിട്ടുണ്ട്.

**പാസ് നിരക്കുകൾ:** വ്യാഴാഴ്ച ഡേ പാസ് – $100, വെള്ളിയാഴ്ച ഡേ പാസ് – $100, ശനിയാഴ്ച ഡേ പാസ് – $150, സ്റ്റാൻഡേർഡ് വീക്കൻഡ് പാസ് (മൂന്ന് ദിവസം) – $300, വി.ഐ.പി. വീക്കൻഡ് പാസ് (മൂന്ന് ദിവസം) – $500

ഓരോ പാസിലും അനുബന്ധ ദിവസങ്ങളിലെ എല്ലാ കൺവെൻഷൻ പരിപാടികളിലേക്കുള്ള പ്രവേശനവും ഭക്ഷണവും ഉൾപ്പെടുന്നതാണ്.

പാസുകൾ പരിമിതമായ എണ്ണത്തിൽ മാത്രമാണ് ലഭ്യമാകുക. ആദ്യം രജിസ്റ്റർ ചെയ്യുന്നവർക്ക് ആദ്യം എന്ന അടിസ്ഥാനത്തിലായിരിക്കും വിതരണം.

പാസുകൾ വാങ്ങുന്നതിനോ കൂടുതൽ വിവരങ്ങൾക്കോ ഫോമാ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളെയോ അതത് റീജിയണൽ വൈസ് പ്രസിഡന്റുമാരെയോ ബന്ധപ്പെടാവുന്നതാണ്.

ജൂലൈ 30 മുതൽ ഓഗസ്റ്റ് 2 വരെ ഹൂസ്റ്റണിൽ നടക്കുന്ന ഫോമാ കൺവെൻഷൻ 2026ലേക്ക് എല്ലാ അംഗങ്ങളെയും ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നതായി ഫോമാ എക്സിക്യൂട്ടീവ് കമ്മിറ്റി അറിയിച്ചു.

ഹൂസ്റ്റണിലെ ഒരുക്കങ്ങൾ പൂർത്തിയായി കൊണ്ടിരിക്കുന്നുവെന്നും സംഘാടക സമിതിയുടെ അടുത്ത അവലോകന യോഗം ജൂലൈ 15 നു ബുധനാഴ്ച വൈകുന്നേരം 7 മണിക്ക് അപ്നാ ബസാർ ഓഡിറ്റോറിയത്തിൽ വച്ച് നടക്കുമെന്നും ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേലും കൺവെൻഷൻ ജനറൽ കൺവീനർ ജിജു കുളങ്ങരയും അറിയിച്ചു.

*ജീമോൻ റാന്നി*

## ഫൊക്കാന കൺവൻഷൻ വേദിക്ക് 'അനിരുദ്ധൻ നഗർ' എന്ന് പേര് നൽകും; ഇത് സ്ഥാപക നേതാവിനുള്ള ആദരം

ന്യൂയോർക്ക്: മലയാളികളുടെ ഏറ്റവും പുരാതനവും ഏറ്റവും വലിയ സാംസ്കാരിക കൂട്ടായ്മയായ ഫൊക്കാനയുടെ 2026ൽ കൽഹാരിയിൽ വച്ച് നടക്കുന്ന അന്തർദേശീയ കൺവൻഷൻ വേദിക്ക് സംഘടനയുടെ സ്ഥാപക നേതാവും മുൻ പ്രസിഡന്റുമായിരുന്ന പരേതനായ ഡോ. എം. അനിരുദ്ധന്റെ പേര് നൽകാൻ തീരുമാനിച്ചു. കൺവൻഷൻ വേദി ഇനി 'അനിരുദ്ധൻ നഗർ' എന്ന പേരിലായിരിക്കും അറിയപ്പെടുക.

കഴിഞ്ഞ വർഷം അന്തരിച്ച ഡോ. അനിരുദ്ധന്റെ സംഘടനാപരമായ സേവനങ്ങളെയും ഫൊക്കാനയുടെ വളർച്ചയ്ക്കായി നൽകിയ സമാനതകളില്ലാത്ത സംഭാവനകളെയും അനുസ്മരിച്ചാണ് ഈ തീരുമാനം.

1983ൽ ഫൊക്കാനയ്ക്ക് രൂപം നൽകുന്നതിൽ നിർണായക പങ്കുവഹിച്ച ആദ്യകാല പ്രവർത്തകരിൽ പ്രമുഖനായിരുന്നു ഡോ. എം. അനിരുദ്ധൻ. മുൻ ഇന്ത്യൻ പ്രസിഡന്റ് കെ.ആർ. നാരായണൻ, ടി.പി. ശ്രീനിവാസൻ, ഡോ. എം. അനിരുദ്ധൻ എന്നിവരുടെ കൂട്ടായ പ്രവർത്തനമാണ് ഫൊക്കാന എന്ന സംഘടനക്ക് തുടക്കം. രാഷ്ട്രീയ ചേരിതിരിവുകൾക്കതീതമായി എല്ലാ വിഭാഗങ്ങളെയും ഒരുമിപ്പിക്കുന്ന സംഘടനയായി ഫൊക്കാനയെ വളർത്തിയെടുക്കുന്നതിൽ ആദ്യ പ്രസിഡന്റ് എന്ന നിലയിൽ ഡോ. എം. അനിരുദ്ധന്റെ ദീർഘവീക്ഷണവും നേതൃത്വപാടവവും നിർണായകമായിരുന്നു.




ഡോ. അനിരുദ്ധന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഫൊക്കാന കൺവൻഷനുകളും സാമൂഹിക ഇടപെടലുകളും ഇന്നും സംഘടനയ്ക്ക് മാതൃകയാണെന്ന് നേതാക്കൾ ചൂണ്ടിക്കാട്ടുന്നു.

"What is FOKANA?" എന്ന ചോദ്യം ഒരിക്കൽ കേരള പി.എസ്.സി. പരീക്ഷയിൽ ഉൾപ്പെട്ടത്, ഫൊക്കാനയെ മലയാളി സമൂഹത്തിൽ എത്രത്തോളം സുപരിചിതമാണ് എന്നതിന്റെ തെളിവ് കൂടിയാണ്. ഫൊക്കാനയെ മലയാളി സമൂഹത്തിൽ സുപരിചിതമാക്കുന്നതിൽ ഡോ. അനിരുദ്ധനും ആദ്യകാല പ്രവർത്തകരും നടത്തിയ പ്രവർത്തനങ്ങളുടെ വിജയത്തിന് തെളിവാണെന്നും ഫൊക്കാന പ്രവർത്തകർ അനുസ്മരിക്കുന്നു.

സ്ഥാപക തലമുറയുടെ കാഴ്ചപ്പാടിനും സേവനപാരമ്പര്യത്തിനും ആദരസൂചകമായാണ് കൺവൻഷൻ വേദിയെ 'അനിരുദ്ധൻ നഗർ' എന്ന് നാമകരണം ചെയ്തിരിക്കുന്നതെന്ന് ഫൊക്കാന നേതൃത്വം അറിയിച്ചു. ഈ തീരുമാനം പുതിയ തലമുറയ്ക്ക് സംഘടനയുടെ ചരിത്രവും മൂല്യങ്ങളും പകർന്നു നൽകുന്ന സ്ഥിരസ്മാരകമാകുമെന്നും അവർ വ്യക്തമാക്കി.

*ശ്രീകുമാർ ഉണ്ണിത്താൻ*

# കോപ്പൽ സെന്റ് അൽഫോൻസാ ദേവാലയത്തിൽ തിരുനാൾ കൊടിയേറ്റ് ജൂലൈ 17ന്; തിരുനാൾ ആഘോഷങ്ങൾ 27 വരെ

കോപ്പൽ (ഡാളസ്): കോപ്പൽ സെന്റ് അൽഫോൻസാ സിറോ മലബാർ കാത്തലിക് ദേവാലയത്തിൽ ഇടവക മധ്യസ്ഥയായ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ മഹോത്സവം ജൂലൈ 17 മുതൽ 27 വരെ ഭക്തിപൂർവ്വം ആഘോഷിക്കും.

തിരുനാളിന് തുടക്കം കുറിച്ചുകൊണ്ടുള്ള കൊടിയേറ്റം ജൂലൈ 17 വെള്ളിയാഴ്ച വൈകിട്ട് 7:00 മണിക്ക് നടക്കും. തുടർന്ന് അൽഫോൻസാമ്മ ദാസൻ/ദാസി സമർപ്പണവും ഫാ. മാത്യൂസ് കെ. മുഞ്ഞനാട്ടിന്റെ മുഖ്യ കാർമ്മികത്വത്തിൽ ആഘോഷമായ വിശുദ്ധ കുർബാനയും നോവേനയും ലദീഞ്ഞും ഉണ്ടായിരിക്കും.



**തിരുനാൾ സമയവിവരങ്ങൾ:**

**ജൂലൈ 17 (വെള്ളി ഷിക്കാഗോ രൂപതാ ദിനം):** വൈകിട്ട് 6:00ന് ദിവ്യകാരുണ്യ ആരാധന, 7:00ന് കൊടിയേറ്റ്, തുടർന്ന് വിശുദ്ധ കുർബാന.

**ജൂലൈ 18 (ശനി മുതിർന്ന പൗരന്മാരുടെ ദിനം):** വൈകിട്ട് 6:00ന് ദിവ്യകാരുണ്യ ആരാധന, 7:00ന് വിശുദ്ധ കുർബാന (കാർമ്മികൻ: ഫാ. ജോസ് കാട്ടേക്കര, സി.എം.ഐ).

**ജൂലൈ 19 (ഞായർ സി.സി.ഡി വിദ്യാർത്ഥി ദിനം):** രാവിലെ 7:00ന് മലയാളം കുർബാന, 9:00ന് ഇംഗ്ലീഷ് കുർബാന. വൈകിട്ട് 5:00ന് അൽഫോൻസാമ്മ ദാസൻ/ദാസി സമർപ്പണം, തുടർന്ന് വിശുദ്ധ കുർബാനയും ലദീഞ്ഞും (കാർമ്മികൻ: ഫാ. എബ്രഹാം തോമസ്).

**ജൂലൈ 20 (തിങ്കൾ രോഗികൾക്കായുള്ള പ്രാർത്ഥനാ ദിനം):** വൈകിട്ട് 6:00ന് ദിവ്യകാരുണ്യ ആരാധന, 7:00ന് വിശുദ്ധ കുർബാന (ഇംഗ്ലീഷിൽ കാർമ്മികൻ: ഫാ. മൈക്കിൾ ജെയിംസ്).

**ജൂലൈ 21 (ചൊവ്വാ സെന്റ് തോമസ് ഡേ):** വൈകിട്ട് 6:00ന് ദിവ്യകാരുണ്യ ആരാധനയും അൽഫോൻസാമ്മ ദാസൻ/ദാസി സമർപ്പണവും, 7:00ന് വിശുദ്ധ കുർബാന (കാർമ്മികൻ: ഫാ. ബിൻസ് ചേത്തലിൽ).

**ജൂലൈ 22 (ബുധൻ വിശുദ്ധ യൗസേപ്പിതാവിന്റെ ദിനം):** വൈകിട്ട് 6:00ന് ദിവ്യകാരുണ്യ ആരാധനയും അൽഫോൻസാമ്മ ദാസൻ/ദാസി സമർപ്പണവും, 7:00ന് വിശുദ്ധ കുർബാന (ഇംഗ്ലീഷിൽ കാർമ്മികൻ: ഫാ. കെവിൻമുണ്ടക്കൽ).

**ജൂലൈ 23 (വ്യാഴം വിശുദ്ധ യൂദാശ്ലീഹായുടെ ദിനം):** വൈകിട്ട് 6:00ന് ദിവ്യകാരുണ്യ ആരാധനയും അൽഫോൻസാമ്മ ദാസൻ/ദാസി സമർപ്പണവും, 7:00ന് വിശുദ്ധ കുർബാന (കാർമ്മികൻ: ഫാ. സോജൻ ജോർജ്).

**ജൂലൈ 24 (വെള്ളി മാതൃദിനവും കുടുംബദിനവും):** വൈകിട്ട് 4:50ന് ദിവ്യകാരുണ്യ ആരാധന, 5:30ന് ഇംഗ്ലീഷ് കുർബാന (കാർമ്മികൻ: ഫാ. സാം കുട്ടപ്പശ്ശേരി). വൈകിട്ട് 7:00 മുതൽ ഇടവകാംഗങ്ങൾ അവതരിപ്പിക്കുന്ന വിവിധങ്ങളായ കലാപരിപാടികൾ (ഫാമിലി ഡേ).

**ജൂലൈ 25 (ശനി കുടുതുറക്കൽ ശുശ്രൂഷ):** വൈകിട്ട് 4:30ന് ദിവ്യകാരുണ്യ ആരാധന, 5:30ന് വിശുദ്ധ കുർബാന (കാർമ്മികൻ: ഫാ. ക്രിസ്റ്റീൻ പുതിയകുന്നേൽ).

തുടർന്ന് 'ലൈവ്' തട്ടുകടയും 'സ്വരരാഗസന്ധ്യ 2026' ഗാനമേളയും അരങ്ങേറും.

**ജൂലൈ 26 (ഞായർ പ്രധാന തിരുനാൾ ദിനം):** വൈകിട്ട് 6:00ന് ആഘോഷമായ തിരുനാൾ പാട്ടുകുർബാന (കാർമ്മികൻ: ഫാ. സിബി സെബാസ്റ്റ്യൻ MST). തുടർന്ന് ഭക്തിനിർഭരമായ തിരുനാൾ പ്രൊസഷൻ, ലദീഞ്ഞ്, ആശീർവാദം എന്നിവയും സ്നേഹവിരുന്നും ഉണ്ടായിരിക്കും.

**ജൂലൈ 27 (തിങ്കൾ മരിച്ച വിശ്വാസികളുടെ ഓർമ്മദിനം):** വൈകിട്ട് 7:00ന് കൊടിയിറക്കം, വിശുദ്ധ കുർബാന, ലദീഞ്ഞ് (കാർമ്മികൻ: അസി : വികാരി ഫാ. ജിമ്മി എടക്കളത്തൂർ കുര്യൻ).

വിശുദ്ധ അൽഫോൻസാമ്മയുടെ മധ്യസ്ഥതയിൽ അനുഗ്രഹം പ്രാപിക്കുവാൻ എല്ലാ വിശ്വാസികളെയും പ്രാർത്ഥനാപൂർവ്വംസ്വാഗതംചെയ്യുന്നതായി ഇടവക ഇടവക വികാരി ഫാ. മാത്യൂസ് മുഞ്ഞനാട്ട്, അസി. വികാരി ഫാ. ജിമ്മി എടക്കളത്തൂർ എന്നിവർ അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക് കൈക്കാരന്മാരുമായി ബന്ധപ്പെടുക: ആലക്കൽ വി. തോമസ് 214-899-2543, അപ്പച്ചൻ ഔസേപ്പ് 972-754-6885, സിജി ജോർജ് 845-893-4465, ജയിമോൻ എം. ജോസഫ് 469-231-4140

▶ മാർട്ടിൻ വിലങ്ങോലിൽ

# ഡോ. ജീൻ പുത്തൻപുരയ്ക്കൽ സിറ്റി കോളേജസ് ഓഫ് ഷിക്കാഗോയിൽ ഫുൾ പ്രൊഫസറായി നിയമിതനായി



ഷിക്കാഗോ: ഡോ. ജീൻ പുത്തൻപുരയ്ക്കലിന് സിറ്റി കോളേജസ് ഓഫ് ഷിക്കാഗോയിൽ ഫുൾ പ്രൊഫസറായി സ്ഥാനക്കയറ്റം. ഹെൽത്ത് സയൻസസ് വിഭാഗത്തിൽ ഈ പദവിയിലെത്തുന്ന ഏറ്റവും പ്രായം കുറഞ്ഞ ഇന്ത്യൻ വംശജരിലൊരാളാണ് അദ്ദേഹം. ജൂലൈ 9ന് ചേർന്ന സിറ്റി കോളേജസ് ഓഫ് ഷിക്കാഗോ ബോർഡ് ഓഫ് ട്രസ്റ്റീസ് യോഗത്തിലാണ് ഡോ. പുത്തൻപുരയ്ക്കലിന്റെ സ്ഥാനക്കയറ്റം സ്ഥിരീകരിച്ചത്.

നിലവിൽ മാൽക്കം എക്സ് കോളേജിൽ ഹെൽത്ത് സയൻസസ് വിഭാഗം ചെയർമാനായും അസോസിയേറ്റ് പ്രൊഫസറായും സേവനമനുഷ്ഠിച്ചുവരികയായിരുന്നു അദ്ദേഹം. 2016ലാണ് ഡോ. പുത്തൻപുരയ്ക്കൽ സിറ്റി കോളേജസ് ഓഫ് ഷിക്കാഗോയിൽ ഫാക്കൽറ്റിയായി ചേർന്നത്. കഴിഞ്ഞ ഒമ്പത് വർഷമായി അധ്യാപനം, ഗവേഷണം, നേതൃത്വം എന്നീ മേഖലകളിൽ അദ്ദേഹം മികവ് തെളിയിച്ചിട്ടുണ്ട്. റേഡിയോളജിക് സയൻസസ്, ഹെൽത്ത് ഇൻഫർമേഷൻ ടെക്നോളജി എന്നീ വിഷയങ്ങളിലാണ് അദ്ദേഹം ക്ലാസുകൾ നയിക്കുന്നത്.

അദ്ദേഹത്തിന്റെ അക്കാദമിക ജീവിതം ആരംഭിച്ചതും സിറ്റി കോളേജസ് സിസ്റ്റത്തിൽ നിന്നാണെന്നത് ശ്രദ്ധേയമാണ്. 2004ൽ മാതാപിതാക്കൾക്കും സഹോദരിക്കുമൊപ്പം ഷിക്കാഗോയിലേക്ക് കുടിയേറിയ അദ്ദേഹം, ഇന്ത്യയിൽ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം വിൽബർ റൈറ്റ് കോളേജിൽ നിന്നാണ് ഉന്നത വിദ്യാഭ്യാസം ആരംഭിച്ചത്. അവിടെ നിന്ന് ഓണേഴ്സോടെ അസോസിയേറ്റ് ഇൻ അപ്ലൈഡ് സയൻസ് ബിരുദവും, തുടർന്ന് ബാച്ചിലർ ബിരുദവും, ഡിസ്റ്റിംഗ്ഷനോടെ മാസ്റ്റേഴ്സ് ബിരുദവും നേടി. പിന്നീട് ഡോക്ടർ ഓഫ് ഫിലോസഫിയും (PhD) കരസ്ഥമാക്കി. 'The Socio-Cognitive Aspects of Collaborative Learning and Communtiy Colleges' എന്ന അദ്ദേഹത്തിന്റെ പ്രബന്ധം ഉന്നത വിദ്യാഭ്യാസ മേഖലയിലെ അധ്യാപന രീതികളെക്കുറിച്ചുള്ള ശ്രദ്ധേയമായ പഠനമാണ്.

അക്കാദമിക രംഗത്തിന് പുറമെ സാമൂഹിക സേവനങ്ങളിലും ഡോ. പുത്തൻപുരയ്ക്കൽ സജീവമാണ്. സാംസ്കാരികം, ചാരിറ്റി പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഷിക്കാഗോ കേന്ദ്രമായി പ്രവർത്തിക്കുന്ന 'കേരളൈറ്റ് അമേരിക്കൻ അസോസിയേഷൻ' എന്ന സംഘടനയുടെ സ്ഥാപക വൈസ് പ്രസിഡന്റായി അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഏഴ് കോളേജുകളിലായി പ്രതിവർഷം 60,000ത്തിലധികം വിദ്യാർത്ഥികൾ പഠിക്കുന്ന അമേരിക്കയിലെ ഏറ്റവും വലിയ കമ്മ്യൂണിറ്റി കോളേജ് സംവിധാനങ്ങളിൽ ഒന്നാണ് സിറ്റി കോളേജസ് ഓഫ് ഷിക്കാഗോ.

# ഫൊക്കാനയുടെ 'മിസ്റ്റർ ഫൊക്കാന'യും 'ഫൊക്കാന ശ്രീമാൻ' മത്സരങ്ങളും ശ്രദ്ധ നേടുന്നു

പെൻസിൽവാനിയയിൽ 2026ൽ നടക്കുന്ന ഫൊക്കാന അന്താരാഷ്ട്ര കൺവെൻഷനിൽ വ്യക്തിത്വ വികസനത്തിനും സാംസ്കാരിക ആത്മവിശ്വാസത്തിനും പ്രാധാന്യം നൽകുന്ന രണ്ട് പുതിയ സംരംഭങ്ങളുമായി ഫൊക്കാന മെൻസ് ഫോറം രംഗത്തെത്തുന്നു. 'മിസ്റ്റർ ഫൊക്കാന' (15–27 വയസ്) എന്ന യുവജന വിഭാഗവും 'ഫൊക്കാന ശ്രീമാൻ' എന്ന മുതിർന്ന വിഭാഗവും ചേർന്ന്, സൗന്ദര്യത്തെ പുതിയൊരു കാഴ്ചപ്പാടിലൂടെ അവതരിപ്പിക്കാനുള്ള ശ്രമമാണ് ഇത്തവണ നടക്കുന്നത്.

ഫൊക്കാന പ്രസിഡന്റ് ഡോ. സജിമോൻ ആന്റണി ആരംഭിച്ച പുതിയ ഫൊക്കാന മെൻസ് ഫോറം, പുരുഷന്മാർക്ക് സാമൂഹിക മേഖലയിൽ കൂടുതൽ ഇടവും അവസരങ്ങളും സൃഷ്ടിക്കുന്ന ഒരു പുതിയ വേദിയായി മാറിയിരിക്കുകയാണ്. അതിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന ഒരു ശ്രദ്ധേയമായ പരിപാടിയാണ് 'മിസ്റ്റർ ഫൊക്കാന'യും 'ഫൊക്കാന ശ്രീമാൻ' മത്സരങ്ങളും.

ഫൊക്കാന മെൻസ് ഫോറത്തിന്റെ നേതൃത്വ നിരയിൽ: ലിജോ ജോൺ ചെയർമാൻ, കൃഷ്ണരാജ് മോഹനൻ വൈസ് ചെയർ, സൗബിൻ മാത്യു കോർഡിനേറ്റർ, സാജ് കവിന്റെ അരികത്ത് കോചെയർ, ജിൻസ് മാത്യു കോചെയർ, ഫോബി പോൾ കോകോർഡിനേറ്റർ എന്നിവർ പ്രവർത്തിക്കുന്നു.

ഇന്നത്തെ സമൂഹത്തിൽ സൗന്ദര്യം എന്ന ആശയം പലപ്പോഴും സ്ത്രീകളുമായി കൂടുതൽ ബന്ധപ്പെടുത്തി കാണപ്പെടാറുണ്ട്. മിസ് വേൾഡ്, മിസ് യൂണിവേഴ്സ് തുടങ്ങിയ വേദികൾ അതിന്റെ ഉദാഹരണങ്ങളാണ്.

ഈ മത്സരങ്ങളുടെ ലക്ഷ്യം പുറംഭംഗിയെ വിലയിരുത്തുക എന്നതല്ല. ഒരു വ്യക്തിയുടെ സംസ്കാരബോധം, ആത്മവിശ്വാസം, ആശയവിനിമയ ശേഷി, വേദിയിലെ സാന്നിധ്യം, ജീവിതമൂല്യങ്ങൾ, വ്യക്തിത്വം എന്നിവയാണ് പ്രധാനമായും വിലയിരുത്തപ്പെടുക.

മത്സരങ്ങളുടെ വിവിധ റൗണ്ടുകൾ അതിന് തെളിവാണ്. മിസ്റ്റർ ഫൊക്കാന മത്സരത്തിൽ പരിചയപ്പെടുത്തൽ, ടാലന്റ്/കൾച്ചറൽ വാക്ക്, ചോദ്യോത്തരങ്ങൾ എന്നിവ ഉൾപ്പെടുമ്പോൾ, ഫൊക്കാന ശ്രീമാൻ വിഭാഗത്തിൽ പരമ്പരാഗത വസ്ത്രധാരണം, ആശയപ്രകടനം, ചോദ്യോത്തര റൗണ്ടുകൾ എന്നിവയിലൂടെ വ്യക്തിത്വത്തിന്റെ വ്യത്യസ്ത തലങ്ങൾ അവതരിപ്പിക്കാനുള്ള അവസരമൊരുക്കുന്നു.

സ്ത്രീകളുടെ നേട്ടങ്ങളെ ആഘോഷിക്കുന്നത്പോലെ തന്നെ, പുരുഷന്മാരുടെ വ്യക്തിത്വവും സാംസ്കാരിക അവതരണവും പ്രോത്സാഹിപ്പിക്കുന്ന വേദികളും സമൂഹത്തിന് ആവശ്യമാണ് എന്ന ആശയമാണ് ഈ പരിപാടികളുടെ അടിസ്ഥാനം.

ഫൊക്കാനയുടെ അന്താരാഷ്ട്ര കൺവെൻഷൻ വർഷങ്ങളായി കല, സാഹിത്യം, ബിസിനസ്, സാമൂഹിക സേവനം, യുവജന പ്രവർത്തനം, കുടുംബസംഗമം തുടങ്ങിയ വൈവിധ്യമാർന്ന പരിപാടികളുടെ വേദിയായിട്ടുണ്ട്. ആ വൈവിധ്യത്തിന് ഒരു പുതിയ അളവ് കൂടി ചേർക്കുകയാണ് മെൻസ് ഫോറത്തിന്റെ ഈ രണ്ട് മത്സരങ്ങൾ.

ഫൊക്കാന പ്രസിഡന്റ് ഡോ. സജിമോൻ ആന്റണിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന 2026 അന്താരാഷ്ട്ര കൺവെൻഷനിലെ ഈ പുതിയ സംരംഭം, വ്യക്തിത്വം, സംസ്കാരം, പെരുമാറ്റം, ആത്മവിശ്വാസം എന്നിവയെ ആഘോഷിക്കുന്ന ഒരു വേദിയായി മാറുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു.

Registration link: https://forms.gle/u8ECB2Gx-yQ2e7yAV8

▶ സാജ് കവിന്റെ അരികത്ത്






# ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ 12–ാമത് അന്താരാഷ്ട്ര വടംവലി ടൂർണമെന്റിന്റെ കിക്ക് ഓഫ് സിനിമാ നടൻ ജയറാം നിർവ്വഹിച്ചു

ഷിക്കാഗോ: ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ 12–ാമത് അന്താരാഷ്ട്ര വടംവലി ടൂർണമെന്റിന്റെ ഔപചാരികമായ കിക്ക് ഓഫ് മലയാള സിനിമാ നടൻ ജയറാം നിർവ്വഹിച്ചു. ഷിക്കാഗോ സോഷ്യൽ ക്ലബ്ബ് ആസ്ഥാനത്ത് പ്രസിഡന്റ് റൊണാൾഡ് പൂക്കുമ്പന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ വച്ചാണ് കിക്ക് ഓഫ് കർമ്മം നിർവ്വഹിക്കപ്പെട്ടത്.

ടൂർണമെന്റിന്റെ മെഗാ സ്പോൺസർ ടോണി കിഴക്കേക്കുറ്റ് (Elite Gaming), കിക്ക് ഓഫിന്റെ സ്പോൺസർ സഞ്ജു പുളിക്കത്തൊട്ടിയിൽ (ലിങ്കൻവുഡ്സ് മോർഗേജ്), ഒന്നാം സമ്മാനത്തിന്റെ സ്പോൺസർ ജോയി നെടിയകാലായയിൽ, നാലാം സമ്മാനത്തിന്റെ സ്പോൺസർ ഷൈബു കിഴക്കേക്കുറ്റ് (മംഗല്യ ജൂവല്ലേഴ്സ്), സജു കണ്ണമ്പള്ളി (ഒഹൻ പെട്രോളിയം), ബ്രാഡ് വിസിൻസ്കി (സിറ്റ്കോ പെട്രോളിയം) എന്നിവരിൽ നിന്നും ചെക്കുകൾ സ്വീകരിച്ചുകൊണ്ടാണ് മലയാളത്തിന്റെ ജനപ്രീയ നായകൻ ജയറാം കിക്ക് ഓഫ് കർമ്മം നിർവ്വഹിച്ചത്.

ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ വടംവലി എല്ലാ വർഷവും ശ്രദ്ധിക്കാറുണ്ട് എന്നും, ആഗോള മലയാളികളെ ഒരുമിച്ചുകൂട്ടി ഇത്തരമൊരു ടൂർണമെന്റ് സംഘടിപ്പിക്കുവാൻ സോഷ്യൽക്ലബ്ബ് കാണിക്കുന്ന നേതൃത്വപാടവം അഭിനന്ദനങ്ങൾ അർഹിക്കുന്നുണ്ട് എന്നും അദ്ദേഹം തന്റെ ഉദ്ഘാടന പ്രസംഗത്തിൽ അറിയിച്ചു.

സോഷ്യൽ ക്ലബ്ബ് പ്രസിഡന്റ് റൊണാൾഡ് പൂക്കുമ്പൻ, വൈസ് പ്രസിഡന്റ് സണ്ണി ഇണ്ടിക്കുഴി, സെക്രട്ടറി രാജു മാനുങ്കൽ, ട്രഷറർ ബിജോയി കാപ്പൻ, ജോയിന്റ് സെക്രട്ടറി തോമസ് പൂത്തേട്ട്, ടൂർണമെന്റ് കമ്മറ്റി ചെയർമാൻ സിറിയക്ക് കൂവക്കാട്ടിൽ, മുൻ പ്രസിഡന്റും ഷിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡന്റും കൂടിയായ ജോസ് മണക്കാട്ട്, പി.ആർ.ഒ അനിൽ മറ്റത്തിക്കുന്നേൽ എന്നിവരടക്കമുള്ള സോഷ്യൽക്ലബ്ബ് ഭാരവാഹികളും അംഗങ്ങളും കിക്ക് ഓഫ് ചടങ്ങിന് നേതൃത്വം നൽകി.

ഷിക്കാഗോയിലെ വിവിധ മലയാളി സംഘടനകുടെയും ക്ലബ്ബ്കളുടെയും ഭാരവാഹികളും വടംവലി അഭ്യുദയ കാംഷികളും ചടങ്ങിൽ പങ്കെടുത്തു. സെപ്തംബർ ആറിനാണ് ബെൻസൺവിൽ എനർജി സ്പോർട്സ് ക്ലബ്ബിൽ വച്ച് ടൂർണമെന്റ് നടത്തപ്പെടുക. ഓസ്ട്രേലിയ, ഇറ്റലി, യുകെ, കുവൈറ്റ്, അയർലണ്ട്, കാനഡ തുടങ്ങിയ വിദേശരാജ്യങ്ങളിൽ നിന്നായി ടീമുകൾ വടംവലിയിൽ പങ്കുചേരുവാൻ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

ഈ ടൂർണമെന്റിൽ പങ്കെടുക്കുവാനും, സാക്ഷികളാകുവാനും ഏവരെയും ക്ഷണിക്കുന്നതായി സംഘാടക സമിതിക്ക് വേണ്ടി ക്ലബ്ബ് പ്രസിഡന്റ് റൊണാൾഡ് പൂക്കുമ്പൻ, ടൂർണമെന്റ് കമ്മറ്റി ചെയർമാൻ സിറിയക്ക് കൂവക്കാട്ടിൽ എന്നിവർ അറിയിച്ചു.

*അനിൽ മറ്റത്തിക്കുന്നേൽ*

## കാനഡയിൽ വീട് വിൽപ്പനയിൽ വർധനവ്; വിലനിലവാരത്തിൽ മാറ്റമില്ല

ഒട്ടാവ: കഴിഞ്ഞ മാസത്തെ വൻ മുന്നേറ്റത്തിന് പിന്നാലെ ജൂൺ മാസത്തിലും കാനഡയിലെ ഭവന വിൽപ്പനയിൽ നേരിയ വർധനവ് രേഖപ്പെടുത്തി. എന്നാൽ വീടുകളുടെ വിലയിൽ മാറ്റമില്ലാതെ തുടരുന്നതായാണ് കനേഡിയൻ റിയൽ എസ്റ്റേറ്റ് അസോസിയേഷൻ പുറത്തുവിട്ട ഏറ്റവും പുതിയ കണക്കുകൾ വ്യക്തമാക്കുന്നത്.

മുൻ മാസത്തെ അപേക്ഷിച്ച് ജൂണിൽ ഭവന വിൽപ്പനയിൽ 0.5 ശതമാനത്തിന്റെ വർധനവാണ് ഉണ്ടായത്. വാർഷികാടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ, മുൻവർഷത്തെ ഇതേ കാലയളവിനേക്കാൾ 0.9 ശതമാനം കൂടുതൽ വിൽപ്പന ഈ ജൂണിൽ നടന്നു. അതേസമയം ഭവന വില സൂചികയിൽ മാസാവസാനം മാറ്റമൊന്നും പ്രകടമായില്ലെങ്കിലും മുൻവർഷത്തെ അപേക്ഷിച്ച് വിലയിൽ 3.6 ശതമാനത്തിന്റെ ഇടിവ് രേഖപ്പെടുത്തിയിട്ടുണ്ട്.

വിപണിയിലേക്ക് പുതിയതായി എത്തുന്ന വീടുകളുടെ എണ്ണത്തിൽ ജൂണിൽ 1.3 ശതമാനത്തിന്റെ കുറവുണ്ടായി. പുതിയ ലിസ്റ്റിംഗുകളും വിൽപ്പനയും തമ്മിലുള്ള അനുപാതം മെയ് മാസത്തിലെ 49.3 ശതമാനത്തിൽ നിന്നും ജൂണിൽ 50.2 ശതമാനമായി ഉയർന്നു. ഈ വർഷം ആദ്യമായാണ് ഈ അനുപാതം 50 ശതമാനത്തിന് മുകളിലേക്ക് ഉയരുന്നത്.

മെയ് മാസത്തിൽ വൈകി തുടങ്ങിയ വിപണി ഉണർവ് ജൂണിലും തുടരുകയാണെന്ന് സി.ആർ.ഇ.എ ചീഫ് ഇക്കണോമിസ്റ്റ് ഷാൻ കാത്കാർട്ട് വ്യക്തമാക്കി. മുൻ വർഷങ്ങളിലേതുപോലെ തന്നെ ഈ വർഷത്തിന്റെ രണ്ടാം പകുതിയിലും കാനഡയിലെ റിയൽ എസ്റ്റേറ്റ് രംഗം കൂടുതൽ സജീവമാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## പ്രതിരോധ രംഗത്ത് സുപ്രധാന ചുവടുവെപ്പ്: അന്താരാഷ്ട്ര യുദ്ധവിമാന പദ്ധതിയിൽ കാനഡ നിരീക്ഷകരാകുന്നു

ഒട്ടാവ: ജപ്പാൻ, ബ്രിട്ടൻ, ഇറ്റലി എന്നീ രാജ്യങ്ങൾ സംയുക്തമായി വികസിപ്പിക്കുന്ന അത്യാധുനിക യുദ്ധവിമാന പദ്ധതിയിൽ കാനഡ നിരീക്ഷക പദവി നേടുന്നതായി റിപ്പോർട്ട്. ഇതുമായി ബന്ധപ്പെട്ട പ്രാഥമിക ധാരണയിൽ കാനഡ ഒപ്പുവെച്ചതായി ഔദ്യോഗിക വൃത്തങ്ങളെ ഉദ്ധരിച്ച് റോയിട്ടേഴ്സ് വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്തു.

ബ്രിട്ടനിൽ നടക്കാനിരിക്കുന്ന ഫാർൺബറോ അന്താരാഷ്ട്ര എയർഷോയിൽ കാനഡയുടെ പ്രതിരോധ മന്ത്രാലയം ഇത് സംബന്ധിച്ച ഔദ്യോഗിക പ്രഖ്യാപനം നടത്തുമെന്നാണ് വിവരം.

ഗ്ലോബൽ കോംബാറ്റ് എയർ പ്രോഗ്രാം എന്ന് പേരിട്ടിരിക്കുന്ന ഈ പദ്ധതി, 2035 ഓടെ ആറാം തലമുറയിൽപ്പെട്ട അത്യാധുനിക സ്രെൽത്ത് യുദ്ധവിമാനങ്ങൾ യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2022 ലാണ് ആരംഭിച്ചത്. ബ്രിട്ടന്റെ ബി.എ.ഇ സിസ്റ്റംസ്, ജപ്പാന്റെ മിത്സുബിഷി ഹെവി ഇൻഡസ്ട്രീസ്, ഇറ്റലിയുടെ ലിയോനാർഡോ എന്നീ പ്രമുഖ പ്രതിരോധ കമ്പനികളാണ് നിലവിൽ ഈ പദ്ധതിക്ക് നേതൃത്വം നൽകുന്നത്. സ്ഥാപക അംഗങ്ങളായ ഈ മൂന്ന് രാജ്യങ്ങൾക്ക് പുറത്തേക്ക് പദ്ധതി വ്യാപിക്കുന്നതിന്റെ ആദ്യ സൂചനയാണ് കാനഡയുടെ ഈ പങ്കാളിത്തം.



നിരീക്ഷക പദവി എന്നത് കാനഡയ്ക്ക് നിലവിൽ സാമ്പത്തിക ബാധ്യതകൾ ഒന്നുംതന്നെ ഉണ്ടാക്കുന്നില്ലെങ്കിലും, പദ്ധതിയുടെ പുരോഗതി വിലയിരുത്തി ഭാവിയിൽ സഹകരണം കൂടുതൽ ശക്തമാക്കാൻ കാനഡയ്ക്ക് സാധിക്കും. കഴിഞ്ഞ മാസം ടോക്കിയോ സന്ദർശിച്ച കാനഡ പ്രതിരോധ മന്ത്രി ഡേവിഡ് മക്ഗിന്റി ഈ പദ്ധതിയെ വളരെ പ്രതീക്ഷ നൽകുന്ന ഒന്നായി വിശേഷിപ്പിച്ചിരുന്നു.

അമേരിക്കയെ മാത്രം ആശ്രയിക്കാതെ പ്രതിരോധ മേഖലയിലെ പങ്കാളിത്തം വൈവിധ്യവൽക്കരിക്കാനും യൂറോപ്യൻ രാജ്യങ്ങളുമായി കൂടുതൽ അടുത്ത ബന്ധം സ്ഥാപിക്കാനുമുള്ള കാനഡയുടെ താല്പര്യമാണ് ഈ നീക്കത്തിന് പിന്നിൽ. യു.എസ് വ്യോമസേനയുടെ നെക്സ്റ്റ് ജനറേഷൻ എയർ ഡൊമിനൻസ് പ്രോഗ്രാമിനൊപ്പം, പാശ്ചാത്യ ലോകത്തെ ഏറ്റവും വലിയ രണ്ട് ആറാം തലമുറ യുദ്ധവിമാന പദ്ധതികളിൽ ഒന്നാണ് ജി.സി.എ.പി.







# അമേരിക്കയുടെ കടുത്ത നികുതി ഭീഷണിക്ക് പിന്നാലെ പുതിയ നീക്കവുമായി ഇന്ത്യ; വ്യാപാര കരാറിനായി പുത്തൻ നികുതി ഘടന അണിയറയിൽ ഒരുങ്ങുന്നു



റഷ്യൻ എണ്ണ ഇറക്കുമതിയുടെ പേരിൽ നൂറ് ശതമാനം നികുതി ചുമത്തുമെന്ന അമേരിക്കൻ സെനറ്റിന്റെ കടുത്ത ബിൽ ഭീഷണി നിലനിൽക്കെ ഇന്ത്യ തങ്ങളുടെ പുതിയ വ്യാപാര തന്ത്രങ്ങൾ വെളിപ്പെടുത്തുന്നു. അമേരിക്കയുമായുള്ള ഉഭയകക്ഷി വ്യാപാര ബന്ധം കൂടുതൽ ശക്തമാക്കുന്നതിനായി പുതിയ നികുതി ഘടന രാജ്യം അണിയറയിൽ തയ്യാറാക്കുകയാണെന്ന് കേന്ദ്ര കൊമേഴ്സ് സെക്രട്ടറി സുനിൽ ബർത്ത്വാൾ ഔദ്യോഗികമായി അറിയിച്ചു. ആഗോള വിപണിയിലെ വിതരണ ശൃംഖലകളെയും ചരക്കുനീക്കങ്ങളെയും ഒരുപോലെ സ്വാധീനിക്കുന്നതാണ് ഈ പുതിയ സാമ്പത്തിക പ്രഖ്യാപനം.

അമേരിക്കൻ വിപണിയിലേക്ക് ഭാരതത്തിൽ നിന്നും വലിയ തോതിൽ കയറ്റി അയക്കുന്ന ഉൽപ്പന്നങ്ങൾക്ക് കടുത്ത നിയന്ത്രണങ്ങൾ വരാതിരിക്കാൻ ആവശ്യമായ മുൻകരുതലുകൾ ഇന്ത്യ സ്വീകരിക്കുന്നുണ്ട്. യുഎസ് ഉഭയകക്ഷി പ്രതിപ്രവർത്തനങ്ങളെ കൂടുതൽ പോസിറ്റീവ് ആയ രീതിയിൽ മുന്നോട്ട് കൊണ്ടുപോകാനാണ് ന്യൂഡൽഹി ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി ഇരുരാജ്യങ്ങളും തമ്മിലുള്ള വ്യാപാര കരാർ സംബന്ധിച്ച ചർച്ചകൾ വരും വാരങ്ങളിൽ വാഷിംഗ്ടണിൽ വെച്ച് നടക്കും.

അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് തങ്ങളുടെ ദ്ദേശീയ വിപണിയെ സംരക്ഷിക്കുന്നതിനായി കടുത്ത ഇറക്കുമതി നികുതി നയങ്ങളാണ് എപ്പോഴും ആവിഷ്കരിക്കാറുള്ളത്. ഇറാന്റെ തുറമുഖ ഉപരോധങ്ങൾക്കും പശ്ചിമേഷ്യൻ സൈനിക നീക്കങ്ങൾക്കും പിന്നാലെയാണ് അമേരിക്ക വിവിധ ഏഷ്യൻ രാജ്യങ്ങൾക്ക് നേരെയും കടുത്ത സാമ്പത്തിക സൂചനകൾ നൽകിയത്. ഈ പശ്ചാത്തലത്തിൽ ഇന്ത്യയുടെ ഭാഗത്തു നിന്നും ഉണ്ടാകുന്ന പുതിയ നികുതി പരിഷ്കാരങ്ങൾ അതീവ തന്ത്രപ്രധാനമാണ്.

വിവരസാങ്കേതിക വിദ്യ, വസ്ത്രങ്ങൾ, മരുന്നുകൾ, കാർഷിക വിഭവങ്ങൾ എന്നിവയുടെ വലിയ വിപണിയാണ് ഭാരതത്തിന് അമേരിക്കയിൽ ഉള്ളത്. ഇരുരാജ്യങ്ങളും തമ്മിലുള്ള പുതിയ സാമ്പത്തിക തർക്കങ്ങൾ വിപണിയിലെ വിതരണ ശൃംഖലകളിൽ കടുത്ത വ്യതിയാനങ്ങൾ സൃഷ്ടിക്കാൻ സാധ്യതയുണ്ട്. അതുകൊണ്ട് തന്നെ പരസ്പര ധാരണയോടെയുള്ള ഒരു പുതിയ നികുതി ഘടന കൊണ്ടുവരാനാണ് ഇന്ത്യ ഇപ്പോൾ വലിയ ശ്രമങ്ങൾ നടത്തുന്നത്.

തദ്ദേശീയ കമ്മ്യൂണിറ്റികളുടെ വികസനത്തെയും ആഭ്യന്തര വിപണിയെയും ബാധിക്കുന്ന തരത്തിലുള്ള വലിയ നയതന്ത്ര ഭിന്നതകൾ ഉണ്ടാകാതിരിക്കാൻ ഇരുരാജ്യങ്ങളിലെയും ഉദ്യോഗസ്ഥർ നിരന്തരം ആശയവിനിമയം നടത്തുന്നുണ്ട്. റഷ്യയുമായുള്ള ഇന്ത്യയുടെ വ്യാപാരം ആഭ്യന്തര ഊർജ്ജ സുരക്ഷയ്ക്ക് അതീവ നിർണ്ണായകമാണെന്ന കാര്യം അമേരിക്കൻ അധികൃതരെ ബോധ്യപ്പെടുത്താനും ശ്രമങ്ങൾ നടക്കുന്നുണ്ട്. അന്താരാഷ്ട്ര ഊർജ്ജ വിപണിയിലെ പ്രതിസന്ധികൾക്കിടയിലും ഭാരതത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുകയാണ് ലക്ഷ്യം.

പൊതുജനാരോഗ്യ സംവിധാനങ്ങളെയും സാധാരണക്കാരായ ജനങ്ങളെയും ബാധിക്കുന്ന തരത്തിലുള്ള വലിയ വിപണി തകർച്ചകൾ ഒഴിവാക്കാൻ സമാധാനപരമായ നയതന്ത്ര ചർച്ചകൾ തന്നെയാണ് ആവശ്യമെന്ന് സാമ്പത്തിക വിദഗ്ദ്ധർ വ്യക്തമാക്കുന്നു.

പുതിയ വിപണി മത്സരങ്ങൾക്കിടയിലും ഇന്ത്യൻ രൂപയുടെയും യുഎസ് ഡോളറിന്റെയും മൂല്യം സുസ്ഥിരമായി നിലനിർത്താൻ ആവശ്യമായ പ്രതിരോധ മുൻകരുതലുകൾ രണ്ട് ഭരണകൂടങ്ങളും സ്വീകരിച്ചേക്കും. വരാനിരിക്കുന്ന വലിയ വ്യാപാര യോഗങ്ങളിൽ പുതിയ സംയുക്ത നയങ്ങൾ ഔദ്യോഗികമായി പ്രഖ്യാപിക്കും.

ഈ കടുത്ത സാമ്പത്തിക സുരക്ഷാ വെല്ലുവിളികൾ കുറയ്ക്കാനും വ്യാപാര പുരോഗതി കൈവരിക്കാനും പുതിയ നികുതി നിർദ്ദേശങ്ങൾ വഴിതുറക്കുമെന്നാണ് കൊമേഴ്സ് മന്ത്രാലയം കരുതുന്നത്. അന്താരാഷ്ട്ര ചരക്കുനീക്കം സുഗമമാക്കാനും വലിയ രീതിയിലുള്ള വിപണി പങ്കാളിത്തം ഉറപ്പാക്കാനും ഇരുരാജ്യങ്ങളും ഒന്നിച്ച് നിൽക്കേണ്ടതുണ്ട്.

ആഗോള രാഷ്ട്രീയത്തിലും വിപണിയിലും വലിയ വ്യതിയാനങ്ങൾ സൃഷ്ടിക്കുന്ന ഈ പുതിയ പ്രതിരോധ വെല്ലുവിളികളെ അതീവ ജാഗ്രതയോടെയാണ് നയതന്ത്ര ലോകം വീക്ഷിക്കുന്നത്.












# എയർ ഫോഴ്സ് വൺ വിവാദം: ട്രംപ് ഭരണകൂടത്തിനെതിരെ ന്യൂയോർക്ക് ടൈംസ് കോടതിയിൽ



ന്യൂയോർക്ക്: അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഉപയോഗിക്കാനിരിക്കുന്ന പുതിയ എയർ ഫോഴ്സ് വൺ വിമാനത്തിലെ സുരക്ഷാ വീഴ്ചകളെക്കുറിച്ചുള്ള റിപ്പോർട്ട് പ്രസിദ്ധീകരിച്ച മാധ്യമപ്രവർത്തകരുടെ രഹസ്യ വിവരസ്രോതസുകൾ വെളിപ്പെടുത്താൻ ആവശ്യപ്പെട്ട് യുഎസ് ജസ്റ്റിസ് ഡിപ്പാർട്ട്മെന്റ് നൽകിയ ഗ്രാൻഡ് ജൂറി സമൻസ് റദ്ദാക്കണമെന്നാവശ്യപ്പെട്ട് ദ ന്യൂയോർക്ക് ടൈംസ് ഫെഡറൽ കോടതിയെ സമീപിച്ചു.

പത്രത്തിന്റെ മുഖ്യ നിയമോപദേഷ്ടാവായ ഡേവിഡ് മക്ക്രോ സമൻസ് ഭരണഘടനാവിരുദ്ധവും മാധ്യമസ്വാതന്ത്ര്യത്തിനെതിരായ പ്രതികാര നടപടിയുമാണെന്ന് ആരോപിച്ചു.

'ഞങ്ങൾ സമർപ്പിച്ച ഹർജിയിൽ വ്യക്തമാക്കിയിരിക്കുന്നതുപോലെ, ദ ന്യൂയോർക്ക് ടൈംസ് നടത്തിയ വാർത്താ റിപ്പോർട്ടിംഗിന് പ്രതികാരം ചെയ്യാനാണ് ഈ സമൻസ് നൽകിയിരിക്കുന്നത്. ഇത് പത്രത്തിന്റെയും മാധ്യമപ്രവർത്തകരുടെയും ഭരണഘടനാപരമായ അവകാശങ്ങൾ ലംഘിക്കുന്നതാണ്. ഭരണകൂടത്തെക്കുറിച്ചുള്ള സുപ്രധാന വാർത്തകൾ സ്വതന്ത്രമായി റിപ്പോർട്ട് ചെയ്യാനും പൊതുജനങ്ങൾക്ക് അറിയേണ്ട വിവരങ്ങൾ നൽകാനുമുള്ള മാധ്യമപ്രവർത്തകരുടെ അവകാശം സംരക്ഷിക്കാൻ ഞങ്ങൾ കോടതിയെ സമീപിക്കുകയാണ്,' എന്നാണ് മക്ക്രോ പ്രസ്താവനയിൽ പറഞ്ഞത്.

മാൻഹട്ടനിലെ യുഎസ് ഫെഡറൽ പ്രോസിക്യൂട്ടറായ ജേ ക്ലേട്ടൺ ഒപ്പുവെച്ച സമൻസ് കഴിഞ്ഞ വെള്ളിയാഴ്ച ദ ന്യൂയോർക്ക് ടൈംസ് റിപ്പോർട്ടർമാരായ ജൂലിയൻ ബാർൻസ്, എറിക് ലിപ്ടൺ, ടൈലർ പേജർ, എറിക് ഷ്മിറ്റ്, ആഡം ഗോൾഡ്മാൻ എന്നിവർക്കാണ് നൽകിയത്.

സമൻസ് ലഭിക്കുന്നതിന് തലേദിവസം ഇവർ പ്രസിദ്ധീകരിച്ച അന്വേഷണ റിപ്പോർട്ടിൽ ഖത്തർ അമേരിക്കയ്ക്ക് സമ്മാനിച്ച പുതിയ ബോയിങ് 7478 വിമാനത്തിൽ പഴയ എയർ ഫോഴ്സ് വൺ വിമാനത്തിലുണ്ടായിരുന്ന അത്യാധുനിക മിസൈൽ പ്രതിരോധ സംവിധാനങ്ങൾ ഇല്ലെന്നും അതിനാൽ സുരക്ഷാ ആശങ്കകൾ നിലനിൽക്കുന്നതായും വെളിപ്പെടുത്തിയിരുന്നു.

സമൻസ് പ്രകാരം ഈ അഞ്ച് മാധ്യമപ്രവർത്തകരും മാൻഹട്ടനിലെ ഗ്രാൻഡ് ജൂറിയുടെ മുമ്പാകെ ഹാജരായി സാക്ഷ്യം നൽകേണ്ടതായിരുന്നു. ആദ്യം ബുധനാഴ്ച തന്നെ ഹാജരാകാനായിരുന്നു നിർദേശം.

ഗ്രാൻഡ് ജൂറി നടപടികളുമായി ബന്ധപ്പെട്ട കോടതി ഉത്തരവിനെ തുടർന്ന് സമൻസ് റദ്ദാക്കാനുള്ള ഹർജി മുദ്രവെച്ച രൂപത്തിലാണ് സമർപ്പിച്ചതെന്ന് ഡേവിഡ് മക്ക്രോ അറിയിച്ചു. ഹർജിയും അനുബന്ധ രേഖകളും പൊതുജനങ്ങൾക്ക് ലഭ്യമാക്കണമെന്ന ആവശ്യവും അദ്ദേഹം കോടതിയിൽ ഉന്നയിച്ചിട്ടുണ്ട്.

ഈ കേസ് പരിഗണിക്കുന്നത് ന്യൂയോർക്കിലെ യുഎസ് ജില്ലാ ജഡ്ജിയായ റോണി എബ്രംസ് ആണ്. മാൻഹട്ടൻ ഫെഡറൽ കോടതിയിലെ മാധ്യമപ്രവേശന സമിതിയുടെ ചുമതലയും അവർ വഹിക്കുന്നുണ്ട്. ബുധനാഴ്ച അമേരിക്കൻ സെനറ്റിലെ രണ്ട് വ്യത്യസ്ത കമ്മിറ്റി യോഗങ്ങളിലും ഈ സമൻസ് വിഷയം ചർച്ചയായി.

സെനറ്റ് ഇന്റലിജൻസ് കമ്മിറ്റിയിൽ, ഒറിഗൺ സംസ്ഥാനത്തെ ഡെമോക്രാറ്റിക് സെനറ്ററായ റോൺ വൈഡൻ മാധ്യമപ്രവർത്തകർക്കെതിരായ സമൻസിനെ മാധ്യമസ്വാതന്ത്ര്യത്തിനെതിരായ ഗുരുതര ആക്രമണമെന്ന് വിശേഷിപ്പിച്ചു.

ജേ ക്ലേട്ടണോട്, മാധ്യമപ്രവർത്തകർക്കെതിരെ സമൻസ് നൽകുന്ന അസാധാരണ നടപടി എന്തുകൊണ്ടാണ് സ്വീകരിച്ചതെന്ന് അദ്ദേഹം ചോദിച്ചു. അതിന് മറുപടിയായി ജേ ക്ലേട്ടൺ, ഇത് ദേശീയ സുരക്ഷയുമായി ബന്ധപ്പെട്ട തുടരന്വേഷണത്തിന്റെ ഭാഗമാണെന്ന് പറഞ്ഞു.

'ഫസ്റ്റ് അമൻഡ്മെന്റിനെയും മാധ്യമസ്വാതന്ത്ര്യത്തെയും ഞങ്ങൾ ബഹുമാനിക്കുന്നു. മാധ്യമങ്ങളുടെ പ്രവർത്തനത്തിൽ പരമാവധി കുറവ് ഇടപെടലുണ്ടാകുന്ന രീതിയിലാണ് എല്ലാ നടപടികളും സ്വീകരിച്ചത്. നിയമം നിർദേശിച്ച എല്ലാ നടപടിക്രമങ്ങളും ഞങ്ങൾ പാലിച്ചിട്ടുണ്ട്,' അദ്ദേഹം പറഞ്ഞു.

'എന്റെ ഓഫീസിലെ പ്രോസിക്യൂട്ടർമാരുമായി ആലോചിച്ച ശേഷമാണ് എല്ലാ തീരുമാനങ്ങളും എടുത്തത്,' ക്ലേട്ടൺ കൂട്ടിച്ചേർത്തു.

ദ ന്യൂയോർക്ക് ടൈംസ് റിപ്പോർട്ടിൽ ഉൾപ്പെട്ട രഹസ്യവിവരങ്ങൾ എങ്ങനെ പുറത്തായെന്ന് അന്വേഷിക്കാൻ എഫ്ബിഐ ഡയറക്ടർ കാഷ് പട്ടേലിന് വൈറ്റ് ഹൗസ് നിർദേശം നൽകിയതായും റിപ്പോർട്ടുകളുണ്ട്. ദ ന്യൂയോർക്ക് ടൈംസ് എക്സിക്യൂട്ടീവ് എഡിറ്ററായ ജോ കാൻ ശനിയാഴ്ച ജീവനക്കാർക്ക് അയച്ച സന്ദേശത്തിൽ, ഈ സമൻസ് 'പ്രോസിക്യൂഷൻ അധികാരത്തിന്റെ പ്രതികാരപരമായ ദുരുപയോഗം' ആണെന്ന് ആരോപിച്ചു.

'വ്യക്തിഗത മാധ്യമപ്രവർത്തകരെ ഭീഷണിപ്പെടുത്തുകയും പൊതുതാൽപര്യമുള്ള വിഷയങ്ങളിൽ സ്വതന്ത്ര മാധ്യമങ്ങൾ നടത്തുന്ന അന്വേഷണാത്മക റിപ്പോർട്ടുകൾ തടയുകയും ചെയ്യാനുള്ള നഗ്നമായ ശ്രമമാണിത്. ഞങ്ങളുടെ മാധ്യമപ്രവർത്തകരെയും മാധ്യമസ്വാതന്ത്ര്യത്തെയും സംരക്ഷിക്കാൻ ശക്തമായ നിയമപോരാട്ടം നടത്തും. ഈ വിഷയത്തിലോ മറ്റേതെങ്കിലും ഭരണകൂടത്തെക്കുറിച്ചുള്ള അന്വേഷണാത്മക റിപ്പോർട്ടിംഗിലോ ഈ നടപടികൾ തടസ്സമാകാൻ അനുവദിക്കില്ല,' ജോ കാൻ വ്യക്തമാക്കി.

ഡൊണാൾഡ് ട്രംപ് ഭരണകൂടം അധികാരത്തിലെത്തിയ ശേഷം മാധ്യമപ്രവർത്തകരെതിരെ കൂടുതൽ കടുത്ത നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിമർശനം ഉയരുന്നുണ്ട്. മുൻ പ്രസിഡന്റ് ജോ ബൈഡന്റെ ഭരണകാലത്ത് മാധ്യമപ്രവർത്തകർക്കെതിരെ തിരച്ചിൽ വാറന്റുകളും സമൻസുകളും നൽകുന്നതിന് മുമ്പ് മറ്റ് മാർഗങ്ങൾ പരിഗണിക്കണമെന്ന നയം നിലവിലുണ്ടായിരുന്നു. എന്നാൽ മുൻ അറ്റോർണി ജനറലായ പാം ബോണ്ടി ആ നയം റദ്ദാക്കിയതോടെ മാധ്യമപ്രവർത്തകരെതിരായ സമൻസ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നത് എളുപ്പമാക്കിയെന്നാണ് റിപ്പോർട്ടുകൾ.










# ‘സുകുമാരൻ നായരെ അങ്ങോട്ടുവിളിച്ചു’, അദ്ദേഹം വിളിച്ചപ്പോൾ ബഡ്ജറ്റ് തിരക്കിലായിരുന്നെന്ന് മുഖ്യമന്ത്രി






തിരുവനന്തപുരം: എൻ.എസ്.എസ് ജനറൽ സെക്രട്ടറി ജി.സുകുമാരൻ നായർ തന്നെ വിളിച്ചപ്പോൾ ബഡ്ജറ്റിന്റെ തിരക്കിലായിരുന്നെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ പറഞ്ഞു. പ്രൈവറ്റ് സെക്രട്ടറിയാണ് ഫോൺ എടുത്തത്. താൻ പിന്നീട് തിരിച്ചുവിളിച്ചു. വളരെ കാര്യമായി സംസാരിച്ചു.

കാണണമെന്ന് ജി സുകുമാരൻ നായർ ആവശ്യപ്പെട്ടപ്പോൾ ഉറപ്പായും കാണാമെന്ന് സുകുമാരൻ നായരോട് താൻ പറഞ്ഞതാണ്. പിന്നീട് രണ്ടോ മൂന്നോ ദിവസം കഴിപ്പോൾ വാർത്ത വരുന്നു അദ്ദേഹത്തെ കാണാൻ അനുമതി നൽകിയില്ലെന്ന്. അത് അദ്ദേഹം പറഞ്ഞതാണോയെന്ന് അറിയില്ലെന്നും വി.ഡി സതീശൻ പ്രതികരിച്ചു.

ഹിന്ദു ഐക്യവേദി നേതാക്കളെ കണ്ടത് രഹസ്യമായല്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു. പിണറായി വിജയൻ ആർ.എസ്.എസ് നേതാക്കളെ ഒളിച്ചുപോയി മാസ്കോട്ട് ഹോട്ടലിൽ കണ്ടത് പോലെയല്ല താൻ കണ്ടത്. കാണണമെന്ന് ഹിന്ദു ഐക്യവേദി പ്രവർത്തകർ ആവശ്യപ്പെട്ടു. കാണാൻ സമയം കൊടുത്തു. ജനങ്ങൾ കാണാൻ വരുന്ന സമയത്താണ് അവരും വന്നത്.

ഒരു നിവേദനം നൽകുകയും ചെയ്തു. താൻ കോൺഗ്രസിന്റെയും യു.ഡി.എഫിന്റെയും മാത്രം മുഖ്യമന്ത്രിയല്ല. കേരളത്തിന്റെ മുഖ്യമന്ത്രിയാണ്. കാണാൻ വന്നോട്ടെയെന്ന് ചോദിച്ചാൽ പറ്റില്ലെന്ന് പറയാൻ കഴിയില്ല. അങ്ങനെ പറയുന്നതല്ലേ തെറ്റെന്നും മുഖ്യമന്ത്രി ചോദിച്ചു.

മുൻ മന്ത്രി മുഹമ്മദ് റിയാസ് പറഞ്ഞത് ബി.ജെ.പി നേതാക്കൾ മുഖ്യമന്ത്രിയുടെ ഓഫീസിൽ കയറിയിറങ്ങുകയാണ് എന്നാണ്. അദ്ദേഹത്തിനുള്ള മറുപടി ‘ഞാൻ ഒളിച്ചല്ല കണ്ടത്’ എന്നാണെന്ന് വി.ഡി സതീശൻ പ്രതികരിച്ചു.

### സതീശൻ പറഞ്ഞത് കള്ളം: ജി. സുകുമാരൻ നായർ

എൻ.എസ്.എസ് ജനറൽ സെക്രട്ടറിക്ക് സന്ദർശന അനുമതി നിഷേധിച്ചിട്ടില്ലെന്നും അദ്ദേഹത്തെ കാണുമെന്നും മുഖ്യമന്ത്രി വി.ഡി.സതീശൻ മാദ്ധ്യമങ്ങളോട് പറഞ്ഞത് പച്ചക്കള്ളമാണെന്ന് എൻ.എസ്.എസ് ജനറൽ സെക്രട്ടറി ജി.സുകുമാരൻ നായർ പ്രതികരിച്ചു.

‘‘മുഖ്യമന്ത്രി വി.ഡി.സതീശനോടുള്ള എൻ.എസ്.എസ് നിലപാടിൽ ഒരു മാറ്റവുമില്ല. ഇനി മുഖ്യമന്ത്രിയെ കാണാൻ താത്പര്യമില്ല. സതീശനെ കാണാൻ അല്ല അനുവാദം ചോദിച്ചത്. മുഖ്യമന്ത്രിയെ കാണാനാണ്. ഒരു വോട്ടർ ആണ് ഞാൻ. പ്രമുഖ സംഘടനയുടെ നേതാവെന്ന പരിഗണനയും ഉണ്ടായില്ല. മുഖ്യമന്ത്രിയായിരിക്കുന്നയാൾ കാണിക്കേണ്ട മര്യാദകൾ പാലിച്ചില്ല.‘ ആരുടെ മുന്നിലും പിച്ചച്ചട്ടിയുമായി പോയിട്ടില്ലെന്നും സുകുമാരൻ നായർ പറഞ്ഞു.

സന്ദർശന അനുമതി തേടി മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയെ വിളിച്ചിരുന്നു. ആറുദിവസം കഴിഞ്ഞാണ് തിരിച്ചുവിളിച്ചത്. ഒരാഴ്ച കഴിഞ്ഞ് വീണ്ടും പ്രൈവറ്റ് സെക്രട്ടറി വിളിച്ചു. പിന്നീട് എറണാകുളത്ത് വച്ച് മുഖ്യമന്ത്രിയെ കാണാമെന്ന് പറഞ്ഞെങ്കിലും അവിടെവച്ച് കാണേണ്ട കാര്യമല്ലെന്ന് അറിയിച്ചു. അതിനുശേഷം യാതൊരു കോൺടാക്ടുമില്ല. ഇതുപോലെ ഒരു മുഖ്യമന്ത്രി എൻ.എസ്.എസിനോട് പെരുമാറിയിട്ടില്ല. മുൻ മുഖ്യമന്ത്രി പിണറായി വിജയൻ ഫോൺ വിളിച്ചാൽ എടുക്കുമായിരുന്നു. തിരക്കുണ്ടെങ്കിൽ തിരിച്ചു വിളിക്കുമായിരുന്നെന്നും അദ്ദേഹം പറഞ്ഞു.

### സുരേഷ് ഗോപി ആദ്യം ‘അമ്മ’ ശുദ്ധീകരിക്കട്ടെ

സുരേഷ് ഗോപിയുടെ അഭിപ്രായത്തിനു പിന്നിൽ അദ്ദേഹത്തിന്റെ രാഷ്ട്രീയ ലക്ഷ്യമാണ് നിഴലിക്കുന്നത്. ഉപരാഷ്ട്രപതിയെക്കൂടി ഈ രാഷ്ട്രീയ ലക്ഷ്യം നേടാനായി ഉപയോഗിക്കുകയായിരുന്നു. 2015 അരുവിക്കര ഉപതിരഞ്ഞെടുപ്പ് ദിനത്തിൽ സുരേഷ് ഗോപി എൻ.എസ്.എസ് ബഡ്ജറ്റ് യോഗത്തിലേക്ക് വലിഞ്ഞുകയറി വന്നതിന് പിന്നിൽ രാഷ്ട്രീയ ലക്ഷ്യമുണ്ടായിരുന്നു. എന്നിട്ടും പുഷ്പാർച്ചന നടത്താൻ അനുവാദം നൽകി. ഉപരാഷ്ട്രപതി വരുന്നതിന്റെ തലേദിവസമാണ് പുഷ്പാർച്ചനയ്ക്ക് അനുമതി ചോദിച്ചത്. മന്നം സമാധി ക്ഷേത്രം പോലെ സംരക്ഷിക്കുന്ന സ്ഥലമാണ്. അവിടെ നായയെ കയറ്റി മണപ്പിക്കാൻ അനുവദിക്കില്ല. സുരേഷ് ഗോപി ആദ്യം ‘അമ്മ’ എന്ന സംഘടന ശുദ്ധീകരിക്കട്ടെ. രാജീവ് ചന്ദ്രശേഖർ പറഞ്ഞത് അദ്ദേഹത്തിന്റെ മര്യാദയാണെന്നും സുകുമാരൻ നായർ പറഞ്ഞു.




# 10,000 കോടിയുടെ നിക്ഷേപം: കേരളത്തിൽ ടാറ്റയുടെ കപ്പൽ നിർമ്മാണം

തിരുവനന്തപുരം: കപ്പൽനിർമ്മാണ മേഖലയിലേക്ക് ചുവടുവയ്ക്കുന്ന ടാറ്റ ഗ്രൂപ്പിന്റെ ആദ്യസംരംഭം കേരളത്തിൽ. 10,000 കോടി നിക്ഷേപിക്കാനുള്ള സന്നദ്ധത സംസ്ഥാന സർക്കാരിനെ അറിയിച്ചതോടെ വിഴിഞ്ഞം തുറമുഖത്തിന് അനുബന്ധമായി കപ്പൽശാല യാഥാർത്ഥ്യമായേക്കും.

മുഖ്യമന്ത്രി വി.ഡി.സതീശനാണ് ഇക്കാര്യം വെളിപ്പെടുത്തിയത്. ടാറ്റയുടെ അപേക്ഷയിൽ ഒരുമാസത്തിനകം തീരുമാനമെടുക്കും. ടാറ്റയുടെ അനുബന്ധകമ്പനിയായ ആർട്സൺ ലിമിറ്റഡാവും നിക്ഷേപം നടത്തുക. നാവികസേനയിലെ റിയർഅഡ്മിറലായിരുന്ന ആശിഷ് കുൽക്കർണി, നേവൽ ആർക്കിടെക്ട് ജ്യോതിസ്മാൻ ദാസ്ഗുപ്ത എന്നിവർക്കാണ് നേതൃത്വം.

ഭൂമിയേറ്റെടുത്ത് നൽകുമെന്നും നിരവധി കമ്പനികൾ നിക്ഷേപത്തിനായി വരുന്നുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. വിഴിഞ്ഞത്തിന്റെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനുള്ള ‘മിഷൻസമുദ്ര’യുടെ ഭാഗമാണിത്. അതിനാൽ പൂവാറിൽ സ്ഥാപിക്കാനാണ് സാദ്ധ്യത. കൊച്ചികപ്പൽശാലയ്ക്ക് സഹായം നൽകുന്നതും ടാറ്റയുടെ പരിഗണനയിലുണ്ട്.

### പൂവാറിന്റെ സവിശേഷത

വിഴിഞ്ഞത്തിന് 10കിലോമീറ്ററടുത്ത് പൂവാറിൽ സാദ്ധ്യതാപഠനം നടത്തിയിരുന്നു. കടലിന് 13 മീറ്റർ സ്വാഭാവിക ആഴമുള്ളതിനാൽ ഇടയ്ക്കിടെ ഡ്രെഡ്ജിംഗ് വേണ്ടിവരില്ല. ഇരുപതിനായിരത്തിലേറെ കണ്ടെയ്നറുകൾ വഹിക്കാനാവുന്ന മദർഷിപ്പുകൾ പോലും നിർമ്മിക്കാൻ അനയോജ്യം. കൊച്ചിൻ പോർട്ട്ട്രസ്റ്റിന്റെ പഠനത്തിലായിരുന്നു ഈ കണ്ടെത്തലുകൾ.

കടലിന് അഭിമുഖമായി ഒരു കിലോമീറ്റർ ദൂരത്തിൽ 2500-3000ഏക്കർ ഭൂമികണ്ടെത്താൻ കേന്ദ്രഷിപ്പിംഗ് മന്ത്രാലയം നിർദ്ദേശിച്ചിരുന്നു. കരയിൽ വിവിധഭാഗങ്ങൾ നിർമ്മിച്ച് ഷിപ്പ്യാർഡിലെത്തിച്ച് യോജിപ്പിക്കുന്ന ബ്ലോക്ക്ഫാബ്രിക്കേഷൻ രീതിയാണ് ടാറ്റയുടേത്. മഹാരാഷ്ട്രയിലും കൊൽക്കത്തയിലും സമാനപദ്ധതികൾക്ക് നീക്കമുണ്ട്. ജപ്പാന്റെയും ദക്ഷിണ കൊറിയയുടെയും സാങ്കേതിക സഹകരണം ടാറ്റ ഉറപ്പാക്കും.

### വൻനിക്ഷേപവും തൊഴിലും വരും

അനുബന്ധമേഖലകളിൽ വൻതോതിൽ നിക്ഷേപവും തൊഴിലവസരങ്ങളുമുണ്ടാവും. ടൗൺഷിപ്പ്, ആശുപത്രികൾ എന്നിവയും വരും. ദക്ഷിണേഷ്യയിലെ വലിയ മാരിടൈം ഹബായും മാറാനാവും. ഇന്ത്യയുടെ കപ്പൽനിർമ്മാണ ശേഷി ഉയരും. ചൈനയ്ക്കും ദക്ഷിണകൊറിയയ്ക്കും ജപ്പാനും പിന്നാലെ ആഗോളതലത്തിൽ മുന്നേറും.



# കിനാവിൽ കുരുങ്ങരുത് 'ഒരു രോഗിക്ക് ഒരു കിടക്ക'




ബാബു കദളിക്കാട്

കേരളത്തിലെ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്ന രോഗികൾക്ക് 'കട്ടിലും കിടക്കയും' ഇനി അവകാശമാകും. സംസ്ഥാന ആരോഗ്യവകുപ്പ് ഇതു സംബന്ധിച്ച പ്രഖ്യാപനം നടത്തിയപ്പോഴാണ്, രോഗിക്കു കിടക്കാനുള്ള അവകാശം മെഡിക്കൽ കോളേജ് ആശുപത്രികളിൽ വെറും മിഥ്യയായിരുന്നെന്ന വസ്തുത സമൂഹം തിരിച്ചറിഞ്ഞതെന്നതു വേറെ കാര്യം. കിടത്തി ചികിത്സ ആവശ്യമായ രോഗിക്ക് കട്ടിലും കിടക്കയും ലഭ്യമാകേണ്ടത്, ഭരണഘടന പ്രഖ്യാപിച്ച ജീവിക്കാനുള്ള പൗരന്മാരുടെ അവകാശത്തിന്റെ വിശാലാർഥത്തിൽ ഉൾപ്പെടുന്നു. കെടുകാര്യസ്ഥത മുഖമുദ്രയായിരുന്നൊരു കാലഘട്ടത്തിനു ശേഷം സംസ്ഥാന ആരോഗ്യ മേഖലയ്ക്കു ദിശാ ബോധമേകാൻ കെൽപ്പുള്ളൊരു മന്ത്രി കെ. മുരളീധരനിലൂടെ വന്നെത്തിയെന്ന വിശ്വാസത്തിനു ബലം പകരുന്ന നടപടികളിലൊന്നാണീ പ്രഖ്യാപനം.

പൊതുജനാരോഗ്യ മേഖലയിൽ ദേശീയതലത്തിൽ മാതൃകകൾ സൃഷ്ടിച്ച സംസ്ഥാനമാണ് കേരളം. നിർധന രോഗികൾക്ക് ചെലവ് കുറഞ്ഞ ചികിത്സ ലഭ്യമാക്കുന്നതിലും ശിശുമരണ നിരക്ക് കുറയ്ക്കുന്നതിലും ആയുർദൈർഘ്യം വർധിപ്പിക്കുന്നതിലും ഇതര സംസ്ഥാനങ്ങളേക്കാൾ നേട്ടം കൈവരിക്കാനായി. ഈ അഭിമാനകരമായ ചിത്രത്തിനു പിന്നിൽ മറ്റൊരു ചിത്രമുണ്ട്. മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടിയെത്തുന്ന രോഗികൾ കട്ടിലും കിടക്കയും ലഭിക്കാതെ വെറും നിലത്ത് വിരിച്ച പായയിൽ കിടക്കേണ്ടി വരുന്ന സുഖകരമല്ലാത്ത രംഗം പലപ്പോഴും മാധ്യമങ്ങളിലും സാമൂഹികതലത്തിലും ചർച്ചയായി മാറുന്നു. ദാരിദ്ര്യവും നിസ്സഹായാവസ്ഥയും മൂലം രോഗി ആശുപത്രി ഇടനാഴികകളിൽ അപമാനിക്കപ്പെടുന്ന ഈ അവസ്ഥയ്ക്ക് അറുതി വരുത്താൻ തീരുമാനിച്ചിരിക്കുകയാണ് സംസ്ഥാന സർക്കാർ.

ആരോഗ്യം കേവലം രോഗമില്ലാത്ത അവസ്ഥ മാത്രമല്ല, വ്യക്തികളുടെ ശാരീരികവും മാനസികവുമായ ക്ഷേമം കൂടിയാണെന്ന് ലോകാരോഗ്യ സംഘടന പ്രഖ്യാപിച്ചതാണ്. കിടക്കയില്ലാതെ നിലത്ത് കിടക്കുന്ന രോഗിക്ക് മരുന്ന് നൽകിയാലും അത് പൂർണാർഥത്തിൽ ചികിത്സയാകുന്നില്ല. ശാരീരിക വേദനക്കും പ്രയാസങ്ങൾക്കും ശമനം നൽകുന്നതോടൊപ്പം മാനസിക പ്രയാസത്തിനും പരിഹാരം നൽകപ്പെടുമ്പോൾ മാത്രമേ ശരിയായ ചികിത്സയാകുന്നുള്ളൂ.

'ഒരു രോഗിക്ക് ഒരു കിടക്ക' എന്ന ആശയം നയപരമായ ലക്ഷ്യത്തിൽ നിന്ന് നിയമപരമായ അവകാശത്തിലേക്കുയർത്തിയിരിക്കുകയാണ് സർക്കാർ ഇപ്പോൾ.

നൂറ് ദിവസങ്ങൾക്കകം ഇതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കണമെന്ന് മെഡിക്കൽ കോളേജുകൾക്ക് നിർദേശം നൽകിയിട്ടുമുണ്ട്. ഗുരുതരമായി പരുക്കേറ്റ് ചികിത്സ തേടിയെത്തുന്നവർക്ക് അഞ്ച് മിനിട്ടുകൾക്കകം ചികിത്സ തുടങ്ങുക, രക്തസ്രവ സാമ്പിളുകളുടെ പരിശോധനകൾക്ക് രോഗികൾ ലാബ് അന്വേഷിച്ചു പോകുന്ന പ്രയാസം ഒഴിവാക്കാനായി സാമ്പിളുകൾ വാർഡുകളിൽ നിന്ന് തന്നെ ശേഖരിക്കുക, സ്ഥിര രോഗികൾക്ക് ഡോക്ടറെ കാണാതെ തന്നെ ഫാർമസികളിൽ നിന്ന് ഡോക്ടറുടെ അവസാന കുറിപ്പടി ഉപയോഗിച്ച് ആറ് മാസം വരെ മരുന്ന് വാങ്ങാനുള്ള അനുവാദം, മുതിർന്ന പൗരന്മാർക്ക് പ്രത്യേക ക്യൂ തുടങ്ങിയ നടപടികളും ഇതോടൊപ്പം പ്രഖ്യാപിച്ചിട്ടുണ്ട്.

തറയിൽ കിടത്തിയുള്ള ചികിത്സ ഒഴിവാക്കണമെങ്കിൽ പലയിടങ്ങളിലും കെട്ടിട സൗകര്യവും വർധിപ്പിക്കേണ്ടി വരും. ഇത് സർക്കാർ ഫണ്ടിന്റെ ലഭ്യതയുമായി ബന്ധപ്പെട്ട പ്രശ്നമാണ്. ആരോഗ്യ മേഖലയ്ക്ക് കൂടുതൽ വിഹിതം നീക്കിവെക്കുകയും യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുകയും ചെയ്യണം. ഇതോടൊപ്പം നിർദേശങ്ങൾ കൃത്യമായി നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കാനും വീഴ്ച വരുത്തുന്ന ആശുപത്രി അധികൃതർക്കെതിരെ നടപടി സ്വീകരിക്കാനും മോണിറ്ററിംഗ് സംവിധാനം കൂടി ആവശ്യമാണ്. മെഡിക്കൽ കോളേജുകളിലെ തിരക്ക് കുറയ്ക്കുന്നതിന് ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും സൗകര്യങ്ങളും വിദഗ്ധ സേവനങ്ങളും വർധിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന കാര്യവും പ്രധാനം.

റഫറൽ സംവിധാനം കാര്യക്ഷമമാക്കുകയും വേണം. അത്ര ഗുരുതരമല്ലാത്ത കേസുകൾ പോലും മെഡിക്കൽ കോളേജിലെത്തുന്ന സ്ഥിതിവിശേഷം ഒഴിവാക്കാൻ ഇത് സഹായകമാകും. ആരോഗ്യ സംരക്ഷണ രംഗത്ത് പ്രത്യേകിച്ച് അത്യാഹിത വിഭാഗങ്ങളിൽ ഓരോ സെക്കൻഡും നിർണായകമാണ്.

ഗുരുതരമായ അപകടങ്ങളിൽ പെടുന്നവർക്കും ഹൃദയാഘാതം, പക്ഷാഘാതം, ശ്വാസംമുട്ടൽ തുടങ്ങിയ അസുഖങ്ങൾ മൂലം ആരോഗ്യനില പെട്ടെന്ന് വഷളാകുന്നവർക്കും വളരെ പ്രധാനമാണ് ആദ്യത്തെ ഏതാനും മിനിട്ടുകൾ. ഈ സമയത്തിനകം കൃത്യവും വേഗമേറിയതുമായ ചികിത്സ ലഭ്യമാക്കുന്നത് ജീവൻ രക്ഷിക്കുന്നതിൽ പ്രധാന ഘടകമാണ്.

അത്യാഹിത വിഭാഗങ്ങളിൽ ചികിത്സ വൈകുന്നത് മൂലം ജീവൻ പൊലിയുന്ന സംഭവങ്ങൾ ആശുപത്രികളിൽ സാധാരണം. ഇതേതുടർന്ന് രോഗിയുടെ ബന്ധുക്കളും ആശുപത്രി അധികൃതരും തമ്മിൽ വാക്കേറ്റവും സംഘർഷവും പതിവ്. അടിയന്തര ചികിത്സയ്ക്ക് കൃത്യമായ സമയപരിധി നിശ്ചയിച്ച സർക്കാർ നടപടി ഇത്തരം ദുരവസ്ഥ ഒഴിവാക്കാനും ആരോഗ്യ പ്രവർത്തകരെക്കുറിച്ച് വിശ്വാസ്യത വർധിക്കാനും സഹായിക്കും. നിർദേശങ്ങൾ പക്ഷേ ഉത്തരവിൽ ഒതുങ്ങിപ്പോകാതിരിക്കണമെങ്കിൽ ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും പൂർണ സഹകരണം അനിവാര്യം.

രക്ത സാമ്പിൾ ശേഖരണത്തിനും അത്യാഹിത വിഭാഗങ്ങളിലെ അടിയന്തര സേവനത്തിനും നിലവിലുള്ള ആരോഗ്യ പ്രവർത്തകരുടെ എണ്ണം വർധിപ്പിക്കേണ്ടതായും വരും. നിലവിലുള്ള ജീവനക്കാരെ മാത്രം ആശ്രയിച്ച് പരിഷ്കരണങ്ങൾ നടപ്പാക്കാൻ ശ്രമിച്ചാൽ അതവരുടെ ജോലിഭാരവും മാനസിക സമ്മർദവും പരിധി വിടും. സർക്കാർ ആശുപത്രികളിൽ പ്രത്യേകിച്ച് മെഡിക്കൽ കോളേജുകളിൽ നിലവിൽ തന്നെ ഡോക്ടർമാർ, നഴ്സുമാർ തുടങ്ങി ആരോഗ്യ പ്രവർത്തകരുടെ എണ്ണം കുറവാണ്. പുതിയ ഉത്തരവിനോടൊപ്പം ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുന്ന കാര്യവും സർക്കാർ അടിയന്തരമായി പരിഗണിക്കുന്നത് നല്ല കാര്യം.

## 'പ്രോട്ടോക്കോൾ' പ്രധാനം

'ഒരു രോഗിക്ക് ഒരു കിടക്ക' അവകാശമാക്കുന്നതിനൊപ്പം തന്നെ പ്രധാനമാണ് ചികിൽസയുമായി ബന്ധപ്പെട്ട 'പ്രോട്ടോക്കോൾ' കൃത്യമായി നടപ്പാക്കുകയെന്നത്. ഓപ്പറേഷൻ തിയേറ്ററുകളിലുൾപ്പെടെ സംഭവിക്കുന്ന വലിയ പല ദുരന്തങ്ങളും ഒഴിവാകാൻ ഇതാവശ്യമാണെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രസവ സമയത്ത് കുട്ടിയെ പുറത്തെടുക്കുമ്പോഴുണ്ടായ അനാസ്ഥ മൂലം നവജാത ശിശുവിന്റെ വലതു കൈയിലെ എല്ല് പൊട്ടിയതും പരിഹാരമെന്നോണമിട്ട പ്ലാസ്റ്റർ ഊരിപ്പോയതും കഴിഞ്ഞ മാസം വാർത്തയായി. ദിവസങ്ങൾക്ക് ശേഷമാണ്, പാരിപ്പള്ളി സ്വദേശി രാജേന്ദ്രപ്രസാദിന് ബൈക്ക് അപകടത്തെ തുടർന്ന് കാലിൽ ശസ്ത്രക്രിയ നടത്തി കമ്പിയിട്ടതും ഐ സി യുവിൽ നിന്ന് വാർഡിലേക്ക് മാറ്റിയ രോഗിയുടെ മുറിവ് അഞ്ച് ദിവസത്തോളം ഡ്രസ്സ് ചെയ്യാതിരുന്നതിനെ തുടർന്ന് പുഴുവരിച്ചതും.

ഭരണകക്ഷി ഏതായാലും തുടരുന്ന ആരോഗ്യരംഗത്തെ വൻവീഴ്ചകൾക്കു കുറവില്ല. 2021ൽ വണ്ടാനം മെഡിക്കൽ കോളേജിൽ നടന്ന ഗർഭപാത്ര ശസ്ത്രക്രിയക്കിടെ, വയറ്റിൽ മറന്നുവെച്ച ശസ്ത്രക്രിയാ ഉപകരണം അഞ്ച് വർഷത്തിന് ശേഷം കണ്ടെത്തിയ സംഭവം കേരളം മറന്നിട്ടില്ല. ശസ്ത്രക്രിയക്ക് പിന്നാലെ കഠിനമായ വേദന അനുഭവപ്പെട്ട ഉഷ ജോസഫ് പലതവണ ആശുപത്രിയിലെത്തിയിട്ടും അധികൃതർ അവഗണിക്കുകയായിരുന്നു. വേദന തുടർന്നതോടെ വീണ്ടും പരിശോധന നടത്തിയപ്പോഴാണ് വയറ്റിൽ 'കൊടിൽ' കുടുങ്ങിക്കിടക്കുന്നത് എക്സ്റേയിലൂടെ വ്യക്തമായത്.

2017 ൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ നടന്ന പ്രസവ ശസ്ത്രക്രിയക്കിടെ ഹർഷിനയെന്ന യുവതിയുടെ വയറ്റിൽ കത്രിക മറന്നുവെച്ച സംഭവവും അതീവ ഗൗരവതരമായിരുന്നു. അഞ്ച് വർഷത്തോളം കടുത്ത വേദന അനുഭവിച്ച ഹർഷിനയുടെ പോരാട്ടം വലിയ വാർത്തയായി. ഇത് ചൂണ്ടിക്കാട്ടി അന്ന് പ്രതിപക്ഷ നേതാവായിരുന്ന വി.ഡി. സതീശൻ പറഞ്ഞത് 'കേരളത്തിലെ ആരോഗ്യരംഗം വെന്റിലേറ്ററിലാണ്' എന്നാണ്.

ശസ്ത്രക്രിയ നടത്തുമ്പോഴുള്ള കർശനമായ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതിലുള്ള അലംഭാവമാണ് പലപ്പോഴും അപകടങ്ങളിലേക്ക് നയിക്കുന്നത്. ലോകാരോഗ്യ സംഘടന വികസിപ്പിച്ചെടുത്ത സർജിക്കൽ സേഫ്റ്റി ചെക്ക് ലിസ്റ്റ് ഇന്ന് എല്ലാ ഓപ്പറേഷൻ തിയേറ്ററുകളിലും നിർബന്ധമാണ്. ശസ്ത്രക്രിയക്ക് മുമ്പ് രോഗിയെയും ശസ്ത്രക്രിയ ഏതാണെന്നും ഉറപ്പുവരുത്തുന്ന 'സൈൻ ഇൻ', മുറിവ് ഉണ്ടാക്കുന്നതിന് തൊട്ടുമുമ്പ് ടീം അംഗങ്ങൾ പരസ്പരം പരിചയപ്പെടുകയും ഉപകരണങ്ങൾ കൃത്യമാണോ എന്ന് പരിശോധിക്കുകയും ചെയ്യുന്ന 'ടൈം ഔട്ട്', ഉപയോഗിച്ച കത്രികകൾ, സൂചികൾ, കോട്ടൺ തുണികൾ എന്നിവയുടെ എണ്ണം കൃത്യമാണോ എന്ന് മുറിവ് തുന്നിക്കെട്ടുന്നതിന് മുമ്പ് ഉറപ്പുവരുത്തുന്ന 'സൈൻ ഔട്ട്' തുടങ്ങിയ മൂന്ന് ഘട്ടങ്ങളാണ് ഇതിന്റെ പരിധിയിൽ വരുന്നത്.

എന്നാൽ, സർജിക്കൽ സേഫ്റ്റി ചെക്ക് ലിസ്റ്റിനെ പല സ്വകാര്യ ആശുപത്രികളും ചടങ്ങ് മാത്രമായാണ് കാണുന്നത്. തിരക്കിനിടയിൽ ഇത് കൃത്യമായി പൂരിപ്പിക്കുന്നതിൽ ശ്രദ്ധ ചെലുത്താറില്ല. സർക്കാർ ആശുപത്രികളിലാകട്ടെ ഇതുണ്ടെന്നു പോലും പറയാനാകില്ല. രണ്ട് വർഷം മുമ്പ്, കോഴിക്കോട് മെഡിക്കൽ കോളേജിൽ കൈയിലെ ആറാമത്തെ വിരൽ നീക്കംചെയ്യാനെത്തിയ നാല് വയസ്സുകാരിയുടെ നാവിൽ ശസ്ത്രക്രിയ നടത്തി. സൈൻ ഇൻ ഘട്ടത്തിൽ വരുത്തിയ വീഴ്ചയുടെ ഫലമാണത്. ഇടതു കാൽമുട്ടിന്റെ ശസ്ത്രക്രിയക്കായെത്തിയ കൊല്ലം സ്വദേശിനി സജ്നയുടെ വലതുകാൽ ശസ്ത്രക്രിയ നടത്തിയതും 'സൈൻ ഇൻ' വീഴ്ചയിൽപ്പെടും. വയറ്റിൽ ഓപ്പറേഷൻ ടൂളുകൾ മറന്നുവെച്ച കേസുകളിൽ ഡോക്ടർമാരുടെയും നഴ്സുമാരുടെയും ആശയവിനിമയത്തിന്റെ അഭാവവും ശസ്ത്രക്രിയക്ക് ഉപയോഗിച്ച ഉപകരണങ്ങൾ, സൂചികൾ, തുണികൾ എന്നിവയുടെ എണ്ണം കൃത്യമാണെന്ന് ഉറപ്പുവരുത്തുന്നതിൽ സംഭവിച്ച വീഴ്ചയുമാണ് പ്രശ്നം.

മെഡിക്കൽ കോളേജുകളിലെ അമിത ജോലിഭാരവും സമ്മർദവും ഗുരുതര പ്രശ്നമാണ്. സർക്കാർ മെഡിക്കൽ കോളേജിലെ ഗൈനക്കോളജി വിഭാഗത്തിൽ ഒരു ദിവസം ഒപിയിലെത്തുന്ന രോഗികളുടെ എണ്ണം ശരാശരി 300-500 വരും. ഡോക്ടർക്ക് ഒരു രോഗിയെ പരിശോധിക്കാൻ ലഭിക്കുന്നതാകട്ടെ രണ്ട് മുതൽ മൂന്ന് മിനിട്ട് മാത്രം. ലോകാരോഗ്യ സംഘടനയുടെ കണക്ക് പ്രകാരം ആഗോള ശരാശരി 15 മിനിട്ട് ആണ്. പക്ഷേ, രോഗി, ഡോക്ടർ അനുപാതത്തിലെ വലിയ അന്തരം അതിന് തടസ്സമാകുന്നു. ലോകാരോഗ്യ സംഘടന വിഭാവന ചെയ്യുന്ന രോഗി, നഴ്സ്, ഡോക്ടർ അനുപാതം ആരോഗ്യ സംവിധാനത്തിന്റെ ഗുണനിലവാരം അളക്കുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട മാനദണ്ഡമാണ്. 1,000 ആളുകൾക്ക് ഒരു ഡോക്ടർ എന്ന അനുപാതം മറികടന്ന് 1000: 1. 5 എന്ന നിലയിലേക്ക് കേരളത്തിലെ ആരോഗ്യരംഗം കുതിച്ചിട്ടുണ്ടെങ്കിലും മെഡിക്കൽ കോളജുകളിൽ എത്തുന്ന രോഗികളുടെ എണ്ണം ക്രമാതീതമാണ്.

ഒരു ഗൈനക്കോളജി സർജൻ ഒരു ദിവസം പത്ത് മുതൽ 15 മേജർ ശസ്ത്രക്രിയകൾ വരെ ചെയ്യേണ്ടി വരുന്നു കേരളത്തിൽ. ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെ നിർദേശപ്രകാരം നഴ്സും രോഗിയും തമ്മിലുള്ള അനുപാതം, തീവ്രപരിചരണ വിഭാഗത്തിൽ 1:1 ഉം ഓപ്പറേഷൻ തിയേറ്ററിൽ 2:1 ഉം ആണ്. ജനറൽ വാർഡുകളിൽ ആറ് രോഗിക്ക് ഒരു നഴ്സ് എന്നിങ്ങനെയും. പക്ഷേ, പലപ്പോഴും 15 രോഗിക്ക് ഒന്ന് അല്ലെങ്കിൽ, 20 രോഗിക്ക് ഒന്ന് എന്ന അനുപാതത്തിലാണ് സർക്കാർ മേഖലയിലെ ജനറൽ വാർഡുകളിൽ നഴ്സുമാർ ജോലി ചെയ്യുന്നത്. രോഗിക്ക് നൽകുന്ന മരുന്നുകളുടെ അളവിൽ വരുന്ന മാറ്റം ഉൾപ്പെടെ പല പ്രശ്നങ്ങളും ഇതിന്റെ പ്രത്യാഘാതങ്ങളിൽപ്പെട്ടതാണ്.



# അശാന്തിയുടെ കാർമേഘം നിറഞ്ഞ് രാഷ്ട്രീയ ക്യാമ്പുകൾ

സംസ്ഥാനത്ത് നിയമസഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞതോടെ മുന്നണി ബന്ധങ്ങളിൽ ഉരുണ്ടു കൂടിയ കാർമേഘം, രാഷ്ട്രീയ മാപിനിയിൽ ഉയർത്തിയ ചൂട് ഇനിയും ശമിച്ചിട്ടില്ല. അധികാരാധിഷ്ഠിതമായ ഭിന്നതയാൽ മുൻപുണ്ടാകാത്ത വിധം ആശയ കുഴപ്പത്തിലാണ് ഇടത് കക്ഷികളും കോൺഗ്രസും. ബി.ജെ.പിയുടെ കാര്യം അല്പം വ്യത്യസ്തമാണ്. അധികാരത്തിലേക്കുള്ള യാത്രയിലെ കല്ലും മുള്ളും നിറഞ്ഞ പാതകൾ താണ്ടുകയാണ് അവർ.



### എന്റെ പിഴ എന്റെ പിഴ !

കേരള നേതാക്കൾ ഏറ്റുപറയാൻ മടിച്ച പരാജയ കാരണങ്ങൾ ഒടുവിൽ അക്കമിട്ട് നിരത്തി മാധ്യമങ്ങളോട് വിസ്തരിക്കാൻ രണ്ടുമാസം കഴിഞ്ഞിട്ടാണെങ്കിലും തയ്യാറായിരിക്കുന്നു അഖിലേന്ത്യാ നേതാവ് എം.എ.ബേബി. തോൽവിക്ക് പിന്നിലെ കാരണങ്ങൾ വിശദമായി വിലയിരുത്തിയതായി ജനറൽ സെക്രട്ടറി മാലോകരെ അറിയിക്കുന്നു. പ്രചാരണരീതിയിലും സ്ഥാനാർഥി തിരഞ്ഞെടുപ്പിലും ജനങ്ങളുമായുള്ള ആശയവിനിമയത്തിലും പാർട്ടിക്ക് പിഴവുകൾ സംഭവിച്ചതായി കേന്ദ്ര കമ്മിറ്റി വിലയിരുത്തി.

ഇടതുപക്ഷ സർക്കാർ ജനങ്ങൾക്ക് വേണ്ടി നടപ്പാക്കിയ പദ്ധതികളും നിലപാടുകളും ഫലപ്രദമായി പൊതുസമൂഹത്തെ ബോധ്യപ്പെടുത്താൻ കഴിഞ്ഞില്ല. വിലയിരുത്തലും കേന്ദ്ര കമ്മിറ്റി രേഖപ്പെടുത്തിയതായി എം.എ. ബേബി വ്യക്തമാക്കി. നേതാക്കളുടെ പെരുമാറ്റത്തിലും പൊതുജനങ്ങളോടുള്ള സമീപനത്തിലും കൂടുതൽ വിനയവും സഹിഷ്ണുതയും പുലർത്തേണ്ടതിന്റെ ആവശ്യകതയും ചൂണ്ടിക്കാണിക്കുന്ന പാർട്ടി രേഖയും പുറത്തുവന്നു.

ജനങ്ങളുടെ അഭിപ്രായങ്ങൾ ശ്രദ്ധയോടെ കേൾക്കുകയും അവരുടെ പ്രശ്നങ്ങളോട് കൂടുതൽ ഉത്തരവാദിത്വത്തോടെ പ്രതികരിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണെന്ന് കേന്ദ്രകമ്മിറ്റി നിർദേശിച്ചു.

എന്നാൽ ഈ നിർദ്ദേശം സ്വീകരിക്കാൻ മനസ്സുള്ള ഏതു നേതാവാണ് കേരളത്തിൽ ഇന്ന് സി.പി.എമ്മിന്റെ തലപ്പത്തുള്ളത് എന്ന് ബേബിക്ക് പോലും നിശ്ചയം കാണില്ല. സെപ്തംബർ പകുതിയോടെ ചേരുന്ന സംസ്ഥാന സമിതി യോഗത്തിൽ തിരഞ്ഞെടുപ്പ് തോൽവിയുടെ കാരണങ്ങളും നേതൃത്വത്തിന്റെ പ്രവർത്തനങ്ങളും വിശദമായി വിലയിരുത്തുമെന്നും സ്വയംവിമർശനം എല്ലാതലങ്ങളിലുമുണ്ടാകുമെന്നും അദ്ദേഹം പറയുമ്പോൾ സംസ്ഥാനത്ത് പാർട്ടിയിൽ ഒരു തലമുറ മാറ്റം പ്രതീക്ഷിക്കുകയാണ് സി.പി.എം രാഷ്ട്രീയം ഉറ്റുനോക്കുന്നവർ.

### വല്യേട്ടനോട് ഇടഞ്ഞ്

പ്രതിപക്ഷ നിരയിലേക്ക് ഇരിപ്പിടം മാറിയതു മുതൽ നിയമസഭയിൽ ഉപനേതാവ് പദവിക്കായി സി.പി.ഐ ഉയർത്തിയ ആവശ്യത്തെ പുറം കാലുകൊണ്ട് തട്ടിയ പിണറായി വിജയനു മുന്നിൽ കീഴടങ്ങേണ്ടതില്ല എന്ന നിലപാടെടുക്കാൻ ഘടകകക്ഷി തീരുമാനിച്ചതോടെ മുന്നണിയുടെ അസ്ഥിത്വം തന്നെ ചർച്ച ചെയ്യുകയാണ് രാഷ്ട്രീയ കേരളം. പദവി ലഭിച്ചില്ലെങ്കിൽ നിയമസഭയിൽ സി.പി.എമ്മിനോട് സഹകരിക്കില്ലെന്നാണ് സി.പി.ഐ നിലപാട്. സംസ്ഥാന എക്സിക്യൂട്ടീവിലാണ് നിർണായക തീരുമാനം. പ്രതിപക്ഷം എന്ന നിലയിൽ ഒറ്റക്കെട്ടായി മുന്നോട്ട് പോകാനാകില്ലെന്നും ചില വിഷയങ്ങളിൽ സി.പി.എമ്മിനെ എതിർക്കേണ്ടി വരുമെന്നും സി.പി.ഐ തീരുമാനിച്ചുകഴിഞ്ഞു.

അങ്ങനെയെങ്കിൽ നിയമസഭയ്ക്ക് അകത്ത് ഒരുമിച്ചിരുന്നാലും എതിർപ്പുള്ള വിഷയങ്ങൾ മുന്നണി മര്യാദ നോക്കാതെ പറയുമെന്നാണ് സി.പി.ഐയുടെ ഭീഷണി. ഇത് സി.പി.എമ്മിനെ കൊണ്ടെത്തിക്കുന്ന ദുരവസ്ഥ വിവരിക്കാൻ കഴിയില്ല. ഇടതുമുന്നണി യോഗം വിളിച്ചുകൂട്ടാൻ ടി.പി. രാമകൃഷ്ണൻ കാട്ടിയ അലംഭാവത്തിന് ഇതിനപ്പുറം ഒരു തിരിച്ചടി കിട്ടാനില്ല. അതിനിടെ, വിഴിഞ്ഞം വിഷയത്തിൽ നിലപാട് മാറ്റമുണ്ടെന്നും യോജിച്ചുള്ള സമരത്തിനില്ലെന്നും സി.പി.ഐ അറിയിച്ചു കഴിഞ്ഞു. എന്നാൽ ഉപനേതാവ് പദവി വിട്ടുനൽകില്ലെന്ന് സി.പി.എം കടുപ്പിച്ചതോടെ എൽ.ഡി.എഫിൽ പ്രതിസന്ധി രൂക്ഷമാവുകയാണ്.

സഭയിൽ എല്ലാ വിഷയത്തിലും ഒരേ നിലപാടാകണമെന്നില്ലെന്നും വേണ്ടി വന്നാൽ സി.പി.എമ്മിനെ എതിർക്കാനുമാണ് സി.പി.ഐ തീരുമാനം. സഭയിൽ ഒരുമിച്ച് ഇരിക്കുന്നതിന് പ്രശ്നമില്ലെന്നും പാർട്ടി എക്സിക്യൂട്ടീവിൽ തീരുമാനമെടുത്തു.

ഉപനേതാവ് പദവി സി.പി.ഐക്ക് നൽകുന്ന കാര്യം ഇനി ആലോചിക്കാൻ പോലും കഴിയില്ല. എൽ.ഡി.എഫ് കൺവീനർ ടി.പി. രാമകൃഷ്ണനാണ് ഇക്കാര്യം ബിനോയ് വിശ്വത്തെ അറിയിച്ചത്. ഇത് മനസിലാക്കി സി.പി.എമ്മിനോട് സഹകരിക്കണമെന്നാണ് ആവശ്യം. എൽ.ഡി.എഫ് യോഗം വിളിച്ചാൽ പങ്കെടുക്കാമെന്നും വിഴിഞ്ഞത്തിന്റെ കാര്യത്തിൽ ഇപ്പോൾ യോജിച്ചുള്ള സമരം വേണ്ടെന്നും ബിനോയ് വിശ്വവും കൂടിക്കാഴ്ചയിൽ വ്യക്തമാക്കി. വിഴിഞ്ഞം വിഷയം സതീശനെതിരായ വലിയ ആയുധമായി സി.പി.എം കൊണ്ടുവരുന്നതിനിടയിലാണ് സി.പി.ഐയുടെ ഈ പുറംതിരിഞ്ഞു നിൽപ്പ്.

എൽ.ഡി.എഫ് യോഗം വിളിച്ച് സർക്കാരിനെതിരെ സമരം തുടങ്ങണമെന്നാണ് യോഗത്തിൽ ടി.പി. രാമകൃഷ്ണൻ ആവശ്യപ്പെട്ടത്. ഇതിനാണ് യോഗം വിളിച്ചാൽ പങ്കെടുക്കാമെന്ന് ബിനോയ് വിശ്വം പറഞ്ഞത്. യോഗത്തിൽ ഉപനേതൃപദവി ആവശ്യപ്പെടുമെന്നും അതിനിടയിൽ തർക്കങ്ങളുണ്ടായാൽ തങ്ങൾ ഉത്തരവാദിയല്ലെന്നും അദ്ദേഹം പറഞ്ഞു. യോഗത്തിൽ എടുക്കുന്ന നിലപാട് മാധ്യമങ്ങളോട് തുറന്നു പറയുമെന്ന നിലപാടും ബിനോയ് വിശ്വം സ്വീകരിച്ചതോടെ ഏറ്റുമുട്ടൽ ചിത്രം കൂടുതൽ തെളിഞ്ഞു.

### പ്രസിഡന്റ് എവിടെ ?

സംസ്ഥാന കോൺഗ്രസിന്റെ അധ്യക്ഷൻ സതീശൻ മന്ത്രിസഭയിലെ ഒരു മന്ത്രിയായതോടെ ഒഴിവു വന്ന സ്ഥാനത്ത് ഒരാളെ പ്രതിഷ്ഠിക്കാൻ രണ്ടുമാസം കഴിഞ്ഞിട്ടും കോൺഗ്രസ് നേതൃത്വത്തിന് സാധിച്ചിട്ടില്ല. മുറുമുറുപ്പുകൾ ശക്തമായപ്പോൾ പ്രസിഡന്റിനെ തിരഞ്ഞെടുക്കുന്നതു സംബന്ധിച്ച പ്രാഥമിക ചർച്ചകൾ സജീവമാക്കി കോൺഗ്രസ് ദേശീയ നേതൃത്വം. കേരളത്തിന്റെ ചുമതലയുള്ള ജനറൽ സെക്രട്ടറി ദീപാ ദാസ് മുൻഷി കഴിഞ്ഞ ദിവസം കേരളത്തിലെത്തി മുതിർന്ന നേതാക്കളുമായി ചർച്ച നടത്തി. മുഖ്യമന്ത്രി വി.ഡി.സതീശൻ, ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല തുടങ്ങിയവരുടെ അഭിപ്രായം തേടി.

'ഒരാൾക്ക് ഒരു പദവി' നയം കോൺഗ്രസിന്റെ സ്വന്തം അഭിപ്രായമണോ എന്ന ആശങ്ക പങ്കുവെക്കുന്നു പാർട്ടി അണികൾ. വിദേശത്തുള്ള രാഹുൽ ഗാന്ധി തിരിച്ചെത്തി ഡൽഹിയിൽ കൂടുതൽ ചർച്ചകൾ നടക്കുമ്പോൾ ചിത്രം തെളിയുമെന്നാണ് പ്രതീക്ഷ.

കൊടിക്കുന്നിൽ സുരേഷ്, ബെന്നി ബഹനാൻ, ആന്റോ ആന്റണി, ജോസഫ് വാഴയ്ക്കൻ, കെ.സി.ജോസഫ്, അടൂർ പ്രകാശ് തുടങ്ങിയ നേതാക്കൾക്കൊപ്പം യുവനിരയിലെ ഷാഫി പറമ്പിൽ, മാത്യു കുഴൽനാടൻ എന്നിവരുടെ പേരുകളാണ് ഹൈക്കമാന്റിന് മുന്നിലുള്ളത്. പ്രാഥമിക ചർച്ചകൾക്കു ശേഷം നേതാക്കളെ ഡൽഹിയിലേക്കു വിളിപ്പിച്ചു ചർച്ച നടത്തിയാവും അന്തിമതീരുമാനമെടുക്കുക.

ജനപ്രതിനിധികളെ ഒഴിവാക്കുന്നതിന്റെ ഭാഗമായി ഒരാൾക്ക് ഒരു പദവിയെന്ന നയം സ്വീകരിക്കണമെന്ന് ഒരു വിഭാഗം ആവശ്യപ്പെടുന്നുണ്ടെങ്കിലും അതു പ്രയോഗികമല്ലെന്നാണ് പാർട്ടി നേതൃത്വം വ്യക്തമാക്കുന്നത്. കെ.പി.സി.സി അധ്യക്ഷനായി അനുഭവസമ്പത്തും ജനകീയതയുമുള്ള നേതാവിനെ തീരുമാനിക്കുമ്പോൾ, ജനപ്രതിനിധിയാണെന്നത് അയോഗ്യത ആകേണ്ടതില്ലെന്നാണ് നേതൃത്വത്തിന്റെ പക്ഷം. ലോക്സഭാംഗമായ കെ.സി. വേണുഗോപാൽ ദേശീയതലത്തിൽ പാർട്ടിയുടെ സംഘടനാച്ചുമതല വഹിക്കുന്നുണ്ടല്ലോ എന്നായിരുന്നു കഴിഞ്ഞദിവസം ഇതുസംബന്ധിച്ച് വന്ന ഒരു കമന്റ്.

ചുരുക്കത്തിൽ, സർക്കാരിനെ സതീശൻ നയിക്കുമ്പോൾ, പാർട്ടിയെ ആര് നയിക്കും എന്നതിൽ പോലും നേതൃബാഹുല്യമുള്ള ആ ജനാധിപത്യ പാർട്ടിയിൽ തീരുമാനമാകുന്നില്ല.

### ജയിലിലെ സത്യപ്രതിജ്ഞ

അതിനിടെ, നിയമസഭാ തിരഞ്ഞെടുപ്പ് ഫണ്ടുമായി ബന്ധപ്പെട്ട് ഉയർന്ന ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളെ തുടർന്ന് കേരള ബി.ജെ.പിയിൽ വൻ അഴിച്ചുപണിക്ക് വഴിയൊരുങ്ങുന്നതായി റിപ്പോർട്ട് പുറത്തുവന്നു. പാർട്ടിയിലെ പ്രധാന ഭാരവാഹികൾ ഉൾപ്പെട്ട അഴിമതി ആരോപണങ്ങളിൽ കേന്ദ്ര നേതൃത്വത്തിന്റെ നിർദ്ദേശപ്രകാരം സംസ്ഥാന അധ്യക്ഷൻ നടപടി സ്വീകരിച്ചില്ലെങ്കിൽ അത് ഭാവിയിൽ പരാതിക്ക് വഴിവയ്ക്കും. ദേവികുളത്ത് സ്ഥാനാർത്ഥിയായിരുന്ന എസ്. രാജേന്ദ്രന്റെ ഫണ്ട് ദുർവിനിയോഗം ചെയ്യപ്പെട്ടു എന്നാണ് ഏറ്റവും പുതിയ ആക്ഷേപം.

തെളിവുകൾ ഒന്നൊന്നായി പുറത്തുവന്നതോടെ പാർട്ടി നേതൃത്വം വെട്ടിലായി. ഒരോ സ്ഥാനാർത്ഥികളെയും ഫണ്ട് വിവരം അറിയിക്കുമെന്ന് സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ നേരത്തെ പറഞ്ഞിരുന്നു. കേരള നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി ഒരുകോടി കൊടികൾ നിർമ്മിക്കാനുള്ള മൂന്നരക്കോടി രൂപയുടെ കരാറിലാണ് പ്രധാനമായും വെട്ടിപ്പ് നടന്നത്. കേന്ദ്ര നേതൃത്വം നൽകുന്ന കൊടികൾ ലഭിക്കാൻ വൈകിയ സാഹചര്യം മുതലെടുത്ത്, പാർട്ടിയിലെ ചില നേതാക്കൾ തന്നെ ഒരു തട്ടിക്കൂട്ട് സ്വകാര്യ കമ്പനി രൂപീകരിച്ച് കരാർ നൽകുകയായിരുന്നു. ഈ ഇടപാടിലൂടെ ഒരു സംസ്ഥാന സെക്രട്ടറിയും യുവമോർച്ച നേതാവും ചേർന്ന് 54 ലക്ഷം രൂപ കമ്മീഷനായി കൈപ്പറ്റിയെന്ന് പാർട്ടി ട്രഷററർക്ക് വിവരം ലഭിച്ചിരുന്നു. പിന്നാലെ കേന്ദ്രം അയച്ച കൊടികൾ ഉപയോഗിക്കാതെ പാർട്ടി ഓഫീസിൽ കെട്ടിക്കിടന്ന് വിവാദത്തിന്റെ തോരണങ്ങൾ പാറിച്ചു.

ഹെലികോപ്റ്റർ, വാഹന വാടക ഇനങ്ങളിലും ലക്ഷങ്ങളുടെ ക്രമക്കേട് നടന്നതായി റിപ്പോർട്ടുണ്ട്. പ്രചാരണത്തിനായി മൂന്ന് ഹെലികോപ്റ്ററുകൾ 136 മണിക്കൂർ പറക്കാൻ കരാർ നൽകിയെങ്കിലും ആകെ ഉപയോഗിച്ചത് 42 മണിക്കൂർ മാത്രമാണ്. ഇതിനുപുറമെ, തിരഞ്ഞെടുപ്പ് ആവശ്യങ്ങൾക്കായി വാടകയ്ക്കെടുത്ത 200 കാറുകളിൽ പകുതി പോലും ഉപയോഗിക്കാതെ തന്നെ ട്രിപ്പ് ഷൂസിൽ തിരിമറി നടത്തി ഒരുകോടിയോളം രൂപ തട്ടിയെടുത്തതായും പാർട്ടിക്കുള്ളിൽ പരാതി ഉയർന്നിട്ടുണ്ട്. സോഷ്യൽ മീഡിയ പരസ്യങ്ങൾക്കായി കോടികൾ ചെലവാക്കിയതിലും പരാതി ഉയർന്നിട്ടുണ്ട്.

സാമ്പത്തിക ആരോപണങ്ങൾ നേരിടുന്ന സംസ്ഥാന സെക്രട്ടറി, മേഖല സെക്രട്ടറി, സംസ്ഥാന കമ്മിറ്റി അംഗം എന്നിവരും വരാനിരിക്കുന്ന പുനസംഘടനയിൽ അകത്തോ പുറത്തോ എന്നറിയില്ല. കേരളത്തിൽ ഒന്ന് പച്ച തൊടാൻ മോഹിക്കുന്നതിനിടയാണ് പാർട്ടി ഉന്നത നേതാക്കളുടെ പേര് വലിച്ചിഴയ്ക്കപ്പെടും വിധം ഫണ്ട് വിവാദം തലപൊക്കിയത്.

അധ്യക്ഷനില്ലാത്ത സംസ്ഥാന കോൺഗ്രസ്. ഹൈക്കമാന്റിന് ഉടനെയെങ്ങും എത്തിപ്പിടിക്കാനാവാത്തവിധം 100 പ്ലസ് വിജയവുമായി പൂക്കി ചിരിയോടെ നിൽക്കുന്ന സതീശൻ.

സംസ്ഥാന ഘടകത്തിനെതിരെ വടിയെടുക്കാതെ സരോപദേശം മാത്രം നൽകാൻ കെൽപ്പുള്ള ഒരു കേന്ദ്ര കമ്മിറ്റിയുമായി മുന്നോട്ടുപോകുന്ന സി.പി.എം നേതൃത്വം.

രാജ്യം ഭരിക്കുന്ന പാർട്ടിക്ക് തിരുവനന്തപുരം നഗരസഭ പിടിച്ചെടുത്തതിന്റെ തിളക്കം. നിയമസഭയിൽ എണ്ണം കൂട്ടിയതിന്റെ മിനുക്കം. അങ്ങനെ തിളങ്ങി നിൽക്കുമ്പോൾ കാവിയിൽ ചെളി തെറിപ്പിച്ച് വന്ന തെരഞ്ഞെടുപ്പ് ഫണ്ട് തിരിമറി വിവാദം. ഉൾപാർട്ടി പ്രശ്നങ്ങളിൽ പെട്ടുഴലുന്ന മൂവർക്കും സാധ്യതകളുടെ ആകാശം തുറന്നിടുകയാണ് ഇനി രാഷ്ട്രീയ കേരളം.

◗ പ്രജിത്ത് രാജ്






## അധ്യായം 41

# മറവിയുടെ നിഴലിൽ

ഹഡ്സൺ നദീതീരം ആകെ വിറങ്ങലിച്ചിരിക്കുന്ന പ്രതീതി. ഏറെ സൂഷ്മതയോടെ വീണ്ടും മൃതശരീരത്തിന്റെ വലതുകൈയിലേക്കുതന്നെ ലൂക്കാസ് ശ്രദ്ധ കേന്ദ്രീകരിച്ചു. ഒരുനിമിഷം. അന്തരീക്ഷത്തിൽ വെള്ളിവെളിച്ചം വിതറിയതുപോലെ ജോർജ് ലൂക്കാസിന് അനുഭവപ്പെട്ടു. അയാളറിയാതെ ഉറക്കെ വിളിച്ചുപറഞ്ഞു:

''അല്ല ഇത് റോബിൻസ് അല്ല..!, പണ്ട് ചെപ്പുകുളത്തുവച്ച് ഒഴുക്കിൽ പെട്ട് എങ്ങനെയോ കൈയിലുണ്ടായ മുറിവിന്റെ വലിയ പാട് ഈ കൈയിൽ കാണുന്നില്ല.''

ലൂക്കാസിന്റെ മുഖത്തെ ഭാവം പെട്ടെന്ന് മാറി. ഭയത്തിന് പകരം ഒരു നിഗൂഢമായ ആശ്വാസവും അതിശയിപ്പിക്കുന്ന ഒരു ചിന്തയും ആ കണ്ണുകളിൽ മിന്നിമറഞ്ഞു..! ലൂക്കാസ് പതുക്കെ തിരിഞ്ഞ് ഡിറ്റക്ടീവ് ഹാരിസിനെ നോക്കി.

''ഹാരിസ്... ഇത് റോബിൻസ് അല്ല!'' ലൂക്കാസ് ഉറപ്പിച്ചു പറഞ്ഞു.

''എന്ത്?!'' ലൂക്കാസിന്റെ സഹപ്രവർത്തകനും ഹാരിസും ഒരേസമയം അമ്പരപ്പ് പൂർണമായും വിട്ടുമാറാതെയും തെല്ലതിശയത്തോടേയും ലൂക്കാസിന്റെ അടഴത്തേക്ക് ആഞ്ഞു.

''അതെ ടൈപ്പ്, വസ്ത്രങ്ങളും ശരീരപ്രകൃതിയും..., അതെല്ലാം റോബിൻസിന്റേ തനിപകർപ്പു തന്നെയാണ്. പക്ഷേ, ആളിതല്ല. എനിക്കുറപ്പുണ്ട്.''

ഒരുനിമിഷം ലൂക്കാസിന് ഉള്ളിൽ അടഞ്ഞുകിടന്നിരുന്ന ഒരു വലിയ ഭാരം താഴെ തള്ളിയിട്ടതുപോലെ തോന്നി. അവർ രണ്ടുപേരും ഡിറ്റക്ടീവ് ഹാരിസിനോട് യാത്രപറഞ്ഞ് പിരിഞ്ഞു.

''അങ്ങനെയെങ്കിൽ... ഈ ബോഡി..? ആരാണ് ഈ മരിച്ചയാൾ? യഥാർത്ഥ റോബിൻസ് ഇപ്പോൾ എവിടെയാണ്?''

ഈവക ചോദ്യങ്ങൾക്ക് ഇനിയും ഉത്തരം കണ്ടെത്താൻ അവർക്ക് കഴിഞ്ഞില്ല.

*******

കാലം മുന്നോട്ട് മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നു. ആദ്യനാളുകളിൽ റോബിൻസിന്റെ തിരോധാനം ചൂടുള്ളൊരു കൊടുങ്കാറ്റായിരുന്നു. ലോകമാധ്യമങ്ങളുടെ പ്രധാന വാർത്തയായിരുന്നു. ഓരോ പത്രത്തിന്റെ ഒന്നാം പേജിലും അവന്റെ പേര് ഉണ്ടായിരുന്നു. ടെലിവിഷൻ ചർച്ചകളിൽ അവന്റെ ചിത്രം നിറഞ്ഞുനിന്നു.

ഓരോ ദിവസവും പുതിയ ഊഹാപോഹങ്ങളും അന്വേഷണങ്ങളും. എന്നാൽ സമയം മനുഷ്യരുടെ ഓർമ്മകളെ പതുക്കെ പതുക്കെ മയിച്ചുകൊണ്ടിരുന്നു.

അതിനിടയിൽ ലോകം മറ്റുപല സംഭവങ്ങളിലേക്കും കണ്ണുതിരിച്ചു. ഇന്നലെയുടെ തലക്കെട്ടുകൾ ഇന്നത്തെ മറന്നുപോയ വാർത്തകളായി മാറി. റോബിൻസിന്റെ പേരും പതിയെ വാർത്താമുറികളിൽ നിന്ന് അപ്രത്യക്ഷമായി.

ഒരർത്ഥത്തിൽ മനുഷ്യരുടെ ഓർമ്മകൾക്കും ഓരോരൊ കാലാവസ്ഥയുണ്ട്.

അതും മാറിയും മറിഞ്ഞുംകൊണ്ടിരിക്കും...! പൂർണചന്ദ്രൻ പതിയെ പതിയെ ക്ഷയിച്ച് രാത്രിയുടെ ഇരുട്ടിലേക്ക് മറയുന്നതുപോലെ..!

എന്നാൽ എല്ലാവരും മറന്നില്ല.

ന്യൂയോർക്കിൽ ജോർജ് ലൂക്കാസും, നേര്യമംഗലത്ത് ഡോ. ബീനയും റോബിൻസിനെ ഓർക്കാത്ത ദിനങ്ങളില്ല. അവർ മാത്രമായിരുന്നില്ല റോബിൻസിനെ സ്നേഹപൂർവം ഓർമിക്കുന്നവരുടെ കൂട്ടത്തിൽ..!

അങ്ങ് കെനിയയിൽ പ്രഫസർ സൈമൺ ഗിച്ചാരുവും, റോബിൻസ് സഹായിച്ച പരമദരിദ്രനായിരുന്ന കൗമാരക്കാരൻ കിബെറ്റും, ഒരുകാലത്ത് സയാമിസ് ഇരട്ടകളായിരുന്ന അവന്റെ രണ്ടു സഹോദരിമാരും അവരുടെ മാതാവുമുണ്ടായിരുന്നു.

റോബിൻസ് കേരളത്തിലേക്കു തിരിക്കും മുമ്പ് കിച്ചാരുവുമായി ഫോണിൽ ബന്ധപ്പെട്ടിരുന്നു. താനിപ്പോൾ നാട്ടിലേക്ക് പോവുകയാണെന്നും തിരിച്ചു വന്നിട്ട് നമുക്കൊരുമിച്ച് ഒരു ദ്വീപിൽ ചെയ്യാനായി ചില പദ്ധതികളുണ്ടെന്നും അറിയിച്ചിരുന്നു.

അക്കാര്യങ്ങളെല്ലാം കിബേറ്റിനോട് സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു കിച്ചാരു. തനിക്കേറ്റവും പ്രിയപ്പെട്ട, സഹോദരനെപ്പോലെ കണക്കാക്കുന്ന വ്യക്തിക്ക് ഇപ്പോൾ നേരിട്ട ദുരന്തങ്ങൾ കേട്ട് കിബേറ്റിന്റെ കണ്ണുകൾ നിറഞ്ഞു. ചരക്കുകപ്പലിൽ സംഭവിച്ച ദുരന്തം കിച്ചാരു തന്നെയാണ് കിബേറ്റിനോട് പറഞ്ഞത്. അന്ന് ആ വിവരം അയാൾ അമ്മയോടും സഹോദരിമാരോടും പറഞ്ഞപ്പോൾ അവർക്കുണ്ടായ സങ്കടവും പ്രയാസവും ചെറുതായിരുന്നില്ല. സഹോദരിമാർ പള്ളിയിൽ പോയി മെഴുകുതിരി കത്തിച്ച് മുട്ടിൽ നിന്ന് പ്രാർത്ഥിച്ച കാര്യങ്ങളെല്ലാം കിബേറ്റ് ഓർത്തുപോയി.

### കഥ ഇതുവരെ

റിപ്പോർട്ടർ റോബിൻസ് ഒരു വിമാന അപകടത്തെക്കുറിച്ച് അറിയാൻ അമേരിക്കയിൽ നിന്നും കെനിയായിൽ എത്തി. അവിടത്തെ ദാരിദ്ര്യം ഭയാനകമായിരുന്നു. രക്ഷപെടാൻ ചിലർ കപ്പലിലും വിമാനത്തിലും ഒളിച്ചുകയറുന്നതായി അറിയുന്നു. ആ അനുഭവം നേരിട്ടറിയാൻ അയാൾ ഒരു ചരക്കുകപ്പലിൽ രഹസ്യമായി കയറി. ആ യാത്രക്കിടെ അയാൾക്ക് നടുക്കടലിലേക്ക് ചാടേണ്ടിവന്നു. ഒടുവിൽ ഒരു ദ്വീപിലെത്തി. അവിടെ അലൂമ എന്ന സ്ത്രീയോട് തന്റെ പൂർവ്വകാല കഥ പറയുന്നു.

അതിനു ശേഷം അലൂമയുടെയും ആ ദ്വീപിന്റേയും കഥ എഴുതാൻ തുനിയുന്നു റോബിൻസ്. ആ സമയം ആരെയോ തിരക്കി ഒരു കപ്പൽ ആ ദ്വീപിനെ ലക്ഷ്യമാക്കി യാത്രതിരിക്കുന്നു. റോബിൻസ് വീണ്ടും അമേരിക്കയിലെത്തി. ദ്വീപിനെക്കുറിച്ചുള്ള ഫീച്ചർ തയ്യാറാക്കിയതിനു ശേഷം കേരളത്തിൽ എത്തി. റോബിൻസ് ബീനയെ കണ്ടുമുട്ടുന്നു. തുടർന്നയാൾ അപ്രത്യക്ഷനാകുന്നു. ഈ അവസരത്തിൽ റോബിൻസിന് പുലിറ്റ്സർ അവാർഡ് ലഭിക്കുന്നു. എന്നാൽ അത് ഏറ്റുവാങ്ങാൻ റോബിൻസ് ഉണ്ടായിരുന്നില്ല. തികച്ചും ദുരൂഹമായ സാഹചര്യത്തിൽ അയാൾ അപ്രത്യക്ഷനായിരിക്കുന്നു.

തുടർന്നു വായിക്കുക






AN INFO-TRAVELTAINMENT FICTION

## പുലിറ്റ്സർ ജേതാവ്

ജോഷി ജോർജ്

പുലിസ്റ്റ്സർ പ്രൈസ് കിട്ടിയവിവരം അറിഞ്ഞ ഉടൻ സൈമൺ കിച്ചാരു ഫോണിൽ റോബിൻസിനെ ബന്ധപ്പെടാൻ ശ്രമിച്ചിരുന്നു. എന്നാൽ ഫോൺ എടുത്തത് ഡോ. ബീന ആയിരുന്നു. സങ്കടകരമായ ആ വാർത്ത ബീന പറഞ്ഞപ്പോൾ അവളെ ആശ്വസിപ്പിക്കാൻ പോലും സൈമൺ കിച്ചാരുവിന് കഴിഞ്ഞില്ല.

പുതിയ വിവരം വല്ലതുമണ്ടോ എന്നറിയാൻ കിച്ചാരു പിന്നീട് പലവട്ടം ബിനയെ വിളിച്ചിരുന്നു. ശുഭകരമായ ഒരു വാർത്തകളൊന്നും ലഭിച്ചില്ല. വേൾഡ് ടൈംസിന്റെ ഓഫീസിലും വിളിക്കാറുണ്ട്. എന്തെങ്കിലും പുതിയ വിവരം കിട്ടിയാൾ അറിയക്കണമെന്നും കിച്ചാരു അഭ്യർത്ഥിച്ചിരുന്നു. എന്തുതന്നെയായാലും പ്രത്യാശ കൈവിടാൻ കിച്ചാരു ഒരുക്കമായിരുന്നില്ല.

നേര്യമംഗലത്ത് അപ്പോഴും ബീനയുടെ രാത്രികളേറെയും നിദ്രാവിഹീനങ്ങളായിരുന്നു. പെരിയാറിന്റെ തീരത്ത് വീശിയെത്തുന്ന തണുത്ത കാറ്റ് അവൾക്ക് തെല്ലൊരാശ്വാസമാണ്. എങ്കിലും പഴയ ചില ഓർമ്മകളും ജനൽപ്പഴുതിലൂടെ അകത്തേക്ക് കടന്നുവരും. അതവൾക്ക് ഒടുവിൽ ആശങ്കകൾ മാത്രമാണ് സമ്മാനിക്കുക.

മാസങ്ങൾ കടന്നുപോയിട്ടും അവൾ റോബിൻസിനുവേണ്ടിയുള്ള കാത്തിരിപ്പ് അവസാനിപ്പിച്ചില്ല. അതിനവൾക്ക് കഴിയുമായിരുന്നില്ലല്ലോ.

മേശപ്പുറത്ത് റോബിൻസിന്റെ പഴയൊരു ചിത്രം ഉണ്ടായിരുന്നു. ചിരിച്ചുകൊണ്ടിരിക്കുന്ന അവന്റെ മുഖം. ആ ചിരിക്ക് പിന്നിൽ ഒളിച്ചിരുന്ന വേദനകളും രഹസ്യങ്ങളും അവൾക്ക് മാത്രം അറിയാമായിരുന്നു.

''നീ തിരിച്ചു വരും...'' അവൾ പല രാത്രികളിലും സ്വയം പറഞ്ഞിരുന്നു.

പക്ഷേ ഓരോ പ്രഭാതവും അവളുടെ പ്രതീക്ഷയെ അല്പം കൂടി ക്ഷീണിപ്പിച്ചു. റോബിൻസ് പോയ ദിവസം ഇന്നും അവളുടെ മനസ്സിൽ ഒരു മുറിവുപോലെ കിടന്നു.

''ബീന... ചില കാര്യങ്ങൾ എനിക്ക് ഒറ്റയ്ക്ക് നേരിടേണ്ടി വരും.''

അന്ന് അവൻ പറഞ്ഞ ആ വാക്കുകൾ ഇടയ്ക്കൊക്കെ അവളുടെ ചെവികളിൽ മുഴങ്ങുന്നുണ്ടായിരുന്നു. ബീനയ്ക്ക് അത് ഒരു കാത്തിരിപ്പ് മാത്രമായിരുന്നില്ല.

അത് അവനോടുള്ള അവളുടെ വിശ്വാസമായിരുന്നു.

ഓരോ വൈകുന്നേരവും അവൾ മുറ്റത്തേക്ക് ഇറങ്ങും. റോഡിന്റെ വളവിലേക്ക് നോക്കും. ഒരിക്കൽ ആ വഴിയിലൂടെ നടന്ന് വന്ന അവന്റെ നിഴൽ വീണ്ടും പ്രത്യക്ഷപ്പെടുമെന്ന പ്രതീക്ഷയിൽ. മഴയുള്ള ഒരു രാത്രി. മഴത്തുള്ളികൾ ഓടിന്റെ മേൽക്കൂരയിൽ വീഴുന്ന ശബ്ദത്തിനിടയിൽ, പുറത്തൊരു കാർ വന്നു നിന്നത് അവൾ അറിഞ്ഞില്ല.

പെട്ടെന്നാണ്...

മഴയുടെ മറവിലൂടെ ഒരു കാറിന്റെ വെളിച്ചം മുറ്റത്ത് തെളിഞ്ഞത്. അവളുടെ ഹൃദയം ഒരു നിമിഷം നിശ്ചലമായി. ആ വെളിച്ചം അവൾക്ക് പരിചിതമായ ഒരു ഓർമ്മപോലെ തോന്നി. കാറിന്റെ ഡോർ തുറന്ന് സാമാന്യം ഉയരമുള്ള ഒരാൾ പുറത്തേക്കിറങ്ങി.

പ്രായം ഏതാണ്ട് അറുപതിനോടടുത്തുണ്ട്. അദ്ദേഹത്തിന്റെ മുഖത്ത് അധികാരത്തിന്റെ കാഠിന്യമല്ല, ദീർഘയാത്രകളിലൂടെ ലഭിച്ച ശാന്തതയായിരുന്നു. അദ്ദേഹം കാറിനുള്ളിലേക്ക് തിരിഞ്ഞ് മൃദുവായി വിളിച്ചു.

''ബ്രദർ...''

അൽപനേരം കഴിഞ്ഞ് വാതിൽ തുറന്നു. പുറത്തിറങ്ങിയ മനുഷ്യനെ കണ്ട നിമിഷം ബീനയുടെ ശ്വാസം നിലച്ചപോയി..!

(തുടരും)

# ന്യൂസിലൻഡിൽ നടന്ന 'കിയ ഓറ മോദി' പരിപാടിയിൽ ഇന്ത്യയുടെ ആഗോള ബിസിനസ് വിഷൻ പ്രതിനിധീകരിച്ച് മലബാർ ഗോൾഡ് & ഡയമണ്ട്സ്



ഇന്ത്യ ഒരു ആഗോള സാമ്പത്തിക ശക്തിയായി തുടർന്നുകൊണ്ടിരിക്കെ ഇന്ത്യയും ന്യൂസിലൻഡും തമ്മിലുള്ള ചരിത്രപരമായ സ്വതന്ത്രവ്യാപാര കരാറിന്റെ പശ്ചാത്തലത്തിൽ, ഓക്ലൻഡിൽ സംഘടിപ്പിച്ച 'കിയ ഓറ മോദി' ചടങ്ങിൽ പ്രവാസി ഇന്ത്യൻ ബിസിനസ് മേഖലയെ പ്രതിനിധീകരിച്ച് ലോകത്തിലെ ഏറ്റവും വലിയ നാലാമത്തെ ജ്വല്ലറി ഗ്രൂപ്പായ മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് പങ്കെടുത്തു. ഇരുരാജ്യങ്ങളും തമ്മിലുള്ള സൗഹൃദവും സാമ്പത്തിക സഹകരണവും കായിക സാംസ്കാരിക മേഖലകളിലെ ശക്തമായ ബന്ധവും ആഘോഷിക്കുന്നതായിരുന്നു ഈ ചടങ്ങ്.

മലബാർ ഗോൾഡ് & ഡയമണ്ട്സ് ഫാർ ഈസ്റ്റ് & ഓഷ്യാനിയ റീജിയണൽ ഹെഡ് അജിത് മുരളി, ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിക്കും ന്യൂസിലൻഡ് പ്രധാനമന്ത്രി റൈറ്റ് ഓണറബിൾ ക്രിസ്റ്റഫർ ലക്സണിനുമൊപ്പം കൂടിക്കാഴ്ച നടത്തി. ബ്രാൻഡിനെ സംബന്ധിച്ചിടത്തോളം ഇത് ഏറെ അഭിമാനകരമായ നിമിഷമായി മാറി. മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് ആഗോളതലത്തിൽ കൈവരിച്ച വളർച്ചയും കമ്പനിയുടെ ഭാവി വികസന പദ്ധതികളും പങ്കുവെക്കാൻ ഈ കൂടിക്കാഴ്ച അവസരമൊരുക്കി. ഇന്ത്യൻ ബിസിനസ് മേഖലയുടെ കരുത്തും മികവും ലോകത്തിന് മുന്നിൽ എത്തിക്കുന്ന ഒരു ആഗോള ബ്രാൻഡായി മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് മാറിയെന്നത് ഇതിലൂടെ വ്യക്തമാണ്.

ഇന്ത്യ-ന്യൂസിലൻഡ് ബന്ധം കൂടുതൽ ശക്തമാകുന്നത് സാമ്പത്തിക രംഗത്ത് വലിയ മുന്നേറ്റത്തിന് കാരണമാകും. ഇതിലൂടെ ഇന്ത്യൻ സംരംഭങ്ങൾക്ക് ആഗോളതലത്തിൽ വളരാനും അന്താരാഷ്ട്ര സാന്നിധ്യം ശക്തിപ്പെടുത്താനുമുള്ള കൂടുതൽ അവസരങ്ങൾ ലഭിക്കും. ന്യൂസിലാൻഡിൽ സാന്നിധ്യം ശക്തമാക്കിക്കൊണ്ട് വളരുന്ന ഒരു ഇന്ത്യൻ ബ്രാൻഡ് എന്ന നിലയിൽ, പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ചരിത്രപരമായ ന്യൂസിലൻഡ് സന്ദർശനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച 'കിയ ഓറ മോദി' കമ്മ്യൂണിറ്റി ഇവന്റിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ ഞങ്ങൾക്ക് ഏറെ അഭിമാനമുണ്ട്.

'മേക്ക് ഇൻ ഇന്ത്യ, മാർക്കറ്റ് ടു ദി വേൾഡ്' എന്ന ആശയത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, ന്യൂസിലൻഡിലെ പ്രവർത്തനങ്ങൾ വിപുലീകരിക്കാനും ഇന്ത്യയുടെ സമ്പന്നമായ ആഭരണ പാരമ്പര്യവും കരകൗശല മികവും വിശ്വാസത്തിന്റെ മൂല്യങ്ങളും ലോകമെമ്പാടുമുള്ള ഉപഭോക്താക്കളിലേക്ക് എത്തിക്കാനുമാണ് ഞങ്ങൾ ലക്ഷ്യമിടുന്നത് എന്ന് മലബാർ ഗ്രൂപ്പ് ചെയർമാൻ എം.പി. അഹമ്മദ് പറഞ്ഞു.

പ്രധാനമന്ത്രി നരേന്ദ്ര മോദിയെ സ്വീകരിക്കുന്നതിനായി ഓക്ക്ലൻഡിൽ സംഘടിപ്പിച്ച 'കിയ ഓറ മോദി' കൂട്ടായ്മയിൽ പതിനായിരക്കണക്കിന് ഇന്ത്യൻ വംശജരാണ് പങ്കെടുത്തത്. മലബാർ ഗോൾഡിനെ സംബന്ധിച്ചിടത്തോളം ഇന്ത്യയുടെ പരമ്പരാഗത കരവിരുതും നിർമ്മാണ മികവും സാംസ്കാരിക പൈതൃകവും ലോകവിപണിയിൽ എത്തിച്ച ഒരു ഇന്ത്യൻ ബ്രാൻഡിന്റെ ജേർണിയെയാണ് ഈ ചടങ്ങ് അടയാളപ്പെടുത്തുന്നത്. ന്യൂസിലൻഡ് ഉൾപ്പെടെ 14 രാജ്യങ്ങളിലായി 445ലധികം ഷോറൂമുകളുള്ള മലബാർ ഗോൾഡ് & ഡയമണ്ട്സ്, 'മേക്ക് ഇൻ ഇന്ത്യ, മാർക്കറ്റ് ടു ദ വേൾഡ്' എന്ന ആശയത്തെ അഭിമാനപൂർവം യാഥാർഥ്യമാക്കുകയാണ്.

ന്യൂസിലൻഡ് പ്രധാനമന്ത്രി റൈറ്റ് ഓണറബിൾ ക്രിസ്റ്റഫർ ലക്സണിന്റെയും ഇരു രാജ്യങ്ങളിലെയും വിശിഷ്ട വ്യക്തികളുടെയും സാന്നിധ്യത്തിൽ, ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ നേരിൽ കാണാനും കൂടിക്കാഴ്ച നടത്താനും കഴിഞ്ഞത് ഏറെ അഭിമാനകരമായ ഒരു മുഹൂർത്തമാണെന്ന് മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് ഫാർ ഈസ്റ്റ് ആൻഡ് ഓഷ്യാനിയ റീജിയണൽ ഹെഡ് അജിത്ത് മുരളി പറഞ്ഞു.

ഇന്ത്യൻ ബിസിനസ്സ് മേഖലയുടെ മികവും കരുത്തും ലോകത്തിന് മുന്നിൽ എത്തിക്കുന്ന ഒരു ആഗോള ബ്രാൻഡാണ് മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് എന്ന് വീണ്ടും ഉറപ്പിക്കുന്നതായിരുന്നു ഈ കൂടിക്കാഴ്ച. കൂടാതെ കമ്പനിയുടെ ആഗോള വളർച്ചയും ന്യൂസിലൻഡ്, ഓസ്ട്രേലിയ ഉൾപ്പെടെയുള്ള ഓഷ്യാനിയ മേഖലയിലെ ഭാവി വികസന പദ്ധതികളും പങ്കുവെക്കാനും ഇതിലൂടെ സാധിച്ചു. വരും നാളുകളിൽ വെല്ലിംഗ്ടൺ, ഹാമിൽട്ടൺ, ക്രൈസ്റ്റ് ചർച്ച് തുടങ്ങിയ നഗരങ്ങളിലേക്ക് കൂടി പുതിയ ഷോറൂമുകൾ ആരംഭിക്കാൻ പദ്ധതിയുണ്ട്. ഇതിലൂടെ ഇന്ത്യയും ന്യൂസിലൻഡും തമ്മിലുള്ള സാമ്പത്തികവും സാംസ്കാരികവുമായ ബന്ധം കൂടുതൽ ശക്തമാക്കാൻ സാധിക്കുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത് എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് വർഷങ്ങളായി പിന്തുടരുന്ന 'മേക്ക് ഇൻ ഇന്ത്യ, മാർക്കറ്റ് ടു ദി വേൾഡ്' എന്ന തത്വത്തിന്റെ പ്രതിഫലനമാണ് ഈ അഭിമാന നിമിഷം. ഇന്ത്യയുടെ തനതായ ഡിസൈനുകളും നിർമ്മാണ മികവും 14 രാജ്യങ്ങളിലെ ഉപഭോക്താക്കളിലേക്ക് എത്തിക്കാൻ ഇതിനകം ബ്രാൻഡിന് കഴിഞ്ഞിട്ടുണ്ട്. ഇന്ത്യയും ന്യൂസിലൻഡും തമ്മിലുള്ള സാമ്പത്തിക പങ്കാളിത്തം പുതിയ ഘട്ടത്തിലേക്ക് കടക്കുമ്പോൾ, ന്യൂസിലൻഡ് വിപണിയിൽ പ്രവർത്തനം കൂടുതൽ ശക്തമാക്കാനാണ് മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് ലക്ഷ്യമിടുന്നത്. ഇതിലൂടെ ഇന്ത്യയുടെ കാലാതീതമായ കരവിരുത് ലോകത്തിന്റെ മറ്റൊരു കോണിലുള്ള പുതിയ തലമുറയ്ക്കും കൂടി പരിചയപ്പെടാൻ സാധിക്കും

1993ൽ സ്ഥാപിതമായ മലബാർ ഗ്രൂപ്പിന്റെ മുൻനിര ഇന്ത്യൻ ബിസിനസ്സ് കമ്പനിയാണ് മലബാർ ഗോൾഡ് & ഡയമണ്ട്സ്. 9.46 ബില്യൺ ഡോളറിന്റെ വാർഷിക വിറ്റുവരവുള്ള കമ്പനി നിലവിൽ ആഗോളതലത്തിൽ നാലാമത്തെ വലിയ ജ്വല്ലറി റീട്ടെയ്ലറായി നിലകൊള്ളുന്നു, ഇന്ന് ഇന്ത്യയിലുടനീളം ഒന്നിലധികം ഓഫീസുകൾ, ഡിസൈൻ സെന്ററുകൾ, മൊത്തവ്യാപാര യൂണിറ്റുകൾ, ഫാക്ടറികൾ എന്നിവയ്ക്ക് പുറമെ മിഡിൽഈസ്റ്റ്, ഫാർ ഈസ്റ്റ്, യു എസ്എ, യുകെ, കാനഡ, ഓസ്ട്രേലിയ & ന്യൂസീലൻഡ് എന്ന് തുടങ്ങി 14 രാജ്യങ്ങളിലായി 445 ലധികം റീട്ടെയിൽ ഔട്ട്ലെറ്റുകൾ മലബാർ ഗോൾഡ് & ഡയമണ്ട്സിനുണ്ട്.

3500ലധികം ഷെയർഹോൾഡർമാരുടെ ഉടമസ്ഥതയിലുള്ള ഗ്രൂപ്പിൽ 26ലധികം രാജ്യങ്ങളിൽ നിന്നുള്ള 30000 ത്തിലധികം പ്രൊഫഷണലുകൾ പ്രവർത്തിക്കുന്നു. www.malabargoldanddiamonds.com എന്ന വെബ്സൈറ്റിലൂടെ ഉപഭോക്താക്കളുടെ സൗകര്യത്തിനനുസരിച്ച് അവരുടെ ഇഷ്ട ആഭരണം പർച്ചേസ് ചെയ്യാൻ സാധിക്കുന്നു.

ആധുനിക വനിതകളുടെ അഭിരുചികൾക്കനുയോജ്യമായ ട്രെൻഡി ലൈറ്റ് വെയ്റ്റ് ആഭരണങ്ങൾ മാത്രം നൽകുന്ന MGD ലൈഫ്സ്റ്റൈൽ ജ്വല്ലറിയും പ്രവർത്തിച്ചു വരുന്നു. അറബ് ഉപഭോക്താക്കൾക്ക് മാത്രമായി ബ്രാൻഡ് അവതരിപ്പിക്കുന്ന ഏറ്റവും പുതിയ റീട്ടെയിൽ കൺസെപ്റ്റാണ് Mojawhrtay by Malabar. അറബ് പാരമ്പര്യത്തെ ആധുനിക സൗന്ദര്യവുമായി സംയോജിപ്പിക്കുന്ന ആഭരണശേഖരമാണിത്. മലബാർ ഗ്രൂപ്പ് ആരംഭിച്ചത് മുതൽ പാരിസ്ഥിതികവും സാമൂഹികവുമായ ഉത്തരവാദിത്തം പൂർണമായും നിറവേറ്റികൊണ്ടു ESG (Environmental, Social & Governance) വ്യവസ്ഥയെ അടിസ്ഥാനമാക്കിയാണ് ഓരോപദ്ധതിയും നടപ്പിലാക്കി വരുന്നത്. ആരോഗ്യം, പാർപ്പിടം, ഹംഗർ ഫ്രീ വേൾഡ്, വിദ്യാഭ്യാസം, പരിസ്ഥിതി, സ്ത്രീശാക്തീകരണം തുടങ്ങിയ നിരവധി സാമൂഹ്യപ്രതിബദ്ധതാ പ്രവർത്തനങ്ങളിലും മലബാർ ഗ്രൂപ്പ് നേതൃത്വം നൽകിവരുന്നു. ഉത്തരവാദിത്തത്തിന്റെയും സുസ്ഥിരതയുടെയും തത്വങ്ങൾ ബിസിനസ്സുമായി സംയോജിപ്പിച്ചുകൊണ്ട്, സാമൂഹിക അവബോധമുള്ളതും ഉത്തരവാദിത്തമുള്ളതുമായ ഒരു സ്ഥാപനമായി നിലകൊള്ളാൻ മലബാർ ഗ്രൂപ്പ് അതിന്റെ ESG ലക്ഷ്യങ്ങൾ കാലാകാലങ്ങളിൽ ശക്തിപ്പെടുത്തുന്നു. കൂടാതെ, ലാഭത്തിന്റെ 5% അതാത് രാജ്യങ്ങളിലെ വിവിധ ചാരിറ്റി പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചു വരുന്നു.






# സോനം വാങ്ചുക് അവശനിലയിൽ: ഹൈക്കോടതി ഇന്ന് പരിഗണിക്കും



ന്യൂഡൽഹി: കോക്രോച്ച് ജനതാ പാർട്ടിയുടെ സമരത്തിന് ഐക്യദാർഢ്യമർപ്പിച്ച് അനിശ്ചിതകാല നിരാഹാര സത്യാഗ്രഹം തുടരുന്ന പരിസ്ഥിതി പ്രവർത്തകൻ സോനം വാങ്ചുകിന്റെ ആരോഗ്യനില മോശമായി. ജന്തർ മന്ദറിലെ സമരവേദിയിൽ നിന്ന് അദ്ദേഹത്തെ ഉടൻ ആശുപത്രിയിലേക്ക് മാറ്റണമെന്ന പൊതുതാത്പര്യഹർജി ഡൽഹി ഹൈക്കോടതി ഇന്ന് (ജൂലായ് 16ന്) പരിഗണിക്കും.

18 ദിവസമായി നിരാഹാരത്തിലാണ്. ഈ നിലയിൽ പോയാൽ 2 ദിവസത്തിനകം മരിച്ചേക്കുമെന്നും ഇതുവരെ എട്ടര കിലോ കുറഞ്ഞെന്നും അഭിഭാഷകനായ രാകേഷ് കുമാർ സയ്നി സമർപ്പിച്ച ഹർജിയിൽ ചൂണ്ടിക്കാട്ടി. അടിയന്തരവിഷയമെന്ന് നിരീക്ഷിച്ച ഹൈക്കോടതി, ഇന്നു വാദം കേൾക്കാൻ തീരുമാനിക്കുകയായിരുന്നു. കേന്ദ്രസർക്കാർ നിലപാട് അറിയിക്കണം.

കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ രാജിവയ്ക്കണമെന്നാണ് കോക്രോച്ച് ജനതാ പാർട്ടിയുടെ ആവശ്യം. ചോദ്യപേപ്പർ ചോർച്ചകൾ അടക്കം ചൂണ്ടിക്കാട്ടിയാണിത്. സമരത്തിന് ഐക്യദാർഢ്യമർപ്പിച്ച് അവർക്ക് കത്തെഴുതിയ ശശി തരൂർ എം.പി, നിരാഹാര സമരം അവസാനിപ്പിക്കണമെന്ന് സോനത്തോട് അഭ്യർത്ഥിച്ചു.

പ്രതിഷേധക്കാരുമായി ചർച്ചയ്ക്ക് തയ്യാറാകാത്ത മോദി സർക്കാരിന്റെ നടപടി ക്രൂരമെന്ന് പാർട്ടി സ്ഥാപകൻ അഭിജീത് ദീപ്കെ കുറ്റപ്പെടുത്തി. അതേസമയം സമരക്കാരെ തുടർച്ചയായി ഡൽഹി പൊലീസ് നിരീക്ഷിക്കുന്നുവെന്നും ഇത് തടയണമെന്നും ആവശ്യപ്പെട്ട് സി.പി.എം നേതാവ് ഐഷി ഘോഷ് ഡൽഹി ഹൈക്കോടതിയെ സമീപിച്ചു.

അഡ്വ. കെ.ആർ സുഭാഷ് ചന്ദ്രൻ മുഖേനയാണ് ഹർജി സമർപ്പിച്ചത്.

# കൂടംകുളം ആണവനിലയത്തിന്റെ രഹസ്യങ്ങൾ വിൽപ്പനയ്ക്ക്! ബ്ലൂപ്രിന്റടക്കം ഡാർക്ക് വെബ്ബിൽ; ആണവസുരക്ഷയിൽ വൻ വീഴ്ച

ന്യൂഡൽഹി: തന്ത്രപ്രധാനമായ കൂടംകുളം ആണവനിലയത്തിന്റെ വിവിധ ഭാഗങ്ങളുടെ ബ്ലൂപ്രിന്റുകൾ ഉൾപ്പെടെ അധോലോകമായ ഡാർക്ക് വെബ്ബിൽ വില്പനയ്ക്കു വച്ചതായുള്ള റിപ്പോർട്ട് ആണവസുരക്ഷയിലെ വൻ വീഴ്ചയാണെന്ന് നിരീക്ഷണം. സാങ്കേതിക വിവരങ്ങൾ, വിതരണക്കാരുടെ വിവരങ്ങൾ എന്നിവയടക്കം 19000ലേറെ ഫയലുകൾ ഇന്റർനെറ്റിലെ ഡാർക്ക് വെബ്ബിൽ വില്പനയ്ക്കു വച്ചതായി രാജ്യാന്തര വാർത്ത ഏജൻസിയായ റോയിട്ടേഴ്സാണ് റിപ്പോർട്ട് ചെയ്തത്.

ആണവനിലയത്തിന്റെ നിർമ്മാണ കരാർ ഏറ്റെടുത്ത റിലയൻസ് ഗ്രൂപ്പ് സെർവറിൽ നിന്ന് വിവരങ്ങൾ ചോർന്നുവെന്നാണ് വിവരം. 'വേൾഡ് ലീക്ക്സ്' എന്ന കുപ്രസിദ്ധ സൈബർ തട്ടിപ്പ് ഗ്രൂപ്പാണ് വിവരങ്ങൾ വില്പനയ്ക്ക് വച്ചത്. നിലയത്തിന്റെ പ്രധാന സംവിധാനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ചോർന്നിട്ടില്ല. മേയ് 29ന് ഡാറ്റാ സെന്റർ സേവനദാതാക്കളായ യോട്ടയുടെ സെർവറിൽ ഹാക്കിംഗ് ശ്രമം കണ്ടെത്തി പ്രതിരോധിച്ചെന്ന് റിലയൻസ് വൃത്തങ്ങൾ വ്യക്തമാക്കി. കേന്ദ്ര സർക്കാരിനെ വിവരം അറിയിച്ചു.

### ചോർന്നതിൽ നിർണായക വിവരങ്ങൾ

2016-2025 കാലത്തെ വിവരങ്ങൾ



: നിർമ്മാണത്തിലുള്ള യൂണിറ്റ് 4, യൂണിറ്റ് 5 എന്നിവയുടെ കൂളിംഗ് സംവിധാനങ്ങളുടെ ബ്ലൂപ്രിന്റുകൾ, പ്ലാന്റിന്റെ പ്രധാന കൺട്രോൾ റൂമിന്റെ ഫ്ളോർ പ്ലാൻ, നിലയത്തിൽ നടന്ന സാങ്കേതിക പരിശോധനകളുടെ വിവരങ്ങൾ, ഉപകരണങ്ങളുടെ ചിത്രങ്ങൾ

ആണവനിലയത്തിൽ ഭീകരാക്രമണം ഉണ്ടായാൽ 11.2 കോടി ഡോളർ നഷ്ടപരിഹാരം ലഭിക്കുന്ന ഇൻഷ്വറൻസ് പോളിസി വിവരങ്ങൾ. ചോർന്ന വിവരങ്ങൾ ഉപയോഗിച്ച് ശത്രുക്കൾക്ക് കൂടംകുളം ആണവനിലയത്തിന്റെ സുരക്ഷാ ക്രമീകരണങ്ങളും അനുബന്ധ സംവിധാനങ്ങളുടെ ബലഹീനതകളും എളുപ്പം മനസിലാക്കാം.

### ഹാക്കിംഗ് ഗ്രൂപ്പ്?

കോർപ്പറേറ്റ് കമ്പനികളുടെ വിവരങ്ങൾ ചോർത്തി പണം ആവശ്യപ്പെടുന്ന കുപ്രസിദ്ധ ഹാക്കിംഗ് ഗ്രൂപ്പാണ് വേൾഡ് ലീക്ക്സ്. നൈക്കി, ടാറ്റാ ഗ്രൂപ്പ് തുടങ്ങിയ വമ്പൻ കമ്പനികളുടെ ഡാറ്റകൾ ചോർത്തി ഡാർക്ക് വെബ്ബിൽ വച്ചിരുന്നു. ടാറ്റാ ഗ്രൂപ്പ് 15 ലക്ഷം ഡോളർ നൽകാതിരുന്നപ്പോയാണ് വിവരങ്ങൾ ഡാർക്ക് വെബ്ബിലെത്തിയത്




475 Martingale Rd, Suite 1250, Schaumburg, IL 60173 | 847-585-4931 | SunnyFinancial.com
Financial Advisor with Eagle Strategies LLC (a Registered investment Advisor).
Securities offered through NYLIFE Securities LLC (Member FINRA/SIPC).
Insurance offered through NYLIFE Securities LLC, a Licensed Insurance Agency.
Eagle Strategies LLC and NYLIFE Securities LLC are New York Life companies.
Sunny Financial Strategies, LLC is independently owned and operated from
NYLIFE Securities LLC and its affiliates and does not offer tax or legal advice.



# ബ്രഹ്മോസ് : ടോമാഹോക്കിനെ വെല്ലാൻ കലാമൊരുക്കിയ വജ്രായുധം




അന്താരാഷ്ട്ര ആയുധ വിപണിയിൽ വൻശക്തികളുടെ കുത്തകകളെ വെല്ലുവിളിച്ചുകൊണ്ട് ഒരു തദ്ദേശീയ സാങ്കേതികവിദ്യ ആഗോളതലത്തിൽ തരംഗമായി മാറിയ അപൂർവ്വ ചരിത്രമാണ് ബ്രഹ്മോസ് ക്രൂയിസ് മിസൈലിനുള്ളത്. ഭാരതത്തിന്റെ പ്രതിരോധ സന്നാഹങ്ങളുടെ ഏറ്റവും ഭീകരമായ മുഖമായി അറിയപ്പെടുന്ന ഈ സൂപ്പർസോണിക് മിസൈൽ അതിന്റെ വിജയകരമായ കാൽനൂറ്റാണ്ട് പിന്നിടുമ്പോൾ, മുൻനിര അന്താരാഷ്ട്ര മാധ്യമങ്ങൾ ഇതിന്റെ പ്രാരംഭകാലത്തെ കടുത്ത രഹസ്യങ്ങൾ പുറത്തുവിട്ടിരിക്കുകയാണ്. ദക്ഷിണ ഡൽഹിയിലെ ഒരു അജ്ഞാത വാടകക്കെട്ടിടത്തിൽ നിന്ന് പേരോ നാമപ്പലകയോ ഇല്ലാതെ ആരംഭിച്ച്, ഇന്ന് ലോകത്തിലെ ഏറ്റവും വേഗതയേറിയതും തടുക്കാൻ കഴിയാത്തതുമായ ആയുധമായി മാറിയ ബ്രഹ്മോസിന്റെ അണിയറക്കഥകൾ ആഗോള പ്രതിരോധ വൃത്തങ്ങളിൽ വലിയ ചർച്ചകൾക്കാണ് വഴിതുറന്നിരിക്കുന്നത്.

### വസന്ത് വിഹാറിലെ അജ്ഞാത താവളവും മിസൈൽ സ്വപ്നങ്ങളുടെ തുടക്കവും

രാജ്യത്തിന്റെ പ്രതിരോധ രഹസ്യങ്ങൾ വിദേശ ചാരസംഘടനകളുടെ കണ്ണിൽ പെടാതിരിക്കാൻ കടുത്ത മുൻകരുതലുകളോടെയാണ് ബ്രഹ്മോസിന്റെ ആദ്യകാല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തത്.

**നാമപ്പലകയില്ലാത്ത ആദ്യ ഓഫീസ്:** 1999ൽ ദക്ഷിണ ഡൽഹിയുടെ ഒരു ചെറിയ കോണിലുള്ള വസന്ത് വിഹാറിലെ വാടകവീട്ടിൽ നിന്നാണ് ഇന്നത്തെ ബ്രഹ്മോസ് എയ്റോസ്പേസിന്റെ ആദ്യ ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നത്. ഗവൺമെന്റിന്റെ ഔദ്യോഗിക വാഹനങ്ങളോ സുരക്ഷാജീവനക്കാരോ ഇല്ലാതെ അതീവ രഹസ്യമായായിരുന്നു അന്ന് ശാസ്ത്രജ്ഞർ അവിടെ ഒത്തുകൂടിയിരുന്നത്.

**വ്യാജ കോർപ്പറേറ്റ് റിക്രൂട്ട്മെന്റ്:** പ്രോജക്റ്റിലേക്ക് മിടുക്കരായ യുവാക്കളെ കണ്ടെത്താൻ പത്രങ്ങളിൽ പരസ്യങ്ങൾ നൽകിയിരുന്നത് ഒരു പ്രമുഖ വിദേശ ബഹുരാഷ്ട്ര കമ്പനിയുടെ പേരിലായിരുന്നു. അഭിമുഖത്തിൽ പങ്കെടുത്ത് തിരഞ്ഞെടുക്കപ്പെട്ട എൻജിനീയർമാർ ഓഫീസിൽ ജോലിക്കായി പ്രവേശിച്ച ശേഷമാണ് തങ്ങൾ രാജ്യത്തിന്റെ മിസൈൽ നിർമ്മാണ ശൃംഖലയുടെ ഭാഗമാണെന്ന യാഥാർത്ഥ്യം തിരിച്ചറിയുന്നത്.

**അബ്ദുൾ കലാമിന്റെ ദീർഘവീക്ഷണം:** 1991ലെ ഗൾഫ് യുദ്ധകാലത്ത് അമേരിക്കൻ സൈന്യം ഇറാഖിനെതിരെ ടോമാഹോക്ക് മിസൈലുകൾ പ്രയോഗിക്കുന്നത് ഹാർവാർഡിൽ ഉപരിപഠനം നടത്തിയിരുന്ന ഡോക്ടർ എ. ശിവതാണു പിള്ള സസൂക്ഷ്മം നിരീക്ഷിച്ചിരുന്നു. ഈ വിവരങ്ങൾ അദ്ദേഹം ഇന്ത്യയിലുണ്ടായിരുന്ന എ.പി.ജെ. അബ്ദുൾ കലാമിനെ വിളിച്ചറിയിക്കുകയും ഭാരതത്തിന് സ്വന്തമായി ഒരു വേഗയേറിയ ക്രൂയിസ് മിസൈൽ ആവശ്യമാണെന്ന് വ്യക്തമാക്കുകയുമായിരുന്നു.

### നയതന്ത്ര പരിധികളും സൂപ്പർസോണിക് പ്രഹരശേഷിയും

ഇന്ത്യയുടെ ഡിആർഡിഒയും റഷ്യൻ കമ്പനിയും സംയുക്തമായി 250 മില്യൺ ഡോളറിന്റെ പ്രാഥമിക നിക്ഷേപത്തോടെയാണ് 1998 ഫെബ്രുവരിയിൽ ഔദ്യോഗിക കരാർ ഒപ്പിടുന്നത്.

**ഇരുനൂറ്റിതൊണ്ണൂറ് കിലോമീറ്റർ പരിധി:** ബ്രഹ്മോസ് മിസൈലിന്റെ ആദ്യകാല പതിപ്പുകളുടെ ദൂരപരിധി വെറും 290 കിലോമീറ്ററായി കൃത്യമായി പരിമിതപ്പെടുത്തിയിരുന്നതിന് പിന്നിൽ വലിയൊരു അന്താരാഷ്ട്ര ചട്ടത്തിന്റെ സാന്നിധ്യമുണ്ടായിരുന്നു. മിസൈൽ സാങ്കേതികവിദ്യ കൈമാറ്റ നിയന്ത്രണ ചട്ടപ്രകാരം 300 കിലോമീറ്ററിൽ കൂടുതൽ ദൂരപരിധിയുള്ള സാങ്കേതികവിദ്യകൾ മറ്റ് രാജ്യങ്ങൾക്ക് കൈമാറാൻ റഷ്യയ്ക്ക് നിയമപരമായ തടസ്സങ്ങൾ ഉണ്ടായിരുന്നു.

**നിയന്ത്രണങ്ങൾ മാറിയ ചരിത്രം:** 2016ൽ ഇന്ത്യ ഈ അന്താരാഷ്ട്ര ചട്ടത്തിൽ ഔദ്യോഗികമായി അംഗത്വമെടുത്തതോടെ ബ്രഹ്മോസിന്റെ ദൂരപരിധി നിയന്ത്രണങ്ങൾ പൂർണ്ണമായും നീങ്ങി. നിലവിൽ 450 കിലോമീറ്ററും 800 കിലോമീറ്ററിലധികം ദൂരെയുള്ള ലക്ഷ്യങ്ങളെയും കൃത്യമായി തകർക്കാൻ ശേഷിയുള്ള പുതിയ പതിപ്പുകൾ സൈന്യത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞു.

**തടുക്കാൻ കഴിയാത്ത വേഗത:** ലോകത്തിലെ മറ്റെല്ലാ ക്രൂയിസ് മിസൈലുകളും ശബ്ദത്തേക്കാൾ കുറഞ്ഞ വേഗതയിൽ സഞ്ചരിക്കുമ്പോൾ, ബ്രഹ്മോസ് മണിക്കൂറിൽ ഏകദേശം 3400 കിലോമീറ്റർ വേഗതയിലാണ് ലക്ഷ്യത്തിലേക്ക് കുതിക്കുന്നത്. ഇതിന്റെ ഭീമമായ ഗതികോർജ്ജം കാരണം ശത്രുക്കളുടെ അത്യാധുനിക എയർ ഡിഫൻസ് റഡാറുകൾക്ക് ഈ മിസൈലിനെ കണ്ടെത്താനോ തടയാനോ സാധിക്കില്ല.

**തദ്ദേശീയമായ മാറ്റങ്ങൾ:** ആദ്യകാലങ്ങളിൽ പല പ്രധാന ഭാഗങ്ങൾക്കും റഷ്യയെ ആശ്രയിച്ചിരുന്ന ഇന്ത്യ, കഴിഞ്ഞ ഏതാനും വർഷങ്ങളായി മിസൈലിന്റെ 75 ശതമാനത്തിലധികം ഭാഗങ്ങളും തദ്ദേശീയമായി നിർമ്മിക്കുന്നതിൽ വിജയം കൈവരിച്ചിട്ടുണ്ട്. മിസൈലിന്റെ ഹൃദയമെന്ന് വിശേഷിപ്പിക്കുന്ന സീക്കർ സംവിധാനങ്ങളും ഗതിനിർണ്ണയ കമ്പ്യൂട്ടറുകളും പൂർണ്ണമായും ഇന്ത്യയിലാണ് ഇപ്പോൾ വികസിപ്പിക്കുന്നത്.

### യുദ്ധമുഖത്തെ പ്രഹരവും വിദേശ വിപണിയിലെ കുതിപ്പും

കേവലം പ്രതിരോധ പരീക്ഷണങ്ങൾക്കപ്പുറം, ബ്രഹ്മോസ് തങ്ങളുടെ യഥാർത്ഥ യുദ്ധമുഖത്തെ പ്രഹരശേഷി തെളിയിച്ചത് കഴിഞ്ഞ വർഷങ്ങളിൽ നടത്തിയ കടുത്ത അതിർത്തി പ്രതിരോധ നീക്കങ്ങളിലൂടെയായിരുന്നു.

**അതിർത്തി അതിർവരമ്പുകൾ മാറിയ രാത്രി:** അതിർത്തി കടന്നുള്ള കടുത്ത വിന്യാസങ്ങളുടെ ഭാഗമായി ഇന്ത്യൻ വ്യോമസേന സുഖോയ് വിമാനങ്ങളിൽ നിന്ന് തൊടുത്തുവിട്ട ബ്രഹ്മോസ് മിസൈലുകൾ ശത്രുവിന്റെ വ്യോമപ്രതിരോധ സംവിധാനങ്ങളെ പൂർണ്ണമായും നിഷ്പ്രഭമാക്കിക്കൊണ്ട് ലക്ഷ്യങ്ങൾ തകർത്തത് അന്താരാഷ്ട്ര വിപണിയിൽ ഇതിന്റെ മൂല്യം ഇരട്ടിയാക്കി. വെടിവെച്ചിടാൻ അസാധ്യമായ ഈ ആയുധം കൈവശമുള്ളത് തദ്ദേശീയ അതിർത്തികളിൽ ഇന്ത്യയ്ക്ക് വലിയൊരു സൈനിക മേധാവിത്വമാണ് നൽകുന്നത്.

**തെക്കുകിഴക്കൻ ഏഷ്യൻ വിപണി:** ചൈനയുടെ ദക്ഷിണ ചൈനാക്കടലിലെ അധിനിവേശ നയങ്ങൾക്കെതിരെയുള്ള മികച്ച പ്രതിരോധമായി മലേഷ്യയും ഫിലിപ്പീൻസും ഇന്ത്യയുടെ ബ്രഹ്മോസിനെയാണ് കാണുന്നത്. ഫിലിപ്പീൻസുമായി ഒപ്പുവെച്ച ആദ്യ കയറ്റുമതി കരാറിന് പിന്നാലെ, ഇന്തോനേഷ്യയുമായും പുതിയ ബ്രഹ്മോസ് വിതരണ കരാർ ഇന്ത്യ ഒപ്പിട്ടു കഴിഞ്ഞു.

**റഷ്യൻ സൈന്യത്തിന്റെ ഓർഡറുകൾ:** യൂറോപ്യൻ യുദ്ധങ്ങളുടെ പശ്ചാത്തലത്തിൽ തങ്ങളുടെ മിസൈൽ ശേഖരത്തിൽ വലിയ കുറവുണ്ടായതിനെത്തുടർന്ന്, റഷ്യൻ സായുധ സേനകൾ ഇപ്പോൾ ഇന്ത്യയിൽ നിർമ്മിക്കുന്ന ബ്രഹ്മോസ് മിസൈലുകൾ നേരിട്ട് ഇറക്കുമതി ചെയ്യാൻ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ടെന്ന പുതിയ വാർത്തകൾ അന്താരാഷ്ട്ര നാവിക വൃത്തങ്ങളിൽ വലിയ അത്ഭുതമാണ് സൃഷ്ടിച്ചിരിക്കുന്നത്. മുൻപ് സാങ്കേതികവിദ്യ നൽകിയ രാജ്യം ഇന്ന് അത് തിരികെ വാങ്ങാൻ ആഗ്രഹിക്കുന്നത് ഭാരതത്തിന്റെ നിർമ്മാണ ഗുണനിലവാരത്തിനുള്ള ഏറ്റവും വലിയ അംഗീകാരമാണ്.

വസന്ത് വിഹാറിലെ ഒരു ചെറിയ വാടകവീട്ടിൽ നിന്ന് ആരംഭിച്ച് ഇന്ന് ലോകത്തെ വൻശക്തികളെപ്പോലും അത്ഭുതപ്പെടുത്തുന്ന തരത്തിൽ വളർന്നുപന്തലിച്ച ബ്രഹ്മോസിന്റെ ചരിത്രം ഭാരതീയ ശാസ്ത്രജ്ഞരുടെ അസാധാരണമായ പ്രതിഭയുടെ തെളിവാണ്. തദ്ദേശീയമായി സാങ്കേതികവിദ്യകൾ വികസിപ്പിക്കാനും ആഗോള വിപണിയിൽ വലിയൊരു കയറ്റുമതി ശക്തിയായി മാറാനും കഴിഞ്ഞത് രാജ്യത്തിന്റെ സാമ്പത്തികപ്രതിരോധ മേഖലകൾക്ക് പുതിയൊരു ഊർജ്ജമാണ് നൽകുന്നത്.

# അമ്മയുടെ വാത്സല്യത്തിന് പകരമാകുമോ ചാറ്റ്ബോട്ടുകൾ?



കളിപ്പാട്ടങ്ങൾ സംസാരിക്കുകയും കഥകൾ പറഞ്ഞു കൊടുക്കുകയും ചെയ്യുന്ന ഒരു ഡിജിറ്റൽ ലോകത്താണ് ഇന്നത്തെ തലമുറ വളർന്നുകൊണ്ടിരിക്കുന്നത്. ടൈം മാഗസിൻ പുറത്തുവിട്ട ഏറ്റവും പുതിയ കടുത്ത സാമൂഹിക പഠന റിപ്പോർട്ടുകൾ പ്രകാരം, മനുഷ്യൻ കൃത്രിമബുദ്ധിയെ നിയന്ത്രിക്കുന്നതിനേക്കാൾ ഉപരിയായി, കൃത്രിമബുദ്ധി കുട്ടികളുടെ ചിന്തകളെയും ശീലങ്ങളെയും നിയന്ത്രിക്കുന്ന കടുത്ത സാഹചര്യമാണ് നിലവിലുള്ളത്. ആഗോളതലത്തിൽ മുതിർന്നവരേക്കാൾ മൂന്നിരട്ടി വേഗതയിലാണ് കുട്ടികൾ കൃത്രിമബുദ്ധി സാങ്കേതികവിദ്യകൾ സ്വന്തമാക്കുന്നത്. മാതാപിതാക്കൾക്ക് പകരം ഒരു റോബോട്ട് കുട്ടികളെ വളർത്തുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ നീങ്ങുമ്പോൾ, അത് മാനവരാശിയുടെ ഭാവിയെയും കുട്ടികളുടെ തലച്ചോറിന്റെ സ്വാഭാവിക വികാസത്തെയുമാണ് കനത്ത രീതിയിൽ ബാധിക്കുന്നത്.

കുട്ടികളുടെ ആദ്യകാല മസ്തിഷ്ക വികാസത്തിന് ഏറ്റവും അനിവാര്യം മനുഷ്യർ തമ്മിലുള്ള പരസ്പര സമ്പർക്കവും വൈകാരികമായ പങ്കുവെക്കലുകളുമാണ്. എന്നാൽ സിലിക്കൺ വാലിയിലെ വൻകിട കമ്പനികൾ കുട്ടികളെ മാത്രം ലക്ഷ്യം വെച്ച് അത്യാധുനിക കൃത്രിമബുദ്ധി കളിപ്പാട്ടങ്ങളും വിർച്വൽ ട്യൂട്ടർമാരും വിപണിയിൽ എത്തിക്കുമ്പോൾ, മാതാപിതാക്കളുടെ സ്വാഭാവികമായ സ്ഥാനം ഈ യന്ത്രങ്ങൾ കൈക്കലാക്കുകയാണ്. റോബോട്ടിക് വിദഗ്ധനായ സത്യാസ് ഷൂട്ട്സ് ചൂണ്ടിക്കാണിക്കുന്നത്, മനുഷ്യൻ കോടിക്കണക്കിന് വർഷത്തെ പരിണാമത്തിലൂടെ നേടിയെടുത്ത മാതൃസഹജമായ വാത്സല്യത്തിന് പകരമാകാൻ കോഡിംഗിലൂടെ നിർമ്മിച്ച ഒരു അൽഗോരിതത്തിനും കഴിയില്ല എന്നാണ്.

### 1. വിർച്വൽ കൂട്ടുകാരും കുട്ടികളുടെ വൈകാരിക അടിമത്തവും

കുട്ടികളുടെ ഏകാന്തത മാറ്റാൻ എത്തുന്ന ഡിജിറ്റൽ ചങ്ങാതിമാർ അവരുടെ സാമൂഹിക വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

**എപ്പോഴും സമ്മതിക്കുന്ന യന്ത്രങ്ങൾ:** കൃത്രിമബുദ്ധി സംവിധാനങ്ങൾ എപ്പോഴും കുട്ടികളോട് സൗമ്യമായി മാത്രം സംസാരിക്കാനും അവരുടെ എല്ലാ ആവശ്യങ്ങളെയും പിന്തുണയ്ക്കാനും രൂപകൽപ്പന ചെയ്തവയാണ്. യഥാർത്ഥ ജീവിതത്തിലെ കൂട്ടുകാർക്കിടയിൽ ഉണ്ടാകുന്ന ദേഷ്യം, പിണക്കം, വിട്ടുവീഴ്ചകൾ എന്നിവയൊന്നും ഈ വിർച്വൽ ലോകത്ത് കുട്ടികൾക്ക് അനുഭവിക്കാൻ കഴിയുന്നില്ല.

**യഥാർത്ഥ ബന്ധങ്ങളിലെ വിരസത:** എപ്പോഴും അനുസരിക്കുന്ന റോബോട്ടുകളുമായി സമയം ചിലവഴിക്കുന്ന കുട്ടികൾക്ക്, പരുക്കൻ യാഥാർത്ഥ്യങ്ങളുള്ള മനുഷ്യരോട് സംസാരിക്കാൻ വിമുഖത തോന്നുകയും അവർ സാമൂഹികമായി ഒറ്റപ്പെടാൻ തുടങ്ങുകയും ചെയ്യുന്നു.

**മാനസികമായ ആശ്രയത്വം:** തങ്ങളുടെ സങ്കടങ്ങളും സംശയങ്ങളും മാതാപിതാക്കളോട് പറയുന്നതിന് പകരം കോടിക്കണക്കിന് കുട്ടികൾ ഇന്ന് കൃത്രിമബുദ്ധി ചാറ്റ്ബോട്ടുകളോടാണ് തുറന്നുപറയുന്നത്. ഇത് അവരിൽ വലിയൊരു വൈകാരിക അടിമത്തം സൃഷ്ടിക്കുന്നുണ്ട്.

### 2. അദൃശ്യമായ വിവരശേഖരണവും കുട്ടികളുടെ സ്വകാര്യതാ ലംഘനങ്ങളും

കളിപ്പാട്ടങ്ങളിലൂടെയും ആപ്ലിക്കേഷനുകളിലൂടെയും കുട്ടികളുടെ അതീവ രഹസ്യമായ വിവരങ്ങൾ കമ്പനികൾ ചോർത്തുന്നുണ്ട്.

**അറിയാതെ പോകുന്ന ട്രാക്കിംഗ്:** കുട്ടികൾ കളിപ്പാട്ടങ്ങളോട് സംസാരിക്കുന്ന ഓരോ വാക്കും അവ പ്രകടിപ്പിക്കുന്ന വൈകാരിക വ്യതിയാനങ്ങളും സെർവറുകളിൽ കൃത്യമായി രേഖപ്പെടുത്തപ്പെടുന്നുണ്ട്. എന്താണ് സംഭവിക്കുന്നത് എന്ന് തിരിച്ചറിയാനോ ഇതിന് അനുവാദം നൽകാനോ ഉള്ള പ്രായം ഈ കുട്ടികൾക്കില്ല.

**പ്രത്യയശാസ്ത്ര അടിച്ചേൽപ്പിക്കലുകൾ:** ഇന്റർനെറ്റിലെ വലിയ വിവരശേഖരത്തിൽ നിന്ന് കാര്യങ്ങൾ പഠിച്ചെടുക്കുന്ന ഈ യന്ത്രങ്ങൾ പലപ്പോഴും വംശീയമായോ ലിംഗപരമായോ ഉള്ള കടുത്ത വിവേചനങ്ങൾ കുട്ടികളുടെ മനസ്സിലേക്ക് കുത്തിവെക്കാൻ സാധ്യതയുണ്ട്. ഇത് കുട്ടികളിൽ ചെറുപ്പത്തിൽ തന്നെ തെറ്റായ സങ്കല്പങ്ങൾ വളർത്താൻ കാരണമാകും.

**വാണിജ്യപരമായ കെണികൾ:** കുട്ടികളുടെ താല്പര്യങ്ങൾ മനസ്സിലാക്കി അവർക്ക് പ്രിയപ്പെട്ട ഉൽപ്പന്നങ്ങൾ വാങ്ങാൻ അവരെ പ്രേരിപ്പിക്കുന്ന തരത്തിലുള്ള പരസ്യ തന്ത്രങ്ങളും ഈ അൽഗോരിതങ്ങൾ ഒളിച്ചുകടത്തുന്നുണ്ട്.

### 3. വിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങളും കൺഫെൻമെന്റ് ഭീഷണിയും

ക്ലാസ് മുറികളിലേക്ക് കൃത്രിമബുദ്ധി കടന്നുവരുന്നത് കുട്ടികളുടെ ചിന്താശേഷിയെ പരിമിതപ്പെടുത്തുന്നുണ്ട്.

**വ്യക്തിഗത പഠനത്തിന്റെ പരിധികൾ:** കുട്ടികളുടെ താല്പര്യങ്ങൾക്ക് അനുസരിച്ച് മാത്രം സിലബസുകൾ മാറ്റുന്ന വിർച്വൽ അധ്യാപകർ അവരുടെ അറിവിന്റെ ലോകത്തെ ചുരുക്കിക്കളയുകയാണ്. പുതിയ കാര്യങ്ങൾ കണ്ടെത്താനുള്ള കൗതുകത്തിന് പകരം കംഫർട്ട് സോണിൽ ഒതുങ്ങാൻ ഇത് കുട്ടികളെ പ്രേരിപ്പിക്കുന്നു.

**സ്വന്തമായി ചിന്തിക്കാനുള്ള ശേഷി നഷ്ടപ്പെടുന്നു:** ഹോംവർക്കുകളും പ്രോജക്റ്റുകളും ചെയ്യാൻ പൂർണ്ണമായും യന്ത്രങ്ങളെ ആശ്രയിക്കുന്നതിലൂടെ കുട്ടികളുടെ സർഗ്ഗാത്മകതയും പ്രശ്നങ്ങൾ സ്വയം പരിഹരിക്കാനുള്ള കഴിവും ഇല്ലാതാകുന്നു.

**അനുകരണ ശൈലിയിലെ അപകടങ്ങൾ:** കൃത്രിമബുദ്ധി എഴുത്തുകളിൽ ആവർത്തിച്ചു വരുന്ന ചില പ്രത്യേക വാക്കുകൾ കുട്ടികൾ തങ്ങളുടെ ദൈനംദിന സംഭാഷണങ്ങളിൽ ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ടെന്ന് ഗവേഷകർ ചൂണ്ടിക്കാണിക്കുന്നു. ഇത് അവരുടെ സ്വന്തം ഭാഷാ ശൈലിയെ നശിപ്പിക്കുന്നു.

**യൂണിസെഫിന്റെ കടുത്ത മുന്നറിയിപ്പുകൾ:** കൃത്രിമബുദ്ധി ഭരണക്രമങ്ങളിൽ കുട്ടികളുടെ സുരക്ഷയ്ക്ക് ഒന്നാമത്തെ മുൻഗണന നൽകണമെന്ന് യൂണിസെഫ് ആഗോള ഗവൺമെന്റുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. കടുത്ത സുരക്ഷാ കവചങ്ങളില്ലാതെ ഇത്തരം ഉൽപ്പന്നങ്ങൾ വിപണിയിൽ ഇറക്കരുതെന്നാണ് അവരുടെ നിലപാട്.

സാങ്കേതികവിദ്യകൾ എത്രതന്നെ പുരോഗമിച്ചാലും കുട്ടികൾക്ക് വളരാൻ യന്ത്രങ്ങളല്ല, മറിച്ച് മാതാപിതാക്കളുടെ സാന്നിധ്യവും സ്നേഹവുമാണ് അനിവാര്യം. അൽഗോരിതങ്ങൾക്ക് കുട്ടികളുടെ ചിന്തകളെ വിട്ടുകൊടുക്കാതെ, അവരെ കൂടുതൽ സ്നേഹത്തോടെയും ശ്രദ്ധയോടെയും ചേർത്തുനിർത്താൻ മാതാപിതാക്കൾ തയ്യാറാകേണ്ടതുണ്ട്.



# ബോളിവുഡ് ഗോസിപ്പുകൾ അറിയാൻ ഏറെ താൽപര്യം, നിക്കിന് രഹസ്യ അക്കൗണ്ടുകൾ ഉണ്ടെന്ന് പ്രിയങ്ക

ബോളിവുഡ് താരങ്ങളുടെ പ്രണയവും ബ്രേക്കപ്പും ഉൾപ്പെടെയുള്ള ചൂടൻ ഗോസിപ്പുകൾ അറിയാൻ പ്രിയങ്ക ചോപ്ര ആശ്രയിക്കുന്നത് ഭർത്താവും പോപ്പ് ഗായകനുമായ നിക്ക് ജോനാസിനെ. ജോനാസ് ബ്രദേഴ്സിന്റെ ഔദ്യോഗിക പോഡ്കാസ്റ്റിലാണ് ബോളിവുഡ് വിശേഷങ്ങൾ അറിയാനുള്ള നിക്കിന്റെ അപ്രതീക്ഷിത താല്പര്യത്തെക്കുറിച്ച് പ്രിയങ്ക രസകരമായ വെളിപ്പെടുത്തലുകൾ നടത്തിയത്. സുഹൃത്തുക്കൾക്ക് അന്വേഷണം അറിയിക്കാൻ പ്രിയങ്ക നിക്കിനോട് പറയുമ്പോഴാണ് പലപ്പോഴും അവർ വേർപിരിഞ്ഞ വിവരം നിക്ക് പ്രിയങ്കയെ അറിയിക്കുന്നത്. 'പലപ്പോഴും ഞാൻ ആർക്കെങ്കിലും മെസ്സേജ് അയക്കുമ്പോഴോ മറ്റോ ആയിരിക്കും അവരുടെ വിശേഷങ്ങൾ ചോദിക്കാൻ നിക്കിനോട് പറയുന്നത്. എന്നാൽ 'ഇല്ല, അവർ ബ്രേക്കപ്പായി' എന്ന് നിക്ക് അപ്പോൾ പറയും. അപ്പോഴാണ് ഞാൻ ആ വിവരം തന്നെ അറിയുന്നത്,' പ്രിയങ്ക ചിരിച്ചുകൊണ്ട് പറഞ്ഞു. വീട്ടിൽ ഈ വാർത്തകൾ എങ്ങനെയാണ് അവതരിപ്പിക്കാറുള്ളത് എന്ന കെവിൻ ജോനാസിന്റെ ചോദ്യത്തിന് മറുപടി നൽകുകയായിരുന്നു താരം. ചില ബോളിവുഡ് ഗോസിപ്പ് പേജുകൾ താൻ രഹസ്യമായി പിന്തുടരുന്നുണ്ടെന്ന് നിക്ക് ജോനാസ് സമ്മതിച്ചു. എന്നാൽ ആ അക്കൗണ്ടുകളുടെ പേരുകൾ വെളിപ്പെടുത്താൻ താരം തയ്യാറായില്ല. ഹോളിവുഡിലെ പ്രശസ്തമായ ഗോസിപ്പ് പ്ലാറ്റ്ഫോമായ 'DeuxMoi'യുടെ ബോളിവുഡ് പതിപ്പാണോ അതെന്ന സഹോദരൻ ജോയുടെ ചോദ്യത്തിന് നിക്ക് അതെ എന്ന് മറുപടി നൽകി. ബോളിവുഡിലെ സെലിബ്രിറ്റികളുടെ മാറിമറിയുന്ന കഥകൾ അറിയാൻ തനിക്ക് വലിയ താല്പര്യമാണെന്നും അതിൽ മികച്ച 'ഗോസിപ്പുകൾ' ലഭിക്കാറുണ്ടെന്നും നിക്ക് പറഞ്ഞു. എന്നാൽ തന്നെ ഈ പ്രശ്നങ്ങളിലേക്ക് വലിച്ചിഴയ്ക്കരുതെന്ന് പ്രിയങ്ക തമാശയായി ഇതിനിടെ പറയുന്നുണ്ടായിരുന്നു.

## തന്റെ ബയോപിക് ചെയ്യാൻ ദീപിക പദുകോൺ അനുയോജ്യയെന്ന് ഹേമമാലിനി



ബോളിവുഡിന്റെ എക്കാലത്തെയും പ്രിയപ്പെട്ട 'ഡ്രീം ഗേൾ' ഹേമമാലിനി ഇന്ത്യൻ ചലച്ചിത്ര രംഗത്ത് 60 വർഷം പൂർത്തിയാക്കുകയാണ്. ഈ സപ്തതി നിറവിലും തിളങ്ങിനിൽക്കുന്ന താരത്തിന്റെ ജീവിതം വരുംകാലത്ത് ഒരു ബയോപിക് സിനിമയായി പ്രേക്ഷകരിലേക്ക് എത്തുമെന്നത് തീർച്ചയാണ്. ഇപ്പോഴിതാ, തന്റെ ജീവിതം സിനിമയാക്കുകയാണെങ്കിൽ അതിൽ പ്രധാന വേഷം ചെയ്യാൻ ഏറ്റവും അനുയോജ്യയായ നടി ആരായിരിക്കുമെന്ന് വെളിപ്പെടുത്തിയിരിക്കുകയാണ് ഹേമമാലിനി.ഒരു പരിപാടിയിൽ സംസാരിക്കവെയാണ്, ബയോപിക്കിൽ ദീപിക പദുകോൺ അഭിനയിക്കുന്നതിനോടുള്ള തന്റെ താല്പര്യം താരം വ്യക്തമാക്കിയത്.ബയോപിക്കിൽ ദീപിക അഭിനയിക്കുന്നതിനെക്കുറിച്ച് ചോദിച്ചപ്പോൾ ഹേമമാലിനിയുടെ പ്രതികരണം ഇങ്ങനെയായിരുന്നു:'അവൾക്ക് ആഗ്രഹമുണ്ടെങ്കിൽ അത് ചെയ്യാൻ കഴിയും. തീർച്ചയായും ആർക്കും അത് ചെയ്യാൻ സാധിക്കും. ദീപിക സുന്ദരിയും അതോടൊപ്പം തന്നെ വളരെ കഴിവുമുള്ള ഒരു കുട്ടിയാണ്.' ഹേമമാലിനിയുടെ ഈ വാക്കുകൾ ദീപികാ ആരാധകരെയും സിനിമാ പ്രേമികളെയും ഒരേപോലെ ആവേശത്തിലാക്കിയിട്ടുണ്ട്.ഹേമമാലിനിയും ദീപികയും തമ്മിൽ മുൻപും ഇത്തരം ചില രസകരമായ ബന്ധങ്ങളുണ്ടായിട്ടുണ്ട്. 2017-ൽ പുറത്തിറങ്ങിയ ഹേമമാലിനിയുടെ ജീവചരിത്ര പുസ്തകമായ 'ഹേമ മാലിനി: ബിയോണ്ട് ദി ഡ്രീം ഗേൾ' പ്രകാശനം ചെയ്യാൻ ഹേമ പ്രത്യേകം തിരഞ്ഞെടുത്തത് ദീപികയെയായിരുന്നു.

## 'ഡച്ചസ്' വിവാദം; മേഗന്റെ പുതിയ ഷോ ബഹിഷ്കരിക്കാൻ ആഹ്വാനം



ഹോളിവുഡിന്റെ വെള്ളിത്തിരയിൽ നിന്ന് ബ്രിട്ടീഷ് രാജകുടുംബത്തിന്റെ മരുമകളായും, പിന്നീട് അവിടെനിന്നും പടിയിറങ്ങി വാർത്തകളിൽ നിറഞ്ഞ മേഗൻ മാർക്കിൾ മറ്റൊരു വമ്പൻ വിവാദത്തിലേക്ക്. പ്രശസ്ത റിയാലിറ്റി ഷോയായ 'മാസ്റ്റർഷെഫ് ആസ്ട്രേലിയ'യിൽ ഗസ്റ്റ് ജഡ്ജായി എത്താനൊരുങ്ങുന്ന മേഗനെതിരെ സോഷ്യൽ മീഡിയയിൽ കനത്ത പ്രതിഷേധമാണ് ഉയരുന്നത്. രാജകീയ ചുമതലകൾ ഉപേക്ഷിച്ചിട്ടും 'ഡച്ചസ് ഓഫ് സസെക്സ്' എന്ന പദവി വിട്ടുകളയാത്ത മേഗന്റെ ഇരട്ടത്താപ്പാണ് ഇപ്പോൾ പ്രേക്ഷകരെ പ്രകോപിപ്പിച്ചിരിക്കുന്നത്. ആസ്ട്രേലിയയിലെ പ്രമുഖ ചാനലായ 'ചാനൽ 10' ആണ് മേഗൻ മാർക്കിൾ എത്തുന്ന വിവരം പുറത്തുവിട്ടത്. ജൂലൈ 26-ന് സംപ്രേഷണം ചെയ്യുന്ന പ്രത്യേക എപ്പിസോഡിൽ മേഗൻ ജഡ്ജായെത്തും. കഴിഞ്ഞ ഏപ്രിലിൽ നടത്തിയ ആസ്ട്രേലിയൻ സന്ദർശനത്തിനിടയിലായിരുന്നു ഇതിന്റെ ചിത്രീകരണം.മികച്ച ഭക്ഷണത്തോടും പാചകത്തോടുമുള്ള തന്റെ താല്പര്യം പങ്കുവെക്കാൻ മേഗൻ എത്തുന്നുവെന്ന പ്രൊമോഷണൽ പോസ്റ്റ് വന്നതിന് പിന്നാലെ വലിയ രീതിയിലുള്ള സൈബർ ആക്രമണമാണ് കമന്റ് ബോക്സിൽ ഉയർന്നത്. ഷോ ബഹിഷ്കരിക്കുമെന്നാണ് പല പ്രേക്ഷകരും പരസ്യമായി പ്രഖ്യാപിച്ചിരിക്കുന്നത്.പ്രൊമോ പോസ്റ്റുകളിൽ മേഗനെ 'ഡച്ചസ് ഓഫ് സസെക്സ്' എന്ന് വിശേഷിപ്പിച്ചതാണ് വിവാദങ്ങൾക്ക് തിരികൊളുത്തിയത്.



## ആദ്യ ശമ്പളം 500 രൂപ, ഇന്ന് 100 കോടി!

ആറ് പതിറ്റാണ്ടിലേറെ നീണ്ടുനിൽക്കുന്ന വിസ്മയകരമായ ഒരു ചലച്ചിത്ര ജീവിതമാണ് ഉലക നായകൻ കമലഹാസന്റേത്. ഒരു ബാലതാരമായി സിനിമാരംഗത്തേക്ക് കടന്നുവന്ന് പിന്നീട് നടൻ, സംവിധായകൻ, എഴുത്തുകാരൻ, നിർമ്മാതാവ്, സംരംഭകൻ എന്നീ നിലകളിലെല്ലാം അദ്ദേഹം സ്വയം അടയാളപ്പെടുത്തി. കമലഹാസന്റെ ഈ അസാധാരണമായ വളർച്ച അദ്ദേഹത്തിന്റെ പ്രതിഫലത്തിന്റെ കാര്യത്തിലും വ്യക്തമായി കാണാൻ സാധിക്കും.1960-ൽ പുറത്തിറങ്ങിയ 'കളത്തൂർ കണ്ണമ്മ' എന്ന ക്ലാസിക് ചിത്രത്തിലൂടെ ബാലതാരമായി അരങ്ങേറ്റം കുറിച്ചപ്പോൾ കമലഹാസന് ലഭിച്ച ആദ്യ ശമ്പളം വെറും 500 രൂപയായിരുന്നു.പിന്നീട് വർഷങ്ങൾക്ക് ശേഷം 'അപൂർവ്വ രാഗങ്ങൾ' എന്ന ചിത്രത്തിലൂടെ നായകനായി ബ്രേക്ക് ലഭിച്ചപ്പോൾ 5,000 രൂപയാണ് അദ്ദേഹം പ്രതിഫലമായി വാങ്ങിയത്.80-കളിലും 90-കളുടെ തുടക്കത്തിലും അദ്ദേഹത്തിന്റെ മാർക്കറ്റ് മൂല്യം കുതിച്ചുയർന്നു. ഒടുവിൽ 1994-ൽ 'മഹാനദി' എന്ന ചിത്രത്തിന് 1 കോടി രൂപ പ്രതിഫലം വാങ്ങിക്കൊണ്ട് ഒരു സിനിമയ്ക്ക് ഒരു കോടി രൂപ വാങ്ങുന്ന ആദ്യ ഇന്ത്യൻ നടൻ എന്ന ചരിത്രം കമലഹാസൻ കുറിച്ചു.ഒരു നിശ്ചിത ശമ്പളം വാങ്ങുന്നതിന് പകരം സിനിമയുടെ ലാഭവിഹിതം പങ്കിടുന്ന രീതിക്ക് തുടക്കമിട്ടവരിൽ പ്രമുഖനാണ് കമലഹാസൻ. 'അവ്വൈ ഷണ്മുഖി' എന്ന വമ്പൻ ഹിറ്റ് ചിത്രത്തിന് പ്രതിഫലമായി നിശ്ചയിച്ചിരുന്ന 1.5 കോടി രൂപ വാങ്ങുന്നതിന് പകരം, കമലഹാസൻ തിരഞ്ഞെടുത്തത് സിനിമയുടെ നാല് മേഖലകളിലെ വിതരണാവകാശമായിരുന്നു. ഈ ഒരു ബിസിനസ്സ് ബുദ്ധിയിലൂടെ സാധാരണ പ്രതിഫലത്തേക്കാൾ എത്രയോ മടങ്ങ് അധികം, ഏകദേശം 5 കോടി രൂപ അദ്ദേഹം നേടിയെടുത്തു.ഈ ഒരു മാതൃക പിന്നീട് ഇന്ത്യൻ സിനിമയിലെ മറ്റ് മുൻനിര താരങ്ങൾക്കും നിർമ്മാതാക്കൾക്കും വലിയൊരു പ്രചോദനമായി മാറി. ടെലിവിഷൻ ലോകവും കമലഹാസന്റെ വരുമാനത്തിൽ വലിയ മാറ്റങ്ങൾ വരുത്തി.കൽക്കി 2898 എ.ഡി ചിത്രത്തിലെ അഭിനയത്തിന് 130 കോടി രൂപയും, ഇതിന്റെ വരാനിരിക്കുന്ന രണ്ടാം ഭാഗത്തിനായി ഏകദേശം 150 കോടി രൂപയുമാണ് താരം പ്രതിഫലമായി വാങ്ങുന്നത്.

# ‘നോവ’ ഒടുവിൽ വെള്ളിത്തിരയിലേക്ക്

മാർവൽ ആരാധകർ ഏറെ നാളായി കാത്തിരിക്കുന്ന സൂപ്പർഹീറോ കഥാപാത്രമായ ’നോവ’ ഒടുവിൽ വെള്ളിത്തിരയിലേക്ക് എത്തുന്നു. മാർവൽ സിനിമാറ്റിക് യൂണിവേഴ്സിന്റെ വിഖ്യാത പരമ്പരയായ ’ലോക്കി’യുടെയും ഡോക്ടർ സ്ട്രേഞ്ച് ഇൻ ദ മൾട്ടിവേഴ്സ് ഓഫ് മാഡ്നസ്സ്’ എന്ന ചിത്രത്തിന്റെയും പിന്നിൽ പ്രവർത്തിച്ച മൈക്കൽ വാൽഡ്രൺ ആണ് ഈ പുതിയ ചിത്രം എഴുതി സംവിധാനം ചെയ്യാനൊരുങ്ങുന്നത്.പ്രാരംഭ ഘട്ടത്തിലുള്ള ഈ ചിത്രത്തിന്റെ കൂടുതൽ വിവരങ്ങൾ അണിയറപ്രവർത്തകർ പുറത്തുവിട്ടിട്ടില്ല. പ്രൊജക്റ്റ്നേരത്തെ ഡിസ്നി പ്ലസിന് ഒരു വെബ് സീരീസായാണ് നോവയുടെ പ്രൊജക്റ്റ് വിഭാവനം ചെയ്തിരുന്നത്. ’മൂൺ നൈറ്റ്’ എന്ന പരമ്പരയുടെ തിരക്കഥാകൃത്തായ സാബിർ പിർസാദയായിരുന്നു അന്ന് ഇതിനായി തിരക്കഥ എഴുതിയിരുന്നത്. എന്നാൽ കഴിഞ്ഞ വർഷം ചില കാരണങ്ങളാൽ ഈ സീരീസ് പദ്ധതി മാർവൽ സ്റ്റുഡിയോസ് ഉപേക്ഷിക്കുകയായിരുന്നു. ഇപ്പോൾ പ്രൊജക്റ്റ് ഒരു ബിഗ് സ്ക്രീൻ ഫീച്ചർ ഫിലിം ആയി മാറ്റാനും, അതിന്റെ പൂർണ്ണ ചുമതല മൈക്കൽ വാൽഡ്രണെ ഏൽപ്പിക്കാനും മാർവൽ തീരുമാനിക്കുകയായിരുന്നു. 1976-ൽ പുറത്തിറങ്ങിയ ’സൂപ്പർ അഡ്വഞ്ചേഴ്സ്’ കോമിക്കിലൂടെയാണ് നോവ എന്ന കഥാപാത്രം ആദ്യമായി ആരാധകർക്ക് മുന്നിലെത്തുന്നത്. ഗാലക്സിയിലെ ക്രമസമാധാനം കാത്തുസൂക്ഷിക്കുന്ന ’നോവ കോർപ്സ്’ എന്ന ബഹിരാകാശ പോലീസ് സേനയിലെ അംഗമാണ് നോവ. അമാനുഷികമായ കരുത്ത്, അതിവേഗത്തിൽ പറക്കാനുള്ള കഴിവ്, പരിക്കുകളെ പ്രതിരോധിക്കാനുള്ള ശേഷി എന്നിവയാണ് നോവയുടെ പ്രധാന ശക്തികൾ. മാർവലിലെ വാൽഡ്രൺ യുഗംമാർവൽ സ്റ്റുഡിയോസുമായി അടുത്ത ബന്ധമുള്ള എഴുത്തുകാരനാണ് മൈക്കൽ വാൽഡ്രൺ.





# ഹോളിവുഡിൽ അരങ്ങേറ്റത്തിന് പിങ്ക് പാന്തറസ്

പ്രശസ്ത ബ്രിട്ടീഷ് പോപ്പ് ഗായിക പിങ്ക്പാന്തറസ് അഭിനയരംഗത്തേക്ക് ചുവടുവെക്കുന്നു. ഓസ്കാർ ജേതാക്കളായ ’എവരിതിങ് എവരിവെയർ ഓൾ അറ്റ് വൺസ്’ എന്ന ചിത്രത്തിന്റെ സംവിധായകരായ ഡാനിയൽ ക്വാൻ, ഡാനിയൽ ഷീനർട്ട് എന്നിവർ ഒരുക്കുന്ന പുതിയ ചിത്രത്തിലൂടെയാണ് താരം ഹോളിവുഡിൽ അരങ്ങേറ്റം കുറിക്കുന്നത്. ഹോളിവുഡ് സൂപ്പർ താരം മാറ്റ് ഡാമൻ ആണ് ഈ ബിഗ് ബജറ്റ് ചിത്രത്തിൽ പ്രധാന വേഷത്തിലെത്തുന്നത്.യൂണിവേഴ്സൽ സ്റ്റുഡിയോസ് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ പേരോ കഥയോ കഥാപാത്രങ്ങളെക്കുറിച്ചുള്ള വിവരങ്ങളോ അണിയറപ്രവർത്തകർ ഇതുവരെ പുറത്തുവിട്ടിട്ടില്ല. മാറ്റ് ഡാമനും പിങ്ക്പാന്തറസിനും പുറമെ സാന്ദ്ര ഓ, ചാർളി മെൽട്ടൺ തുടങ്ങി വലിയൊരു താരനിര തന്നെ ചിത്രത്തിൽ അണിനിരക്കുന്നു്. ഡാനിയൽസും ജോനാഥൻ വാങ്ങും ചേർന്നാണ് ഈ ചിത്രം നിർമ്മിക്കുന്നത്. 2027-ലാണ് സിനിമ തിയേറ്ററുകളിൽ എത്തുക. വിക്ടോറിയ വാക്കർ എന്ന യഥാർത്ഥ പേരുള്ള പിങ്ക്പാന്തറസ് 2019-ലാണ് സംഗീത ലോകത്ത് സജീവമാകുന്നത്. 2021-ലെ ’ടു ഹെൽ വിത്ത് ഇറ്റ്’ എന്ന മിക്സ് ടേപ്പിലൂടെ ശ്രദ്ധേയയായ താരം, 2023-ൽ ’ഹെവൻ നോസ്’ എന്ന ആദ്യ സ്റ്റുഡിയോ ആൽബം പുറത്തിറക്കി.2025-ൽ പുറത്തിറങ്ങിയ ’ഫാൻസി ദാറ്റ്’ എന്ന ആൽബത്തിലെ ’ഇല്ലീഗൽ’ എന്ന ട്രാക്കിലൂടെ മികച്ച ഡാൻസ് പോപ്പ് റെക്കോർഡിംഗ് ഉൾപ്പെടെ ര് ഗ്രാമി നാമനിർദ്ദേശങ്ങൾ സ്വന്തമാക്കിയ ശേഷമാണ് താരം ഇപ്പോൾ സിനിമാ ലോകത്തേക്ക് ചുവടുവെക്കുന്നത്.

## ‘ദി കൺജറിംഗ്’ പ്രീക്വൽ വരുന്നു; ഗാരറ്റ് വേറിങ്ങും അമാൻഡയും മുഖ്യ വേഷത്തിൽ




ഹൊറർ സിനിമാ പ്രേമികളെ ഒന്നടങ്കം ഭയപ്പെടുത്തുകയും ആവേശം കൊള്ളിക്കുകയും ചെയ്ത ’ദി കൺജറിംഗ്’ പരമ്പരയിലെ പുതിയ ചിത്രം പ്രഖ്യാപിച്ചു. ലോകമെമ്പാടും വലിയ വിജയമായി മാറിയ ഈ ഫ്രാഞ്ചൈസിയിലെ പുതിയ ചിത്രത്തിന് ’ദി കൺജറിംഗ്: ഫസ്റ്റ് കമ്മ്യൂണിയൻ’ എന്നാണ് പേരിട്ടിരിക്കുന്നത്. പ്രശസ്ത പാരനോർമൽ ഗവേഷകരായ എഡ് വാറൻ, ലൊറൈൻ വാറൻ എന്നിവരുടെ ചെറുപ്പകാലത്തെ കഥ പറയുന്ന ഒരു പ്രീക്വൽ ചിത്രമായിരിക്കും ഇത്. പുതിയ എഡ് വാറനും ലൊറൈൻ വാറനും ഇതുവരെയുള്ള ചിത്രങ്ങളിൽ പാട്രിക് വിൽസണും വേര ഫാർമിഗയുമാണ് ഈ ദമ്പതികളെ അവതരിപ്പിച്ചിരുന്നതെങ്കിൽ, പുതിയ ചിത്രത്തിൽ ഇവരുടെ ചെറുപ്പകാലം അവതരിപ്പിക്കാൻ യുവതാരങ്ങളെയാണ് അണിയറപ്രവർത്തകർ നിശ്ചയിച്ചിരിക്കുന്നത്. ഗാരറ്റ് വേറിങ് നടനാണ് ചെറുപ്പക്കാരനായ എഡ് വാറൻ ആയി വേഷമിടുന്നത്. ’മാനിഫെസ്റ്റ്’, ’റാൻസം കാന്യൻ’ തുടങ്ങിയ ജനപ്രിയ പരമ്പരകളിലൂടെ ശ്രദ്ധേയനാണ് ഗാരറ്റ്. കനേഡിയൻ നടിയായ അമാൻഡ ഫിക്സ് യുവതിയായ ലൊറൈൻ വാറൻ ആയി അഭിനയിക്കും. എക്കോസ്’, ’ഹൈ സ്കൂൾ’ തുടങ്ങിയ ചിത്രങ്ങളിലൂടെയും സീരീസുകളിലൂടെയും പ്രശസ്തയാണ് താരം. റോഡ്രിഗ് ഹുവാർട്ട് സംവിധാനം ചെയ്യുന്ന ഈ ചിത്രത്തിന് തിരക്കഥയൊരുക്കുന്നത് ’ദി നൺ 2’, ’ദി കൺജറിംഗ്: ലാസ്റ്റ് റൈറ്റ്സ്’ എന്നീ ചിത്രങ്ങളുടെ തിരക്കഥാകൃത്തുക്കളായ ഇയാൻ ഗോൾഡ്ബെർഗും റിച്ചാർഡ് നെയ്ംഗും ചേർന്നാണ്. സിനിമയുടെ ചിത്രീകരണം ഇതിനോടകം തന്നെ ആരംഭിച്ചുകഴിഞ്ഞു.

## അനിരുദ്ധ് രവിചന്ദറിനൊപ്പം വേടൻ



തമിഴിൽ ഏറ്റവും ആരാധകരുള്ള സംഗീത സംവിധായകനായ അനിരുദ്ധ് രവിചന്ദറിനൊപ്പം മലയാളികളുടെ പ്രിയ റാപ്പർ ആയ വേടൻ. അരുൺ മാതേശ്വരൻ സംവിധാനം ചെയ്യുന്ന ഡിസി എന്ന ചിത്രത്തിലാണ് ഈ എക്സൈറ്റിംഗ് കോമ്പോ എന്നാണ് സൂചന. അനിരുദ്ധിനൊപ്പം സ്റ്റുഡിയോയിൽ നിന്നുള്ള ചിത്രം വേടൻ തന്നെ സോഷ്യൽ മീഡിയയിൽ പങ്കുവച്ചതോടെയാണ് സിനിമാപ്രേമികൾക്കിടയിൽ ഇത് ചർച്ചയായത്. ഇത് ഡിസി എന്ന ചിത്രത്തിന് വേിയുള്ളതാണെന്ന് നിരവധി പോസ്റ്റുകൾ വരുന്നു്. എന്നാൽ ചിത്രം പങ്കുവച്ചു എന്നല്ലാതെ കൂടുതലൊന്നും വേടൻ പോസ്റ്റിൽ അറിയിച്ചിട്ടില്ല. എങ്കിലും ഇത് കൊളാബറേഷൻ തന്നെയാണെന്ന വിശ്വാസത്തിലാണ് ആസ്വാദകർ.റോക്കിയും ക്യാപ്റ്റൻ മില്ലറുമൊക്കെ ഒരുക്കിയ അരുൺ മാതേശ്വരൻറെ ഏറ്റവും പുതിയ ചിത്രമാണ് റോക്കി. സംവിധായകൻ ലോകേഷ് കനകരാജ് ആണ് നായകൻ. വമിക ഗബ്ബിയാണ് നായിക. ലോകേഷിൻറെ നായക കഥാപാത്രമായ ദേവദാസും വമികയുടെ ചന്ദ്രയും ചേർന്നാണ് ചിത്രത്തിൻറെ ഡിസി എന്ന ടൈറ്റിൽ രൂപപ്പെട്ടിരിക്കുന്നത്. നേരത്തെ പുറത്തെത്തിയ ചിത്രത്തിന്റെ ട്രെയ്‌ലർ പ്രേക്ഷകശ്രദ്ധ നേടിയിരുന്നു. ആക്ഷനും ഇമോഷനും ഡ്രാമയും ഒക്കെ ചേരുന്ന ഒരു ചിത്രമാവും ഇതെന്ന സൂചന തരുന്നതായിരുന്നു ട്രെയ്‌ലർ.

# ബ്രിട്ടീഷ് വിപണി ഇനി ഭാരതത്തിന് സ്വന്തം! ചരിത്രപരമായ ഇന്ത്യയുകെ വ്യാപാര കരാർ പ്രാബല്യത്തിൽ



സ്വതന്ത്ര ഭാരതത്തിന്റെ സാമ്പത്തികവാണിജ്യ ചരിത്രത്തിൽ സുവർണ്ണ അക്ഷരങ്ങളാൽ അടയാളപ്പെടുത്തേണ്ട ഒരു പുതിയ നയതന്ത്ര അധ്യായത്തിന് ഇന്ന് ഔദ്യോഗികമായി തുടക്കം കുറിച്ചിരിക്കുകയാണ്. ഇന്ത്യയും യുണൈറ്റഡ് കിംഗ്ഡവും തമ്മിൽ ദീർഘനാളായി ചർച്ച ചെയ്തുവന്ന സമഗ്ര സാമ്പത്തിക പങ്കാളിത്ത വ്യാപാര കരാർ അഥവാ സിഇടിഎ ഇന്ന് മുതൽ പൂർണ്ണമായും പ്രാബല്യത്തിൽ വന്നു. ന്യൂഡൽഹിയിലെ വിദേശകാര്യവാണിജ്യ മന്ത്രാലയങ്ങളിൽ നിന്നും ലണ്ടനിലെ ഡൗണിംഗ് സ്ട്രീറ്റിൽ നിന്നും പുറത്തുവരുന്ന ഔദ്യോഗിക വിവരങ്ങൾ പ്രകാരം, ബ്രിട്ടീഷ് വിപണിയിലേക്ക് കടന്നുപോകുന്ന 99 ശതമാനം ഇന്ത്യൻ ഉൽപ്പന്നങ്ങൾക്കും ഇനി മുതൽ യാതൊരുവിധ ഇറക്കുമതി ചുങ്കവുമില്ലാതെ സുഗമമായി പ്രവേശിക്കാം.

ബ്രെക്സിറ്റിന് ശേഷം യുകെ ഒപ്പുവെക്കുന്ന ഏറ്റവും വലിയ ഈ ആഗോള വ്യാപാര കരാർ ഇന്ത്യയിലെ സാധാരണക്കാരന്റെ കുടുംബ ബജറ്റിനെയും വൻകിട ബിസിനസ്സ് ശൃംഖലകളെയും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ ആഭ്യന്തര വളർച്ചയെയും എങ്ങനെ മാറ്റിമറിക്കാൻ പോകുന്നു എന്നതിനെക്കുറിച്ചുള്ള സമഗ്രമായ വിശകലനം താഴെ നൽകുന്നു:

കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയലും ബ്രിട്ടീഷ് ബിസിനസ്സ് ആൻഡ് ട്രേഡ് സെക്രട്ടറി പീറ്റർ കൈലും സംയുക്തമായി പ്രഖ്യാപിച്ച ഈ കരാർ ഇരുരാജ്യങ്ങളും തമ്മിലുള്ള വാണിജ്യ ബന്ധത്തെ മറ്റൊരു തലത്തിലേക്ക് ഉയർത്തുന്ന ഒന്നാണ്. കരാറിന്റെ ആദ്യ ഘട്ടമെന്നോണം യുകെ തങ്ങളുടെ 96.8 ശതമാനം താരിഫ് ലൈനുകളിലെയും നികുതി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. ഇത് വരും വർഷങ്ങളിൽ ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരം പ്രതിവർഷം 25.5 ബില്യൺ പൗണ്ടിലധികം വർദ്ധിപ്പിക്കുമെന്നാണ് ലണ്ടനിലെ ധനകാര്യ സ്ഥാപനങ്ങൾ കണക്കാക്കുന്നത്.

### ഇന്ത്യൻ ഉദ്യോഗാർത്ഥികൾക്ക് വൻ നേട്ടമായി ഡബിൾ കോൺട്രിബ്യൂഷൻ കൺവെൻഷൻ

ഈ വ്യാപാര കരാറിന്റെ ഏറ്റവും വലിയ സവിശേഷത അത് കേവലം ചരക്കു കൈമാറ്റത്തിൽ മാത്രം ഒതുങ്ങുന്നില്ല എന്നതുതന്നെയാണ്.

**സാമൂഹിക സുരക്ഷിതത്വ നികുതിയിലെ വൻ ഇളവ്:** യുകെയിൽ താല്കാലികമായി ജോലിക്ക് പോകുന്ന ഇന്ത്യൻ പ്രൊഫഷണലുകൾക്ക് വലിയൊരു ആശ്വാസമാണ് ഇന്ന് മുതൽ നിലവിൽ വരുന്ന ഡബിൾ കോൺട്രിബ്യൂഷൻ കൺവെൻഷൻ (DCC). മുൻപ് തങ്ങളുടെ ശമ്പളത്തിന്റെ 25 ശതമാനത്തോളം യുകെയുടെ നാഷണൽ ഇൻഷുറൻസ് സംവിധാനത്തിലേക്ക് നികുതിയായി നൽകേണ്ടി വന്നിരുന്നതും എന്നാൽ അവിടെ സ്ഥിരതാമസമല്ലാത്തതിനാൽ അതിന്റെ ആനുകൂല്യങ്ങൾ ഒന്നും ലഭിക്കാതെ നഷ്ടപ്പെട്ടിരുന്നതുമായ തുക ഇനി നൽകേണ്ടതില്ല.

**പിഎഫ് അക്കൗണ്ടുകളിലെ വൻ നിക്ഷേപം:** ഇത്തരത്തിൽ ലാഭിക്കുന്ന 25 ശതമാനം തുക ഇനി മുതൽ ജീവനക്കാരുടെ ഇന്ത്യയിലെ പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടുകളിലേക്ക് നേരിട്ട് നിക്ഷേപിക്കപ്പെടും. ഈ തുകയ്ക്ക് പൂർണ്ണമായും നികുതിരഹിതമായി 8.25 ശതമാനം വാർഷിക പലിശ ലഭിക്കുന്നത് വിദേശത്ത് ജോലി ചെയ്യുന്ന 75,000ത്തിലധികം വരുന്ന ഇന്ത്യൻ ഐടി പ്രൊഫഷണലുകളുടെ വിരമിക്കൽ കാല സമ്പാദ്യത്തിന് വലിയൊരു സുരക്ഷ നൽകും.

**യുകെ ഐടി പ്രൊഫഷണലുകളുടെ തിരിച്ചുവരവ്:** ഇതേ ചട്ടങ്ങൾ യുകെയിൽ നിന്ന് ഇന്ത്യയിലേക്ക് വരുന്ന പ്രൊഫഷണലുകൾക്കും ബാധകമാണ്. വിദേശ കമ്പനികൾക്ക് തങ്ങളുടെ വിദഗ്ധ ജീവനക്കാരെ ഡൽഹിയിലെയും ബെംഗളൂരുവിലെയും പ്രോജക്റ്റുകളിലേക്ക് ഇരട്ട നികുതി ഭാരമില്ലാതെ കൊണ്ടുവരാൻ ഇത് സഹായിക്കും.

### തൊഴിലധിഷ്ഠിത വ്യവസായങ്ങളിലെ വൻ കുതിച്ചുചാട്ടവും കയറ്റുമതി സാധ്യതകളും

ഇന്ത്യയിലെ കോടിക്കണക്കിന് സാധാരണ തൊഴിലാളികൾ ആശ്രയിക്കുന്ന പരമ്പരാഗത ഉൽപ്പാദന മേഖലകൾക്ക് ഈ വിസ ഇളവുകൾ വലിയൊരു ഉണർവ് നൽകും.

**ടെക്സ്റ്റൈൽസ് പാദരക്ഷാ മേഖലകളിലെ മുന്നേറ്റം:** മുൻപ് 4 മുതൽ 16 ശതമാനം വരെ കടുത്ത ഇറക്കുമതി ചുങ്കം നേരിട്ടിരുന്ന ഇന്ത്യൻ വസ്ത്രങ്ങൾ, തുണിത്തരങ്ങൾ, ലെതർ ഉൽപ്പന്നങ്ങൾ, പാദരക്ഷകൾ എന്നിവയ്ക്ക് ഇനി മുതൽ യുകെ വിപണിയിൽ പൂജ്യം നികുതിയിൽ പ്രവേശിക്കാം. ഇത് ബംഗ്ലാദേശ്, വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങളോട് മത്സരിച്ച് യുകെ വിപണി പിടിച്ചടക്കാൻ ഇന്ത്യൻ വ്യാപാരികളെ സഹായിക്കും.

**കൃഷികടൽ വിഭവങ്ങളുടെ വിപണി സാധ്യതകൾ:** ഇന്ത്യയിലെ കർഷകർക്കും സ്ത്രീകൾ നയിക്കുന്ന ചെറുകിട സംരംഭങ്ങൾക്കും തങ്ങളുടെ സുഗന്ധവ്യഞ്ജനങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ, പ്രോസസ്സ് ചെയ്ത ഭക്ഷ്യവസ്തുക്കൾ, സമുദ്രവിഭവങ്ങൾ എന്നിവ യുകെയിലേക്ക് നേരിട്ട് കയറ്റി അയക്കാം. ഇതിലൂടെ ഗ്രാമീണ മേഖലകളിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും.

**ഇന്ത്യൻ ഇലക്ട്രോണിക്സ് ഓട്ടോ ഘടകങ്ങൾ:** കാറുകളുടെ വിവിധ ഭാഗങ്ങൾ, എൻജിനീയറിങ് ഉൽപ്പന്നങ്ങൾ, ഓർഗാനിക് കെമിക്കലുകൾ, കളിപ്പാട്ടങ്ങൾ എന്നിവ നിർമ്മിക്കുന്ന ആഭ്യന്തര കമ്പനികൾക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ കൂടുതൽ കുറഞ്ഞ ചിലവിൽ ലണ്ടനിലെ വിപണിയിൽ വിൽക്കാൻ സാധിക്കും.

### ഇന്ത്യൻ വിപണിയിൽ വില കുറയുന്ന പ്രീമിയം ഉൽപ്പന്നങ്ങളും വാഹനങ്ങളും

കരാർ പ്രാബല്യത്തിൽ വരുന്നതോടെ ബ്രിട്ടനിൽ നിന്ന് ഇന്ത്യയിലേക്ക് വരുന്ന പല പ്രമുഖ ഉൽപ്പന്നങ്ങളുടെയും വിലയിൽ വരും ദിവസങ്ങളിൽ വലിയ കുറവുണ്ടാകും.

**സ്കോച്ച് വിസ്കിയുടെ വില കുത്തനെ താഴേക്ക്:** ഇന്ത്യയിൽ നിലവിലുണ്ടായിരുന്ന 150 ശതമാനമെന്ന കടുത്ത ഇമ്പോർട്ട് ഡ്യൂട്ടി ഇന്ന് മുതൽ ഒറ്റയടിക്ക് 75 ശതമാനമായി കുറയും. വരും വർഷങ്ങളിൽ ഇത് ഘട്ടം ഘട്ടമായി 40 ശതമാനത്തിലേക്ക് താഴ്ത്തുന്നതോടെ പ്രീമിയം വിദേശമദ്യങ്ങളുടെ വില വിപണിയിൽ പകുതിയായി കുറയും.

**ബ്രിട്ടീഷ് ലക്ഷ്വറി കാറുകളുടെ വിലക്കുറവ്:** ജാഗ്വാർ, ലാൻഡ് റോവർ, ബെന്റ്ലി തുടങ്ങിയ അത്യാധുനിക ബ്രിട്ടീഷ് നിർമ്മിത പ്രീമിയം വാഹനങ്ങളുടെ നികുതി നിലവിലുള്ള 110 ശതമാനത്തിൽ നിന്ന് പത്ത് വർഷത്തിനുള്ളിൽ വെറും 10 ശതമാനമായി കുറയ്ക്കും. നിർദ്ദിഷ്ട ക്വാട്ടകൾക്ക് കീഴിലാണ് ഈ ഇളവുകൾ അനുവദിക്കുക.

**നിത്യോപയോഗ ഉൽപ്പന്നങ്ങളിലെ മാറ്റങ്ങൾ:** യുകെയിൽ നിന്ന് വരുന്ന ചോക്ലേറ്റുകൾ, ബിസ്കറ്റുകൾ, കോസ്മെറ്റിക്സ് സൗന്ദര്യവർദ്ധക വസ്തുക്കൾ, പെർഫ്യൂമുകൾ, സോപ്പുകൾ എന്നിവയുടെ വിലയും വിപണിയിൽ കുറയും.

### ആഭ്യന്തര കർഷകരുടെ സുരക്ഷയും തന്ത്രപരമായ ഒഴിവാക്കലുകളും

വിദേശ ഉൽപ്പന്നങ്ങൾ ഇന്ത്യൻ വിപണിയിലേക്ക് വരമ്പോഴും സ്വന്തം രാജ്യത്തെ സാധാരണക്കാരുടെ ഉപജീവനമാർഗ്ഗങ്ങളെ സംരക്ഷിക്കാൻ ഇന്ത്യ അതീവ ജാഗ്രത പുലർത്തിയിട്ടുണ്ട്.

**കാർഷിക മേഖലയ്ക്ക് പൂർണ്ണ സുരക്ഷ:** ഇന്ത്യയിലെ ക്ഷീരകർഷകരെയും സാധാരണ കർഷകരെയും ബാധിക്കുന്ന ഡയറി ഉൽപ്പന്നങ്ങൾ, ആപ്പിൾ, വാൽനട്ട്, ധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, പഞ്ചസാര, അരി, മുട്ട, ചിക്കൻ എന്നിവയെ ഈ നികുതിയിളവുകളിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. ഇതിലൂടെ വിദേശ ഉൽപ്പന്നങ്ങൾ കുറഞ്ഞ വിലയ്ക്ക് ഇന്ത്യൻ വിപണിയിൽ വന്ന് ആഭ്യന്തര കൃഷിയെ തകർക്കുന്നത് തടയാൻ സാധിക്കും.

**സ്മാർട്ട്ഫോൺ പോളിമർ ഉൽപ്പന്നങ്ങൾ:** ആഭ്യന്തര ഉൽപ്പാദനം കൂട്ടാൻ ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന സ്മാർട്ട്ഫോൺ നിർമ്മാണ മേഖലയെയും പ്രധാനപ്പെട്ട കെമിക്കൽ പോളിമറുകളെയും നെഗറ്റീവ് ലിസ്റ്റിൽ നിലനിർത്തിക്കൊണ്ട് ഇന്ത്യ സംരക്ഷിച്ചിട്ടുണ്ട്.

**യുകെയുടെ കാർബൺ അതിർത്തി നികുതി വെല്ലുവിളികൾ:** വരാനിരിക്കുന്ന 2027 ജനുവരി മുതൽ യുകെ നടപ്പിലാക്കാൻ പോകുന്ന കാർബൺ ബോർഡർ അഡ്ജസ്റ്റ്മെന്റ് മെക്കാനിസം ഇന്ത്യൻ ഇരുമ്പ്, ഉരുക്ക്, അലുമിനിയം കയറ്റുമതിക്കാർക്ക് പുതിയ പരിസ്ഥിതി മാനദണ്ഡങ്ങൾ പാലിക്കേണ്ട കടുത്ത വെല്ലുവിളി ഉയർത്തുന്നുണ്ട്.

ഇന്ത്യയുകെ സ്വതന്ത്ര വ്യാപാര കരാർ വെറുമൊരു കച്ചവട ഉടമ്പടിയല്ല, മറിച്ച് ഭാരതത്തിന്റെ സാമ്പത്തിക പരമാധികാരവും വിദേശ വിപണികളിലെ മേധാവിത്വവും വിളിച്ചോതുന്ന വലിയൊരു നയതന്ത്ര വിജയമാണ്. നമ്മുടെ ആഭ്യന്തര കർഷകരെയും ചെറുകിട വ്യവസായികളെയും സംരക്ഷിച്ചുകൊണ്ട് തന്നെ വിദേശ നിക്ഷേപങ്ങളും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കാൻ കഴിഞ്ഞത് വരും ദശാബ്ദങ്ങളിൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ ലോകത്തിന്റെ നെടുംതൂണുകളിൽ ഒന്നാക്കി മാറ്റും.

# തൊഴിലില്ലായ്മ നിരക്ക് കുറയുന്നത് എപ്പോഴും നല്ല സൂചനയോ?

സാമ്പത്തിക റിപ്പോർട്ടുകൾ പുറത്തുവരുമ്പോൾ മാധ്യമങ്ങളും വിദഗ്ദ്ധരും പ്രധാനമായും രണ്ട് കണക്കുകളിലേക്കാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. പുതിയതായി എത്ര ജോലികൾ സൃഷ്ടിക്കപ്പെട്ടു, തൊഴിലില്ലായ്മ നിരക്ക് ഉയർന്നോ അതോ കുറഞ്ഞോ എന്നിങ്ങനെയാണ് നോക്കുന്നത്. തൊഴിലില്ലായ്മ നിരക്ക് കുറയുമ്പോൾ സാമ്പത്തിക രംഗം മെച്ചപ്പെടുന്നു എന്ന് ലളിതമായി നിഗമനത്തിലെത്തുന്നത് എപ്പോഴും ശരിയാവണമെന്നില്ല. പലപ്പോഴും വിപണിയുടെ യഥാർത്ഥ അവസ്ഥയെ മറച്ചുവെക്കുന്ന ഒന്നാണ് ഈ ഒറ്റമൂലി കണക്കുകൾ.

### തൊഴിലില്ലായ്മ നിരക്ക് കുറയാൻ കാരണങ്ങൾ രണ്ട്

തൊഴിലില്ലായ്മ നിരക്ക് കുറയുന്നത് രണ്ട് വ്യത്യസ്ത സാഹചര്യങ്ങളിലാണ്. തൊഴിൽരഹിതരായ ആളുകൾക്ക് പുതിയ ജോലികൾ ലഭിക്കുക എന്നതാണ് ആദ്യത്തെ സാഹചര്യം. ഇത് സാമ്പത്തിക വ്യവസ്ഥയുടെ യഥാർത്ഥ വളർച്ചയെയാണ് കാണിക്കുന്നത്. എന്നാൽ ആളുകൾ ജോലി ലഭിക്കുമെന്ന പ്രതീക്ഷ നഷ്ടപ്പെട്ട് സജീവമായി ജോലി അന്വേഷിക്കുന്നത് നിർത്തുമ്പോഴാണ് രണ്ടാമത്തെ സാഹചര്യം ഉണ്ടാകുന്നത്. ജോലി അന്വേഷിക്കാത്തവരെ 'തൊഴിൽ ശക്തിയിൽ' ഉൾപ്പെടുത്തില്ല എന്നതിനാൽ, അവർ പുറത്തുപോകുമ്പോൾ തൊഴിലില്ലായ്മ നിരക്ക് സ്വാഭാവികമായും താഴേക്ക് വരും. ഇത് പുരോഗതിയല്ല, മറിച്ച് കണക്കുകളിലെ സാങ്കേതികമായ ഒഴിവാക്കൽ മാത്രമാണ്.

### കറുത്തവർഗ്ഗക്കാരായ സ്ത്രീകളുടെ കണക്കുകൾ നൽകുന്ന മുന്നറിയിപ്പ്

ഈ പ്രതിഭാസത്തിന്റെ വ്യക്തമായ ഉദാഹരണമാണ് അമേരിക്കയിലെ കറുത്ത വർഗ്ഗക്കാരായ സ്ത്രീകളുടെ നിലവിലെ തൊഴിൽ സാഹചര്യം. മാർച്ചിലെ റിപ്പോർട്ട് പ്രകാരം 7.07 ശതമാനമായിരുന്ന ഇവരുടെ തൊഴിലില്ലായ്മ നിരക്ക് ജൂലൈ മാസത്തോടെ 5.73 ശതമാനമായി കുറഞ്ഞു. പുറമെ കാണുമ്പോൾ വലിയ പുരോഗതിയായി തോന്നുമെങ്കിലും, യഥാർത്ഥത്തിൽ ഇവരുടെ സാമ്പത്തിക സുരക്ഷിതത്വം തകരുകയാണ് ചെയ്തത്.

ഈ കാലയളവിൽ തൊഴിൽ പ്രായമുള്ള കറുത്തവർഗ്ഗക്കാരായ സ്ത്രീകളുടെ ജനസംഖ്യ ഉയർന്നുവെങ്കിലും, ജോലി ചെയ്യുന്നവരുടെ എണ്ണത്തിൽ 2,12,000 ത്തോളം കുറവാണ് രേഖപ്പെടുത്തിയത്. അതിനേക്കാൾ ഉപരി 3,87,000ത്തോളം സ്ത്രീകൾ തൊഴിൽ വിപണിയിൽ നിന്ന് പൂർണ്ണമായി പുറത്തുപോയി. സജീവമായി ജോലി അന്വേഷിക്കുന്നത് നിർത്തിയതിനാൽ ഇവരെ തൊഴിലില്ലായ്മയുടെ ഔദ്യോഗിക കണക്കിൽ നിന്ന് ഒഴിവാക്കി. ഇതാണ് നിരക്ക് താഴേക്ക് വരാൻ കാരണമായത്.




### പുരുഷന്മാരുമായുള്ള താരതമ്യം

ഇതേ കാലയളവിൽ കറുത്തവർഗ്ഗക്കാരായ പുരുഷന്മാരുടെ തൊഴിലില്ലായ്മ നിരക്കും കുറഞ്ഞിരുന്നു. എന്നാൽ അവരുടെ കാര്യത്തിൽ 1,25,000ത്തോളം പേർക്ക് പുതിയതായി ജോലികൾ ലഭിക്കുകയാണ് ഉണ്ടായത്. അതായത്, പുരുഷന്മാരുടെ കാര്യത്തിൽ നിരക്ക് കുറഞ്ഞത് യഥാർത്ഥ വളർച്ച മൂലമാണെങ്കിൽ, സ്ത്രീകളുടെ കാര്യത്തിൽ അത് തൊഴിൽ വിപണിയിൽ നിന്നുള്ള പിന്മാറ്റം മൂലമായിരുന്നു.

### സാമ്പത്തിക ആരോഗ്യം അളക്കേണ്ടത് എങ്ങനെ?

ദേശീയ തലത്തിലുള്ള ഒറ്റ സംഖ്യകൾ അവതരിപ്പിക്കുമ്പോൾ അതിനുള്ളിൽ മറഞ്ഞിരിക്കുന്ന ലിംഗ ഭേദപരമായോ സാമൂഹിക പരമായോ ഉള്ള ഇത്തരം വലിയ വ്യത്യാസങ്ങൾ തിരിച്ചറിയാൻ സാധിക്കാതെ പോകുന്നു. ഒരു സാമ്പത്തിക വ്യവസ്ഥ കൂടുതൽ ശക്തമാകണമെങ്കിൽ ആളുകൾക്ക് ജോലികൾ ലഭിക്കുകയാണ് വേണ്ടത്, അല്ലാതെ അവർ നിരാശരായി വിപണി ഉപേക്ഷിക്കുകയല്ല വേണ്ടത്.

തൊഴിലില്ലായ്മ നിരക്ക് മാത്രം നോക്കാതെ, മൊത്തം തൊഴിൽ പങ്കാളിത്തം, യഥാർത്ഥത്തിൽ ജോലി ചെയ്യുന്നവരുടെ എണ്ണം, വിപണിയിൽ നിന്ന് പുറത്തുപോകുന്നവരുടെ എണ്ണം എന്നിവ ഒരുമിച്ച് വിശകലനം ചെയ്താൽ മാത്രമേ ഒരു രാജ്യത്തിന്റെ സാമ്പത്തിക രംഗം യഥാർത്ഥത്തിൽ പുരോഗമിക്കുന്നുണ്ടോ എന്ന് വ്യക്തമാകൂ. കൂടുതൽ ആളുകൾക്ക് ജോലി ലഭിക്കുമ്പോൾ മാത്രമാണ് തൊഴിലില്ലായ്മ നിരക്കിലെ കുറവ് ശുഭവാർത്തയാകുന്നത്.

# "സതീശൻ 'ഗപ്പ്'ടിക്കാതിരിക്കാൻ ചുവപ്പു കാർഡുമായി കൈരളിയും ദേശാഭിമാനിയും ...

കേരളാ വിൻഡോ



ആന്റണി ചടയംമുറി



ലോകകപ്പ് ആവേശം അതിന്റെ പാരമ്യത്തിലാണ്. സി.പി.എമ്മിലാകട്ടെ, പിണറായിക്കെതിരെയുള്ള പടയൊരുക്കവും പതിയെ ചൂട് പിടിക്കുന്നു. മുഖ്യമന്ത്രി വി.ഡി.സതീശനെ സംഘിയാക്കിയേ അടങ്ങൂ എന്ന വാശിയിലാണ് മുൻമന്ത്രി മുഹമ്മദ് റിയാസ്. ഇതിനിടെ, എ.ഡി.ജി.പി. അജിത് കുമാറിനെതിരെയുള്ള നിയമനടപടികൾ വൈകുകയാണെന്ന് ചില മാധ്യമങ്ങൾക്കും കെ.സി.പക്ഷത്തിനും പരാതിയുണ്ട്.

ബി.ജെ.പി.യുടെ തെരഞ്ഞെടുപ്പ് ഫണ്ട് വിവാദത്തിൽ രാജീവ് ചന്ദ്രശേഖറും വി.മുരളീധരൻ കൊമ്പ് കോർത്തു കഴിഞ്ഞു. ലോകകപ്പ് എങ്ങനെയും കഴിഞ്ഞിട്ടു വേണം രാത്രി കാലത്ത് അപ്രഖ്യാപിത പവർകട്ട്, ഏർപ്പെടുത്താനെന്ന് ചിന്തിക്കുന്നുണ്ട് കെ.എസ്.ഇ.ബി.യും. ചെന്നിത്തല തൂഫാനായി ദക്ഷിണേന്ത്യ മുഴുവൻ ആഞ്ഞടിക്കുകയാണ്. ഡ്രഗ്സിനെതിരെ കൊച്ചിയിൽ നടക്കുന്ന കൂറ്റൻ റാലിയും തമിഴ്നാട് മുഖ്യമന്ത്രി ജോസഫ് വിജയും മോഹൻലാലും വേദി പങ്കിടുമെന്ന് വാർത്തകളുണ്ട്.

## പിണറായിയുടെ പൊൻകുഞ്ഞിന്റെ പങ്കപ്പാടുകൾ

രണ്ടാം പിണറായി സർക്കാരിന്റെ കാലത്തെ മുടിചൂടാമന്നന്മാരായിരുന്നു ഏ.ഡി.ജി.പി. അജിത് കുമാറും പൊളിറ്റിക്കൽ സെക്രട്ടറി ശശിയും. ഞങ്ങളുടെ കുഞ്ഞുങ്ങളെ തല്ലിച്ചതച്ച പിണറായിയുടെ പൊൻകുഞ്ഞിനെ നിർത്തിപ്പൊരിക്കും, മൂക്ക് ചെത്തുമെന്നെല്ലാം യു.ഡി.എഫ്. നേതാക്കൾ പറഞ്ഞിരുന്നതാണ്. എന്നാൽ ഇപ്പോൾ അജിത് കുമാറിന് ഒഴിവു വരുന്ന ഡിജിപി സ്ഥാനം കിട്ടാനായി എസ്.ഐ.ടി. നൽകിയ അന്വേഷണ റിപ്പോർട്ട് ഡിജിപി റവാഡ ചന്ദ്രശേഖർ വച്ചു താമസിപ്പിച്ചുവെന്ന പരാതിയാണ് മാധ്യമങ്ങൾക്കുള്ളത്.

ജൂലൈ 20 നാണ് നിലവിലെ ഫയർ ഫോഴ്സ് മേധാവിയുടെ കാലാവധി തീരുന്നത്. ഈ ഡി.ജി.പി.യുടെ തസ്തിക നികത്താനുള്ള സ്ക്രീനിംഗ് കമ്മിറ്റി ചേരേണ്ടത്. ഡി.ജി.പി.ക്ക് എസ്.ഐ.ടി. തലവൻ ഷൗക്കത്തലി റിപ്പോർട്ട് നൽകിയിട്ട് 20 ദിവസം കഴിഞ്ഞു. റിപ്പോർട്ട് നൽകിയ ശേഷം ഷൗക്കത്തലി കോഴിക്കോട് സിറ്റി പൊലീസ് കമ്മീഷണറായി ചുമതലയേറ്റു കഴിഞ്ഞു. ഷൗക്കത്തലിയുടെ താഴെയുള്ളയാൾ എസ്.പി. ബൈജു പൗലോസാണ്. ആലപ്പുഴ ക്രൈംബ്രാഞ്ച് മേധാവിയായായ വിൽസൺ ബാബു ഇപ്പോൾ അവധിയിലുമാണ്. അതുകൊണ്ട് എസ്.ഐ.ടി. റിപ്പോർട്ടിൽ ഡിജിപി ഉന്നയിച്ചിട്ടുള്ള സംശയങ്ങൾ ദുരീകരിക്കാൻ നിലവിലുള്ള പൊലീസ് സംഘത്തിന് കഴിയില്ല.

ഏ.ഡി.ജി.പി.യുടെ ആസ്ഥാനത്തുള്ള രണ്ട് ഗ്രേഡ് എസ്.ഐ.മാരാണത്രെ. അജിത്കുമാറിന്റെ നിർദ്ദേശമനുസരിച്ച് എച്ച്.ഐ.ആറിൽ തിരുത്തൽ വരുത്തിയതെന്ന് ഇവർ പറഞ്ഞുകഴിഞ്ഞു. എന്നാൽ അന്ന് താൻ വയനാട്ടിലെ ഉരുൾപൊട്ടലുണ്ടായ സ്ഥലത്തായിരുന്നുവെന്ന് അജിത്കുമാർ പറയുന്നുണ്ടത്രെ. ഇത്രയേറെ രാഷ്ട്രീയ പ്രാധാന്യമുള്ള ഒരു കേസിന്റെ ഫയലിനുമേൽ മൂന്നാഴ്ചയോളം ഡിജിപി അടയിരിക്കുകയായിരുന്നുവോ എന്ന് മർദ്ദനമേറ്റ ഏ.ഡി.തോമസ് എം.എൽ.എയും മറ്റും ചോദിച്ചു കഴിഞ്ഞു. കോൺഗ്രസിലെ ചില നേതാക്കളെ സംബന്ധിച്ച വിവാദ ഫയലുകൾ അജിത്കുമാറിന്റെ കൈവശമുള്ളതുകൊണ്ടാണ് അജിത്കുമാറിനെതിരെയുള്ള നിയമനടപടികൾ മന്ദഗതിയിലായിട്ടുള്ളതെന്ന് മറ്റു ചിലർ ആരോപണമുന്നയിക്കുന്നുണ്ട്.

## അന്ന് അദാനി 'പാർട്ണർ' ഇപ്പോഴോ?

മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി അനുമതി നൽകിയ വിഴിഞ്ഞം തുറമുഖ പദ്ധതിയെയും കോൺഗ്രസിന്റെ എക്കാലത്തെയും ലീഡർ കെ.കരുണാകരൻ നടപ്പാക്കാൻ തീരുമാനിച്ച കൊച്ചി വിമാനത്താവള പദ്ധതിയെയും നഖശിഖാന്തം എതിർത്തവരാണ് ഇടതുമുന്നണി. പിൽക്കാലത്ത് കൊച്ചി വിമാനത്താവളത്തിന്റെ സാരഥ്യം ഏറ്റെടുത്ത ഒരു മുൻമന്ത്രി അന്ന് അലറിക്കൂവിയത് തന്റെ ഡെഡ് ബോഡിക്ക് മീതെ നടന്നുകൊണ്ടു മാത്രമേ ഈ വിമാനത്താവള പദ്ധതി നടപ്പാക്കാനാവൂ എന്നായിരുന്നു. ഇപ്പോൾ വിഴിഞ്ഞം തുറമുഖ പദ്ധതി സംബന്ധിച്ച വിവാദമുയർത്തിയത് പ്രതിപക്ഷ നേതാവ് പിണറായി വിജയനാണ്. വിഴിഞ്ഞം തുറമുഖ പദ്ധതി ഒരു സ്വർണ ഖനിയായിരിക്കുമെന്ന് തിരിച്ചറിഞ്ഞ പിണറായി വിജയൻ ആദ്യം തുറമുഖവകുപ്പ് നൽകിയത് കടന്നപ്പിള്ളി രാമചന്ദ്രനായിരുന്നു. വീണ്ടും അഹമ്മദ് ദേവർകോവിലിന് ഇതേ വകുപ്പ് നൽകി. രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് തുറമുഖ വകുപ്പ് പിണറായിയുടെ വിശ്വസ്തനായ വി.എൻ.വാസവനാണ് നൽകിയത്. വി.എസ്. മന്ത്രിസഭയുടെ കാലത്ത് എം. വിജയകുമാറിനെപോലെയുള്ളവർ ഭരിച്ച വകുപ്പാണ് വാസവന് പിണറായി നൽകിയത്.

വിഴിഞ്ഞം കരാർ ഒപ്പുവച്ച രണ്ടാം പിണറായി സർക്കാർ പദ്ധതി പറഞ്ഞ സമയത്ത് പൂർത്തിയാക്കാതെ വന്നപ്പോൾ സംസ്ഥാന സർക്കാരിന് കരാറനുസരിച്ച് നൽകേണ്ടിയിരുന്ന നഷ്ടം 219 കോടി രൂപയാണ്. ഈ കോടികൾ സംസ്ഥാന സർക്കാർ എഴുതിത്തള്ളുകയായിരുന്നു. ബുധനാഴ്ച (ജൂലൈ 15) വാർത്താ സമ്മേളനത്തിൽ അദാനിയുമായുള്ള ബന്ധത്തെക്കുറിച്ച് ചോദിച്ചപ്പോൾ മുഖ്യമന്ത്രി ക്ഷുഭിതനായി. ദിവസേന 12 ലക്ഷം രൂപ വീതം നഷ്ടപരിഹാരമായി ലഭിക്കാൻ സാധ്യതയുണ്ടായിരുന്ന കരാറിലെ വ്യവസ്ഥയാണ് പിണറായി പിന്നീട് വിഴുങ്ങിയത്. മാത്രമല്ല കുത്തകകൾക്ക് കുട പിടിക്കുന്നവരാണ് യു.ഡി.എഫ്. എന്ന് വാദിക്കുന്നവർ ഭരണകാലത്ത് കൈകോർത്ത എത്രയോ പങ്കു കച്ചവടങ്ങളാണ് ചൂണ്ടിക്കാണിക്കാനുള്ളത്!

## എൻ.എസ്.എസും. 'പട്ടി'ഷോയും

എൻ.എസ്.എസിന്റെ സ്ഥാപകൻ മന്നത്ത് പത്മനാഭൻ പിള്ളയുടെ പ്രതിമ ഡെൽഹിയിൽ അനാവരണം ചെയ്തതിന്റെ അലയൊലികൾ പെരുന്നയിൽ മാത്രമല്ല കേരളത്തിൽ മുഴുവൻ ഉയരാൻ തുടങ്ങിയിട്ടുണ്ട്. ഈ ചടങ്ങിൽ ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ എൻ.എസ്.എസ്. ജനറൽ സെക്രട്ടറിക്ക് എതിരെ നടത്തിയ പരോക്ഷ പരാമർശമാണ് വിവാദമായി മാറിയത്.

ബി.ജെ.പി. നേതാവും കേന്ദ്രമന്ത്രിയുമായ സുരേഷ് ഗോപിക്ക് എൻ.എസ്.എസിന്റെ ഡയറക്ടർ ബോർഡ് യോഗം നടക്കുന്ന ഹാളിലേക്ക് പ്രവേശനം നിഷേധിച്ച ഒരു സംഭവം പണ്ട് പെരുന്നയിൽ അരങ്ങേറിയിരുന്നു.

2026 ഫെബ്രുവരിയിൽ ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണന് മന്നം സമാധിയിൽ പുഷ്പാർച്ചന നടത്താൻ ജനറൽ സെക്രട്ടറി അനുമതി നിഷേധിച്ചിരുന്നു. സുരക്ഷാ നപടികളുടെ ഭാഗമായി മന്നം സമാധിയിൽ പൊലീസ് നായകളെ കൊണ്ട് പരിശോധിപ്പിക്കാനുള്ള നീക്കമാണ് അന്ന് തടഞ്ഞതെന്ന് പിന്നീട് സുകുമാരൻ നായർ വിശദീകരിച്ചുവെങ്കിലും അവഗണനയുടെയും അധിക്ഷേപത്തിന്റെയും മുറിവുകൾ ഇന്നും അവശേഷിക്കുന്നുണ്ടെന്നാണ് മനസ്സിലക്കേണ്ടത്.

എൻ.എസ്.എസ്. സെക്രട്ടറിയും താനുമായുള്ള ബന്ധം സാധാരണ നിലയിലാണെന്ന് ബുധനാഴ്ചത്തെ വാർത്താസമ്മേളനത്തിൽ മുഖ്യമന്ത്രി വി.ഡി.സതീശൻ വ്യക്തമാക്കിയിട്ടുണ്ട്. എസ്.എൻ.ഡി.പി. യോഗത്തിന്റെയും ബി.ഡി.ജെ.എസിന്റെയും നേതാവ് തുഷാർ വെള്ളാപ്പിള്ളിയെ താൻ വീട്ടിൽ കയറ്റിയില്ലെന്ന മാധ്യമ വാർത്ത വെറും നുണയാണെന്ന് സതീശൻ പറഞ്ഞതും മാധ്യമ പ്രവർത്തകർക്ക് പ്രഹരമായി മാറി. ഏറ്റവും ഒടുവിലായി സതീശൻ പറഞ്ഞു "ഞാൻ കേരളത്തിലെ എല്ലാവരുടെയും മുഖ്യമന്ത്രിയാണ്. ആർക്കും എന്നെ സമീപിക്കാം. എല്ലാ സന്ദർശനങ്ങളും പരസ്യമായിട്ടാണ്. ഒളിച്ചല്ല. ജാതി നോക്കിയോ പാർട്ടി നോക്കിയോ ഒരു മുഖ്യമന്ത്രിക്ക് സന്ദർശകരെ സ്വീകരിക്കാനാവില്ല. മാധ്യമ ലേഖകർ ഉന്നമിട്ടത് ഹിന്ദു ഐക്യവേദി നേതാവ് ശശികല ടീച്ചർ മുഖ്യമന്ത്രിയെ സന്ദർശിക്കനെത്തിയ സംഭവമാണ്. വാക്കിൽ കുടുക്കാൻ കൈരളി, ദേശാഭിമാനി ലേഖകർ നടത്തുന്ന വൃഥാ ശ്രമങ്ങളെയും മുഖ്യമന്ത്രി പരിഹസിക്കുന്നത് ചാനലിൽ കണ്ടു.

## പണത്തിനുവേണ്ടിയാണ് എല്ലാമെല്ലാം....!

പാർട്ടി ഫണ്ടുകളിൽ വെട്ടിപ്പ്, ബാങ്ക് വായ്പകളിൽ വെട്ടിപ്പ്, കോടികളുടെ സംരംഭങ്ങളിൽ അടിമുടി വെട്ടിപ്പ്. കോവിഡിനെ ചെറുക്കാൻ വാങ്ങിക്കൂട്ടിയത് പലതും തോന്നിയ വിലയ്ക്ക്. ചില ആശുപത്രികൾ പോലും അവയവദാന തട്ടിപ്പിന്റെ പേരിൽ പ്രതിസ്ഥാനത്തായി മാറുന്നു. കേരളം വല്ലാത്ത ഒരു കാലഘട്ടത്തിലാണിപ്പോൾ.

ബാങ്കിൽ അക്കൗണ്ടില്ലാതിരുന്നിട്ടും തമിഴ്നാട്ടിലെ ഏതോ ഒരു ശാഖയിൽ നിന്ന് 9 കോടി രൂപ വായ്പയെടുത്തതായും, പണം ഉടൻ അടയ്ക്കണമെന്നുമുള്ള നോട്ടീസ് കൈപ്പറ്റി അന്തം വിട്ടിരിക്കുന്ന വൃദ്ധ ദമ്പതികളുടെ ദുരന്തകഥയും ഇന്ന് ചാനലിൽ കണ്ടു. പല ബാങ്കുകളിൽ നിന്നായി 700 കോടി രൂപയുടെ തട്ടിപ്പ് നടന്നതായിട്ടാണ് വാർത്തകൾ വരുന്നത്. വെട്ടിപ്പിന് ചൂട്ട് പിടിച്ച ഒരു വിരുതൻ മൂവാറ്റുപുഴക്കാരനാണത്രെ. അയാൾ ബാങ്കുകളുടെ ശാഖകൾ പോലും ഉദ്ഘാടനം ചെയ്തതിന്റെ ഫോട്ടോകളും ചാനലുകളിൽ കണ്ടു. തനിക്ക് എതിരെയല്ല, കൈക്കൂലി വാങ്ങി വായ്പ നൽകിയ ബാങ്ക് ഉദ്യോഗസ്ഥരാണ് പ്രതികളെന്നാണ് ഇയാളുടെ വിചിത്ര വാദം. ഒരു ക്രിമിനൽ കേസിന്റെ മണമുണ്ടായിട്ടും പൊലീസ് എന്തോ ഈ കേസുകളിൽ നിന്ന് അകന്നുനിൽക്കുകയാണ്. എന്താണവോ കാരണം?

## 'ഹയർ ആൻഡ് ഫയർ', ഈ തീ എങ്ങനെ അണയ്ക്കും?

കേരളത്തിലെ രണ്ട് ഐ.ടി. കമ്പനികളിലെ ആയിരത്തോളം വരുന്ന ജീവനക്കാർ ഇപ്പോൾ തെരുവിലാണ്. കൊച്ചി പാലാരിവട്ടത്തും കോഴിക്കോട്ടുമുള്ള 'കേറോ ഹെൽത്ത്' കമ്പനിയിലാണ് ആദ്യത്തെ പിരിച്ചുവിടൽ അരങ്ങേറിയത്. 75 ലക്ഷം കോടി രൂപയുടെ ഇടപാടുള്ള മാതൃകമ്പനിയുടെ ഉപകരാറുകാരാണ്. കേറോ ഹെൽത്ത്, ഒരു സുപ്രഭാതത്തിൽ ഇവിടെയുള്ള ജോലിക്കാരുടെ മുമ്പിൽ കമ്പനിയുടെ വാതിൽ കൊട്ടിയടയ്ക്കുകയായിരുന്നു. രണ്ട് മാസത്തെ ശമ്പളം നഷ്ടപരിഹാരമായി നൽകിക്കൊണ്ടായിരുന്നു ഈ ക്രൂര കൃത്യം അരങ്ങേറിയത്. രണ്ടാമത്തെ കൂട്ടപ്പിരിച്ചുവിടൽ നടന്നത് ടാൽറോപ് കമ്പനിയിലാണ്. ഇവിടെ 3 മാസം മുതൽ 11 മാസം വരെ ശമ്പളം കുടിശ്ശികയാണ്. കൂടാതെ 15 കോടി രൂപ വരെ കമ്പനിയിൽ നിക്ഷേപിച്ചവരും ഇപ്പോൾ എന്തു ചെയ്യണമെന്നറിയാത്ത അവസ്ഥയിലാണ്.

ഇടതുമുന്നണി കേന്ദ്രം കൊണ്ടുവന്ന ലേബർ കോഡിനെതിരെ സമരം നടത്തിയെങ്കിലും, അവർ കേരളത്തിലെ നിലവിലുള്ള ലേബർ കോടതികളുടെ പ്രവർത്തനം അവരുടെ ഭരണകാലത്തു തന്നെ മരവിപ്പിച്ചിരുന്നുവെന്നത് ഓർമ്മിക്കണം.

ലേബർ കോഡിന് എതിരെ ഇടതു തൊഴിലാളി നേതാക്കൾ തൊഴിലാളികളോട് വാതോരാതെ പ്രസംഗിച്ചിരുന്നുവെങ്കിലും, കേന്ദ്രനയത്തിന് നിശ്ശബ്ദമായി വഴിയൊരുക്കിക്കൊണ്ട് അവർ തൊഴിലാളികളെ വഞ്ചിക്കുകയായിരുന്നുവെന്ന് ചിലരെങ്കിലും കുറ്റപ്പെടുത്തുന്നു. തൊഴിലാളികളുടെ വിവിധ ക്ഷേമനിധി ബോർഡുകളിൽ കൈയിട്ടുവാരിയ രണ്ടാം പിണറായി സർക്കാരിന്റെ തൊഴിലാളി വിരുദ്ധ നയം പൊതുജന മദ്ധ്യത്തിൽ തുറന്നു കാണിക്കേണ്ട ഐ.എൻ.ടി.യു.സിയുടെ ദേശീയ നേതാവ് എൻ. സജ്ജീവറെഡ്ഡിക്ക് ഇപ്പോൾ 97 വയസ്സുണ്ട്. കേരളത്തിലെ 'ഇണ്ടക്ക്' നേതാവ് ചന്ദ്രശേഖരനാകട്ടെ, പിണറായിയുമൊത്ത് 'കഞ്ഞിയും കറിയും വച്ച്' കളിച്ചുകൊണ്ടിരുന്ന കുട്ടി സ്റ്റോറിയിലെ നായകനുമാണ്. ലോകമൊട്ടാകെ തൊഴിൽ നയങ്ങളിൽ മാറ്റം വരുമ്പോൾ 48 മണിക്കൂർ ദേശീയ പണിമുടക്കെന്ന ഉമ്മാക്കി കാണിച്ച് 'സമരഫണ്ട്' പിരിക്കാനല്ലാതെ ചില ഇടതു തൊഴിലാളി നേതാക്കളെ മറ്റെന്തിന് കൊള്ളാം?



# എഐയും ഡേറ്റാ സെന്ററുകളും ഒരുക്കുന്ന ചതിക്കുഴികൾ..!

**‘എഐയെക്കുറിച്ച് വിപ്ലവകരമായൊരു പുസ്തകമിതാ..! സമ്പന്നതയുടെ പേരിൽ തങ്ങളുടെ ഇടങ്ങളിൽ നിന്നും ആട്ടിപ്പായിക്കപ്പെടാൻ വിസമ്മതിക്കുന്ന ഭൂലോകത്തെമ്പാടുമുള്ള പ്രസ്ഥാനങ്ങൾക്ക്’ ആണ് ഈ മഹത്തായ പുസ്തകം സമർപ്പിച്ചിരിക്കുന്നത്. സ്വന്തം വേരുകളിൽ നിന്ന് മുറിച്ചുമാറ്റപ്പെടുന്ന ജനതയോടുള്ള ഐക്യദാർഢ്യം ഈ പുസ്തകത്തിലുടനീളം കാണാനാകും.**

## ഡൽഹി ഡെർബാർ

നിർമിതബുദ്ധി അഥവ എഐ നമ്മുടെ ജീവിതത്തെയും തൊഴിൽ മേഖലകളെയും അടിമുടി മാറ്റിക്കൊണ്ടിരിക്കുകയാണ്. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിലൂടെയും ദൈനംദിന ജോലികൾ എളുപ്പമാക്കുന്നതിലൂടെയും ഇത് വലിയ മുന്നേറ്റം സൃഷ്ടിക്കുന്നുണ്ടെങ്കിലും, തൊഴിൽ നഷ്ടം, വിവരങ്ങളുടെ സ്വകാര്യത, സാങ്കേതികവിദ്യയുടെ ദുരുപയോഗം തുടങ്ങിയ വലിയ വെല്ലുവിളികളും ഉയർത്തുന്നുണ്ട്.

നിർമിതബുദ്ധിയുടെ അനന്തമായ സാധ്യതകളെപ്രയോജനപ്പെടുത്തുമ്പോൾതന്നെ, അതിന്റെ ദൂഷ്യഫലങ്ങൾ തടയാൻ കൃത്യമായ നിയമങ്ങളും നിയന്ത്രണങ്ങളും ലോകമെമ്പാടും ചർച്ച ചെയ്യപ്പെടുന്നുണ്ട്. അതുപോലെ തന്നെ ഉത്പാദനക്ഷമത കാര്യമായി വർധിച്ചില്ലെങ്കിലും എഐ ഉപയോഗിക്കുന്നതിന്റെ ചെലവ് കുതിച്ചുയരുന്നത് നിലവിൽ പല വമ്പൻ കമ്പനികൾക്കടക്കം തലവേദന സൃഷ്ടിക്കുന്നുണ്ട്.

നിർമിതബുദ്ധി വ്യാപകമാകുന്നതോടെ ലക്ഷക്കണക്കിന് പേർക്ക് തൊഴിൽ നഷ്ടപ്പെടുമെന്നും കമ്പനികൾ എഐയുടെ പിന്തുണയോടെ ഉത്പദനം വർധിപ്പിക്കുമെന്നും അവയുടെ ലാഭം കുതിച്ചുയരുമെന്നും ഒക്കെയുള്ള അവകാശവാദങ്ങൾ പലതും വെറും പൊള്ളയായിരുന്നു എന്നാണ് ഇപ്പോൾ പുറത്തു വരുന്ന വിവരങ്ങൾ.

എഐ ടൂളുകൾ വിന്യസിക്കുന്നതിന് പകരം ജീവനക്കാർക്ക് ശമ്പളം നൽകുന്നതാണ് ലാഭകരം എന്നുപോലും കമ്പനികൾ വിലയിരുത്തുന്നുണ്ടെന്ന് റിപ്പോർട്ടിൽ പറയുന്നു. മൈക്രോസോഫ്റ്റ്, യൂബർ തുടങ്ങിയ കമ്പനികൾക്ക് പോലും അവരുടെ എഐ ചെലവുകൾ കുതിച്ചുയരുന്നത് ആശങ്ക സൃഷ്ടിക്കുന്നു എന്നാണ് പുറത്തുവരുന്ന വിവരം.

ഇതിനിടെയാണ് പ്രശസ്ത ടെക് ജേണലിസ്റ്റായ, കാരൻ ഹാ ഓ എഴുതിയ ദി എംപയർ ഓഫ് എഐ: ഇൻസൈഡ് ദ് റെക്ക്ലെസ്സ് റേസ് ഫോർ ടോട്ടൽ ഡോമിനേഷൻ എന്ന പുസ്തകം ഏറെ ചർച്ചയാകുകയാണ്.

നിർമിതബുദ്ധിയെക്കുറിച്ച് ലോകത്തിന്റെ നാനാഭാഗത്തുനിന്നും വാഴ്ത്തുപാട്ടുകളും വമ്പൻ വികസന സ്വപ്നങ്ങളുടെ ആഘോഷങ്ങൾക്കുമിടയിൽ ഡേറ്റാ




സെന്ററുകൾ ഉയർത്തുന്ന പാരിസ്ഥിതികവും സാമൂഹികവുമായ വെല്ലുവിളികൾ ഒരിക്കലും നമ്മുടെ മുഖ്യധാരാ മാധ്യമങ്ങളിലോ പൊതുവേദികളിലോ ഇടം പിടിച്ചതുമില്ല.

നവമാധ്യമങ്ങളുടെ സ്ക്രീനുകൾക്ക് പുറത്ത് പരിസ്ഥിതിക്കും സാമൂഹികക്ഷേമത്തിനും ഭീഷണിയാവുന്ന ഭൗതികരൂപം കൈക്കൊള്ളുന്ന നിർമിതബുദ്ധിയുടെ സംഹാരനൃത്തം മനസ്സിലാക്കാൻ ആഗ്രഹിക്കുന്നവർക്ക് ഒഴിച്ചുകൂടാനാവാത്ത ഒരുപുസ്തകമാണ് ദി എംപയർ ഓഫ് എഐ: ഇൻസൈഡ് ദ് റെക്ക്ലെസ്സ് റേസ് ഫോർ ടോട്ടൽ ഡോമിനേഷൻ.

“സമ്പന്നതയുടെ പേരിൽ തങ്ങളുടെ ഇടങ്ങളിൽ നിന്നും കുടിയിറക്കപ്പെടാൻ വിസമ്മതിക്കുന്ന ലോകത്തെമ്പാടുമുള്ള പ്രസ്ഥാനങ്ങൾക്ക്” ആണ് ഈ പുസ്തകം സമർപ്പിച്ചിട്ടുള്ളത്. സ്വന്തം വേരുകളിൽ നിന്ന് മുറിച്ചുമാറ്റപ്പെടുന്ന ജനതയോടുള്ള ഐക്യദാർഢ്യം ഈ പുസ്തകത്തിൽ വ്യക്തമായി കാണാം.

നിരവധി വൈരുദ്ധ്യങ്ങളിലൂടെയും സംഘർഷങ്ങളിലൂടെയും ലാഭേച്ഛയില്ലാത്ത സ്ഥാപനത്തിൽ നിന്ന് ലാഭത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനമായി ഓപ്പൺ എഐ എന്ന കമ്പനിയുടെ പരിവർത്തനം. അതിന്റെ അമ്പരപ്പിക്കുന്ന വിപണിമൂല്യം, സാം ആൾട്ട്മാന്റെ വ്യക്തിത്വം എന്നിവയൊക്കെ പറയുമ്പോൾ രണ്ട് പ്രധാന വിഷയങ്ങൾ അതിൽ സമർത്ഥമായി സമന്വയിപ്പിച്ചിരിക്കുന്നു: നിർമിതബുദ്ധിയുടെ സാമ്രാജ്യം ആവശ്യപ്പെടുന്ന പാരിസ്ഥിതികവും സാമൂഹികവുമായ വ്യയങ്ങൾ/ആഘാതങ്ങൾ. അധികാരവും വിഭവശേഷിയും ഉള്ള വരേണ്യവർഗം നിർമ്മിച്ച സാങ്കേതികവിദ്യ അതിന്റെ നിർമ്മാതാക്കളെ സമ്പന്നരാക്കുക എന്ന ലക്ഷ്യത്തോടെ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ.

എന്നാൽ, ഇതിന്റെ ചെലവ് വഹിക്കേണ്ടി വരുന്നത് തികച്ചും പിന്നാക്കം നിൽക്കുന്നവരായിരിക്കുമെന്നും പ്രത്യേകിച്ചും കൊളോണിയൽ സാമ്രാജ്യ അധിനിവേശത്തിന്റെ അനന്തരഫലങ്ങളുമായി ഇപ്പോഴും മല്ലിടുന്ന ഗ്ലോബൽ സൗത്ത് രാജ്യങ്ങൾ, ഇതിലൂടെ വീണ്ടും ചൂഷണങ്ങളിലൂടെ ദുരിതത്തിലേക്ക് തള്ളിയിടപ്പെടുകയാണ് എന്ന് തികഞ്ഞ ചരിത്രബോധത്തോടെ കാരൻ ഹാഓ ഏതാണ്ട് 2030 ആകുമ്പോഴേക്കും, ലോകത്തിലെ മൂന്നാമത്തെ വലിയ വൈദ്യുതി ഉപഭോക്താവായ ഇന്ത്യയെക്കാൾ കൂടുതൽ ഊർജ്ജം ആഗോളതലത്തിൽ എഐ കമ്പ്യൂട്ടിങ് ഉപയോഗത്തിനു വേണ്ടി നീക്കിവയ്ക്കേണ്ടിയും വരുമത്രെ..!

ഇന്ത്യയിൽ ഇന്നും വലിയോരു വിഭാഗം ജനതയ്ക്ക് ശുദ്ധജലം ലഭ്യമല്ല. ഇതുപോലുള്ള രാജ്യങ്ങളേറെയുണ്ട്. എങ്ങനെയാണ് ഡേറ്റാ സെന്റർ ദൈനംദിന ജീവിതത്തെ ബാധിക്കുന്നത് എന്നത് പരിശോധിക്കപ്പെടേണ്ട വിഷയമാകുന്നതിനു ഒരു കാരണം. ഡേറ്റാ സെന്ററുകൾക്ക് ഉപകരണങ്ങൾ ചൂടാകാതിരിക്കാനും അവയെ തണുപ്പിക്കാനുമായി വലിയതോതിൽ വെള്ളം വേണ്ടി വരുന്നുണ്ട്. ഡേറ്റാ സെന്ററുകളുടെ ജലഉപഭോഗത്തെ കുറിച്ച് ഗൂഗിൾ ചിലിയിലെ സെറില്ലോസിൽ ഒരു ഡേറ്റാസെന്റർ സ്ഥാപിക്കുന്നതിനായി 2019ൽ ഗൂഗിൾ സമർപ്പിച്ച നോട്ട് പരിശോധിക്കാം. അതു പ്രകാരം അവിടുത്തെ ശീതികരണസംവിധാനത്തിന് ഓരോ സെക്കൻഡിലും 169 ലിറ്റർ വെള്ളം ആവശ്യമാണ്. അതായത്, സെറില്ലോസിലെ ഏകദേശം 88000 വരുന്ന ജനങ്ങൾ ഉപയോഗിക്കുന്ന വെള്ളത്തിന്റെ 1000 മടങ്ങ് വാർഷിക ഉപഭോഗം.

മൂലധനം ആകർഷിക്കാനുള്ള വ്യഗ്രതയിൽ, പല സർക്കാരുകളും കമ്പനികളുടെ ഈ വക വിവരങ്ങൾ പൊതുജനങ്ങളിൽ നിന്ന് മറച്ചു വെക്കുന്നു. തീർന്നില്ല, പല ഉപകരണങ്ങളുടെ നിരന്തരമായ ശബ്ദം മൂലമുണ്ടാകുന്ന മലിനീകരണവും ഇതിനോടൊപ്പം പരിഗണിക്കേണ്ടതാണ്. ഡേറ്റാസെന്റർ കുതിച്ചുചാട്ടത്തെ വികസനമെന്നും തദ്ദേശീയ സമൂഹത്തിന് പ്രയോജനകരമെന്നും പറഞ്ഞുപിടിപ്പിക്കാൻ ഭരണകൂടങ്ങളും രാഷ്ട്രീയക്കാരും മത്സരിക്കുമ്പോൾ മറച്ചു വെക്കപ്പെടുന്നത് എഐ കാര്യമായ തൊഴിൽ അവസരങ്ങൾ പ്രാദേശികമായി സൃഷ്ടിക്കുന്നില്ല എന്നതാണ്.

ഇവ സൃഷ്ടിക്കുന്ന വൻതോതിലുള്ള തൊഴിലവസരമെന്നത് കേവലം പ്രാരംഭ നിർമ്മാണ ജോലികൾ മാത്രമാണെന്നു മുൻ അനുഭവങ്ങളിൽ നിന്നും വ്യക്തമാണ്.

സെന്ററുകൾ പ്രവർത്തനക്ഷമമായിക്കഴിഞ്ഞാൽ, പ്രക്രിയകൾ കൂടുതലും ഓട്ടോമേറ്റഡ് ആയതിനാൽ അവ പ്രവർത്തിപ്പിക്കാൻ വിരലിലെണ്ണാവുന്നവർ മതിയാകും. ഇത്രയൊക്കെ പറഞ്ഞതുകൊണ്ട് ഇത് എഐ ക്കെതിരായ ഒരു പുസ്തകമോ എഐയെക്കുറിച്ച് നിരാശഭരിതയായ ഒരു വ്യക്തിയുടെ വിവരണമോ അല്ല.

ന്യൂസിലാൻഡ്, ചിലി, ഉറുഗ്വേ എന്നിവിടങ്ങളിൽ നിന്നുള്ള പ്രചോദനാത്മകമായ കഥകൾ കൂടി വിവരിക്കുന്നുണ്ട്. കോർപ്പറേറ്റുകളും ദീർഘദൃഷ്ടിയില്ലാത്ത രാഷ്ട്രീയക്കാരും പറഞ്ഞുപരത്തുന്ന കഥകൾ കേട്ട് അതിൽ കുരുങ്ങാതിരിക്കാൻ, കാരൻ ഹാഓ ശ്രദ്ധിക്കുന്നുണ്ട്.

*എമ എൽസ എൽവിൻ*

# മൊസാദിന്റെ തുറുപ്പുചീട്ടായി ഇറാൻ മുൻ പ്രസിഡന്റ്; ഖമേനിയുടെ പതനത്തിന് പിന്നിലെ അട്ടിമറി നാടകം

ടെഹ്റാനെയും അന്താരാഷ്ട്ര സമൂഹത്തെയും ഒരേസമയം ഞെട്ടിച്ചുകൊണ്ട്, ഇറാന്റെ മുൻ കടുത്ത യാഥാസ്ഥിതിക പ്രസിഡന്റ് മഹ്മൂദ് അഹ്മദി നിജാദിനെ ഇസ്രയേൽ ചാരസംഘടനയായ മൊസാദ് വിലയ്ക്കെടുത്തെന്ന വെളിപ്പെടുത്തലുമായി ദ ന്യൂയോർക്ക് ടൈംസും ഇസ്രയേലി മാധ്യമമായ ഹാരെറ്റ്സും രംഗത്തെത്തിയിരുന്നു. ഇറാന്റെ ഇസ്ലാമിക ഭരണകൂടത്തെ അട്ടിമറിച്ച് അവിടെ ഒരു പുതിയ സർക്കാരിനെ വാഴിക്കാൻ മൊസാദ് തയ്യാറാക്കിയ ഓപ്പറേഷൻ പുസ് ഇൻ ബൂട്ട്സ് എന്ന അതിരഹസ്യ പദ്ധതിയുടെ വിവരങ്ങളാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്.

ഇറാൻ പരമോന്നത നേതാവ് ആയത്തുല്ല അലി ഖമേനിയുടെ മരണത്തിന് പിന്നാലെ രാജ്യത്തുണ്ടായ വലിയ ഭരണഘടനാ പ്രതിസന്ധിയും സുരക്ഷാ വീഴ്ചയും മുതലെടുത്താണ് ഇസ്രയേൽ ഈ സാഹസിക നീക്കത്തിന് തുനിഞ്ഞത്.



### ഒരു ശത്രുവിനെ ചാരനാക്കി മാറ്റിയ ബുഡാപെസ്റ്റ് കണക്ഷൻ

പ്രസിഡന്റായിരുന്ന കാലത്ത് ഇസ്രയേലിന്റെ നിലനിൽപ്പിനെപ്പോലും ചോദ്യം ചെയ്യുകയും യഹൂദ കൂട്ടക്കൊലയെ തള്ളിക്കളയുകയും ചെയ്ത അഹ്മദി നിജാദ് എങ്ങനെ മൊസാദിന്റെ വലയിലായി എന്നത് ലോകത്തെ അത്ഭുതപ്പെടുത്തുന്ന കാര്യമാണ്. എന്നാൽ, 2022 മുതൽ ഇറാന്റെ സാമ്പത്തിക തകർച്ചയിലും ഉപരോധങ്ങളിലും നിരാശനായ നിജാദിന്റെ മാറിയ രാഷ്ട്രീയ നിലപാടുകൾ മൊസാദ് നിരീക്ഷിച്ചുവരികയായിരുന്നു. ഇറാന്റെ ആണവപദ്ധതി രാജ്യത്തിന് ബാധ്യതയാണെന്ന നിജാദിന്റെ വിലയിരുത്തലാണ് അദ്ദേഹത്തെ സ്വാധീനിക്കാൻ ഇസ്രയേലിന് വഴിതുറന്നത്. തുടർന്ന് 2024 ൽ ഹംഗറിയിലെ ബുഡാപെസ്റ്റിലുള്ള ലുഡോവിക യൂണിവേഴ്സിറ്റിയിൽ നടന്ന ഒരു പരിസ്ഥിതി കാലാവസ്ഥാ സമ്മേളനമാണ് ഈ അവിശുദ്ധ കൂട്ടുകെട്ടിന് വേദിയായത്.

ഹംഗേറിയൻ സർക്കാരിന്റെ ഉന്നതരുടെ സ്വാധീനത്തിൽ സർവകലാശാലാ റെക്ടർ ഗെർഗെലി ഡെലി നിജാദിനെ ഈ ചടങ്ങിലേക്ക് ക്ഷണിക്കുകയായിരുന്നു. കേവലം ഒരു അക്കാദമിക് സമ്മേളനം എന്ന വ്യാജേന നടന്ന ഈ പരിപാടിയുടെ അണിയറയിൽ മൊസാദ് തലവൻ ഡേവിഡ് ബാർണിയ നേരിട്ടെത്തി നിജാദുമായി അതീവ രഹസ്യ ചർച്ചകൾ നടത്തി. പിന്നീട് നിജാദിന്റെ വിദേശ യാത്രകൾക്കും മറ്റ് ആഡംബരങ്ങൾക്കുമായി ഇസ്രയേൽ വൻതോതിൽ സാമ്പത്തിക സഹായം നൽകിയതായും രേഖകൾ വ്യക്തമാക്കുന്നു.

### എന്തായിരുന്നു ഓപ്പറേഷൻ പുസ് ഇൻ ബൂട്ട്സ്?

മുൻ പരമോന്നത നേതാവ് ആയത്തുല്ല അലി ഖമേനി ആക്രമണത്തിൽ കൊല്ലപ്പെട്ടതിനെ തുടർന്ന് ഇറാന്റെ ഭരണസംവിധാനം വലിയ അനിശ്ചിതത്വത്തിലായിരുന്നു. ഖമേനിയുടെ മരണശേഷം മകനായ മുജ്തബ ഖമേനിയെ പുതിയ പരമോന്നത നേതാവായി പ്രഖ്യാപിച്ചെങ്കിലും, ‘ഷാഡോ പ്രിൻസ്’ എന്നറിയപ്പെടുന്ന അദ്ദേഹം പൊതുവേദികളിൽ പ്രത്യക്ഷപ്പെടാത്തത് ആശയക്കുഴപ്പം വർദ്ധിപ്പിച്ചു. ഈ രാഷ്ട്രീയ ശൂന്യത മുതലെടുത്ത് ഇറാന്റെ ഇസ്ലാമിക ഭരണകൂടത്തെ അട്ടിമറിക്കാനും, പകരം ജനങ്ങൾക്കിടയിൽ സ്വാധീനമുള്ള അഹ്മദി നിജാദിനെ പുതിയ ഭരണാധികാരിയാക്കാനും ഇസ്രയേൽ ലക്ഷ്യമിട്ടിരുന്നു. ഇതാണ് ‘ഓപ്പറേഷൻ പുസ് ഇൻ ബൂട്ട്സ്’ എന്ന രഹസ്യ പദ്ധതി.

ഇറാന്റെ വടക്കുപടിഞ്ഞാറൻ അതിർത്തിയിലുള്ള കുർദിഷ് വിമത സേനയ്ക്ക് അമേരിക്കയുടെയും ഇസ്രയേലിന്റെയും ആയുധങ്ങളും പരിശീലനവും നൽകി ഇറാനിലേക്ക് ഇരച്ചുകയറ്റുക എന്നതായിരുന്നു ഈ തന്ത്രത്തിന്റെ പ്രധാന കാതൽ. വൻതോതിലുള്ള കുർദിഷ് ആക്രമണത്തോടെ രാജ്യത്ത് ഭരണവിരുദ്ധ പ്രക്ഷോഭം പടരുമെന്നും, ലക്ഷക്കണക്കിന് ജനങ്ങൾ തെരുവിലിറങ്ങുമ്പോൾ ഭരണകൂടം തകരുമെന്നും മൊസാദ് കണക്കുകൂട്ടി.

ആ സമയത്ത് ഇറാന്റെ ജനപ്രിയ മുഖമായി അഹ്മദി നിജാദിനെ ജനങ്ങൾക്ക് മുന്നിലേക്ക് അവതരിപ്പിച്ച് അധികാരം ഏൽപ്പിക്കാനായിരുന്നു പദ്ധതി. ഫെബ്രുവരി 28ന് ഇറാനിൽ അമേരിക്കയും ഇസ്രയേലും സംയുക്തമായി നടത്തിയ അതിശക്തമായ വ്യോമാക്രമണത്തോടെയാണ് ഈ പദ്ധതിക്ക് തുടക്കമിട്ടത്. അഹ്മദി നിജാദിന്റെ വസതിക്ക് നേരെ ആക്രമണം ഉണ്ടായ ഉടൻ തന്നെ മൊസാദ് ഏജന്റുമാർ ഒരു കറുത്ത പ്യൂഷോ കാറിൽ അദ്ദേഹത്തെ സുരക്ഷിതമായി മറ്റൊരു രഹസ്യ കേന്ദ്രത്തിലേക്ക് മാറ്റി.

എന്നാൽ, ഇസ്രയേലിന്റെയും അമേരിക്കയുടെയും അമിത ഇടപെടലിലും സ്വന്തം രാജ്യത്തെ വിദേശശക്തികൾക്ക് പണയപ്പെടുത്തുന്നതിലും നിജാദിന് പിന്നീട് കടുത്ത മാനസിക ബുദ്ധിമുട്ടുകൾ ഉണ്ടായി. ഒടുവിൽ അദ്ദേഹം രഹസ്യ സങ്കേതത്തിൽ നിന്നും രക്ഷപ്പെട്ട് പുറത്തുകടക്കുകയായിരുന്നു.

### പദ്ധതി പൊളിച്ച ട്രംപിന്റെ ഇടപെടലും നിജാദിന്റെ തടങ്കലും

മൊസാദിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ അട്ടിമറി നീക്കങ്ങളിലൊന്ന് പരാജയപ്പെടാൻ പ്രധാന കാരണം അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ചില കടുത്ത തീരുമാനങ്ങളായിരുന്നു. കുർദിഷ് സേനയ്ക്ക് നേരിട്ടുള്ള പിന്തുണ നൽകുന്നതിൽ നിന്നും ഇറാന്റെ പ്രധാന ഊർജ്ജസാമ്പത്തിക മേഖലകളെ പൂർണ്ണമായി തകർക്കുന്ന ആക്രമണങ്ങളിൽ നിന്നും ട്രംപ് അവസാന നിമിഷം പിന്മാറിയത് ഇസ്രയേലിന് വലിയ തിരിച്ചടിയായി. കൂടാതെ തുർക്കിയുടെ ഭാഗത്തുനിന്നുണ്ടായ നയതന്ത്ര സമ്മർദ്ദവും കുർദിഷ് വിഭാഗങ്ങൾക്കിടയിലെ വിമുഖതയും കാരണം അമേരിക്ക ഈ പദ്ധതിക്കുള്ള പിന്തുണ പിൻവലിച്ചു.

ഇതോടെ പദ്ധതി പാളുകയും ഒളിവിൽ പോയ അഹ്മദി നിജാദ് കഴിഞ്ഞയാഴ്ച അന്തരിച്ച പരമോന്നത നേതാവ് ആയത്തുല്ല അലി ഖമേനിയുടെ ഭൗതികശരീരത്തിൽ അന്തിമോപചാരം അർപ്പിക്കാൻ പരസ്യമായി പ്രത്യക്ഷപ്പെടുകയും ചെയ്തു. എന്നാൽ, ഇസ്രയേലുമായുള്ള നിജാദിന്റെ രഹസ്യ ബന്ധങ്ങളുടെ മുഴുവൻ വിവരങ്ങളും ഇറാന്റെ രഹസ്യാന്വേഷണ വിഭാഗമായ ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ് കോർപ്സ് ഇതിനോടകം തന്നെ കണ്ടെത്തിയിട്ടുണ്ട്.

### ആരോപണങ്ങളും ഇപ്പോഴത്തെ അവസ്ഥയും

മൊസാദുമായി സഹകരിച്ച് പ്രവർത്തിച്ചെന്ന ആരോപണങ്ങൾ അഹ്മദി നിജാദിന്റെ ഓഫീസ് പൂർണ്ണമായും തള്ളിപ്പറഞ്ഞു. ഹോളിവുഡ് സിനിമകളെ വെല്ലുന്ന ഇത്തരം കഥകൾ നിഷേധിക്കാൻ പോലും യോഗ്യമല്ലെന്നാണ് അദ്ദേഹത്തിന്റെ വക്താക്കൾ പ്രതികരിച്ചത്. നിലവിൽ ഇറാന്റെ രഹസ്യാന്വേഷണ വിഭാഗമായ ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ് കോർപ്സിന്റെ കസ്റ്റഡിയിൽ അദ്ദേഹം വീട്ടുതടങ്കലിലാണെന്നാണ് ന്യൂയോർക്ക് ടൈംസ് റിപ്പോർട്ട് ചെയ്യുന്നത്.

# കലാശപ്പോരാട്ടത്തിൽ അർജന്റീനയ്ക്ക് എതിരാളി സ്പെയിൻ




ആഗോള ഫുട്ബോൾ ആരാധകരെ ആവേശത്തിന്റെ കൊടുമുടിയിൽ എത്തിച്ച ആവേശകരമായ ലോകകപ്പ് സെമിഫൈനൽ പോരാട്ടത്തിൽ നിലവിലെ ചാമ്പ്യന്മാരായ അർജന്റീനയ്ക്ക് നാടകീയ വിജയം. കടുത്ത പോരാട്ടത്തിൽ കരുത്തരായ ഇംഗ്ലണ്ടിനെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് തകർത്താണ് മെസ്സിയും സംഘവും തുടർച്ചയായ രണ്ടാം തവണയും ഫൈനൽ ടിക്കറ്റ് ഉറപ്പാക്കിയത്. മത്സരത്തിന്റെ ഭൂരിഭാഗം സമയവും ഒരു ഗോളിന് മുന്നിട്ടുനിന്ന ഇംഗ്ലണ്ടിനെ അവസാന നിമിഷങ്ങളിൽ രണ്ട് മാരക ഗോളുകൾ തിരിച്ചടിച്ചാണ് അർജന്റീന തകർത്തത്.അറ്റ്ലാന്റ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിന്റെ ആദ്യ പകുതി ഇരുവിഭാഗവും കടുത്ത പ്രതിരോധം തീർത്തതോടെ ഗോൾരഹിതമായി അവസാനിക്കുകയായിരുന്നു. കളിയിലുടനീളം ഇരുടീമുകളും കടുത്ത ശാരീരിക പോരാട്ട വീര്യമാണ് പുറത്തെടുത്തത്. രണ്ടാം പകുതിയിൽ ഉണർന്നു കളിച്ച ഇംഗ്ലണ്ട് മികച്ചൊരു നീക്കത്തിലൂടെ കളിയിൽ ആദ്യ ലീഡ് സ്വന്തമാക്കി.മത്സരത്തിന്റെ അൻപത്തിയഞ്ചാം മിനിറ്റിൽ ആന്റണി ഗോർഡൻ ആണ് ഇംഗ്ലണ്ടിനായി ആദ്യ ഗോൾ വലയിലെത്തിച്ചത്. എന്നാൽ തുടർച്ചയായ മുന്നേറ്റങ്ങളിലൂടെ അർജന്റീന ഇംഗ്ലീഷ് പ്രതിരോധ കോട്ടയെ വൻതോതിൽ അസ്വസ്ഥമാക്കിക്കൊണ്ടിരുന്നു.കളി അവസാനിക്കാൻ വെറും അഞ്ച് മിനിറ്റ് മാത്രം ബാക്കിയുള്ളപ്പോഴാണ് മത്സരത്തിന്റെ ഗതി മാറ്റിയ ആദ്യ ഗോൾ പിറക്കുന്നത്. എൺപത്തിയഞ്ചാം മിനിറ്റിൽ മിഡ്ഫീൽഡർ എൻസോ ഫെർണാണ്ടസ് ബോക്സിന് പുറത്തുനിന്നും തൊടുത്ത മനോഹരമായ ലോങ് റേഞ്ചർ ഇംഗ്ലീഷ് കീപ്പർ ജോർദാൻ പിക്ക്ഫോർഡിനെ കാഴ്ചക്കാരനാക്കി വലയിൽ പതിച്ചു. ഇതിഹാസ താരം ലയണൽ മെസ്സിയുടെ മികച്ചൊരു അസിസ്റ്റിൽ നിന്നാണ് ഈ ഗോൾ പിറന്നത്.സമനില ഗോൾ വഴങ്ങിയതോടെ ഇംഗ്ലീഷ് പ്രതിരോധ നിര പൂർണ്ണമായും കടുത്ത സമ്മർദ്ദത്തിലായി. കളി അധിക സമയത്തിലേക്ക് നീങ്ങുമെന്ന് കരുതിയിരുന്ന സമയത്താണ് കളിയിലെ യഥാർത്ഥ മാന്ത്രിക നിമിഷം അർജന്റീന പുറത്തെടുത്തത്. ഇൻജുറി ടൈമിന്റെ രണ്ടാം മിനിറ്റിൽ പകരക്കാരനായി ഇറങ്ങിയ ലൗട്ടാരോ മാർട്ടിനസ് അർജന്റീനയ്ക്കായി വിജയഗോൾ നേടി.ക്യാപ്റ്റൻ ലയണൽ മെസ്സി നൽകിയ മനോഹരമായ ക്രോസ്സ് ഒരു തകർപ്പൻ ഹെഡറിലൂടെ മാർട്ടീനസ് വലയ്ക്കുള്ളിലാക്കുകയായിരുന്നു. മെസ്സിയുടെ കളിയിലെ രണ്ടാമത്തെ അസിസ്റ്റായിരുന്നു ഇത്. വരാനിരിക്കുന്ന വലിയ കലാശപ്പോരാട്ടത്തിൽ അർജന്റീന കരുത്തരായ സ്പെയിനെയാണ് നേരിടുക.കഴിഞ്ഞ തവണത്തെ ലോകകപ്പ് ഫൈനലിൽ ഫ്രാൻസിനെ തകർത്ത് കിരീടം നേടിയ അർജന്റീനയ്ക്ക് ഇത്തവണയും ചരിത്രം ആവർത്തിക്കാനുള്ള വലിയ അവസരമാണ് കൈവന്നിരിക്കുന്നത്. തോൽവിയോടെ ഇംഗ്ലണ്ട് ടീം മൂന്നാം സ്ഥാനക്കാർക്കായുള്ള മത്സരത്തിൽ ഫ്രാൻസിനെ നേരിടും.



## യമാലിന്റെ കൈ പ്രയോഗം
## ഫൗളല്ലേ? വ്യക്തത വരുത്തി മുൻ റഫറി

ഫിഫ ലോകകപ്പ് സെമിഫൈനലിൽ ഫ്രാൻസിനെതിരെ സ്പെയിനിന് അനുകൂലമായി ലഭിച്ച പെനാൽറ്റി പിൻവലിക്കേണ്ടതായിരുന്നു എന്ന തരത്തിൽ സോഷ്യൽ മീഡിയയിൽ ചർച്ചകൾ. മത്സരത്തിന്റെ 22-ാം മിനിറ്റിൽ മിഖേൽ ഒയാർസബാൽ വലയിലെത്തിച്ച പെനാൽറ്റിക്ക് തൊട്ടുമുമ്പ്, സ്പാനിഷ് യുവതാരം ലാമിൻ യമാലിന്റെ കയ്യിൽ പന്ത് തട്ടിയിരുന്നു എന്നാണ് ഫ്രഞ്ച് ആരാധകരുടെ പ്രധാന വാദം. ഫ്രഞ്ച് ഡിഫെൻഡർ ലൂക്കാസ് ഡിഗ്നെ ഫൗൾ ചെയ്യുന്നതിന് തൊട്ടുമുമ്പായിരുന്നു ഈ സംഭവം.യമാലിന്റെ ഭാഗത്തുനിന്ന് ഫൗൾ സംഭവിച്ചിട്ടില്ലെന്നും പെനാൽറ്റി നൽകിയ റഫറിയുടെ തീരുമാനം പൂർണ്ണമായും ശരിയായിരുന്നുവെന്നും പ്രശസ്ത മുൻ അന്താരാഷ്ട്ര റഫറി ക്രിസ്റ്റീന ഉങ്കൽ വ്യക്തമാക്കി.'റീപ്ലേകൾ പരിശോധിക്കുമ്പോൾ പന്ത് തട്ടിയിരിക്കുന്നത് യമാലിന്റെ ജേഴ്സി സ്ലീവിലാണ്. ഫുട്ബോൾ നിയമപ്രകാരം ജേഴ്സിയുടെ സ്ലീവ് ഭാഗത്തെ കൈയായി കണക്കാക്കില്ല. അതുകൊണ്ട് തന്നെ ഇത് ഹാൻഡ്ബോൾ ഫൗളിന്റെ പരിധിയിൽ വരില്ല. പെനാൽറ്റി നിലനിർത്തിയത് ശരിയായ തീരുമാനമാണ്,' ഐ.ടി.വിക്ക് നൽകിയ അഭിമുഖത്തിൽ അവർ പറഞ്ഞു.ബോക്സിനുള്ളിലേക്ക് കുതിച്ചുയർന്ന യമാലിനെ തടയാൻ ശ്രമിച്ച ലൂക്കാസ് ഡിഗ്നെയ്ക്ക് മറ്റൊരു രീതിയിൽ പന്ത് ക്ലിയർ ചെയ്യാൻ അവസരമുണ്ടായിരുന്നിട്ടും താരം ഫൗളിലേക്ക് നീങ്ങുകയായിരുന്നു എന്നും അവർ വിലയിരുത്തി.വിവാദങ്ങൾക്കപ്പുറം മത്സരത്തിൽ എതിരില്ലാത്ത രണ്ട് ഗോളുകൾക്ക് വിജയിച്ച് സ്പെയിൻ ചരിത്രത്തിലാദ്യമായി തങ്ങളുടെ രണ്ടാമത്തെ ലോകകപ്പ് ഫൈനലിലേക്ക് യോഗ്യത നേടി. രണ്ടാം പകുതിയിൽ പെഡ്രോ പോറോയാണ് സ്പെയിന്റെ രണ്ടാം ഗോൾ നേടിയത്.

# ഇന്ത്യൻ നായികയാകാൻ റെഡി: സ്മൃതി മന്ദാന




ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീമിന്റെ നായികയായി ചുമതലയേൽക്കാൻ താൻ പൂർണ്ണ സജ്ജയാണെന്ന് വ്യക്തമാക്കി വൈസ് ക്യാപ്റ്റൻ സ്മൃതി മന്ദാന. ഹർമൻപ്രീത് കൗറിന് ശേഷം ടീമിനെ നയിക്കാൻ തനിക്ക് ആത്മവിശ്വാസമുണ്ടെന്ന് വെളിപ്പെടുത്തിയ സ്മൃതി, ഹർമന്റെ കീഴിൽ വൈസ് ക്യാപ്റ്റനായി പ്രവർത്തിച്ച വർഷങ്ങൾ തന്നെ ഈ വലിയ ഉത്തരവാദിത്തത്തിന് പ്രാപ്തയാക്കിയെന്നും കൂട്ടിച്ചേർത്തു.ഹർമൻപ്രീത് കൗറിന്റെ അഭാവത്തിൽ ഇന്ത്യയെ നയിക്കേണ്ടി വരുന്നതിനെക്കുറിച്ച് ടൈംസ് ഓഫ് ഇന്ത്യയ്ക്ക് നൽകിയ അഭിമുഖത്തിൽ ചോദിച്ചപ്പോഴാണ് സ്മൃതി തന്റെ നിലപാട് വ്യക്തമാക്കിയത്. 'അതെ, തീർച്ചയായും ഞാൻ അതിന് തയ്യാറാണ്,' 29-കാരിയായ ഇടങ്കയ്യൻ ഓപ്പണർ പറഞ്ഞു. കഴിഞ്ഞ ഒരു പതിറ്റാണ്ടായി ഇന്ത്യൻ വനിതാ ക്രിക്കറ്റിലെ ഏറ്റവും വിശ്വസ്തയായ ബാറ്റർമാരിൽ ഒരാളായ സ്മൃതി, സമ്മർദ്ദ ഘട്ടങ്ങളിൽ ടീമിനെ നയിക്കാൻ തനിക്കുള്ള കഴിവ് ഇതിനോടകം തന്നെ തെളിയിച്ചിട്ടുള്ളതുമാണ്.വെറുമൊരു ആത്മവിശ്വാസം മാത്രമല്ല, ക്യാപ്റ്റൻ എന്ന നിലയിലുള്ള സ്മൃതി മന്ദാനയുടെ റെക്കോർഡുകളും താരം ഹർമന്റെ സ്വാഭാവിക പിൻഗാമിയാണെന്ന് അടിവരയിടുന്നു.

## ബി.സി.സി.ഐയിൽ പരിശീലക പ്രതിസന്ധി; അസിസ്റ്റന്റ് കോച്ച് റയാൻ ടെൻ രാജിവെക്കുന്നു?



ഇന്ത്യൻ പുരുഷ ക്രിക്കറ്റ് ടീമിന്റെ കോച്ചിംഗ് സ്റ്റാഫിനുള്ളിൽ വലിയൊരു പ്രതിസന്ധി പുകയുന്നതായി റിപ്പോർട്ടുകൾ. ടീമിന്റെ അസിസ്റ്റന്റ് കോച്ചായ മുൻ നെതർലൻഡ്സ് താരം റയാൻ ടെൻ ഡോസ്ചാറ്റെ പദവി ഒഴിഞ്ഞേക്കുമെന്നാണ് പുറത്തുവരുന്ന സൂചനകൾ. ബി.സി.സി.ഐ ഇദ്ദേഹത്തിന്റെ കരാർ അവസാനിക്കുന്നതിന് മുൻപ് പോകാൻ അനുവദിക്കുമോ എന്നതിൽ അന്തിമ തീരുമാനമെടുത്തിട്ടില്ലെങ്കിലും, മുഖ്യപരിശീലകൻ ഗൗതം ഗംഭീറിന്റെ നേതൃത്വത്തിലുള്ള മാനേജ്മെന്റ് നൽകിയ ഒരു വാഗ്ദാനം പാലിക്കാത്തതാണ് ഡോസ്ചാറ്റെയെ ഈ തീരുമാനത്തിലേക്ക് നയിച്ചതെന്നാണ് വിവരം. പ്രമുഖ വാർത്താ ഏജൻസിയായ പിടിഐ പുറത്തുവിട്ട റിപ്പോർട്ട് പ്രകാരം, ടീമിന്റെ അസിസ്റ്റന്റ് കോച്ച് പദവിക്കൊപ്പം ഫീൽഡിംഗ് കോച്ചിന്റെ ചുമതലയും നൽകാമെന്ന ഉറപ്പിലാണ് ഡോസ്ചാറ്റെയെ ഇന്ത്യൻ ക്യാമ്പിലേക്ക് എത്തിച്ചത്. എന്നാൽ, മുൻ കോച്ച് രാഹുൽ ദ്രാവിഡിന്റെ കാലം മുതൽ ഫീൽഡിംഗ് കോച്ചായി തുടരുന്ന ടി. ദിലീപിനെ ആ സ്ഥാനത്ത് തന്നെ നിലനിർത്തിയത് ഡോസ്ചാറ്റെയ്ക്ക് തിരിച്ചടിയായി. ടീമിലെത്തി രണ്ട് വർഷം കഴിഞ്ഞിട്ടും തനിക്ക് നൽകിയ വാഗ്ദാനം പാലിക്കപ്പെടാത്തതിലും, തനിക്ക് കൃത്യമായി ഒരു മേഖലയുടെ ചുമതല ലഭിക്കാത്തതിലും താരം കടുത്ത നിരാശനാണെന്ന് ബി.സി.സി.ഐ വൃത്തങ്ങൾ സൂചിപ്പിക്കുന്നു.

# ഇന്റർവ്യൂ ബോർഡിന് മുന്നിൽ ആത്മവിശ്വാസത്തോടെ മറുപടി നൽകാൻ ചില അത്യാധുനിക കരിയർ തന്ത്രങ്ങൾ ഇതാ

വിവിധ വ്യക്തിപരമായ കാരണങ്ങളാൽ ജോലിയിൽ നിന്നും ചെറിയ ഇടവേളകൾ എടുക്കേണ്ടി വരുന്നത് തൊഴിൽ വിപണിയിൽ ഇപ്പോൾ വളരെ സാധാരണമായ ഒരു കാര്യമായി മാറിയിരിക്കുകയാണ്. കുടുംബപരമായ ആവശ്യങ്ങൾ, ആരോഗ്യ പ്രശ്നങ്ങൾ, ഉന്നത വിദ്യാഭ്യാസം അല്ലെങ്കിൽ കുട്ടികളുടെ സംരക്ഷണം എന്നിവയ്ക്കായി പലരും തങ്ങളുടെ ഔദ്യോഗിക ജീവിതത്തിന് താല്കാലികമായി അവധി നൽകാറുണ്ട്. എന്നാൽ ഈ കരിയർ ഗ്യാപ്പുകൾക്ക് ശേഷം വീണ്ടും ഒരു പുതിയ ജോലിക്ക് വേണ്ടി അഭിമുഖങ്ങളിൽ പങ്കെടുക്കുമ്പോൾ പലരും കടുത്ത ആശങ്കകളാണ് നേരിടുന്നത്.



തങ്ങളുടെ ബയോഡാറ്റയിൽ കാണുന്ന വലിയ ഇടവേളകളെക്കുറിച്ച് ചോദിക്കുമ്പോൾ എങ്ങനെ വ്യക്തമായ മറുപടി നൽകണം എന്നതിനെക്കുറിച്ച് പല ഉദ്യോഗാർത്ഥികൾക്കും ശരിയായ ധാരണ ഉണ്ടാകാറില്ല. എന്നാൽ ശരിയായ തന്ത്രങ്ങളും മികച്ച ആശയവിനിമയ ശൈലിയും ഉണ്ടെങ്കിൽ ഇത്തരം ചോദ്യങ്ങളെ വളരെ പോസിറ്റീവ് ആയി നേരിടാൻ സാധിക്കും. ഇന്റർവ്യൂ പാനലിലെ വിദഗ്ദ്ധർ ചോദിക്കുന്ന ഇത്തരം ചോദ്യങ്ങൾക്ക് ആത്മവിശ്വാസത്തോടെ മറുപടി നൽകാൻ ചില പ്രധാന വഴികൾ കരിയർ ഉപദേശകർ പങ്കുവെക്കുന്നുണ്ട്.

അഭിമുഖങ്ങളിൽ ഇത്തരം ചോദ്യങ്ങൾ അഭിമുഖീകരിക്കുമ്പോൾ പൂർണ്ണമായ സുതാര്യതയും സത്യസന്ധതയും പുലർത്തുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ജോലിയിൽ ഇടവേള വരാനുള്ള യഥാർത്ഥ കാരണം അനാവശ്യമായ വിശദീകരണങ്ങൾ ഇല്ലാതെ ലളിതമായി ഇന്റർവ്യൂവറെ ബോധ്യപ്പെടുത്താൻ ശ്രമിക്കേണ്ടതുണ്ട്. ഇടവേള എടുത്തത് ഒരു പോരായ്മയായി കാണുന്നതിന് പകരം അത് കരിയറിലെ ഒരു താല്കാലിക വിരാമം മാത്രമായിരുന്നു എന്ന് വ്യക്തമാക്കണം.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉൾപ്പെടെയുള്ള പുതിയ സാങ്കേതിക മുന്നേറ്റങ്ങൾ കരിയർ മേഖലയെ അതിവേഗം മാറ്റിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നിങ്ങളുടെ താല്പര്യങ്ങൾ പ്രകടിപ്പിക്കുക. ഔദ്യോഗിക ജോലിയിൽ ഇല്ലാതിരുന്ന സമയത്ത് നിങ്ങൾ പുതിയ ഏതെങ്കിലും ഓൺലൈൻ കോഴ്സുകൾ ചെയ്യുകയോ ഫ്രീലാൻസ് പ്രൊജക്റ്റുകൾ ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ അത് എടുത്തുപറയേണ്ടതാണ്. വിപണിയിലെ പുതിയ മാറ്റങ്ങളെക്കുറിച്ച് നിങ്ങൾ ഇപ്പോഴും ബോധവാനാണെന്ന് തെളിയിക്കാൻ ഇത്തരം വിവരങ്ങൾ വലിയ രീതിയിൽ സഹായിക്കും.

തദ്ദേശീയ കമ്മ്യൂണിറ്റികളുമായി ബന്ധപ്പെട്ട് നടത്തിയ സന്നദ്ധ പ്രവർത്തനങ്ങളോ മറ്റ് സാമൂഹിക സേവനങ്ങളോ ഉണ്ടെങ്കിൽ അതും ബയോഡാറ്റയിൽ ഉൾപ്പെടുത്താം. ഇത് നിങ്ങളുടെ നേതൃപാടവവും പുതിയ കാര്യങ്ങൾ പഠിക്കാനുള്ള കടുത്ത താല്പര്യവും വ്യക്തമാക്കാൻ സഹായിക്കുന്ന ഘടകങ്ങളാണ്. സ്വന്തം കഴിവുകളിൽ പൂർണ്ണമായ ആത്മവിശ്വാസം പ്രകടിപ്പിച്ചുകൊണ്ട് സംസാരിക്കുന്നത് ഇന്റർവ്യൂ ബോർഡിൽ വലിയ പോസിറ്റീവ് ഇംപാക്ട് ഉണ്ടാക്കും.

ഇടവേളകളെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് ലളിതമായി മറുപടി നൽകിയ ശേഷം വളരെ തന്ത്രപരമായി നിങ്ങളുടെ ശ്രദ്ധ പുതിയ ജോലിയുടെ യോഗ്യതകളിലേക്ക് മാറ്റേണ്ടതുണ്ട്. കമ്പനിയുടെ നിലവിലെ ആവശ്യങ്ങൾക്ക് നിങ്ങളുടെ മുൻകാല പരിചയം എങ്ങനെ ഉപയോഗപ്പെടുമെന്ന് അവരെ ബോധ്യപ്പെടുത്താൻ ശ്രദ്ധിക്കണം. കരിയർ ബ്രേക്കിനെക്കുറിച്ചുള്ള ചർച്ചകൾ കൂടുതൽ നീണ്ടുപോകാതെ നിങ്ങളുടെ യഥാർത്ഥ കഴിവുകളിലേക്ക് സംഭാഷണം എത്തിക്കാൻ പ്രത്യേകം ഓർക്കണം.

അഭിമുഖങ്ങളിൽ പങ്കെടുക്കുന്നതിന് മുൻപ് തന്നെ ഇത്തരം ചോദ്യങ്ങൾക്ക് നൽകേണ്ട മറുപടികൾ കൃത്യമായി തയ്യാറാക്കി പരിശീലിക്കുന്നത് നല്ലതാണ്. വിപണിയിലെ വിതരണ ശൃംഖലകളിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ പോലെ തന്നെ കരിയറിലും കയറ്റിറക്കങ്ങൾ ഉണ്ടാകുക സ്വാഭാവികമാണ്. ആധുനിക തൊഴിൽ വിപണിയിലെ പ്രമുഖ കമ്പനികളെല്ലാം തന്നെ ഇത്തരം മാനുഷികമായ ഇടവേളകളെ വളരെ വലിയ രീതിയിൽ തന്നെ അംഗീകരിക്കുന്നുണ്ട്.

പൊതുജനാരോഗ്യ ഏജൻസികളുടെ പ്രവർത്തനങ്ങൾ പോലെ സുസ്ഥിരമായ ഒരു വ്യവസ്ഥ നിലനിർത്താൻ ജീവനക്കാരുടെ മാനസിക സംതൃപ്തി ആവശ്യമാണ്. അതിനാൽ കരിയർ ഗ്യാപ്പ് ഉണ്ട് എന്ന കാരണത്താൽ നിങ്ങളുടെ ശമ്പള ആവശ്യങ്ങളിൽ അനാവശ്യമായ വിട്ടുവീഴ്ചകൾ ചെയ്യേണ്ടതില്ല. നിങ്ങളുടെ കഴിവിനും പരിചയസമ്പത്തിനും അനുയോജ്യമായ പാക്കേജ് ചോദിച്ചു വാങ്ങാൻ ഏതൊരു ഉദ്യോഗാർത്ഥിക്കും പൂർണ്ണമായ അവകാശമുണ്ട്.

